# ശരീഅത്ത് സംരക്ഷണം

ടി. പി. കുട്ടിയമ്മു

സംസം ബുക്ക്സ്

ധാനപരമായി പ്രചരിപ്പിക്കുവാനും അവർക്കവകാശമുണ്ട്. അത് ഭരണഘടന അനുവദിച്ചിട്ടുമുണ്ട്. മററുള്ളവരെ ബാധി ക്കാത്ത ഇത്തരം കാര്യങ്ങളിൽ അവർ ഇങ്ങനെ ശാഠ്യം പിടിക്കു ന്നത് എന്തിനാണെന്ന് നമുക്ക് മനസ്സിലാകുന്നില്ല.

ഈ രണ്ടു വിഭാഗങ്ങളേയും തൃപ്തിപ്പെടുത്താനെന്ന നില യിൽ 'ഇന്ത്യൻ എക്സ്പ്രസ്സ്'' ഒരു മാർഗ്ഗം നിർദ്ദേശിക്കുകയുണ്ടാ യി. മുസ്ലിംകളുടെയും മററും വ്യക്തിനിയമങ്ങൾ അവർ തന്നെ മാററുവാൻ ആവശ്യപ്പെടുന്നില്ലെങ്കിൽ അവയിൽ കയ്യി ടേണ്ട ആവശ്യമില്ല. എന്നാൽ ഇന്ത്യയിലെ എല്ലാ പൗരന്മാർ ക്കും സ്വീകരിക്കാവുന്ന ഒരു ഏക സിവിൽകോഡിന് രൂപം നൽകുക. അതനുസരിച്ച വിവാഹം, വിവാഹമോചനം, അ നന്തിരാവകാശം മുതലായ കാര്യങ്ങൾ സ്വീകരിക്കാനിഷ്ട മുള്ള വ്യക്തികൾക്ക് അതിന് സ്വാതന്ത്ര്യം നൽകുക- ഇങ്ങിനെ ഒരു പുതിയ വിഭാഗം പൗരൻമാരെ സൃഷ്ടിക്കുക.

ഭരണഘടനയിലെ മൗലികാവകാശപ്രകാരം മതസ്വാത ന്ത്ര്യം നൽകുന്ന 125-ാം വകുപ്പും, മാർഗ്ഗനിർദ്ദേശകവുമനുസരിച്ച് ഏക സിവിൽകോഡ് നടപ്പാക്കാൻ നിർദ്ദേശിക്കുന്ന 44-ാം വകുപ്പും അന്യോന്യം പൊരുത്തപ്പെടാതെ കിടക്കുകയാണ്. ഈ പൊരുത്തക്കേട് തുടർന്ന് പോകുന്ന കാലത്തോളം ഈ വാദ പ്രതിവാദങ്ങളും, തർക്കങ്ങളും തുടർന്നുകൊണ്ടേയിരിക്കും. അ തിന് വളമൊഴിച്ച് വളർത്തുകയാണ് നമ്മുടെ ദേശീയ പത്ര ങ്ങൾ നിരന്തരം ചെയ്തു കൊണ്ടിരിക്കുന്നത്. അവർ പൊ തുവെ മുസ്ലിംവികാരങ്ങൾക്ക് പ്രസിദ്ധീകരണം നൽകു ന്നില്ല. എതിരായിട്ടുവരുന്ന എന്തിനും കണക്കിലേറെ പ്രസി ദ്ധീകരണങ്ങൾ നൽകുകയും ചെയ്യുന്നു. സാമുദായിക വിദ്വേഷം വമിക്കുന്ന പല പത്രങ്ങളും പത്രധർമ്മത്തിൻെറ സകല അതി രുകളും ലംഘിച്ചുകൊണ്ട് പ്രചരണം നടത്തുകയും ചെയ്യുന്നു.

ഈ വാദകോലാഹലങ്ങളിൽപ്പെട്ട് നല്ലവരായ സാധാര ണക്കാർ അന്ധാളിച്ചിരിക്കുകയാണ്. അവരുടെ ആവശ്യം മുന്നിൽ കണ്ടുകൊണ്ട് ഈ വിഷയത്തെപററി നമുക്ക് സമഗ്ര മായും എന്നാൽ സംക്ഷിപ്തമായും ചർച്ചചെയ്യാം.



വിശുദ്ധഖുർആൻ ദൈവികവചനങ്ങളാണെന്ന് മുസ്‌ൽ മാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അതിന് അവർക്ക് ചരിത്രപരവും, തികച്ചും ശാസ്ത്രീയവുമായ തെളിവുകൾ ഉണ്ട്. ദൈവികവെളിപാടായി 23 വർഷങ്ങളിൽ മുഹമ്മദ് നബിക്ക് ലഭിച്ച വിശുദ്ധഖുർആൻ അന്നുതന്നെ എഴുതി രേഖപ്പെടുത്തുക യും ക്രോഡീകരിക്കുകയും ചെയ്തതാണ്. അത് 1400 വർഷ ങ്ങൾക്ക് ശേഷം ഇന്നും യാതൊരു മാററത്തിരുത്തലുകളുമില്ലാതെ നമ്മുടെ പക്കലുണ്ട്. ഇതാണ് ശരീഅത്ത് നിയമങ്ങളുടെ അടിസ്ഥാനം.

ഖുർആൻ സൂക്തങ്ങൾ അവതരിച്ചപ്പോൾ നബി (സ) തിരുമേനി അവയെ അനുയായികൾക്ക് വിശദീകരിച്ചുകൊടു ക്കുകയും പ്രാവർത്തികമായി കാണിച്ചു കൊടുക്കുകയും ചെയ്തു. ഇതെല്ലാം വിശദമായും സത്യമായും ഹദീസ് ശരീഫിൽ രേ ഖപ്പെട്ടു കിടക്കുന്നു. ചരിത്രത്തിൽ ഉപമയില്ലാത്ത വിധം സ ത്യസന്ധമായാണ് സഹീഹായ ഹദീസുകൾ രേഖപ്പെട്ടു ലഭി ച്ചിട്ടുള്ളത്. ഈ ഹദീസ് ഗ്രന്ഥങ്ങളാണ് ശരീഅത്തിൻെറ രണ്ടാമത്തെ അടിസ്ഥാനം. ഹദീസിനെ തള്ളിപ്പറയാനും, താ ഴ്ത്തിക്കാട്ടാനും ഓറിയൻറലിസ്റ്റുകളും, അവരെ പിൻപററുന്ന ചില നാമമാത്ര മുസ്ലിംകളും ശ്രമിക്കാറുണ്ട്. ശരീഅത്തി നെ ഉള്ളിൽ നിന്നും താറുമാറാക്കി നശിപ്പിക്കുകയാണ് അതി ൻെറ ഫലം. ഹദീസാണ് ഖുർആൻ സൂക്തങ്ങളുടെ ആധികാ രികമായ വ്യാഖ്യാനം. ജനങ്ങൾക്കിറക്കപ്പെട്ടത് അവർക്ക് വിവരിച്ച് കൊടുക്കുന്നതിനും, അവർ ചിന്തിക്കുന്നതിനും വേണ്ടി നിനക്ക് ഖുർആൻ അവതരിപ്പിച്ചുവെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. ദൈവത്തിൻെറ ദൃഷ്ടാന്തങ്ങളെ വിശദീകരിക്കുകയും കിതാബും, ഹിക്മത്തും പഠിപ്പിക്കുകയും ജനങ്ങളെ സംസ്ക്കരിക്കുകയും ചെയ്യുവാനാണ് നബി (സ) അയക്കപ്പെട്ടത്. അതവിടുന്ന് ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ട്. ''അല്ലാഹുവിൻെറ റസൂലിൽ നിശ്ചയമായും നിങ്ങൾക്ക് ഒരു മാതൃകയുണ്ട്'' എന്നും ''നീ ഉന്നതമായ ഗുണങ്ങൾ ഉൾക്കൊ ള്ളുന്നു''വെന്നും അല്ലാഹു പ്രഖ്യാപിക്കുന്നു. നബി (സ) തിരു

മേനിയുടെ സ്വഭാവം വിശുദ്ധ ഖുർആൻതന്നെ ആയിരുന്നു വെന്ന് ബീവി ആയിശ (റ) പറഞ്ഞത് എത്ര സത്യമാണ്.

ഖുർആനിലും, ഹദീസിലും വ്യക്തമായ കൽപനകളില്ലാത്ത കാര്യങ്ങളിൽ ശരീഅത്ത്‌വിധി കണ്ടുപിടിക്കുന്നതിന് ശരിയായ, വ്യക്തമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അചഞ്ചലമായ ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി അതിന്റെ അന്തസ്സത്തയിൽ ഒതുക്കി, ജനനന്മ, സമാധാനം മുതലായ കാര്യങ്ങൾ ശ്രദ്ധിച്ച്, ശാസ്ത്രവും ചരിത്രവും മററ് ഹിക്ക്മത്തുകളും പ്രയോജനപ്പെടുത്തി ചെയ്യേണ്ടുന്ന ഒരു കാര്യമാണത്. അത് ഖുർആനും, സുന്നത്തും നല്ലവണ്ണം പഠിച്ചിട്ടുള്ള വിശ്വാസികൾക്ക് മാത്രം സാധിക്കുന്ന ഒരു കാര്യമാണ്. ഖുർആൻ വ്യാഖ്യാനിക്കുവാൻ ഓറിയൻറലിസ്റ്റുകൾക്കോ, ലൗകിക കോടതികൾക്കോ അവകാശമില്ല.

ശരീഅത്ത് നിയമങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. സുന്നികളുടെ നാലു മദ്ഹബുകളിലും, അഹ്ലെ ഹദീസുകാരുടെ ഗ്രന്ഥങ്ങളിലും ശിയാക്കളുടെ ജഅ്ഫരീ മദ്ഹബിലും അവ കാണാം. സുൽത്താൻ ഔറംഗസീബ് തയ്യാറാക്കിച്ച ഫതാവാ ആലംഗീരിയ്യ ശരീഅത്തിനെ സംബന്ധിച്ച ഒരു ബൃഹദ് ഗ്രന്ഥമാണ്.

ശരീഅത്ത് കല്പനകൾ, വിശ്വാസകാര്യങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ, സ്വഭാവ സംസ്കരണം, കുടുംബകാര്യങ്ങൾ, പണമിടപാടുകൾ, രാഷ്ട്രീയകാര്യങ്ങൾ ഇങ്ങനെ പല തലങ്ങളിലായി വ്യാപിച്ചുകിടക്കുന്നുണ്ട്. അവയെ ഓരോന്നായി പരിശോധിക്കാം.

## 2

# വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും

സ്വതന്ത്ര ഇന്ത്യയിൽ 99 ശതമാനം ജനങ്ങളും വിശ്വാസികളാണ്. ഓരോ വ്യക്തിക്കും അവരുടെ വിശ്വാസം വെച്ചുപുലർത്തുവാനും, അതിന് പ്രചാരം നൽകുവാനും ഇവിടെ സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം കമ്യൂണിസ്ററ് രാഷ്ട്രങ്ങളിലും മററും അനുവദിക്കപ്പെടുന്നില്ല. അതിനാൽ നാം ഭാഗ്യവാന്മാരാണ്. എന്നാൽ ഇതോടു കൂടിത്തന്നെ നമ്മുടെ ബാധ്യതകളും വർദ്ധിക്കുന്നു. കടുത്ത ബിംബാരാധന, ബഹുദൈവാരാധന, വീരാരാധന മുതലായവയിൽ ആരംഭിച്ച് ദൈവനിഷേധത്തോളം ചെന്നെത്തുന്ന അദ്വൈത സിദ്ധാന്തം വരെ ഇവിടെ നിലവിലുണ്ട്. ഊഹിക്കാൻപോലും സാധ്യമല്ലാത്ത അന്ധവിശ്വാസങ്ങളുമുണ്ട്. ഇതിന്റെയെല്ലാം ഇടയിൽ കറകളഞ്ഞ ഏകദൈവവിശ്വാസത്തിൽ ഉറച്ച് നിൽക്കുന്നത് ഒരു വെല്ലുവിളിയാംണ്.

മനുഷ്യഹൃദയമാണ് മനുഷ്യന്റെ സകല പ്രവർത്തനങ്ങളേയും നിയന്ത്രിക്കുന്നത്. ഹൃദയമാകട്ടെ, വിചാരവികാരങ്ങളുടെ വിളനിലമാണുതാനും. ഈ വിചാരവികാരങ്ങളെ ശരിക്കും നിലനിത്തിക്കുവാൻ ബുദ്ധിക്കും യുക്തിക്കും ഒരളവോളം മാത്രമേ സാധിക്കുകയുള്ളൂ. വിശ്വാസങ്ങളാണ് വാസ്തവത്തിൽ സാക്ഷാൽ ശക്തി. ഈ വിശ്വാസങ്ങൾ ശരിയായ സത്യവിശ്വാസമാവാം, അന്ധവിശ്വാസങ്ങളാവാം, അബദ്ധധാരണകളാവാം. എന്നാൽ മനുഷ്യന് അറിഞ്ഞിരിക്കേണ്ട സകലതും വിശുദ്ധ ഖുർആനിൽ ദൈവിക വെളിപാടിലൂടെ അല്ലാഹു കൽപ്പിച്ചു തന്നിരിക്കുന്നുവെന്ന് മുസ്ലിംകൾ വിശ്വസിക്കണം. ദൈവത്തിന്റെ ഏകത്വം, അവൻ മനുഷ്യ

ന് നൽകിയ മാർഗ്ഗദർശനം, മരണാനന്തര ജീവിതം, മനുഷ്യൻ ചെയ്യുന്ന നന്മ-തിന്മകളുടെ ഗുണദോഷങ്ങൾ ഇവയെല്ലാം അർത്ഥശങ്കക്കിടമില്ലാത്തവിധം വ്യക്തമാക്കിതന്നിരിക്കുന്നു.

അല്ലാഹുവിൽ വിശ്വസിക്കേണ്ടതെങ്ങനെയെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. കറകളഞ്ഞ ഏകദൈവ വിശ്വാസമാണ് അത്. ഇന്ത്യയിൽ വീരാരാധന വീരപുരുഷനെ ദൈവത്തോളം ഉയർത്തുന്നു. അത് ശരിയല്ല. ദൈവത്തെ നേർക്കു നേരെ സമീപിക്കാം. അവനോട് ഒരു പ്രകാരത്തിലും കൂട്ടുകാരെ ചേർത്ത് വിളിക്കരുത്. അങ്ങനെ ചെയ്യുന്നത് ശിർക്കാണ്. അത് നമ്മെ തന്നെ തരംതാഴ്ത്തുന്നു. കാര്യസിദ്ധിക്കു വേണ്ടി മരിച്ച് പോയവരുടെയും, ഒരിക്കലും ജീവിച്ചിരുന്നിട്ടില്ലാത്തവരുടെയും ഖബറുകൾ ആരാധനാസ്ഥലങ്ങൾ ആക്കുന്നു. ഇതെല്ലാം ഹിന്ദുക്കളിൽനിന്നും നമ്മുടെ ഇടയിൽ പടന്ന്പിടിച്ച അനാചാരങ്ങളാണ്. വർജ്ജ്യമാണ്.

മറെറാരു കാര്യം അന്ധവിശ്വാസങ്ങളാണ്. നക്ഷത്രഫലം, ജ്യോതിഷം, രാഹുകാലം, ഗൗളിശാസ്ത്രം എന്നിങ്ങനെ ശാസ്ത്രമില്ലാത്ത അനേകം ശാസ്ത്രങ്ങൾ ഇന്നും നല്ലനിലയിൽ പ്രചാരത്തിലുണ്ട്. ഇതൊന്നും വിശ്വസിക്കുന്നത് മുസൽമാന് ഭൂഷണമല്ല. അനുവദനീയവുമല്ല. അജ്ഞാതമായ കാര്യങ്ങൾ അല്ലാഹുവിനല്ലാതെ അറിയുകയില്ല എന്ന് നാം ഉറച്ച് വിശ്വസിക്കണം. അത് കണ്ട് പിടിക്കാനും കാര്യങ്ങൾ ചുളുവിൽ സാധിച്ചെടുക്കാനും ചെപ്പടിവിദ്യകളൊന്നും ഉപകരിക്കുകയില്ല.

പുനർജന്മത്തിലോ, പൂർവ്വജന്മ പാപങ്ങളിലോ, ആദ്യപിതാവിന്റെ പാപങ്ങളിലോ ഒന്നും ഇസ്‌ലാം വിശ്വസിക്കുന്നില്ല. ഏതൊരു കുഞ്ഞും ജനിക്കുന്നത് ശുദ്ധപ്രകൃതിയിലാണ്. പിന്നീട് അവൻ ചെയ്യുന്ന പ്രവർത്തന ഫലം അവൻ അനുഭവിക്കേണ്ടതു തന്നെ. ഈ ലോകത്തും, പരലോകത്തും ആപത്ത് വരുന്നതും, സമ്പത്ത് വരുന്നതും, കാര്യകാരണങ്ങളുടെ സമ്മേളനവും ദൈവ വിധിയും ആണ്. ആപത്ത് കാലത്ത് ക്ഷമ



കൈക്കൊള്ളുകയും, സമ്പത്ത് കാലത്ത് നന്ദി പ്രകടിപ്പിക്കുകയും, എല്ലാം എല്ലായ്പ്പോഴും അല്ലാഹുവിൽ അർപ്പിക്കുകയും അവന്റെ വിധി എന്തായാലും തൃപ്തിപ്പെടുകയും കഠിനധ്വാനം ചെയ്തുകൊണ്ടിരിക്കുകയും വേണം. എന്നാൽ സംതൃപ്തനായി ജീവിക്കാം.

നബിമാരെ പററി മുസ്‌ലിംകളുടെ വിശ്വാസവും വളരെ വ്യക്തമാണ്. ഹൈന്ദവർക്ക് അത് മനസ്സിലാക്കുവാൻ പ്രയാസമുണ്ട്. അവർ എല്ലാ മതവും സത്യമാണെന്ന് പറയും. അങ്ങനെ മതത്തിന്റെ സാക്ഷാൽ പ്രയോജനം നഷ്ടപ്പെട്ട് പോകുന്നു. വിശുദ്ധ ഖുർആൻ ദൈവിക വെളിപാടാണെന്ന് സമ്മതിക്കുവാൻ അവർ ഒരുക്കമില്ല. എന്നാൽ മുസ്‌ലിംകളുടെ വികാരങ്ങളെ മാനിക്കുവാൻ ബഹുഭൂരിപക്ഷം ഹിന്ദുക്കളും തയ്യാറാണുതാനും.

വിശ്വാസകാര്യങ്ങളിലെന്നപോലെ മതാനുഷ്ഠാന കാര്യങ്ങളിലും സ്വതന്ത്രഭാരതത്തിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും വിശ്വാസികളും ഭക്തന്മാരുമാണ്. ആരാധനകളെ എല്ലാവരും മാനിക്കുന്നു. ഭക്തന്മാരെ പൊതുവെ എല്ലാവരും സ്നേഹിക്കുന്നു. അതുകൊണ്ട് നമസ്കാരം, ദാനധർമ്മങ്ങൾ, നോമ്പ്, ഹജ്ജ് മുതലായ അനുഷ്ഠാനമുറകൾ നിർവ്വഹിക്കുന്നതിന് ഇവിടെ തടസ്സമില്ല. ഇത് മററ് പല രാഷ്ട്രങ്ങളിലും പ്രത്യേകിച്ച് കമ്യൂണിസ്ററ് രാഷ്ട്രങ്ങളിൽ ഇല്ലാത്ത ഒരു സ്വാതന്ത്ര്യമാണ്.

എന്നാൽ ഒരു ചെറിയ വിഭാഗം ആളുകൾ ചിലപ്പോൾ ചിലേടങ്ങളിൽ മുള്ളുമുനകുത്തുകൾ നൽകുന്നുണ്ട്. പള്ളികൾ നിർമ്മിക്കുന്നതിന് തടസ്സങ്ങൾ ഉന്നയിക്കുക, പുരാവസ്തു ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള പല പള്ളികളിലും നമസ്കാരം അനുവദിക്കാതിരിക്കുക, ഉച്ചഭാഷിണിയിലൂടെ ബാങ്ക് വിളിക്കുന്നത് ചിലയിടങ്ങളിൽ നിരോധിക്കുക, വെള്ളിയാഴ്ച ജുമുഅക്ക് പോകുവാൻ അനുവാദം നൽകാതിരിക്കുക മുതലായവയാണ് ഈ മുനക്കുത്തുകൾ. പുരാവസ്തു വകുപ്പുമായി

ആൾ ഇന്ത്യാ വഖഫ് കൗൺസിലും, മജ്‌ലിസേ മുശാവറയും ബന്ധപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അവർ ഉചിതമായ പരിഹാരം കണ്ടുകൊള്ളും. മററ് കാര്യങ്ങൾ ബന്ധപ്പെട്ടവരുമായി സംസാരിച്ച് പരിഹരിക്കാവുന്നതാണ്. ഈ ലേഖകൻ തിരുവനന്തപുരത്ത് ചീഫ് ഇഞ്ചിനീയറായിരുന്നപ്പോൾ മഹാത്മാഗാന്ധി കോളേജിലെ വിദ്യാർത്ഥികൾക്ക് ജുമുഅക്ക് പോകുവാൻ അനുവാദം ലഭിക്കുന്നില്ലെന്ന പരാതി ഉണ്ടായി. പ്രിൻസിപ്പൽ ശ്രീ. മന്മഥനുമായി ബന്ധപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത്, 'ഈ കുട്ടികൾ കമ്യൂണിസ്റ്റുകാരാണ്, നമസ്‌ക്കാരത്തിന് വേണ്ടിയല്ല അവർ ലീവ് ആവശ്യപ്പെടുന്നത്' എന്നായിരുന്നു. പള്ളിയിൽ പോകുന്നവർ പള്ളി ഇമാമിന്റെ സർട്ടിഫിക്കററ് ഹാജരാക്കണമെന്ന് പറഞ്ഞപ്പോൾ പ്രശ്നം ആവർത്തിച്ചു. പള്ളികളിലെ ഉച്ചഭാഷിണി ശല്യമായി തീർന്നിട്ടുണ്ടെന്നും മററും ചിലർ നോട്ടീസ് അടിച്ച്‌വിടുകയും, പള്ളി പരിസരങ്ങളിൽ ഭീഷണി മുഴക്കി വിടുകയും ചെയ്ത സന്ദർഭമുണ്ടായിരുന്നു. ഉച്ചഭാഷിണിയില്ലായിരുന്ന കോഴിക്കോട്ടെ ലിവാഉൽഇസ്‌ലാം പള്ളിപ്രദേശത്തും ഇത്തരം ഭീഷണികൾ ഉയർന്നുവന്നിരുന്നു. അവിടത്തെ തൊഴിലാളികൾ പണംപിരിച്ച് ഒരു ഉച്ചഭാഷിണി വാങ്ങി പള്ളിക്ക് വഖഫ് ചെയ്ത് കമ്മിററിയെ ഏൽപ്പിക്കുകയാണുണ്ടായത്. കമ്മിററിയോഗം കൂടി ദീർഘനേരം ആലോചിച്ചശേഷം ഉച്ചഭാഷിണി വെക്കുവാൻ തീരുമാനിച്ചു. അത് ഘടിപ്പിച്ച് ഉച്ചത്തിൽ ബാങ്ക് വിളിച്ചതോടെ ആ പ്രശ്നവും തീർന്നു. പലേടങ്ങളിലും (മാർക്സിസ്റ്റ് ആർ. എസ്. എസ്. കേന്ദ്രങ്ങളിൽ പോലും) പള്ളിയുടെ മുന്നിൽ പൊതുയോഗങ്ങളും മററ് പരിപാടികളും നടത്തുമ്പോൾ ബാങ്ക് വിളിക്കുന്ന സമയത്ത് അവ നിർത്തിവെക്കാറുണ്ട്. തീവണ്ടിയിലും മററും നമസ്‌ക്കരിക്കുന്നവർക്ക് മററുള്ളവർ സ്ഥലം ഒഴിഞ്ഞ്‌കൊടുത്തും സൗകര്യം നൽകുന്നു.

ഇങ്ങനെ പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിട്ടും നാം നമസ്‌ക്കാരവും ദാനധർമ്മങ്ങളും മുറപ്രകാരം ചെയ്യുന്നുണ്ടോ...? നിലനിർത്തുന്നുണ്ടോ...? ഇല്ലെന്നതാണ് വാസ്തവം. ഇത് രണ്ടും ചെ



യ്യാത്തവരായി നമ്മിൽ ഒരു വലിയ വിഭാഗം ആളുകൾ ഉണ്ട്. ധനികന്മാരും ഇടത്തരക്കാരും സാധുക്കളുമായ ധാരാളം സ്ത്രീ-പുരുഷന്മാർ കൃത്യമായി നമസ്‌ക്കരിക്കുന്നില്ല. പലർക്കും നമസ്‌ക്കാരം തീരേ അറിയില്ല. നമസ്‌ക്കരിക്കാറുള്ളവർതന്നെ അത് കൃത്യമായും സ്ഥിരമായും ചെയ്യുന്നില്ല. എന്തെങ്കിലും ഒഴിവ്കഴിവ് കിട്ടിയാൽ നമസ്‌ക്കാരം ഒഴിവാക്കും. ജംഉം ഖസ്റും ചെയ്യാവുന്ന സന്ദർഭങ്ങളിൽപോലും നമസ്‌ക്കാരം ഖളാ ആക്കും. യാത്രയിലും മററും മര്യാദക്ക് ജംഉം ഖസ്റുമാക്കി ആർക്കും ഉപദ്രവംകൂടാതെ നമസ്‌ക്കരിക്കാൻ സാധിച്ചാലും അത് ചെയ്യാതിരിക്കും. ഓർമ്മയും ബുദ്ധിയും ഉള്ള കാലത്തോളം ഒഴിവാക്കുവാൻ അനുവദിക്കപ്പെടാത്തതാണ് നമസ്‌ക്കാരം. ദാനധർമ്മങ്ങളുടെ കാര്യമാണെങ്കിൽ പറയേണ്ടതില്ല തന്നെ.

ഇതിന് മാററംവരുത്തണം. ഏററവും ചുരുങ്ങിയത് സമുദായത്തിലെ എല്ലാവരും കൃത്യമായി നമസ്‌ക്കരിക്കണം. കഴിയുന്നത്ര പള്ളികളിൽ തന്നെ ചെന്നു നമസ്‌ക്കരിക്കണം. അതിനു സൗകര്യമില്ലാത്തവർ വീടുകളിൽനിന്നു ജമാഅത്തായി നമസ്‌ക്കരിക്കുവാൻ പ്രേരിപ്പിക്കണം. സ്ത്രീകളെ നമസ്‌ക്കാരപ്രിയരാക്കുവാൻ സ്ത്രീകളുടെ സ്‌കോഡുകൾ പ്രവർത്തിക്കണം.

ദാനധമ്മങ്ങളുടെ കാര്യവും ശ്രദ്ധിക്കണം. ശരീഅത്തിൽ ദാനധമ്മങ്ങൾ നമസ്‌ക്കാരം കഴിഞ്ഞാൽ ഏററവും പ്രധാനപ്പെട്ടതാണ്. സമുദായത്തിൽ ദാരിദ്ര്യം ഇല്ലാതാക്കാൻ ഉള്ള ഒരുത്തമമാർഗ്ഗമാണിത്.

ഇസ്ലാംമതത്തിന് നിരക്കാത്ത അനാചാരങ്ങളും അമിതവ്യയങ്ങളും സമുദായമദ്ധ്യത്തിൽനിന്നും ഉന്മൂലനം ചെയ്യേണ്ടത് വളരെ ആവശ്യമാണ്. സ്ത്രീധന സമ്പ്രദായമാണ് ഏററവും ദോഷകരമായ ഒരേർപ്പാട്. അത് ഇല്ലാതാക്കുവാൻ ഒത്തൊരുമിച്ചുള്ള ഒരു സംരംഭം ആരംഭിക്കുകയും അത് ഫലപ്രദമായി നടപ്പിലാക്കുകയുംവേണം. ഇതെല്ലാം ശരീഅത്ത് സംരക്ഷണത്തിന് അത്യാവശ്യമാണ്.

# 3

# സ്വഭാവസംസ്കരണം

സ്വഭാവസംസ്കരണത്തിന് ഇസ്ലാം വളരെ പ്രാധാന്യം കൽപിക്കുന്നു. ഒരു മനുഷ്യന് തന്നോട് തന്നെയും മാതാപിതാക്കന്മാരും മക്കളും തമ്മിലും, ഭാര്യാഭർത്താക്കന്മാർ തമ്മിലും, അടുത്തബന്ധുക്കാർ തമ്മിലും അയൽപക്കക്കാർ ജാതി-മത-വ്യത്യാസമെന്യേയും സഹപ്രവർത്തകർ തമ്മിലും വ്യാപാര ഇടപാടുകാർ തമ്മിലും മററുമുള്ള ബാധ്യതകൾ വിശദമായി ശരീഅത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ സ്വഭാവസംസ്കരണത്തെ കുറിച്ചുള്ള അനേകം സൂക്തങ്ങളുണ്ട്; ഹദീസ്ശരീഫിൽ ആയിരക്കണക്കിനും.

സ്വഭാവസംസ്കരണത്തിൽ എല്ലാ മതങ്ങളും, ഇസങ്ങളും താൽപര്യം കാണിക്കുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് മതഭക്തന്മാർ അന്യോന്യം സ്നേഹവും ബഹുമാനവും കാണിക്കുന്നതും. എല്ലാ നിലയിലും നല്ല സ്വഭാവമുള്ളവരായി ജീവിക്കുവാൻ ഇവിടെ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ അക്രമം, അനീതി, ചൂഷണം മുതലായവ ഇല്ലാതാക്കുകയോ നിയന്ത്രിക്കുകയോ ചെയ്യണമെങ്കിൽ നിയമത്തിന്റെ സഹായം ആവശ്യമാണ്. മദ്യപാനം, ചൂതുകളി, വ്യഭിചാരം, കള്ളക്കച്ചവടം, പലിശ മുതലായവ ഇസ്ലാമിൽ കടുത്ത പാപങ്ങളാണ്. മററുചില മതങ്ങൾ ഇവയിൽ അത്രയും പാപം കാണുന്നില്ല. ഉദാഹരണമായി ലോട്ടറിയെടുക്കാം. അതൊരുതരം ചൂതുകളിയും ചൂഷണവുമാണെന്നതിൽ സംശയമില്ല. സർക്കാർ തലത്തിലാണ് ഇന്ന് ലോട്ടറികൾ സംഘടിപ്പിക്കുന്നത്. പരിപൂർണ്ണ മദ്യവർജ്ജനം നമ്മുടെ ഭരണഘടന അനുശാസി



ച്ചിട്ടുള്ളതാണ്. രാജാജി മദ്യവജ്ജനം ഏർപ്പെടുത്തുകയും, അതുകൊണ്ട് സർക്കാറിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്താൻ വിൽപനനികുതി ആവിഷ്ക്കരിക്കുകയും ചെയ്തതാണ്. എന്നാൽ വിൽപനനികുതി കണ്ടമാനം വർദ്ധിപ്പിക്കുകയും മദ്യപാനം ഏർപ്പെടുത്തി അതിൽ നിന്ന് വലിയ വരുമാനം ഉറപ്പുവരുത്തുകയും ചെയ്തിരിക്കുകയാണിപ്പോൾ. വ്യഭിചാരത്തെ ഫലപ്രദമായി സർക്കാർ തടയുന്നില്ല. വ്യാപാര-വ്യവസായങ്ങളിൽ കണക്കിലേറെയുള്ള നിയന്ത്രണങ്ങളും, നിയന്ത്രണങ്ങളോടൊപ്പം വരുന്ന അഴിമതിയും കാരണം കള്ളക്കച്ചവടവും കരിഞ്ചന്തയും സാർവ്വത്രികമായിരിക്കുന്നു. പലിശയില്ലാത്ത ഒരിടപാടും സാധ്യമല്ല എന്ന നില വന്നിരിക്കുന്നു. അതുകൊണ്ട് തന്നെ നമ്മിൽ അധികംപേരും കടത്തിൽ ജനിക്കുന്നു; കടത്തിൽ ജീവിക്കുന്നു; കടത്തിൽ മരിക്കുന്നു. പല്ശയോടെയുള്ള കടം നമ്മുടെ സാമ്പത്തിക നിലയെ കാർന്നുതിന്നുന്നു. ഇതിനെല്ലാം സമൂലമായ മാററം ഉണ്ടാകേണ്ടത് നമ്മുടെ നാട്ടിന്റെ ആവശ്യമാണ്.

സമുദായ മധ്യത്തിൽ മദ്യപാനം, മയക്കുമരുന്ന്, ചൂതുകളി എന്നിവ വളർന്നുവരുന്നു. ഇതനുവദിച്ചുകൂടാ. വ്യക്തിജീവിതത്തെയും കുടുംബജീവിതത്തെയും മാത്രമല്ല സമുദായത്തിന്റെ സമാധാനപരമായ വളർച്ചയേയും ഈ ദുർഗ്ഗുണങ്ങൾ സാരമായി ബാധിക്കുന്നു. മദ്യപാനികളും ചൂതാട്ടക്കാരുമാണ് വഴക്കും വക്കാണവും ഉണ്ടാക്കുന്നതും, പലപ്പോഴും സാമുദായിക ലഹളക്ക്പോലും ഇടവരുത്തുന്നതും. കുടിയന്മാരും അവിശ്വാസികളും നമ്മുടെ മഹല്ല് കമ്മിററികളിൽപ്പോലും നുഴഞ്ഞുകയറി എന്തുമാത്രം ദ്രോഹം ചെയ്യുന്നുണ്ട്! മദ്യപാനികളെയും ചൂതുകളിക്കാരെയും അതിൽനിന്ന് വിരമിപ്പിച്ച് നേരെചൊവ്വെയുള്ള ജീവിതത്തിലേക്ക് നയിക്കുവാൻ ഒന്നാമത് ശ്രമിക്കേണ്ടത് അവരുടെ ബന്ധുക്കളും സ്നേഹിതന്മാരുമാണ്. സ്നേഹിതന്മാരുടെ പ്രേരണയാണ് ഇക്കാര്യത്തിൽ ഏററവും ഫലപ്രദമാവുക. മദ്യപാനവും ചൂതുകളികളും നിയമം മുഖേന നിരോധിക്കുവാൻ സർക്കാറിനെ പ്രേരിപ്പിക്കുന്നതിൽ നാം എപ്പോഴും മുൻപന്തിയിലുണ്ടായിരിക്കണം.

ചൂഷണവും ഉച്ചനീചത്വവും വളർത്തുന്നതിൽ പലിശക്ക് അതിസമർത്ഥമായ കഴിവുണ്ട്. പലിശയുടെ ചൂഷണത്തിൽ നിന്ന് പരമ ദരിദ്രന്മാരെയെങ്കിലും രക്ഷിക്കുവാൻ നാം ശ്രമി ക്കേണ്ടതാണ്. ഇതിനുള്ള ഒരു മാർഗ്ഗമാണ് 'ദാറുൽ അമാനത്ത്.' ഓരോ ദേശത്തും ഓരോ ദാറുൽഅമാനത്ത് സ്ഥാപിക്കുവാൻ വി ശ്വസ്തരായ കുറെ ചെറുപ്പക്കാർ മുന്നോട്ട വരണം. അവർ ഒരു സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം സംഘടിപ്പിക്കണം. ഷെയർ, സംഭാവന, നിക്ഷേപങ്ങൾ, ലഘുസമ്പാദ്യം മുതലാ യവയിൽ കൂടി മൂലധനം ശേഖരിക്കുക, നിക്ഷേപങ്ങളുടെയും, ചെറുസമ്പാദ്യങ്ങളുടെയും ഏതാണ്ട് 30% ആവശ്യപ്പെടുമ്പോൾ മടക്കി കൊടുക്കുവാൻ നീക്കിവെക്കുക, 30 ശതമാനം പലി ശയില്ലാതെ, അത്യാവശ്യക്കാർക്ക് ശരിയായ ഉറപ്പിൻമേൽ കട മായി കൊടുക്കുക, ബാക്കിവരുന്ന ധനത്തിൽ നല്ല ഭാഗം സാധാരണനിലയിൽ നഷ്ടം സംഭവിക്കാനിടയില്ലാത്ത വ്യാ പാര-വ്യവസായങ്ങളിൽ പങ്കാളിത്തത്തിന് മാററിവെക്കുക-ഇ താണ് ദാറുൽഅമാനത്ത്. ചെറിയ തോതിൽ നടത്താവുന്ന ഒരു സേവനമാണിത്. നമ്മുടെ സാമൂഹ്യ സംഘടനകൾ ഇ തിൽ ശ്രദ്ധിക്കുന്നത് നന്ന്. ഇത്തരം ചെറിയ ഏർപ്പാടുകൾ വിജയകരമായി നടത്തിവന്നാൽ പലിശരഹിത ബേങ്കിംഗി നുള്ള അനുവാദം നിയമനിർമ്മാണത്തിലൂടെ നമുക്ക് നേടിയെ ടുക്കാം.

അഴിമതിയാണ് നമ്മുടെ നാട്ടിൻെറ തീരാശാപം. ശരി യായ മതവിശ്വാസമില്ലായ്മയാണ് ഇതിൻെറ മൂലകാരണം. മതേതരത്വത്തിൻെറ പേരിൽ മതത്തെ ജീവിതത്തിൽനിന്ന് മാററിനിർത്തുന്നത് ഇതിന് വളംകൂട്ടുന്നു. ഓരോ മതത്തിലു മുള്ള സ്വഭാവസംസ്ക്കരണത്തിനുള്ള പ്രത്യേക മാർഗ്ഗങ്ങളെ നാം ക്ഷീണിപ്പിക്കരുത്. ഇസ്ലാമിനെ സംബന്ധിച്ച് പറയുക യാണെങ്കിൽ അതിലെ വിശ്വാസങ്ങൾ, ആരാധനാമുറകൾ, ആചാരമര്യാദകൾ, കുടുംബസംവിധാനം മുതലായവയെല്ലാം തന്നെ ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ സ്വഭാവസംസ്ക്കരണത്തിനു് സഹായകരമാണ്. ശരീഅത്തി



ന് ക്ഷീണം തട്ടുമ്പോൾ അത് സ്വഭാവസംസ്ക്കരണത്തെ ദോ ഷകരമായി ബാധിക്കുന്നു. സ്വരാജ്യസ്നേഹം സത്യവിശ്വാ സത്തിൻെറ പ്രകൃതിയാണെന്ന് നബി (സ) പഠിപ്പിച്ചിരിക്കു ന്നു. നബി (സ) യുടെ ശിക്ഷണം മുഴവനും സമുദായത്തിൻെറയും നാട്ടിൻെറയും ഗുണത്തിന് മാത്രമേ സഹായിക്കുകയുള്ളൂ. അതു കൊണ്ട് ശരീഅത്ത്സംരക്ഷണം എല്ലാ ജാതിമതസ്ഥരും അനുവദിക്കേണ്ടതും പ്രോൽസാഹിപ്പിക്കേണ്ടതുമാണ്.

4

# ഹിന്ദു-മുസ്ലിം വ്യക്തിനിയമങ്ങൾ

മതം ദൈവവും വ്യക്തിയും തമ്മിലുള്ള ഒരു സ്വകാര്യ ബന്ധമാണെന്നും അതു ലൗകിക കാര്യങ്ങളിൽ ഇടപെടേണ്ടതില്ലെന്നും അമുസ്ലിംകൾ വിശ്വസിക്കുന്നു. ഇതോ 'ഈശ്വരന്റ് ഈശ്വരന്റേത്. സീസർക്ക് സീസർക്കുള്ളത്'' എന്ന പ്രമാണമോ മുസൽമാന് സ്വീകാര്യമല്ല. ജീവിതത്തിന്റെ സകല വശങ്ങളെയും സ്പർശിക്കുകയും, സ്വാധീനിക്കുകയും ചെയ്യുന്നതാണ് ഇസ്ലാം. മറെറാരു കാര്യം, മുസ്ലിംകൾക്ക് അചഞ്ചലമായ രണ്ടു മാർഗ്ഗരേഖകൾ-ഖുർആനും സുന്നത്തും- ഉണ്ടെന്നുള്ളതത്രെ. ഇത് രണ്ടും ചേർന്ന രൂപം നൽകിയിട്ടുള്ള ശരീഅത്ത് ദൈവികമാണെന്നു അവർ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അതിൽ അവർ പുരോഗമനം കാണുന്നു. പരിഷ്ക്കാരത്തിന്നും, പുരോഗമനത്തിന്നും അവരുടെ പാത ഇസ്ലാമിലേക്ക് മടങ്ങുകയാണ്. മററുള്ളവർ അവരുടെ പഴയ നിയമങ്ങളിൽനിന്നും മാറുന്നതിലാണ് പുരോഗമനം കാണുന്നത്.

അനേകം മതങ്ങളും, ജാതികളും, ജീവിതവ്യവസ്ഥകളുമുള്ള ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണാധികാരികൾ ഓരോ വിഭാഗത്തെയും അവരവരുടെ സമ്പ്രദായമനുസരിച്ച സാമൂഹ്യനിയമങ്ങൾ തുടർന്നുപോകുവാൻ അനുവദിച്ചു. കാലാകാലം അവയിൽ ആവശ്യമായിവന്ന മാററങ്ങൾ വരുത്തുകയുണ്ടായി.

ബ്രിട്ടീഷ് ഭരണത്തിനുമുമ്പ് ഇന്ത്യയിൽ ഹിന്ദുക്കൾക്ക് 'ധർമ്മം' ഉണ്ടായിരുന്നു. ധർമ്മമാണ് നിയമങ്ങളുടെ ഉറവിടം. 'നിയമം' എന്നത് ഭരണകൂടത്തിന്റെ ശാസനാധികാരമുപയോഗിച്ചു അനുസരിക്കപ്പെടുന്നു. അപ്പോൾ 'ധർമ്മം' മുഴുവനും നിയമമാകുന്നില്ല. ഹിന്ദുക്കൾ അനുസരിച്ചുവന്ന ധർമ്മത്തി



ന്റെ ഉറവിടം ശ്രുതി അതായത് വേദങ്ങൾ ആയിരുന്നു. വേദങ്ങളിൽ ചില മൂല്യങ്ങളെ പററിയുള്ള പരാമർശങ്ങൾ മാത്രമേയുള്ളു. നിയമത്തിന്റെ വിശദാംശങ്ങൾ 'സ്മൃതികളിലും' 'ശാസ്ത്രങ്ങളിലു'മാണ്. ഇതിൽനിന്ന് നിയമങ്ങളെ മാററി വേർതിരിക്കുക പ്രയാസമാണ്. സ്മൃതികളിലുള്ള ശാസനകളിൽ പലതും ഇക്കാലത്ത് നടപ്പിൽ വരുത്തുക സാധ്യമല്ല. ധർമ്മശാസ്ത്രങ്ങളിൽനിന്ന് നിയമങ്ങൾ എടുത്ത് വിധികല്പിച്ചു കൊണ്ട് ഒരുതരം ഹിന്ദുനിയമം ബ്രിട്ടീഷുകാർ നടപ്പിലാക്കിയിരുന്നു. ഇത്തരം വിധികളിലൂടെ രൂപംകൊണ്ട ഒന്നാണ് ഹിന്ദു വ്യക്തിനിയമം. ഇതിൽ പലതരം അപാകതകളുണ്ടായിരുന്നതിനാൽ നിയമനിർമ്മാണംവഴി പരിഷ്ക്കരിച്ച് പോന്നു. 1937ൽ ഒരു നിയമനിർമ്മാണംവഴി ഒരു ഹിന്ദുവിന്റെ മരണാനന്തരം അവകാശങ്ങളിൽ അയാളുടെ വിധവയേയും ചേർത്തു. 1956ലെ ഹിന്ദുപിന്തുടർച്ചാവകാശ നിയമപ്രകാരം ആൺമക്കൾക്കെന്നപോലെ പെൺമക്കൾക്കും അവകാശം ലഭിച്ചു. അതുവരെ ഹിന്ദുക്കൾക്ക് ബഹുഭാര്യത്വവും, ബഹുഭർത്തൃത്വവും നിയമവിധേയമായിരുന്നത് 1955 ലെ 'ഹിന്ദു വിവാഹനിയമ' പ്രകാരം നിഷിദ്ധമാക്കി. ഒരു ഹിന്ദുവിന്റെ അച്ഛന് അയാളുടെ അച്ഛനിൽനിന്ന് കിട്ടിയ സ്വത്തിൽ അയാൾ ജനിച്ചുവീഴുമ്പോൾ (അയാൾ ആൺകുട്ടിയാണെങ്കിൽ) അവകാശം ലഭിച്ചിരുന്നു. അത്പോലെ മരുമക്കത്തായ സമ്പ്രദായപ്രകാരം തറവാട്ടിലെ സ്ത്രീകൾക്ക് ജനിക്കുന്ന എല്ലാ കുട്ടികൾക്കും സ്വത്തിൽ അവകാശമുണ്ടായിരുന്നു. 1976ലെ കൂട്ടുകുടുംബ നിയമംകൊണ്ട് സ്വത്തവകാശം ലഭിക്കുന്നത് ഇല്ലാതാക്കിയിരിക്കുന്നു. ഇങ്ങനെ പരിഷ്ക്കരിക്കപ്പെടേണ്ട പല നിയമങ്ങളും ഹിന്ദുക്കളുടെ വ്യക്തിനിയമങ്ങളിൽ കണ്ടെന്നുവരാം. അതല്ലാ ഹിന്ദുഭൂരിപക്ഷമുള്ള നിയമനിർമ്മാണ സഭകളിൽ കൂടി പരിഷ്ക്കരിച്ച് പോരാവുന്നതാണ്. ആ പ്രക്രിയ തുടർന്നു പോകുന്നതുമാണ്.

ഹിന്ദു വ്യക്തിനിയമങ്ങൾ ഇന്ത്യയിൽ വളർന്നുവന്നത് പോലെതന്നെ മുസ്ലിംവ്യക്തിനിയമവും വളർന്നുവന്നു. തർക്ക

വിഷയങ്ങളിൽ കക്ഷികൾ മുസ്ലിംകളാണെങ്കിൽ മുസ്ലിംകളെ മാത്രം ബാധിക്കുന്ന കാര്യങ്ങളിൽ മുസ്ലിംമതവിധികളെ കണക്കിലെടുക്കുകയാണ് ചെയ്തുപോന്നത്. ഹിദായ, ഫത്താവയെ ആലംഗീർ മുതലായ ഫിഖ്ഹ്ഗ്രന്ഥങ്ങൾ കേസ് വിധികൾക്ക് ക്രമേണ ആധാരമായിത്തീർന്നു. മുസ്ലിംകൾക്ക് അവരുടെ കുടുംബകാര്യങ്ങളും മററും ശരീഅത്തിനനുസരിച്ച് തീരുമാനിക്കപ്പെടേണ്ടതുണ്ടെന്ന നിർബ്ബന്ധമുണ്ടല്ലോ. ഇതിനു അപവാദമായി മരുമക്കത്തായം മുതലായ സമ്പ്രദായങ്ങൾ അവരുടെ ഇടയിലുണ്ടായിരുന്നു. ഇതെല്ലാം ഒന്നൊന്നായി മാററി. അവസാനം 1937ൽ മുസ്ലിം ശരീഅത്ത്നിയമം പാസായി. മരണാനന്തരാവകാശം, സ്ത്രീകളുടെ പ്രത്യേകസ്വത്ത്, വിവാഹം, വിവാഹമോചനം, ജീവനാംശം മഹറ്, രക്ഷാകർത്തൃത്വം, ട്രസ്റ്റുകളും ട്രസ്റ്റ്സ്വത്തുക്കളും, വഖ്ഫുകൾ എന്നിവയെ സംബന്ധിച്ച പ്രശ്നങ്ങളിൽ കക്ഷികൾ മുസ്ലിംകളാണെങ്കിൽ കേസുകൾ തീരുമാനിക്കേണ്ടത് മുസ്ലിംശരീഅത്ത് നിയമമനുസരിച്ചായിരിക്കണമെന്നാണ് ആക്റിലെ വ്യവസ്ഥ. പുരോഗതിക്ക്വേണ്ടി ഇസ്ലാമിലേക്ക് മടങ്ങുക എന്ന പദ്ധതിയുടെ ഭാഗമായി അതിനെ കാണുന്നു.

ശരീഅത്ത് എന്നു പറയുന്നത് ഖുർആനും സുന്നത്തുമാണ്. ഇത് രണ്ടും അചഞ്ചലമാണ്. അചഞ്ചലമായ ശാശ്വത മൂല്യങ്ങളെയാണ് ഇവ പഠിപ്പിക്കുന്നത്. ചലനാത്മകമായ ജീവിതത്തിൽ മാററങ്ങൾ ആവശ്യമില്ലെന്ന് ആരും വാദിക്കുകയില്ല. മാററങ്ങൾ വരണം. പക്ഷെ ഖുർആനും സുന്നത്തിനും അക്ഷരത്തിലും അർത്ഥത്തിലും യോജിച്ച് പോകുന്നരീതിയിലായിരിക്കണം. വിവാഹത്തിനു മുമ്പ്, വിവാഹമോചനത്തിനുമുമ്പ്, വിവാഹമോചനത്തിനു ശേഷം ബാപ്പയോ ഉമ്മയോ മരിച്ചുപോയ പേരക്കുട്ടിയുടെ കാര്യം-ഇങ്ങനെ പലതിലും വിശുദ്ധ ഖുർആന്റെ കൽപനകളെ നിയമവിധേയമാക്കുന്ന ചില വകുപ്പുകൾ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്. നിയമങ്ങൾകൊണ്ടുമാത്രം നീതി ലഭ്യമാകുവാൻ പലപ്പോഴും സാധിച്ചെന്നുവരില്ല. പഞ്ചായത്തുകൾ മുഖേനയുള്ള അനുരഞ്ജന നടപടികളും സാമൂഹ്യസമ്മത്ഃവുമായിരിക്കും കൂടുതൽ ഫലപ്രദം. അതിന് ശരീഅത്ത് പഞ്ചായത്തുകൾ ഉണ്ടാകുന്നത് നന്ന്. അത്തരം പഞ്ചായത്തുകൾക്ക് നിയമബലം ലഭിക്കുമെങ്കിൽ നന്ന്. ഇങ്ങനെ മുസ്ലിംകൾ ആഗ്രഹിക്കുന്ന നിയമനിർമ്മാണത്തിന് ഇന്ത്യൻ നിയമനിർമ്മാണസഭ സഹായിക്കുമോ?... അതല്ല ഏകീകൃത സിവിൽകോഡിന്റെ പേരിൽ ഇതിനെല്ലാം തടസ്സമായിനിൽക്കുമോ? ഇതാണ് ഇന്ത്യൻ മുസ്ലിംകളുടെ മുമ്പിലുള്ള സുപ്രധാനമായ ചോദ്യം.



സർവ്വമതസത്യം വാദിക്കുന്നവർ ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും അവരവരുടെ മതമനുസരിച്ചു ജീവിച്ചുകൊള്ളാൻ വിട്ടേക്കണം. എന്നാൽ ഇതേ സർവ്വമത സത്യവാദമുന്നയിച്ചുകൊണ്ട് മററ് മതങ്ങളിൽ മായംചേർത്തു അവയെല്ലാം ഹൈന്ദവ സംസ്ക്കാരത്തിൽ ലയിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു വിഭാഗവുമുണ്ട്. ബാൽരാജ്മധോക് പുതിയ പാർട്ടിയുടെ നയം പ്രഖ്യാപിച്ചതിങ്ങനെയാണ്: 'ഇതിന്റെ മുഖ്യലക്ഷ്യം ജനങ്ങളിൽ ദേശീയബോധം വളർത്തുകയായിരിക്കും. എല്ലാ ഭാരതീയരേയും ഒരുപോലെയാക്കുന്ന നിയമമാണ് പാർട്ടിയുടെ ലക്ഷ്യം. മതപരിവർത്തനം, ഗോവധം എന്നിവ പൂർണ്ണമായി നിരോധിക്കുക, ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങളും, ജമ്മുകാശ്മീരിന് പ്രത്യേകം പരിഗണനയും നൽകുന്ന ഭരണഘടനാവ്യവസ്ഥകൾ റദ്ദാക്കുക തുടങ്ങിയവ പാർട്ടിയുടെ ലക്ഷ്യമായിരിക്കും' ഈ നയപരിപാടിയെ അക്രമമാർഗ്ഗങ്ങളിലൂടെ സാധിപ്പിക്കുകയാണ് മധോക്കിന്റെ ജോലി. മുസ്ലിംകൾ രാജ്യത്ത് ഒരു കാൻസർ പോലെ പടർന്നിരിക്കുകയാണെന്നും ഈ കാൻസറിന് ഒരു ഓപ്പറേഷനല്ലാതെ ചികിത്സയില്ലെന്നും താൻ കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ മുസ്ലിംകൾക്ക് 48 മണിക്കൂർ അവധി നൽകുമെന്നും അവരോട് നിങ്ങൾ ഇന്ത്യക്കാരാണെന്ന് തെളിയിക്കാനും നിങ്ങളുടെ മനസ്സും ഹൃദയവും പാക്കിസ്ഥാനിലാണെങ്കിൽ നിങ്ങളുടെ ശരീരവും കൊണ്ട് ഇവിടെ നിൽക്കുവാൻ സാദ്ധ്യമല്ലെന്നും മുസ്ലിംകൾക്ക് ഖുർആനോ ഇന്ത്യയോ ഏതാണ് വേണ്ടതെന്ന് തീരുമാനിക്കണമെന്നും മധോക്ക് പറഞ്ഞത് അത്രവേഗം മറന്നുകൂടല്ലോ. മധോക്കും താക്കറെയും

വിഷംവമിപ്പിക്കുന്ന പ്രസ്താവനകൾ ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. മുസ്‌ലിംകൾ ഇന്ത്യയിൽ പ്രവേശിച്ചപ്പോൾ മുതൽ തന്നെ അവരെ തങ്ങളുടെ സംസ്കാരസാഗരത്തിൽ ലയിപ്പിക്കുവാൻ ഹൈന്ദവ തീവ്രവാദികൾ ശ്രമിച്ചുകൊണ്ടേയിരുന്നു. പക്ഷെ മുസ്‌ലിംകൾ അതിനെ ശക്തിയായി എതിർത്ത് തോൽപിച്ചു. ഈ ലയിപ്പിക്കൽപ്രക്രിയ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിംകളെ മുസ്‌ലിംകളല്ലാതാക്കുകയാണ് ഇവരുടെ മാർഗ്ഗം.

മുസ്‌ലിം വ്യക്തിനിയമം അനുവദിക്കുന്ന ബഹുഭാര്യത്വമാണ് ഹൈന്ദവ തീവ്രവാദികൾ ആക്ഷേപകരമായി ഉദ്ധരിക്കുന്നത്. മുസ്‌ലിംകൾ മൂന്നും നാലും പെണ്ണുകെട്ടി മക്കളെ ഉണ്ടാക്കിവിടുന്നു. അങ്ങനെ മുസ്‌ലിം ജനസംഖ്യ ബഹുശീഘ്രം വളർന്നുവരികയാണ്. ഇത് മററുള്ളവക്ക് ഭീഷണിയാണെന്നും മററും അവർ പ്രചരിപ്പിക്കുന്നു. മതേതരഭാരതത്തിൽ ഏതെങ്കിലുമൊരു വിഭാഗം ഏറുകയോ കുറയുകയോ ചെയ്യുന്നതിനു പരാതിപ്പെടേണ്ട ആവശ്യമില്ല. അതിനു പുറമെ മുസ്‌ലിം ജനസംഖ്യ ഏറുന്നുണ്ടെങ്കിൽ അതിനു കാരണം ബഹുഭാര്യത്വവുമല്ല. ഒന്നാമത് മുസ്‌ലിംകളുടെ ഇടയിൽ ബഹുഭാര്യത്വം സർവ്വസാധാരണമല്ല. മററ് ജാതി-മതസ്ഥരുടെ ഇടയിൽ ബഹുഭാര്യത്വം കൂടുതലാണെന്നു് സ്ഥിതിവിവരക്കണക്കുകൾ തുറന്നുകാട്ടുന്നു. അവരിൽ പലരും വിവാഹമില്ലാതെ തന്നെ ഒന്നിലധികം സ്ത്രീകളെ വെച്ചുപോരുന്നു, രണ്ടാമത് രണ്ടോ മൂന്നോ സ്ത്രീകൾക്ക് ഒരു ഭർത്താവിൽനിന്നുണ്ടാകുന്നതിനേക്കാൾ അധികം മക്കൾ അവർക്കു വെവ്വേറെ ഭർത്താക്കന്മാരുണ്ടെങ്കിലാണുണ്ടാവുക. വാസ്തവത്തിൽ ജനസംഖ്യയുടെ വർദ്ധനവിനു് കാരണം ദാരിദ്ര്യമാണ്. ജനസംഖ്യ നിയന്ത്രിക്കുന്നതിനു് ഏററവും ഫലപ്രദമായ മാർഗ്ഗം സാമ്പത്തികനില മെച്ചപ്പെടുത്തുകയാണ്. കണ്ണിൽ മഷിയിട്ട് മുസ്‌ലിംകൾ ഏറിവരുന്നുവെന്നു കണ്ടുപിടിക്കുന്നവർ അവരുടെ സാമൂഹ്യസ്ഥിതിയെപ്പററിയുള്ള കണക്കുകളും പരിശോധിക്കട്ടെ. വിദ്യാഭ്യാസം, തൊഴിൽ തുറകൾ, ഉദ്യോഗം, വ്യാപാരവ്യവസായ ആനുകൂല്യങ്ങൾ ഇതിലെല്ലാം അവർ പിൻതള്ളപ്പെടുന്നു. അവർക്കെതിരായി പക്ഷഭേദം കാണിക്കപ്പെടുന്നു.



ഹൈന്ദവരാഷ്ട്രവാദികൾ ഏക സിവിൽ കോഡിനുവേണ്ടി വാദിക്കുവാൻ ഉള്ള കാരണത്തിനു ദലിത വോയ്സ് എഡിററർ വി. ടി. രാജശേഖരശെട്ടി ഒരു രസകരമായ വ്യാഖ്യാനം നൽകിയിട്ടുണ്ട്. ഇന്ത്യാ രാജ്യം ഭരിക്കുന്ന ജാതിഹിന്ദുക്കൾ വാർത്താമാധ്യമങ്ങളുടെ സഹായത്തോടെ വളരെ അപ്രധാനമായ ഒരു കാര്യത്തെ പ്രധാനമാക്കി കാണിച്ചു പൊക്കിപ്പിടിക്കുകയാണ്. മുസ്‌ലിം വ്യക്തിനിയമത്തെ ഇത്തരത്തിലാണ് അവർ ഒരു പ്രശ്നമാക്കിത്തീർത്തിരിക്കുന്നത്.

വാസ്തവത്തിൽ മുസ്‌ലിം വ്യക്തി നിയമത്തിലെ മെച്ചപ്പെട്ട വ്യവസ്ഥകളിലേക്കു് ആകൃഷ്ടരായിരിക്കുകയാണ് അവർ. അവരുടെ വ്യക്തിനിയമം പരിഷ്ക്കരിച്ചു മുസ്‌ലിം വ്യക്തിനിയമങ്ങളോടടുത്തെത്തിയിരിക്കുന്നു. അതു തുറന്നു സമ്മതിക്കുന്നത് തീർച്ചയായും പോരായ്മയാണല്ലോ. അതിന് പകരം മുസ്‌ലിം വ്യക്തി നിയമങ്ങളിലും ചില്ലറ മാററങ്ങൾ വരുത്തി എല്ലാവരും ഏകീകൃത സിവിൽകോഡു സ്വീകരിച്ചുവെന്നു പറയുന്നത് നല്ലതാണെന്നവർ കരുതുന്നു. ഹിന്ദു വിവാഹനിയമം, ഹിന്ദു അനന്തരാവകാശനിയമം മുതലായവയിൽ കൂടി വിവാഹമോചനം, വിധവാവിവാഹം, പെൺകുട്ടികൾക്കു് അനന്തരാവകാശം എന്നീ സൗകര്യങ്ങൾ ലഭിച്ചു. ഇതെല്ലാം മുസ്‌ലിം ശരീഅത്തിൽ ഉണ്ടായിരുന്ന സൗകര്യങ്ങളാണല്ലോ. ഇസ്‌ലാം സ്ത്രീകൾക്ക് സ്വത്തവകാശം 1400 വർഷങ്ങൾക്കുമുമ്പ് നൽകി. സ്ത്രീകളുടെ മേലുള്ള ചൂഷണവും കുതിരകയററവും അവസാനിപ്പിച്ചത് ഇസ്‌ലാമാണ്-ഇങ്ങനെ പോകുന്നു ശെട്ടിയുടെ വാദം.

വാസ്തവത്തിൽ മധോക്കിന്നോ താക്കറെക്കോ ഇസ്‌ലാമിനെക്കാൾ മെച്ചപ്പെട്ട ഒരു സംസ്ക്കാരമോ, ഒരു ജീവിത പദ്ധതിയോ നൽകാനാവില്ല. വിദ്വേഷവും കുടിപ്പകയും അവരെ എവിടെയും ചെന്നെത്തിക്കുകയില്ല.

5

# ഭേദഗതിവാദക്കാർ അന്നും ഇന്നും

മുസ്‌ലിം വ്യക്തിനിയമങ്ങളെ മാററുവാൻ വെമ്പൽകൊള്ളുന്ന മറെറാരു വിഭാഗം ഇവിടുത്തെ കമ്മ്യൂണിസ്റ്റുകാരും യുക്തിവാദികളുമാണ്. അവർക്കാകട്ടെ ഇസ്‌ലാമിന്റെ വിശ്വാസസംഹിതയും ജീവിത വ്യവസ്ഥയും അസ്തിത്വംപോലും അസ്വീകാര്യമാണ്. മുസ്‌ലിംകളെ മുസ്‌ലിംകളല്ലാതാക്കുകയാണ് അവരുടെ താൽക്കാലിക ലക്ഷ്യം. അവർക്കധികാരം ലഭിച്ചാൽ മതംതന്നെ നശിപ്പിക്കുവാൻ അവർ മടിക്കില്ലെന്നത ചരിത്രസത്യമാണല്ലോ. അതുകൊണ്ട് മുസ്‌ലിം വ്യക്തിനിയമങ്ങളെ അവരുടെ പ്രത്യയശാസ്ത്രത്തിന് അനുയോജ്യമായ നിലയിൽ മാററിക്കൊണ്ട് വരാൻ അവർ ശ്രമിക്കുമെന്നത് തീർച്ച. ഇതിന് വേണ്ടി അവർ ഏത് മാർഗ്ഗവും സ്വീകരിക്കും. ലക്ഷ്യപ്രാപ്തിക്കുവേണ്ടി തത്വങ്ങൾ പറയുകയും രാഷ്ട്രീയ അടവുകൾ പ്രയോഗിക്കുകയും, സമുദായത്തിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

അവരുടെ മുഖ്യവക്താക്കൾ വാദിക്കുന്നത് മുസ്‌ലിം വ്യക്തിനിയമങ്ങളും ഇസ്‌ലാമിക സംസ്ക്കാരവും തമ്മിൽ ബന്ധമില്ലെന്നാണ്. മതം സംസ്ക്കാരത്തിൽനിന്ന് ഭിന്നമാണെന്ന് തെളിയിക്കാൻ അവർ ഉന്നയിക്കുന്ന വാദം സഊദിഅറേബ്യ, ഇറാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് മുതലായ രാജ്യങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളും തർക്കങ്ങളുമാണ്. ഭാഷ, ദേശീയവാദം, ശാക്തികച്ചേരികളുടെ സമ്മർദ്ദം മുതലായ വിഭാഗീയ ചിന്തകൾ ഇവരുടെ ഇടയിലുണ്ടെങ്കിലും, ശരീഅത്ത് മൂലമുള്ള യോജിപ്പ് വളരെ കനപ്പെട്ടത് തന്നെയാണ്. മൊഴിചൊല്ലിയ പെണ്ണിന് പുനർവിവാഹംവരെയോ ആജീവനാന്തമോ ഭർത്താവ് ചെലവ് കൊടുക്കണമെന്ന് പറയാത്തത് അങ്ങനെ വേണ്ടതില്ലായെന്ന് ശരീഅത്ത് വിധിക്കുന്ന



ത്കൊണ്ടാണ്. മുസ്‌ലിംകളെസംബന്ധിച്ചേടത്തോളം ശരീഅത്തിലെ കുടുംബബന്ധങ്ങൾ സുപ്രധാനംതന്നെയാണ്.

ഹൈന്ദവ രാഷ്ട്രവാദികളെയും, കമ്യൂണിസ്റ്റുകാരെയും, യുക്തിവാദികളെപോലെയുള്ള സഹയാത്രികരെയും മാററിനിർത്തിയാൽ ഇവിടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങളും മുസ്‌ലിംകളുടെ കാര്യങ്ങളിൽ അവരുടെ വികാരങ്ങളെ മാനിക്കുവാൻ തയ്യാറുള്ളവരാണ്. പക്ഷെ മതവും സിവിൽ നിയമങ്ങളും തമ്മിൽ എന്താണ് ബന്ധമെന്ന് അവർക്ക് മനസ്സിലാകുന്നില്ല. ഇന്ത്യക്കൊട്ടാകെ ജനാധിപത്യമര്യാദയനുസരിച്ച് അന്യോന്യം ചർച്ചചെയ്ത് ഒരേകീകൃത സിവിൽകോഡ് നിർമ്മിക്കുന്നതല്ലേ ഭൂഷണം എന്നവർ ചോദിക്കുന്നു. ഇസ്‌ലാം ഒരു സമ്പൂർണ്ണ ജീവിതപദ്ധതിയാണെന്നും കുടുംബബന്ധവും സാമൂഹ്യബന്ധവും സാമൂഹ്യജീവിതത്തിൽ സുപ്രധാനങ്ങളായ ഘടകങ്ങളാണെന്നും, അവയുടെ നിയന്ത്രണത്തിന്റെ മുഖ്യവശങ്ങൾ ഖുർആനിലും ഹദീസിലുമുള്ള മൂല്യങ്ങളെയും നിർദ്ദേശങ്ങളെയും അനുസരിച്ചുതന്നെ ആയിരിക്കണമെന്നും അവരെ പറഞ്ഞ് മനസ്സിലാക്കി കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. ശരീഅത്ത് പൂർണ്ണമായ ഒരു കെട്ടിടമാണ്. അതിന്റെ പല വശങ്ങളും അന്യോന്യം ബന്ധപ്പെട്ട് കിടക്കുന്നു. അതിൽ നിന്നൊരു തൂണോ ചുമരോ എടുത്തുമാററുമ്പോൾ അതിന്റേതായ എഞ്ചിനീയർ പരിശോധിച്ച് കെട്ടിടത്തിന് ഹാനി വരാത്ത വിധമായിരിക്കണം അത് ചെയ്യേണ്ടത്. അല്ലാത്ത പക്ഷം കെട്ടിടംതന്നെ നിലംപതിച്ചെന്ന് വരും. അത് മുസ്‌ലിം സമുദായത്തിന്റെ പൊതുജീവിതത്തെ ബാധിക്കുന്നതും സമുദായത്തിനും നാട്ടിനും ദോഷം ചെയ്യുന്നതുമായിരിക്കും.

സമുദായപരിഷ്ക്കരണവാദം നിയമനിർമ്മാണം കൊണ്ട് സാധിക്കുന്ന കാര്യമല്ല. അനേകം സാമൂഹിക-സാംസ്കാരിക ഘടകങ്ങൾ ഒത്തുചേരേണ്ടതുണ്ട്. കാള പെററന്ന് കേൾക്കുമ്പോൾ കയറെടുക്കുന്ന ലാഘവ ബുദ്ധിയോടെ ആരും ഒന്നും ചെയ്തുപോകരുത്.

മുസ്‌ലിം ശരീഅത്ത് നിയമങ്ങൾ അവർതന്നെ മാററണമെന്ന് ആവശ്യപ്പെടാതെ മാററുകയില്ല എന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയമാണ്. ഇതിൽ മുസ്‌ലിം

ABDURAHIMAN MANGAD
KAKKOVE
VAZHAYOOR P.O. 673 633

# ശരീഅത്ത് സംരക്ഷണം

കൾ ഒരളവോളം സംതൃപ്തരുമാണ്. എന്നാൽ മുസ്ലിംകളിൽ ഒരു ചെറിയ വിഭാഗം ശരീഅത്തിൽ ഭേദഗതിവരുത്തണമെന്നു വാദിക്കാറുണ്ട്. 'ഇസ്ലാം ആൻറ് മോഡേൺ ഏജ് സൊസൈററി'എന്ന സംഘടനയാണ് ഈ മോഡേണിസ്ററ്കളുടെ നേതൃത്വം ഏറെറടുത്തു പ്രവർത്തിക്കുന്നത്. ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്ന ചിലർ ഇക്കൂട്ടത്തിൽ ഉള്ളതുകൊണ്ടും അവർ എപ്പോഴും ഒച്ചപ്പാടുണ്ടാക്കുന്നതുകൊണ്ടും ഇവരെ മുസ്ലിംകളുടെ പ്രതിനിധികളായി ചില സ്ഥാപിതതാൽപര്യക്കാർ പൊക്കിക്കാട്ടുന്നതുകൊണ്ടും സമുദായത്തിനു ഇവരെകൊണ്ടുള്ള ദ്രോഹം ചില്ലറയല്ല. ഇവർക്കു് ഇസ്ലാമിനെ പരിചയപ്പെടുത്തുന്നത് ഓറിയൻറലിസ്ററ് സാഹിത്യമാണ്. അവരുടെ ലക്ഷ്യം ആധുനികത്വമാണ്. പാശ്ചാത്യസംസ്കാരം മാതൃകയായി സ്വീകരിച്ച് അതുമായി ഇസ്ലാമിനെ പൊരുത്തപ്പെടുകയാണ് ഇവരുടെ മാർഗ്ഗം.

എന്താണ് ഓറിയൻറലിസ്ററ് സാഹിത്യം.? ആദ്യകാലങ്ങളിൽ, അതായത് കുരിശുയുദ്ധകാലങ്ങളിലും അതിനെ തുടർന്നും എഴുതിയ സാഹിത്യം, മുഹമ്മദ്നബി (സ) യെയും ഇസ്ലാമിനെയും വളരെ വികലമായി ചിത്രീകരിക്കുന്നവയായിരുന്നു. മുസ്ലിംകളുടെമേൽ കരിവാരിത്തേക്കുവാനും അവക്കെതിരെ ക്രൈസ്തവരെയും മററും ഇളക്കിവിടുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നു അത്. വിഷം വമിക്കുന്ന ഈ എഴുത്തുകൾ വസ്തുനിഷ്ഠമായ പഠനത്തിന് സഹായകമായിരുന്നില്ല. പിന്നീട് ഇത്തരം എഴുത്തുകൾ വിലപ്പോവുകയില്ലെന്നു കണ്ടപ്പോൾ അവർ അടവുമാററി. എന്നാലും അവരുടെ ഉദ്ദേശലക്ഷ്യങ്ങളിൽ യാതൊരു മാററവുമുണ്ടായിരുന്നില്ല. കെട്ടുകഥകൾ വിശ്വസിക്കാതിരിക്കാൻ മാത്രം വായനക്കാർ ഉൽബുദ്ധരായി കഴിഞ്ഞിരുന്നു. ഒളിഞ്ഞും തെളിഞ്ഞും ഇസ്ലാമിനെ താഴ്ത്തിക്കാട്ടുകയും ക്ഷീണിപ്പിക്കുകയുമായിരുന്നു അപ്പോഴത്തെ ലക്ഷ്യം. നബി(സ) യെ പററിയും ഇസ്ലാമിനെ പററിയും സത്യസന്ധമായ പുസ്തകങ്ങൾ മുസ്ലിംകൾതന്നെ എഴുതിത്തുടങ്ങിയതോടെ ഓറിയൻറലിസ്ററുകൾ അവരുടെ ചുവട് വീണ്ടും മാററുകയുണ്ടായി. മുഹമ്മദ് നബി(സ) അത്യുന്നതനായ ഒരു വ്യക്തിയാണെന്നും, വിശുദ്ധ ഖുർആൻ പ്രചോദനമുൾക്കൊണ്ട് നബി(സ) രചിച്ച ഒരു ഗ്രന്ഥമാണെന്നും



ഇസ്ലാം ഉന്നത ദർശനങ്ങളുള്ള ഒരു മതമാണെന്നുമായി പിന്നീടുള്ള എഴുത്തുകൾ. മുഹമ്മദ്നബി(സ) സത്യസന്ധനായിരുന്നുവെന്ന് തറപ്പിച്ച് പറഞ്ഞപ്പോൾതന്നെ ഖുർആൻ തനിക്ക് വഹ്യ് (ദൈവിക വെളിപാട്) ആയി ലഭിച്ചതാണെന്ന് നബി (സ) പറഞ്ഞത് സത്യമല്ലെന്നും അവർ എഴുതി. വിശ്വാസകാര്യങ്ങളും, ആരാധനാമുറകളും മററും അവരുടെ സാഹിത്യത്തിൽനിന്ന് വായനക്കാർക്ക് ഉൾക്കൊള്ളുക സാധ്യമല്ല. ഓറിയൻറലിസ്ററ് സാഹിത്യത്തിലെ ആദർശലക്ഷ്യങ്ങൾ ആധുനികത്വമാണ്. അത് വായിച്ച് ഇസ്ലാമിനെ പരിചയപ്പെട്ടവരുടെ മനോഗതിയും ആ രീതിയിൽ തന്നെ വളർന്നുവന്നു.

ഓറിയൻറലിസ്ററ് സാഹിത്യത്തിൻെറയും മററും സ്വാധീനംകൊണ്ട് മുസ്ലിം ശരീഅത്ത്നിയമങ്ങളെ പരിഷ്കരിക്കണമെന്നാഗ്രഹിക്കുന്ന മോഡേണിസ്ററുകൾ ഹദീസ് ശരീഫിനെ അപ്പടി സ്വീകരിക്കുന്നില്ല. 'ശരീഅത്ത് നിയമങ്ങളിൽ മിക്കതും ശാശ്വതമല്ല; അവ നബി (സ) തിരുമേനിയുടെ കാലത്തെ സമൂഹത്തിന് മാത്രമുള്ളവയാണ്. ഉൽപാദനത്തിനു വേണ്ടിയുള്ള വായ്പയിന്മേൽ പലിശയാവാം. പലിശ തന്നെ ഒരളവോളം അനുവദനീയമാണ്: കൂട്ടുപലിശയാണ് നിരോധിക്കപ്പെട്ടിട്ടുള്ളത്. മദ്യം നജസോ, ബോധം വിട്ടുപോകാതെ മദ്യപിക്കുന്നത് ഹറാമോ അല്ല; ബഹുഭാര്യത്വത്തിനും, വിവാഹമോചനത്തിനും കർശനമായ നിയന്ത്രണം വേണം. സ്ത്രീപുരുഷന്മാരുടെ വസ്ത്രധാരണത്തിൽ കർശനമായി ഹിജാബ് പാലിക്കേണ്ടതില്ല'- ഇതെല്ലാം അവരുടെ വാദങ്ങളാണ്.

1965ൽ എറണാകുളത്ത് ചേർന്ന ഇസ്ലാമിക് സെമിനാറിൽ എൻ. പി. മുഹമ്മദ് ശരീഅത്ത് ഭേദഗതിയെ ന്യായീകരിച്ചു കൊണ്ട് ഒരു പ്രബന്ധം അവതരിപ്പിച്ചതോർക്കുന്നു. 1970-71ൽ ഇസ്ലാം ആൻറ് മോഡേൺഏജ് സൊസൈററിയുടെ ഒരു ബ്രാഞ്ച് കേരളത്തിൽ ഉടലെടുക്കുകയും, ശരീഅത്ത് ഭേദഗതിയെ പററി ചർച്ചകളും, പ്രസിദ്ധീകരണങ്ങളും, നിവേദനങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. മുസ്ലിംകളുടെ ഒററക്കെട്ടായ എതിർപ്പിന്മേൽ അതെല്ലാം കെട്ടടങ്ങുകയാണുണ്ടായത്. മി. മുഹമ്മദിൻെറ പ്രബന്ധം ഒരു മോ

ഡേണിസ്ററ് നേതാവായ പ്രൊഫ: ഫൈസിയെ ഉദ്ധരിച്ചു കൊണ്ട് അവസാനിപ്പിക്കുന്നത് ഇങ്ങിനെയാണ്: 'ഇജ്തിഹാദിൻെറയും, തഖ്ലീദിൻെറയും കാലം കഴിഞ്ഞു. സമൂഹവും മതവും വ്യത്യസ്ഥങ്ങളായ ഘടകങ്ങളാണ്-സർവ്വഗ്രാഹിയായ ഏകാധിപതി എന്ന നിലവിട്ട് ഈശ്വരാരാധന എന്ന വകുപ്പിൻെറ അദ്ധ്യക്ഷനായിരിക്കുന്ന മതം, യൂറോപ്യൻ രാജ്യങ്ങളിൽ. ഇതാണ് ഇന്ന് നമ്മെയും അഭിമുഖീകരിക്കുന്നത്. ഇന്നല്ലെങ്കിൽ നാളെ നാമത് അംഗീകരിക്കേണ്ടിവരുമെന്നത് തീർച്ചയാണ്. മതവ്യത്യാസങ്ങൾ പരിഹരിക്കാതെ ഒരു പൊതു നിയമ പദ്ധതിക്കാധാരമായി പഴയ ആചാരമുറകൾക്കനുസൃതമായുണ്ടാക്കിയ വ്യക്തിനിയമങ്ങൾ കാലക്രമേണ ദുർബ്ബലപ്പെടുത്തുകയോ, പരിഷ്ക്കരിക്കപ്പെടുകയോ ചെയ്യേണ്ടതാണ്. ശരീഅത്ത് നിയമങ്ങളുടെ ക്രമേണയുള്ള പരിഷ്ക്കരണം ഇസ്ലാമിക വിശ്വാസത്തിൻെറ അന്തസ്സത്തയെ ഹനിക്കുന്നില്ല.'

ഇതൊന്നുംതന്നെ മുസ്ലിംകൾക്ക് സ്വീകാര്യമല്ലെന്ന് പറയേണ്ടതില്ലല്ലോ. 1970-71ൽ മോഡേൺഏജ് സൊസൈററിയുടെ ഒരു ബ്രാഞ്ച് കോഴിക്കോട്ട് ആരംഭിച്ചു. പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും മററും സംഘടിപ്പിച്ച് ശരീഅത്ത് ഭേദഗതിക്കു വേണ്ടി പ്രവർത്തനങ്ങൾ തുടങ്ങി. എന്നാൽ മുസ്ലിംകളുടെ ഒററക്കെട്ടായ എതിർപ്പിന്മേൽ അത് കെട്ടടങ്ങി. ഒരു വ്യാഴവട്ടത്തിന്ശേഷം മി: മുഹമ്മദിന് കുറെക്കൂടി പാകത വന്നതായി അദ്ദേഹം പറയുന്നു: (മാതൃഭൂമി 8-4-84) 'അന്ന ഞങ്ങളുടെ വഴി പ്രകോപനപരമായിരുന്നു. ചിന്താപരമായ വിപ്ലവത്തിൻെറ മാർഗ്ഗം പ്രകോപനമല്ല, പ്രേരണയാണ്. ബഹുഭാര്യത്വം, വിവാഹമോചനത്തിലെ കൊള്ളരുതായ്മ എന്നിവ ഇസ്ലാമികമല്ല എന്ന വിശ്വാസം പ്രചരിപ്പിക്കണം. ഖുർആനും നബിവചനങ്ങളും, മനുഷ്യയുക്തിയും ചേർന്നതാണ് ശരീഅത്ത്. കാലത്തിനും ദേശത്തിനും അനുസരിച്ച് വിശ്വാസത്തിൻെറ സത്തക്ക് മാററം വരാതെ മതത്തിലെ സാമൂഹ്യ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതുകൊണ്ട് ആപത്ത് വരാനില്ല.' ഇതിൽ സത്യവും അർദ്ധസത്യവും കൂടി കലർത്തിയിരിക്കുന്നു. വിശുദ്ധ് ഖുർആനിലെയും തിരുസുന്നത്തിലെയും



വ്യക്തമായ കൽപന മാററത്തിന് വിധേയമല്ല. മററ് കാര്യങ്ങൾ ഖുർആൻെറയും ഹദീസിൻെറയും തത്വങ്ങൾക്കനുസൃതമായി പരിഷ്ക്കരിക്കാവുന്നതാണ്. ഇത് ഇന്ത്യൻഭരണഘടനാ നിർമ്മാതാക്കൾ അനുവദിക്കുമോ എന്നതാണ് ചോദ്യം. ഏക സിവിൽകോഡ് എന്ന ലക്ഷ്യം ഭരണഘടനയിൽ ഉള്ളേടത്തോളം കാലം ഇതിനെപ്പററി ഒരുറപ്പും ഉണ്ടാകുവാനിടയില്ല.

# 6

# സുപ്രീം കോടതി മുതൽ പാർലമെൻറു വരെ

ശരീഅത്ത് നിയമങ്ങൾ ദൈവദത്തമാണെന്ന് മുസ്ലിംകൾ ആത്മാർത്ഥമായും വിശ്വസിക്കുന്നു. ആ വിശ്വാസവും അതനുസരിച്ചുള്ള ജീവിതക്രമങ്ങളും അവർ വെച്ചുപുലർത്തുന്ന കാലത്തോളം ശരീഅത്ത്ഭേദഗതി അവർക്ക് സ്വീകാര്യമല്ല. ഇവിടുത്തെ ഹിന്ദുക്കൾക്കും മററു സമുദായക്കാർക്കും അവരുടേതായ ധർമ്മശാസ്ത്രങ്ങളും വ്യക്തിനിയമങ്ങളുമുണ്ട്. അവരുടെ വിശ്വാസാചാരങ്ങൾക്കനുസരിച്ചല്ലാതെ അവയെയും മാററുന്നത് ശരിയല്ല. ഏക സിവിൽകോഡ് എന്ന നിർദ്ദേശക തത്വം പെട്ടെന്ന് നേടിയെടുക്കാവുന്ന ഒന്നല്ല. ഇങ്ങനെയിരിക്കെയാണ് സുപ്രീംകോടതി ചീഫ് ജസ്ററിസ് ചന്ദ്രചൂഡും ജസ്ററിസ് ദേശായിയും മററും ചേർന്ന ഒരു ഫുൾബെഞ്ച് ശാബാനബീഗം കേസ്സിൽ വിധി പറഞ്ഞുകൊണ്ട് (1985 ഏപ്രിൽ 23) ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നത്: (1) ചെലവിനാവശ്യമായ തുക സ്വയം കണ്ടെത്തുവാൻ സാധിക്കാത്ത വിവാഹമുക്തരായ സ്ത്രീകൾക്ക് പുനർവിവാഹംവരെയോ ആജീവനാന്തമോ മുൻ ഭർത്താവിൽനിന്ന് ജീവനാംശം കിട്ടുവാനർഹതയുണ്ട്. (2) ഇതിനുള്ള ന്യായീകരണങ്ങളിൽ ഒന്ന് വിശുദ്ധ ഖുർആൻ 2:241-242ാം സൂക്തങ്ങളാണ്. (3) ഇന്ത്യയൊട്ടാകെ ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുന്ന കാര്യത്തിൽ കാലതാമസം പാടില്ല. ഈ വിധി മുസ്ലിംശരീഅത്തിന്ന് നിരക്കാത്തതാണ്. വിശുദ്ധഖുർആൻ സൂക്തത്തിന് ഫുൾബെഞ്ച് നൽകിയ വ്യാഖ്യാനം ശരിയല്ല. ഏക സിവിൽ കോഡിന് വേണ്ടിയുള്ള ഈ നിർദ്ദേശം ദൗർഭാഗ്യകരമായിപ്പോയി.



ഇത് സമുദായമദ്ധ്യത്തിൽ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു. മുസ്ലിംകൾ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിച്ചുവരുന്ന ശരീഅത്ത് വ്യവസ്ഥകളെ തകിടംമറിക്കുവാനുള്ള അണിയറശ്രമങ്ങളായി അവർ ഇതിനെ കണ്ടു. അവരുടെ വ്യക്തിത്വം നശിപ്പിച്ച് അവർ മുസ്ലിംകളായി ജീവിക്കുന്നതിൽ മായംചേർക്കാനുള്ള ഒളിച്ചുകളിയായി ഇതിനെ അവർ മനസ്സിലാക്കി. അഖിലേന്ത്യാ മുസ്ലിം വ്യക്തിനിയമ ബോർഡിൻെറ ആഹ്വാനമനുസരിച്ച് ഇന്ത്യയിലുടനീളം പ്രതിഷേധപ്രകടനങ്ങൾ രൂപംകൊണ്ടു. റംസാനിലെ അവസാനത്തെ വെള്ളിയാഴ്ച എല്ലാ ജുമാമസ്ജിദുകളിലും യോഗങ്ങൾ സംഘടിപ്പിച്ച് പ്രതിഷേധപ്രമേയം പാസാക്കി, ബന്ധപ്പെട്ടവർക്കയച്ചു. വലിയ വലിയ പട്ടണങ്ങളിൽ വമ്പിച്ച സമ്മേളനങ്ങളും ജാഥകളും ഹർത്താലുകളും നടന്നു. ശരീഅത്ത് പരിഷ്ക്കരണവാദികൾ അവരുടെ വാദമുഖങ്ങൾ പൂർവ്വാധികം ശക്തിയായി പ്രചരിപ്പിച്ചു തുടങ്ങി. എല്ലാ പത്രധർമ്മങ്ങളും കാററിൽ പറത്തിക്കൊണ്ട് ഉള്ളതും ഇല്ലാത്തതുമായ വാർത്തകൾ പൊടിപ്പും തൊങ്ങലും ചേർത്ത് പത്രങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. സമുദായം മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തവിധം യോജിക്കുകയും അവരുടെ അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് രാഷ്ട്രീയ തർക്കങ്ങൾ മാററിവെച്ച് എല്ലാം മറന്നും പൊറുത്തും ഒററക്കെട്ടായി ഈ വിപത്തിനെ എതിർക്കുകയും ചെയ്തു.

ഭാര്യാഭർത്താക്കന്മാർ തമ്മിൽ പൊരുത്തപ്പെട്ടു പോകുവാൻ തീരെ സാദ്ധ്യമല്ലെന്ന് ഉറപ്പായാലാണ് വിവാഹമോചനം നടത്തുന്നത്. അങ്ങനെ ചെയ്യുമ്പോൾ വിധവക്ക് കൊടുക്കാനുള്ള മഹർ മുഴുവനായും കൊടുക്കണം. ഗർഭിണിയാണെങ്കിൽ പ്രസവിച്ച് മുലയൂട്ട് നിർത്തുന്നത് വരെ ചെലവിന് കൊടുക്കണം. അവർക്ക് മന:പ്രയാസമില്ലാതെയിരിക്കുവാൻ കഴിവനുസരിച്ച് ഒരു സമ്മാനവും (മതാഅ്) നൽകണം. അങ്ങനെ കൊടുക്കേണ്ടതെല്ലാം കൊടുത്തുപിരിഞ്ഞാൽ അവർ അന്യോന്യം അന്യരായി–സാധാരണ അന്യരേക്കാൾ ഒരു പടി കൂടി കടന്നനിലയിൽ. എന്നിരിക്കെ തുടർന്നുകൊണ്ട് ചെലവിന് കൊടുക്കണമെന്ന് പറയുന്നതിൽ ഒരു ന്യായവുമില്ല.

ഒരു അന്യസ്ത്രീയെ ഇങ്ങനെ നിർബന്ധിതനായി സഹായിക്കു ന്നത് ഒരു പുരുഷനും, അത്തരം സഹായം സ്വീകരിക്കുന്നത് സ്ത്രീക്കും ഭൂഷണമല്ല; നാണക്കേടാണ്. ഈ വിധവ വിവാഹാർ ഹയാണെങ്കിൽ താമസിയാതെ വീണ്ടും വിവാഹിതയാകുന്നു. വിധവകൾക്ക് അവിടെ പതിതവമില്ല. അതല്ലെങ്കിൽ അവരെ സംരക്ഷിക്കാൻ രക്ഷിതാവ്, സഹോദരന്മാർ, മക്കളുണ്ടെങ്കിൽ അവർ, പിതൃസഹോദരന്മാർ തുടങ്ങിയ ബന്ധുക്കളും ബാധ്യ സ്ഥരാണ്. അവർ ആ കടമ സ്നേഹപൂർവ്വം നിർവ്വഹിക്കുന്നു. അങ്ങനെയാരുമില്ലെങ്കിൽ അവരെ സമൂഹം നോക്കിക്കൊള്ളും. സമുദായത്തിൽ കുടുംബബന്ധങ്ങളുടെയും സമുദായാഭിമാന ത്തിന്റെ ഭ്രാതൃദയയുടെയും നീരുറവകൾ വററിപ്പോയിട്ടില്ല. ഇനി ജീവനാംശമാകുന്ന ഈ ചെറിയ തുകകൊണ്ട് മാത്രം ജീ വിക്കാനാകുമോ...? ഭർത്താവിന്റെ മരണംകൊണ്ടും മററനേകം കാരണങ്ങളാലും അങ്ങനെ ഒരു സഹായം ലഭ്യമല്ലാതാകു മ്പോൾ എന്ത് ചെയ്യും...?

ഇങ്ങനെ നിർബ്ബന്ധം വെക്കുമ്പോൾ ഉണ്ടാകാവുന്ന ഭവി ഷ്യത്തുകൾ എന്തെല്ലാമാണെന്നോർക്കണം. പലപ്പോഴും വിവാ ഹമോചനം സ്ത്രീക്ക് ഒരനുഗ്രഹമാണ്. കുടിയനും മുടിയനുമായ ഒരു ഭർത്താവിൽ നിന്നു് രക്ഷയാണ്. ജീവനാംശം നൽകു വാൻ നിർബ്ബന്ധിതനാകുന്നപക്ഷം മോചനം നൽകാതെ നര കയാതനയിൽ തുടർന്നു പോകുവാൻ അവർ നിർബ്ബന്ധിത രായി തീർന്നേക്കും. അത്പോലെ ഒരു ദുർനടപ്പുകാരിയായ സ്ത്രീയെ വിവാഹമോചനം നൽകി വിട്ടയക്കുന്നതിന് പകരം അവരെ പോററിക്കൊണ്ടിരിക്കേണ്ടിവരുന്നതും പ്രകൃതിനിയമ ങ്ങൾക്ക് വിരുദ്ധമല്ലേ?

വിവാഹമോചനത്തെ തുടർന്നു് 'മതാഅ്' നൽകാമെന്ന് ഖുർആൻ സൂക്തങ്ങളിൽ അല്ലാഹു കല്പിക്കുന്നു. മതാഅ് എ ന്നതിന് അല്ലാമാ യൂസുഫ് അലിയുടെ പരിഭാഷയിൽ ജീ വനാംശം എന്നർത്ഥം നൽകിയിട്ടുണ്ട്. അത് താൽക്കാലിക മായ ജീവനാംശം മാത്രമാണ്. വിശുദ്ധഖുർആൻ 2:236ൽ 'മത്തീഉ' എന്നും 'മതാഅ്' എന്നും പ്രയോഗിച്ചിട്ടുള്ളതിന് 'സമ്മാനം' എന്നർത്ഥം യൂസുഫ്അലി തന്നെ നൽകിയിട്ടുണ്ട്. കൂടാതെ തലാഖ് സൂറത്തിൽ (75) ആറാം സൂക്തത്തിൽ



ഗർഭിണിയായ വിവാഹമുക്തയെ പററി പറഞ്ഞേടത്ത് അവർ പ്രസവിക്കുന്നത് വരെ അവരെ പരിരക്ഷിക്കണമെ ന്ന് കൽപിച്ചിട്ടുണ്ട്. ജീവനാംശം ആജീവനാന്ത അവകാശ മാണെങ്കിൽ അത്ര എടുത്തുപറയേണ്ടതില്ലല്ലോ. കൂടാതെ വി ശുദ്ധ ഖുർആന്റെ അനേകം വ്യാഖ്യാനങ്ങളും ഹദീസ് ശരീ ഫിലെ അനേകം ഹദീസുകളും, മദ്ഹബ് ഗ്രന്ഥങ്ങളുമെല്ലാം ഇക്കാര്യത്തിൽ ശരീഅത്ത് നിയമം വ്യക്തമാക്കുന്നുണ്ട്. അ തൊന്നും തന്നെ സുപ്രീംകോടതി വിധിയെ പിന്താങ്ങുന്നില്ല.

ഹിന്ദുക്കൾ പൊതുവെ ഈ ലോകത്ത് തന്നെയുള്ള പുനർ ജന്മത്തിൽ വിശ്വസിക്കുന്നു. നക്ഷത്രഫലങ്ങളിലും മുൻവിധി യിലും ജ്യോൽസ്യത്തിലും അവർ വിശ്വസിക്കുന്നു. വധൂവരൻ മാരുടെ ജാതകങ്ങൾ പരിശോധിച്ച് ജ്യോത്സ്യം നോക്കി എ ന്ത്കൊണ്ടും പൊരുത്തപ്പെട്ട് പോകുമെന്ന വിശ്വാസത്തോടെ യാണ് അവർ വിവാഹിതരാകുന്നത്. അഗ്നിദേവിയെ സാ ക്ഷി നിർത്തി ആജീവനാന്തം ഭർത്താവിനെ സേവിക്കാമെ ന്ന് വധുവും, ഭാര്യയെ പോററി രക്ഷിക്കാമെന്ന് വരനും സ ത്യം ചെയ്ത് വിവാഹം ചെയ്യുന്നു. ഹിന്ദുധർമ്മശാസ്ത്രം വിവാ ഹമോചനം അനുവദിക്കുന്നില്ല. വിധവാവിവാഹവും അനു വദനീയമല്ല. ഇത് രണ്ടും അടുത്ത കാലത്തെ നിയമനിർമ്മാ ണം വഴിവന്ന പരിഷ്ക്കാരങ്ങളാണ്. എന്നാൽ ഒരു മനുഷ്യ ന് ഒരു ഭാര്യ എന്നതാണ് ധർമ്മം. വിവാഹത്തോടെ സ്ത്രീ ഭർത്താവിന്റെ കുടുംബത്തിലെ അംഗമായി; സ്വന്തം കുടുംബ വുമായുള്ള ബന്ധം ഏതാണ്ട് വേർപെട്ട നിലയിലാണ്. അതു കൊണ്ട് വിവാഹം ചെയ്ത സ്ത്രീക്ക് ജീവനാംശം നൽകുന്നതു ന്യായീകരിക്കാം.

മുസ്ലിംകൾ അങ്ങനെയല്ല. അവരുടെ വിവാഹം ഒരു കോൺട്രാക്ടാണ്. പൊരുത്തപ്പെട്ട് പോയില്ലെങ്കിൽ അവ മു റിച്ച് കളയുവാൻ അവർക്ക് പ്രയാസമില്ല. മിക്കപ്പോഴും അ താണ് ഏററവും നല്ല മാർഗ്ഗവും. അങ്ങനെ ബന്ധം മുറിയുമ്പോൾ വിധവ തന്റെ കുടുംബത്തിലേക്ക് മടങ്ങിച്ചെല്ലുന്നു. മാനമായി ജീവിക്കുന്നു. ഒരു പുതിയ വരനെ തേടുന്നു. പഴയ ഭർത്താവ് തികച്ചും അന്യനായിത്തീരുന്നു. ആ അന്യനിൽനിന്ന് ജീവ നാംശം വാങ്ങുകയെന്ന നാണക്കേടിന് അവർ ആഗ്രഹിക്കുക യില്ല.

ശാബാനുബീഗത്തിൻെറ കാര്യത്തിലും അതാണ് സംഭവിച്ചിട്ടുള്ളത്. തനിക്കവകാശപ്പെട്ടതാണെന്ന ധാരണയിൽ അവർ സുപ്രീംകോടതിയിൽ വാദിച്ച് വിധി നേടി. പക്ഷെ അത് ശരീഅത്തിനെതിരാണെന്ന് മനസ്സിലായപ്പോൾ അത് തിരുത്തിക്കിട്ടണമെന്നപേക്ഷിച്ചു. അവർക്കെന്തായാലും അന്യനായി തീർന്ന മുൻ ഭർത്താവിൻെറ ഔദാര്യം ഇനി ആവശ്യമില്ല.

ശരീഅത്ത് നിയമങ്ങളിൽ സുപ്രീംകോടതി വിധിയുണ്ടാവുകയും ഏകീകൃത സിവിൽകോഡിനു വേണ്ടി ഉപദേശിക്കുകയും ചെയ്തപ്പോൾ പാർല്ലമെണ്ടിനെ സമീപിക്കുകയേ നമുക്ക് നിവൃത്തിയുണ്ടായുള്ളു. ഉടനെ മുസ്ലിംലീഗ് എം. പി ഗുലാം മഹ്മൂദ് ബനാത്ത്വാല തർക്കവിഷയമായ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകപ്പിന് ലോകസഭയിൽ ഒരു ഭേദഗതിബിൽ സമർപ്പിച്ചു. അത് ഉടനെ ആലോചനക്ക് വരുകയും അതിന്മേൽ സുദീർഘമായ ചർച്ചനടക്കുകയും ഉണ്ടായി. ബിൽ അവതരിപ്പിച്ചുകൊണ്ട് ബനാത്ത്വാല ചെയ്ത പ്രസംഗം വളരെ ശ്രദ്ധേയമായിരുന്നു. കാര്യമാത്ര പ്രസക്തവും ആത്മാർത്ഥത നിറഞ്ഞ് തുളുമ്പുന്നതുമായിരുന്നു അത്. പ്രമേയത്തെ മന്ത്രി സിയാവുർറഹ്മാൻ അൻസാരി, ബീഹാറിലെ സൈനുൽബഷീർ, മുൻ കേന്ദ്രമന്ത്രി ജഅ്ഫർ ശരീഫ്, മുൻ കർണ്ണാടക മന്ത്രി അസീസ്സേട്ട്, രാജ്യസഭാ ഡെപ്യൂട്ടി സ്പീക്കർ നജ്മാഹിഫ്ത്തുല്ല, മുൻ രാഷ്ട്രപതി ഫക്രുദ്ദീൻ അഹ്മദിൻെറ വിധവ ആബിദാ അഹ്മദ് എന്നിങ്ങനെ ഭരണകക്ഷിയിൽപ്പെട്ട പലരും അനുകൂലിച്ചു.

വിധവയുടെ സംരക്ഷണം മുൻ ഭർത്താവിന് മാത്രമാണെന്നു പുതിയ നിയമം പറയുമ്പോൾ അയാളും മരിച്ചുപോയാൽ അവരെ ആർ രക്ഷിക്കുമെന്ന് ബനാത്ത്വാല ചോദിച്ചു. മറിച്ച് ഇസ്ലാമാകട്ടെ അവരുടെ രക്ഷാകർത്താക്കളായി മക്കൾ, മാതാപിതാക്കന്മാർ സഹോദരീസഹോദരന്മാർ മുതലായ പലരേയും പടിപടിയായി നിർദ്ദേശിച്ചിട്ടുണ്ട്. 1937 ലെ വ്യക്തിനിയമങ്ങൾ മുസ്ലിം ശരീഅത്തനുസരിച്ച് തീരുമാനിക്കണമെന്ന് മാത്രമാണ്. ശരീഅത്ത് പരിഷ്ക്കരണങ്ങൾ പാകിസ്ഥാനിൽ നടന്നിട്ടുണ്ടെന്ന് പറയുന്നവരോട്



ചോദിക്കാനുള്ളത്, അങ്ങനെയാണെങ്കിൽ പാകിസ്ഥാനിലുള്ളത് പോലെയുള്ള ശരീഅത്ത് കോർട്ടുകൾ ഇന്ത്യയിൽ അനുവദിക്കുമോ എന്നാണ്. ശരീഅത്ത് നിയമങ്ങളിൽ മുസ്ലിം സ്ത്രീകൾക്ക് കൂടുതൽ സംരക്ഷണവും സ്വാതന്ത്ര്യവും ലഭിക്കുന്നത്കൊണ്ടാണ് അവരുടെ ഇടയിൽ വധുഹത്യയും ആത്മഹത്യയും മററും നടക്കാത്തത്. വിവാഹമോചനം മുസ്ലിംകളുടെ ഇടയിൽ രണ്ടു ശതമാനം മാത്രമേയുള്ളു. അമുസ്ലിംകളുടെ ഇടയിൽ ഇതിനെക്കാൾ അധികമാണ്. വിധവകളുടെ ഇടയിൽ അനാഥരായി കഴിയുന്ന മുസ്ലിം സ്ത്രീകൾ വളരെ വിരളം. ശരിയായ സ്ഥിതിവിവരക്കണക്കുകളൊന്നുമില്ലാതെ, ഊഹാപോഹങ്ങളെ പർവ്വതീകരിച്ച് ശരീഅത്തിനും കടന്നാക്രമിക്കുന്നത് ശരിയല്ല. ഇങ്ങനെ ഓരോ എതിർപ്പിനും അക്കമിട്ട് മറുപടി പറഞ്ഞുകൊണ്ട് ഒന്നര മണിക്കൂർ അദ്ദേഹം പ്രസംഗിക്കുകയുണ്ടായി.

ഇതിനെ എതിർത്തു സംസാരിച്ചത് കേന്ദ്രമന്ത്രി മുഹമ്മദ് ആരിഫ്ഖാൻ മാത്രമായിരുന്നു. ഒന്നര മണിക്കൂർ നീണ്ടുനിന്ന അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഖുർആൻ സൂക്തങ്ങളും മററും ഉദ്ധരിച്ചുകൊണ്ട്, ആശയക്കുഴപ്പം സൃഷ്ടിക്കുകയായിരുന്നു. വിഷയവുമായി ബന്ധമില്ലാത്ത 'മൂന്ന് തലാഖ്' മുതലായ കാര്യങ്ങളെപ്പററി സംസാരിക്കാനാണ് അദ്ദേഹം സമയം വിനിയോഗിച്ചത്. വിശുദ്ധ ഖുർആൻ സൂക്തങ്ങൾക്ക് വ്യാഖ്യാനം കണ്ടുപിടിക്കുവാനോ ഏകീകൃതസിവിൽകോഡിനെ പററി ഉപദേശിക്കുവാനോ സുപ്രീം കോർട്ട് മുതിർന്നത് അനാവശ്യമായിപ്പോയി എന്ന് അദ്ദേഹം പറയുകയുണ്ടായി. ജീവനാംശത്തെ പററി അദ്ദേഹം പ്രസംഗിച്ചപ്പോൾ അതിപ്രധാനമായ ഖുർആൻ വാക്യം വിട്ടുകളഞ്ഞു. (അതായത് വി: ഖു: 65: 6) അതിൽ പറയുന്നത് ഇതാണ്: 'നിങ്ങൾ പോകുന്നിടത്ത് നിങ്ങളുടെ സമ്പൽസ്ഥിതിയിൽ അവരെയും പാർപ്പിക്കുക. അവരെ ഞെരുക്കുന്നവിധം അവരെ നിങ്ങൾ ദ്രോഹിച്ച്കളയരുത്. അവർ ഗർഭിണികൾ ആണെങ്കിൽ അവരുടെ ഗർഭം ഇറക്കിവെക്കുന്നത് വരെ അവർക്കു് വേണ്ടി ചെലവ് ചെയ്യുക. എന്നാൽ നിങ്ങൾക്കു വേണ്ടി അവർ മുലകൊടുക്കുന്നുവെങ്കിൽ അവരുടെ വേതനങ്ങൾ അവർക്ക് കൊടുക്കുവിൻ'

ആജീവനാന്ത ചെലവിന് കൊടുക്കണമെങ്കിൽ ഇങ്ങനെ ഒരു കല്പനക്ക് പ്രസക്തിയുണ്ടോ...?

മതാഅ് എന്നത് ഒരിക്കൽ കൊടുക്കേണ്ട സമ്മാനമാണെങ്കിൽ അത് ആജീവനാന്ത ചെലവിന് ഉപകരിക്കുംവിധം വലുതായിരിക്കണമെന്നാണ് ആരിഫ്ഖാൻ പറയുന്നത്. ഇതെന്തൊരു വിഡ്ഢിത്തമാണ്. സമ്മാനത്തിന് പരിധിവെക്കുന്നത് തന്നെ ശരിയല്ല. സമ്മാനവും ജീവനാംശവും തമ്മിൽ ബന്ധപ്പെടുത്തുന്നതും തെററാണ്. ഒരു വലിയ സമ്മാനം കൊടുത്തശേഷം പഴയ ഭർത്താവോ വിധവയോ മരിച്ച് പോയെന്ന് വെക്കുക. ആ ബന്ധു ആ സമ്മാനം എന്താകും...? ഒരു നല്ല സമ്മാനം കൊടുക്കുന്നത് നല്ല കാര്യമായതുകൊണ്ട് അതിനെ എന്തിനാണ് എതിർക്കുന്നത് എന്നാണ് ആരിഫ് ഖാൻെറ മറെറാരു ചോദ്യം? ആരും ഒരു കാലത്തും എതിർക്കുകയില്ല. പക്ഷെ സമ്മാനം നൽകുന്നത് നിർബ്ബന്ധിതനായിട്ടാവരുത് എന്നു മാത്രം.

കേന്ദ്രമന്ത്രി സിയാവുർറഹ്മാൻ അൻസാരിയുടെ മൂന്ന് മണിക്കൂർ നീണ്ടുനിന്ന പ്രസംഗമാണ് ബനാത്ത്വാലയുടെ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ചെയ്ത ഏററവും ശ്രദ്ധേയമായ പ്രസംഗം. ബില്ലിൻെറ എല്ലാ വശങ്ങളെയും അപഗ്രഥിച്ചുകൊണ്ട് അതിൻെറ ആവശ്യകതയെ അദ്ദേഹം തുറന്നുകാട്ടി. ജീവനാംശം നൽകുന്നതിലുള്ള യുക്തിയില്ലായ്മ അദ്ദേഹം അക്കമിട്ട് എടുത്തുകാട്ടി. ഈ വിധിയിൽ ജസ്ററിസ് ചന്ദ്രചൂഡും സഹകാരികളും കാണിച്ച അപാകതകൾ അദ്ദേഹം വ്യക്തമാക്കി.

പാർലമെണ്ടിൽ ബിൽ ചർച്ചക്ക് വിഷയമായിരുന്ന സമയത്തുതന്നെ കോൺഗ്രസ്സിലെ മുസ്ലിം മെമ്പർമാർ രാജ്യസഭാഡെപ്യൂട്ടി സ്പീക്കർ ഡോ: നജ്മഹിഫ്ത്തുല്ലയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ കണ്ടു നിവേദനം സമർപ്പിച്ചു. ശരീഅത്തിന് പ്രതികൂലമായ വിധിയെ റദ്ദ്ചെയ്യാനും ശരീഅത്തിൽ കൈകടത്തുന്നതിനെ എതിർക്കാനും അവർ അപേക്ഷിച്ചു. കോൺഗ്രസ്സിലെ മുസ്ലിംമെമ്പർമാർ മാത്രമായി ഇങ്ങനെ ഒരു നിവേദനം സമർപ്പിക്കുന്നത് നടാടെയാണ്. രാഷ്ട്രീയമായ ഒരു കാര്യവും ഏതെങ്കിലും ഒരു സമുദായത്തി



ൻേറതു് മാത്രമായി കാണുവാനോ കൈകാര്യംചെയ്യുവാനോ പാടില്ലെന്നായിരുന്നു ഇതുവരെ കോൺഗ്രസ്സിൻെറ നിലപാട്. ഈ മാററം സ്വാഗതാർഹമാണ്. ജനാധിപത്യത്തിൽ ഒരു വലിയ ന്യൂനപക്ഷപാർട്ടിയിലെ ഏതാണ്ട് യോജിച്ചുകൊണ്ടുള്ള അഭിപ്രായത്തെയോ പ്രകടമായ വികാരത്തെയോ മാനിക്കാതിരിക്കാൻ ഭൂരിപക്ഷത്തിന് സാധ്യമല്ല. ഇത് മനസ്സിലാക്കി എല്ലാ പാർട്ടികളും പ്രവർത്തിക്കുമെങ്കിൽ അത് നമ്മുടെ നാട്ടിൻെറ ഭാസുരമായ ഭാവിയെക്കുറിക്കുന്ന ഒരു കാൽവെപ്പായിരിക്കും.

7

# അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ

ഒരു ന്യായാധിപൻെറ കടമ തെളിവുകളുടെ അടിസ്ഥാനത്തിൽ നിയമം അപഗ്രഥിച്ച് വിധി കൽപിക്കുകയാണ്. മുൻവിധി കൂടാതെയും, വസ്തുനിഷ്ഠമായും അങ്ങനെ ചെയ്യുവാൻ ജ: ചന്ദ്രചൂഡിന് സാധിച്ചിട്ടില്ലെന്നതാണ് വാസ്തവം. അതിൽ വല്ല സംശയവുമുണ്ടെങ്കിൽ അതെല്ലാം അവസാനിപ്പിക്കുന്ന വിധമാണ് അദ്ദേഹം റിട്ടയർ ചെയ്തശേഷം ചെയ്ത പ്രസ്താവനകൾ.. അദ്ദേഹത്തിൻെറ വിധി ചരിത്രപ്രസിദ്ധമായ ഒരു നേട്ടമായിട്ടാണ് അദ്ദേഹം തന്നെ കാണുന്നത്. ''ഈ വിധിയുടെ നേരെയുണ്ടായ എതിർപ്പ് ഈ വിധി ആവശ്യമായിരുന്നുവെന്നതിന് തെളിവാണ്'' എന്ന് അദ്ദേഹം പറയുന്നു! ഇത് വളരെ വികൃതമായ വാദം തന്നെ. ശാബാനു കേസിലെ വിധി സാമൂഹ്യ പരിഷ്ക്കരണത്തിലുള്ള പുരോഗതിയിൽ ഒരു നാഴികക്കല്ലായിട്ട് കാണുന്നു. ജ: ചന്ദ്രചൂഡ്, ഇതുകൊണ്ടുതന്നെ ഈ വിധി പുനഃപരിശോധിക്കുന്നത് ഉചിതമല്ലായെന്നും അദ്ദേഹം പറയുകയുണ്ടായി. ഇതു് വ്യക്തമായും നീതിന്യായപരിപാലനത്തിൽ കൈകടത്തലാണ്. ബനാത്ത്വാല ഈ വിധിയെ പററി പാർലമെൻറിൽ പറഞ്ഞത്, അത് മുൻവിധിയും, പക്ഷപാതവും പരസ്പരവിരുദ്ധങ്ങളടങ്ങിയതുമാണെന്നാണ്. ഇതെല്ലാം ഓർത്തു കൊണ്ടാണ് ധർമ്മരോഷം കൊണ്ട് കേന്ദ്രമന്ത്രി തൻെറ പാർലമെൻറ് പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞത്: ''ഇസ്ലാമിക നിയമങ്ങൾ വിശകലനം ചെയ്യുവാൻ കഴിവില്ലാത്ത ഇക്കാര്യത്തിൽ ഒരു ചെറിയ മനുഷ്യനായ, മി. ചന്ദ്രചൂഡിൻെറ വിധിന്യായം തെളിയിക്കുന്നത്, മുൻ ചീഫ് ജസ്റ്റിസ് നിയമനിർമ്മാണസഭയുടെയും, എക്സിക്യൂട്ടീവിൻെറയും അധികാരങ്ങൾ കടന്നു പിടിക്കുവാൻ ശ്രമിക്കുന്നുവെന്നാണ്. ഇത് തീർച്ചയായും അപലപനീയമത്രെ. ഇത് സുപ്രീം കോടതിയെ തരംതാഴ്ത്തുകയേയുള്ളു.''



ചന്ദ്രചൂഡിന് വഴി തെളിയിച്ചത് വി. ആർ. കൃഷ്ണയ്യരാണ്. ഫസ്ലും ബി കേയ്സിൽ അദ്ദേഹം എഴുതുകയുണ്ടായി. ''രാഷ്ട്രീയ വഴിയിലൂടെയല്ലാതെ, രാഷ്ട്രീയമായ ഒച്ചപ്പാടുകൾക്ക് ഇടം നൽകാതെ ലഭ്യമാകുന്ന സന്ദർഭങ്ങളിൽ സാമൂഹ്യ പരിഷ്ക്കാരങ്ങൾ നടത്തുവാൻ ന്യായവിധികൾക്ക് സാധിച്ചേക്കുന്നതുകൊണ്ട് സന്ദർഭോചിതമായ നിയമങ്ങൾക്ക് രൂപം നൽകുവാൻ ന്യായാധിപൻ മനഃപൂർവ്വം ശ്രമിക്കേണ്ടതാണ്.'' ഇതിനു് കടകവിരുദ്ധമായിരുന്നു സുപ്രീംകോടതിയിലെ മറെറാരു വിധി. ''വ്യക്തിനിയമങ്ങൾക്കനുസൃതമായി വിധി പറയുമ്പോൾ (അലഹബാദ് ഹൈകോർട്ട്) ജഡ്ജി തൻേറതായ ആധുനിക നിയമങ്ങൾ സ്വീകരിക്കാതെ ഹിന്ദു ധർമ്മശാസ്ത്രങ്ങളെ അടിസ്ഥാനമാക്കി വിധി പറയേണ്ടിയിരുന്നു.'' ഹിന്ദു ധർമ്മശാസ്ത്രത്തിനു് പ്രത്യേക പരിഗണന നൽകപ്പെടുമെങ്കിൽ, എന്തുകൊണ്ട് ശരീഅത്ത് നിയമങ്ങൾക്ക് നൽകിക്കൂടാ......? തൻെറ വിധിന്യായം കൊണ്ട് തൃപ്തിപ്പെടാതെ ഇങ്ങനെ ഒററപ്പെട്ട വിധികളെ കൊണ്ട് ഏകീകൃത സിവിൽകോഡിൻെറ ആവശ്യം നിറവേററുവാൻ സാധിക്കുകയില്ല എന്ന് ജ: ചന്ദ്രചൂഡ് പറയുന്നു. അതുകൊണ്ട് ഏക സിവിൽ കോഡിന് വേണ്ടിയുള്ള ഉപദേശവും നിയമനിർമ്മാണത്തിന് വേണ്ടിയുള്ള ഉപദേശവും. എന്നാൽ നിയമനിർമ്മാണത്തിനുള്ള അധികാരവും കഴിവും ഉണ്ടെങ്കിലും, രാഷ്ട്രീയമായി അത് ചെയ്യുവാനുള്ള ധൈര്യം ഉണ്ടാകുമോ എന്നും അദ്ദേഹം ചോദിക്കുന്നു. മുസ്ലിം വിധവകളോടും മററ് സാധുജനങ്ങളോടും അദ്ദേഹത്തിനും കൂട്ടുകാർക്കുമുള്ള അനുകമ്പയുടെയും സഹതാപത്തിൻെറയും മുമ്പിൽ വിദൂരനമസ്ക്കാരം.

ദന്തഗോപുരങ്ങളിലിരിക്കുന്നവരല്ല; മറിച്ച് ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ വിചാര-വികാരങ്ങൾ മനസ്സിലാക്കിയ, അവരാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളാണ് നിയമനിർമ്മാണം ചെയ്യേണ്ടത്. അങ്ങനെ നിർമ്മിക്കപ്പെടുന്ന നിയമങ്ങൾ അപഗ്രഥിച്ച് വിധി പറയുകയേ ഒരു ന്യായാധിപനു് ചെയ്യേണ്ടതുള്ളൂ.

ഇന്ത്യയിലെ മുസ്ലിം ന്യൂനപക്ഷം ജനാധിപത്യം സ്വീകരിച്ചിരിക്കുന്നു. വലിയ വലിയ സമൂഹങ്ങൾ, ന്യൂനപക്ഷമായാൽ അവരുടെ ആഗ്രഹമനുസരിച്ചും ഭരിക്കണമെന്നതാണ് ജനാധിപത്യത്തിൻെറ കാതലായ നിയമം. ഇന്ത്യയിൽ മുസ്ലിംകൾ അവരുടെ ശരീഅത്തനുസരിച്ച് ജീവിക്കണമെന്നാഗ്രഹിക്കുന്നു. അതിന് അവർക്ക് ഭരണഘടന സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്.

ജ: ഡി. എ. ദേശായി ഡൽഹിയിലെ വക്കീലന്മാരെ അഭിമുഖീകരിച്ചു കൊണ്ട് പ്രസംഗിക്കുകയുണ്ടായി. 'സ്വത്തുക്കളിന്മേലുള്ള അവകാശം, വിവാഹമോചനം, ജീവനാംശം മുതലായ വ്യക്തിപരമായ അവകാശങ്ങൾ മതവുമായി ബന്ധപ്പെട്ടതല്ല.' ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഇത് ശരിയല്ല. വ്യക്തിപരവും കുടുംബപരവും സാമൂഹ്യവുമായ അനേകം കാര്യങ്ങളിൽ ഇസ്ലാമിനു വ്യക്തിപരമായ നിയമങ്ങളും നിർദ്ദേശങ്ങളുമുണ്ട്. അവയനുസരിച്ച് ജീവിക്കുവാൻ മുസ്ലിംകൾ ആഗ്രഹിക്കുന്നു. മററുള്ളവരുടെ അവകാശങ്ങളെയോ ആരോഗ്യത്തെയോ പൊതു സമാധാനത്തെയോ ബാധിക്കാത്ത കാലത്തോളം ശരീഅത്ത്നിയമങ്ങളനുസരിക്കുവാൻ മുസ്ലിംകൾക്കവകാശമുണ്ട്.

രാംജത്മലാനി ഇന്ത്യൻ എക്സ്പ്രസ്സിൽ എഴുതിയ ഒരു ലേഖനത്തിൽ ഇന്ത്യൻഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ 44-ാം വകുപ്പിൽനിന്ന് മുസ്ലിംകളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുസ്ലിം പേഴ്സനൽ ലോ ബോർഡ് പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചതിനെ അപലപിച്ചു. മുസ്ലിംപേർസനൽ ലോ ബോർഡിൻെറ ഈ അപേക്ഷ പുതിയതല്ല. ഭരണഘടന നിർമ്മാണസമയത്തും അതിന് ശേഷവും ഇടതടവില്ലാതെ യാതൊരു വിട്ടു വീഴ്ചയും കൂടാതെ മുസ്ലിംകൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. അതു് അവരുടെ മൗലികാവകാശമാണ്. അവരുടെ വ്യക്തിത്വത്തിൻെറയും അസ്തിത്വത്തിൻെറയും ആവശ്യമാണ്'. ഭരണഘടനനിർമ്മാണ സഭയിൽ പ്രസിഡൻറ് ഡോ:അംബേദ്കർ ഇങ്ങനെ ഒരുറപ്പ് നൽകുകയുണ്ടായി. 'ഞാൻ അവർക്കു് ഒരു ഉറപ്പ് നൽകുകയാണ്. അവരുടെ വികാരം ഞാൻ മനസ്സിലാക്കുന്നു; ആദരി



ക്കുന്നു. ഈ വകുപ്പിൽ അവർ അകാരണമായ ഭയം പ്രദർശിപ്പിക്കുകയാണ്. നമ്മുടെ നാട്ടിലെ പൗരന്മാർക്കു് ഒരു സിവിൽകോഡ് നേടിയെടുക്കുകമാത്രമേ ആ വകുപ്പു പറയുന്നുള്ളൂ. അങ്ങനെ ഒരു കോഡുണ്ടാക്കിയ ശേഷം അത് എല്ലാ പൗരന്മാരുടെയും മേൽ അടിച്ചേൽപ്പിക്കുമെന്ന് പറയുന്നില്ല.'

എന്നാൽ ഇവിടത്തെ പോക്ക് അങ്ങനെയല്ലല്ലോ. ഏകീകൃത സിവിൽകോഡ് വരുന്നതിന്മുമ്പ്തന്നെ ജഡ്ജിമാർ അവരുടെ അഭിപ്രായം മുസ്ലിംകളുടെ മേൽ അടിച്ചേൽപിക്കുവാൻ ശ്രമിക്കുകയാണ്.

ആർ. എസ്. എസ്. നേതാവായ ദേവറസ് ഇക്കഴിഞ്ഞ ഗാന്ധിജയന്തിക്ക് ഡൽഹിയിൽ ചെയ്ത പ്രസംഗത്തിൽ ഇന്ത്യയിലെ ന്യൂനപക്ഷങ്ങളിൽനിന്നും ഹിന്ദുക്കളെ സംരക്ഷിക്കണമെന്ന് ഗവൺമെൻറിനോട് ആവശ്യപ്പെടുകയുണ്ടായി. ന്യൂനപക്ഷ കമ്മിഷൻ ആവശ്യമില്ലെന്നും അവക്ക് യാതൊരു പ്രത്യേക പരിഗണനയും പാടില്ലെന്നുമാണ് അദ്ദേഹത്തിൻെറ വാദം. പോപ്പിനെ ഇന്ത്യയിലേക്ക് ക്ഷണിച്ചത് അദ്ദേഹത്തിന് പിടിച്ചിട്ടില്ല. ഗോവധം പൂർണ്ണമായും നിരോധിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഹിന്ദുമതപ്രകാരം ശരിയായ ''മതേതരത്വം'' എന്ന് പറഞ്ഞുകൊണ്ട് ശാബാനു വിധിയെ അദ്ദേഹം അനുകൂലിക്കുകയും ഇനിയും മുസ്ലിം വ്യക്തിനിയമങ്ങളിൽ പരിഷ്ക്കാരം ഏർപ്പെടുത്തണമെന്ന് വാദിക്കുകയും ചെയ്തു. മൊറൊക്കോ, ആൾജീരിയ പോലുള്ള മുസ്ലിം രാഷ്ട്രങ്ങളിൽ ശരീഅത്ത്നിയമങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിലെ ബി. ജെ. പി. ഭാരവാഹികളും മററും ശരീഅത്ത് ഭേദഗതിക്ക് വേണ്ടി വാദിക്കുന്നവരാണ്.

ഇതൊക്കെ എന്തിനാണെന്നാലോചിച്ച് പോവുകയാണ്. മുസ്ലിംകളുടെ പക്കൽ വിശുദ്ധ ഖുർആൻ ഉള്ള കാലത്തോളം-അതായത് ലോകാവസാനം വരെ-അത് വിട്ടുകളിക്കുവാൻ അവർ തയ്യാറാവുകയില്ല. അവരെ ശരീഅത്തനുസരിച്ച് ജീവിക്കാൻ അനുവദിക്കുന്നതു കൊണ്ട് മററുള്ളവർക്കു് ഒരു നഷ്ടവും വരുന്നില്ല. സഹവർത്തിത്വത്തിൻെറ അടിസ്ഥാനത്തിൽ അ

ന്യോന്യം സഹിഷ്ണുത പുലർത്തിക്കൊണ്ടും യോജിച്ചുകൊണ്ടും രാഷ്ട്രനന്മക്കുവേണ്ടി പ്രവർത്തിക്കുന്നതല്ലേ അഭികാമ്യം.

കമ്മ്യൂണിസ്റ്റുകാരുടെ നിലപാട് തികച്ചും അപഹാസ്യമായിപ്പോയി. തനിക്ക് ശരീഅത്തിനെ പററി ശരിയായ അറിവില്ലെന്ന സത്യം ഏററു പറഞ്ഞ് കൊണ്ടുതന്നെ സഖാവ് ഇ. എം. എസ്. പറഞ്ഞതു 'നാല് കെട്ടാനും ഇഷ്ടാനുസരണം മൊഴിചൊല്ലാനും എന്നിട്ട് ചെലവിന് കൊടുക്കാതിരിക്കാനും സമ്മതിക്കുകയില്ലെ'ന്നാണ്. ഇതിനെ പിന്താങ്ങിക്കൊണ്ട് മററ് കമ്മ്യൂണിസ്റ്റുകളും ഒരോരുത്തരുടേയും വാഗ്വിലാസം അനുസരിച്ച് ശരീഅത്തിനെ എതിർക്കുകയുണ്ടായി. പക്ഷെ മുസ്ലിംകളുടെ വികാരം ശരിക്കും വ്യക്തമായപ്പോൾ അവർ അടവ് മാററി. ''ഞങ്ങൾ മതത്തിനെതിരല്ല, ശരീഅത്തിനെതിരല്ല, അനാചാരങ്ങളെ മാത്രമെ ഞങ്ങൾ എതിർക്കുന്നുള്ളു'' എന്നായി. ദൈവനിഷേധികളും മതനിഷേധികളുമായ അവരുടെ വാദം എത്രയും ലാഘവബുദ്ധിയോടുകൂടിയാണ്! മാർക്സിസ്റ്റ് നേതാവായ എം. കെ. കേളു ഈ ലേഖകനോട് പറഞ്ഞത്, ''മുസ്ലിംകളെ വേദനിപ്പിക്കാനായി എന്തെങ്കിലും പറയുന്നതു കമ്മ്യൂണിസ്റ്റുകാരുടെ നയമേ അല്ല'' എന്നാണ്. ഇത് ശരിയാണെങ്കിൽ മുസ്ലിംകൾ ഏകകണ്ഠമായി ആവശ്യപ്പെടുന്ന അവരുടെ മതാചാരസ്വാതന്ത്ര്യം അവർ അനുവദിക്കുകയാണ് വേണ്ടത്.

പ്രമുഖ കമ്മ്യൂണിസ്ററ് ചിന്തകനായ ചാത്തുണ്ണിമാസ്റ്റർ പറഞ്ഞത്, മററു നിയമങ്ങളേക്കാളും നന്മ നിറഞ്ഞതാണ് ശരീഅത്ത് എന്നാണ്. അതിന്റെ ഗുണം ഇന്ത്യയിലെ മുഴുവൻ ആളുകൾക്കും ലഭിക്കണം. പാഞ്ചാലി സമ്പ്രദായം ഇന്നും ഇന്ത്യയിലുണ്ടായിരിക്കെ ശരീഅത്തിലെ വിവാഹനിയമത്തെ മാത്രം വിമർശിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. പുരോഗമനചിന്താ സ്വഭാവമുള്ളവർക്ക് ഇസ്ലാമിനോട് മതിപ്പില്ലാതിരിക്കുകയില്ല. ഇതര മതവിശ്വാസങ്ങളിൽ നിന്ന് ഭിന്നമായി ദൈവത്തിനും, മനുഷ്യർക്കുമിടയിൽ മറയില്ലാത്ത മതമാണ് ഇസ്ലാം. മർദ്ദിതരുടെ വിമോചകനാണ് മുഹമ്മദ് (സ) എന്നും, സത്യത്തിന്റെ മതമാണ് ഇസ്ലാമെന്നും ഗാന്ധിജി പറഞ്ഞത് ശ്രദ്ധേയമാണ്. ആർ. എസ്. എസുകാരുടെ മന



സ്സിലിരിപ്പിനെപ്പററി രാജശേഖരശെട്ടി പറഞ്ഞതും ഇതും ചേർത്ത് വായിക്കുന്നത് നന്ന്.

എന്നാൽ കമ്യൂണിസ്റ്റുകാർക്ക് ഇതൊരു തമാശയാണ്. സഖാവ് പി. കെ. ഇമ്പിച്ചി ബാവ വിശുദ്ധ ഖുർആനിലെ സൂക്തങ്ങളിലെ ചില ഭാഗങ്ങൾ അടർത്തിയെടുത്ത് തന്റെ പ്രസംഗങ്ങളിൽ ഉദ്ധരിക്കുന്നു. അതിനെ ന്യായീകരിക്കാൻ അദ്ദേഹം പറയുന്നതു്, താൻ ചൈനയിൽ പോയപ്പോൾ വിശുദ്ധ ഖുർആന്റെ ഒരു ചൈനീസ് പരിഭാഷ കൊണ്ടുവന്നിട്ടുണ്ടെന്നാണ്! കമ്മ്യൂണിസ്റ്റുകാരുടെ യാഥാർത്ഥ നിലപാട് ശരീഅത്തു സംരക്ഷണത്തിന്നെതിരാണെന്ന് അച്ച്യുതമേനോന്റെ കുറിപ്പിൽനിന്നു വ്യക്തമാണ്. ശാബാനു വിധിയെ അദ്ദേഹം ന്യായീകരിക്കുന്നു.

എന്നാൽ എല്ലാ അമുസ്ലിംകളും ശരീഅത്തിനെ എതിർക്കുന്നില്ല. ശരീഅത്തിന്റെ കാര്യത്തിൽ മുസ്ലിംകളുടെ ന്യായമായ വാദം അംഗീകരിക്കുന്നതായി പലരും വ്യക്തമാക്കിയിട്ടുണ്ട്–ഏലൂരിലെ കുമാർ ശേഖർ ജീവനാംശം മുസ്ലിംകളുടെ മാത്രം കാര്യമല്ലെന്നു റേഡിയൻസിൽ എഴുതിയിരിക്കുന്നു. വിധവകൾക്ക് ജീവനാംശം നൽകണമെന്ന വിധി യാതൊരു നീതീകരണവുമില്ലാത്തതും പരസ്പര വിരുദ്ധവും അബദ്ധവുമാണെന്നും പുരുഷൻമാരുടെ മേലുള്ള ചതിപ്രയോഗമാണെന്നുമാണ് അദ്ദേഹത്തിന്റെ പക്ഷം. ഒരു വിധവ തന്റെ ആദ്യ ഭർത്താവിനോടുള്ള എല്ലാ ഉത്തരവാദിത്വങ്ങളും മുറിക്കുന്നതോടൊപ്പം അവർക്കുള്ള അവകാശങ്ങളും മുറിഞ്ഞുപോകേണ്ടതാണ്. ഈ വിധിയിലെ പല അപാകതകളും അദ്ദേഹം തന്റെ ലേഖനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഇന്ത്യൻ മുസ്ലിംകളുടെ ശരീഅത്ത് സംരക്ഷണത്തിലുള്ള ന്യായമായ അവകാശം വകവെച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട്ടിലെ പ്രസിദ്ധ എഴുത്തുകാരൻ തിരു:അടിയാർ പ്രസ്താവനയിറക്കുകയുണ്ടായി.

അടിയാർ മദിരാശിയിൽ ഹിന്ദുക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടി ശരീഅത്ത് വിശദീകരണം നടത്തുകയുണ്ടായി. ഇത്തരം നല്ല ആളുകൾക്ക് അവരുടെ അഭിപ്രായങ്ങൾ തുറന്നുപറയുവാൻ എതിരാളികളുടെ ഭീഷണികാരണം കഴിയുന്നില്ല.

8

# ധർമ്മം മറന്ന പത്രങ്ങൾ

ഇന്ത്യയിലെ ശരീഅത്ത് വിരുദ്ധ ശക്തികളായി ചില 'ദേശീയ' പത്രങ്ങൾ നിലകൊള്ളുന്നു. മുസ്ലിംകൾ തങ്ങളുടെ പ്രത്യേക വ്യക്തിത്വത്തെ സംരക്ഷിക്കുന്നതിന്വേണ്ടി എടുക്കുന്ന എല്ലാ സംരംഭങ്ങളെയും അവർ എക്കാലവും എതിർത്തിരുന്നു. അവർ ഇസ്ലാമിനെപററി പഠിക്കുവാൻ മിനക്കെടാറില്ല. ഏററവും നല്ല ഹിന്ദുക്കളുടെ വിശ്വാസം എല്ലാ മതങ്ങളും സത്യമാണെന്നാണ്; എന്നിരിക്കെ ഏതെങ്കിലും മതത്തെപ്പററി പ്രത്യേകം പഠിക്കേണ്ടതുണ്ടോ എന്ന് അവർ ചോദിക്കുന്നു. മതത്തെ വളരെ ലാഘവബുദ്ധിയോടെ അവർ കാണുന്നു. അതുകൊണ്ടുതന്നെ മുസ്ലിംകൾ തങ്ങളുടെ മതത്തിന്റെ നേരെ കാണിക്കുന്ന വിശ്വാസവും ആവേശവും അവർക്കു മനസ്സിലാകുന്നില്ല. പ്രത്യേകിച്ച് കുടുംബകാര്യങ്ങളിലും മററു ലൗകിക കാര്യങ്ങളിലും മുസ്ലിംകൾ മതബന്ധം പുലർത്തുന്നത് അവക്ക് തീരെ ദഹിക്കുന്നില്ല. ഈ വിരോധത്തെ വിദ്വേഷത്തിന്റെ വക്കോളം വളർത്തി, രാഷ്ട്രീയഉദ്ദേശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുകയാണ് ചില ദേശീയ പാർട്ടികളും ദേശീയപത്രങ്ങളും. മുസ്ലിംകളെ പാക്കിസ്ഥാൻ ചാരന്മാരായും ദേശീയധാരയിൽ ഇഴുകിച്ചേരാത്തവരായും കൊള്ളരുതാത്തവരായും ചിത്രീകരിക്കാൻ ഇവർക്കു വലിയ താൽപര്യമാണ്. സ്വദേശസ്നേഹം മുസ്ലിംകളുടെ വിശ്വാസത്തിന്റെ ഭാഗമാണെന്ന് എത്രതന്നെ പറഞ്ഞാലും അവർ അത് സ്വീകരിക്കുകയില്ല. അറിഞ്ഞിട്ടും അറിയില്ലെന്നു നടിക്കുന്നവരെപ്പററി എന്തുപറയാനാണ്? മുസ്ലിംകൾക്കെതിരായ ലേഖനങ്ങൾ എഴുതുക മാത്രമല്ല അനേകം സംഭവങ്ങളെ മാററിമറിച്ച് അവക്കിഷ്ടമുള്ള വാർത്തകളാക്കി പ്രസിദ്ധീകരിക്കുന്നതും സാധാരണമാണ്.



ആർ. എസ്. എസ്. പത്രങ്ങൾ പോകട്ടെ, ദേശീയപത്രമാണെന്നവകാശപ്പെടുന്ന മാതൃഭൂമിയും കമ്മ്യൂണിസ്റ്റ് പത്രമായ ദേശാഭിമാനിയും ആർ. എസ്. എസ് പത്രങ്ങളെപോലും കവച്ചുവെക്കുന്ന നിലപാട് സ്വീകരിച്ചിരിക്കുന്നു.

അറബി നാടുകളിൽ സ്ത്രീകൾ ആവശ്യപ്പെടുന്ന മഹർ വളരെ കൂടുതലാണ്. അതുകൊണ്ട് അന്നാട്ടുകാരായ അറബികൾ മറുനാട്ടിൽനിന്ന് വിവാഹം ചെയ്യുന്നുണ്ട്. 45 വയസ്സിനു താഴെയുള്ള അറബികൾ കേരളത്തിലും ഹൈദരാബാദിലും മററും വന്നു 18 വയസ്സിനു മുകളിലുള്ള പരമ ദരിദ്രരായ യുവതികളെ വിവാഹംചെയ്തു മാനമായ രീതിയിൽ കഴിഞ്ഞുവരുന്നുണ്ട്. ഇതിനെ ദേശീയ പത്രങ്ങൾ ചിത്രീകരിക്കുന്നത് വയോവൃദ്ധൻമാർ ചെറിയ കുട്ടികളെ കല്യാണംകഴിച്ച് കൊണ്ടുപോകുന്നുവെന്നാണ്. ഇവിടത്തെ സ്ത്രീധനസമ്പ്രദായംകൊണ്ടു പൊറുതിമുട്ടി പുര നിറഞ്ഞു കഴിയുന്ന ഈ സാധുക്കളുടെ അജ്ഞതയും ദാരിദ്ര്യവും ദൂരീകരിക്കാൻ ഒരു ചെറുവിരലെങ്കിലും അനക്കാത്തവരാണ് ഈ മുതലക്കണ്ണീരൊഴുക്കുന്നത്.

ബീമാപള്ളിയിലും പെരുമാതുറയിലുമുള്ള മഹല്ല കമ്മിററികളിൽ നുഴഞ്ഞുകയറിയ കമ്മ്യൂണിസ്ററ് പ്രവർത്തകർ ഇസ്ലാമിന്റെ മേൽ കരിവാരിത്തേക്കാൻ കരുതിക്കൂട്ടി ചെയ്ത വിക്രിയകൾ മറച്ചുവെച്ച് ശരീഅത്തിനെ അപലപിക്കുവാൻ ഇവരാരും ഒരു മടിയും കാട്ടിയില്ല. നദീറാസംഭവം എത്രമാത്രം പർവ്വതീകരിച്ചാണ് മാതൃഭൂമിയും ദേശാഭിമാനിയും പ്രസിദ്ധീകരിച്ചത്. ഇന്ത്യയിലുടനീളം ദിനംതോറും എത്രയെത്ര ഹിന്ദു സ്ത്രീകളാണ് ഭർത്താക്കന്മാരുടെ ക്രൂരമായ പെരുമാററത്തിനുവഴങ്ങി നരകിക്കുന്നത്? സതി, ബഹുഭാര്യത്വം, ബഹുഭർത്തൃത്വം, ദേവദാസി ഏർപ്പാടുകൾ, സ്ത്രീധനം മുതലായ പലതും നിയമങ്ങൾമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ഇതേചൊല്ലി ആത്മഹത്യകളും കൊലപാതകങ്ങളും ചില്ലറയാണോ? ഇങ്ങനെ തങ്ങളുടെ കണ്ണുകളിലെ കോലുകൾ മറന്ന് മററുള്ളവരുടെ കണ്ണുകളിലെ കരട് തേടി നടക്കുന്നത് എത്ര അപഹാസ്യം.

ശരീഅത്തിനെതിരായി ഒരു അറിയപ്പെട്ട ഡോക്കിയിസ്ററ് ഒരു ലേഖനമെഴുതിയപ്പോൾ മാതൃഭൂമി അദ്ദേഹത്തെ പരിചയപ്പെടുത്തിയത് മൊയ്തുമൗലവിയുടെ മകൻ എന്നാണ്,

Malayalam
Sharee-athu Samrakshanam
Author
T. P. Kuttiammu B. E, F. I. E
Chief Engineer of Kerala [Retd]
First Published October 1986
Printed at
Zamzam Printers, Tutors Lane, Trivandrum-1
Price
Rupees Fifteen
Published by
Zamzam Books, Tutors Lane, Statue,
Trivandrum-1, Kerala State, India.

'അറബി അദ്ധ്യാപകൻ വിസ തട്ടിപ്പനടത്തി', 'മാപ്പിള അളിയനെ തല്ലിച്ചതച്ചു' എന്നൊക്കെ എഴുതുന്നത് പത്രധർമ്മത്തിന് നിരക്കാത്തതാണ്. 'ജ്യൂ അറസ്ററഡ് ഫോർ റോബറി' എന്ന് ഒരു ഇംഗ്ലീഷ് പത്രത്തിൽ വാർത്ത വന്നു. പിറേറ ദിവസം പ്രത്രാധിപർ കോടതി കയറേണ്ടിവന്നു. കുററംചെയ്തത് മൊയ്തുവോ കാദറോ ആണെങ്കിൽ 'മാപ്പിള' ചെയ്തുവെന്നും അത് രാമനോ കൃഷ്ണനോ ആണെങ്കിൽ 'യുവാവ്' ചെയ്തുവെന്നുമുള്ള പ്രയോഗം എത്രമാത്രം വർഗ്ഗീയമാണ്?

അതിരിക്കട്ടെ, ശരീഅത്ത് പരിഷ്ക്കരണം മതവിരുദ്ധമാവരുത് എന്നത് മുസ്ലിംകളുടെ ഏകകണ്ഠമായ ആഗ്രഹമാണ്. അതുകൊണ്ടാണ് ജനാധിപത്യമര്യാദയനുസരിച്ച് അതിന്റെ പരിഷ്ക്കരണം കോടതിയോ മററോ ചെയ്യരുതെന്നും, മതകാര്യങ്ങളിൽ അന്യർ കയ്യിടരുതെന്നും മുസ്ലിംകൾ ആവശ്യപ്പെടുന്നത്.

ശരീഅത്തിന്റെ ദൈവികവാദം അമുസ്ലിംകൾ അംഗീകരിക്കുന്നില്ല. അംഗീകരിക്കണമെന്നുമില്ല. മുസ്ലിംകൾ അത് അവരുടെ മതവിശ്വാസത്തിന്റെ അഭേദ്യമായ ഭാഗമാണെന്ന കരുതുന്നുവെന്നും, മുസ്ലിം വികാരം ന്യൂശതമാനവും അതിന്നുവേണ്ടി നിലകൊള്ളുന്നുവെന്നും ഉള്ള സത്യം വെളിച്ചത്തു കൊണ്ടുവരേണ്ടത് പത്രധർമ്മമാണ്. അത് കരുതിക്കൂട്ടി മറച്ചുവെക്കുന്നതു് കണ്ണടച്ചിരുട്ടാക്കലാണ്. ഇതെത്രകാലം വിലപ്പോകും? പ്രസിദ്ധ വാരികകളിലും മാസികകളിലും അന്വേഷണറിപ്പോർട്ടുകൾ എന്ന പേരിൽ കാലികപ്രാധാന്യമുള്ള വിഷയങ്ങളെപ്പററി വിശദമായ പഠനക്കുറിപ്പുകൾ വരാറുണ്ട്. ഇത്തരം കുറിപ്പുകൾ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്നു. ശരീഅത്ത് സംരക്ഷണത്തെപ്പററി ഇത്തരം ധാരാളം പഠനറിപ്പോർട്ടുകൾ ദേശീയ പത്രങ്ങളിലും ആനുകാലികങ്ങളിലും വന്നിട്ടുണ്ട്. അവയിൽ മിക്കതും ഇന്ത്യൻ മുസ്ലിംകളുടെ യഥാർത്ഥ വികാരവിചാരങ്ങളെ മാനിക്കാതെയും അനാവശ്യമായ തെററിദ്ധാരണകൾ ഉണ്ടാക്കുന്ന തരത്തിലും എഴുതപ്പെട്ടിട്ടുള്ളവയാണ്. ഉദാഹരണമായി പ്രശസ്ത പത്രറിപ്പോർട്ടറായ അരുൺ ഷൂറിയുടെ ഒരു ലേഖനം നമുക്ക് പരിശോധിക്കാം.

9

# അരുൺ ഷൂറി ശരീഅത്തിനെതിരെ

വസ്തുനിഷ്ഠവും സ്വതന്ത്രവുമായ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ച് പേരെടുത്ത ഒരു പത്രപ്രവർത്തകനാണ് അരുൺ ഷൂറി. അടിയന്തിരാവസ്ഥകാലത്തെ മർദ്ദനമുറകൾ അന്വേഷിച്ചറിഞ്ഞു റിപ്പോർട്ട്ചെയ്ത് 'എമർജൻസി ഹീറോ' എന്ന പേരിന് അദ്ദേഹം അർഹനായി; 'മഗ്സാസെ അവാർഡ്' നേടുകയും ചെയ്തു.

എന്നാൽ അടുത്ത കാലത്തായി അദ്ദേഹത്തിന്റെ ആദർശനിഷ്ഠയും നിഷ്പക്ഷതയും സംശയിക്കപ്പെടേണ്ടിവന്നിരിക്കുന്നു. ആസാമിലെ നെല്ലിയിൽ നടന്ന കൂട്ടക്കൊലയെ പററി അദ്ദേഹം എഴുതിയ റിപ്പോർട്ട് മുസ്ലിംകളോട് നീതികാട്ടിയിരുന്നില്ല. ശരീഅത്ത് പരിഷ്ക്കരണത്തെപററി 'ഇല്ലസ്ട്രേറഡ് വീക്കിലി'യിൽ ഏററവുമൊടുവിൽ പ്രസിദ്ധീകരിച്ച ലേഖനപരമ്പര അദ്ദേഹത്തിന്റെ മുസ്ലിം വിരോധം പകൽപോലെ വെളിച്ചത്ത് കൊണ്ടുവന്നിരിക്കുന്നു. സത്യത്തിന്റെയും വസ്തുനിഷ്ഠതയുടെയും ധർമ്മധീരതയുടെയും ഉന്നത പീഠത്തിൽനിന്ന് ഒരു ഭീമൻ ഇടിഞ്ഞ് പൊളിഞ്ഞ് താഴെ വീണിരിക്കുന്നു. ശരീഅത്ത് സംരക്ഷണത്തിനെതിരായി ആരെല്ലാം എന്തെല്ലാം പറഞ്ഞുപോന്നിട്ടുണ്ടോ അതെല്ലാം ക്രോഡീകരിച്ചു കൊണ്ടുള്ള ഏകപക്ഷീയമായ അദ്ദേഹത്തിന്റെ ലേഖനത്തിൽ അർദ്ധസത്യവും അസത്യവും നിറഞ്ഞുകവിഞ്ഞിരിക്കുന്നു.

അരുൺഷൂറി തന്റെ ലേഖനം ആരംഭിക്കുന്നത് ബീമാപ്പള്ളിയിലെയും പെരുമാതുറയിലേയും 'ശരീഅത്ത് ഭരണ' കഥകൾ ഉദ്ധരിച്ചുകൊണ്ടാണ്. ഇത് രണ്ടും അവിടങ്ങളിലെ കമ്യൂണിസ്ററുകൾ ജമാഅത്ത് കമ്മിററികളിൽ നുഴഞ്ഞുകയറി ഇസ്ലാമിന്റെയും മുസ്ലിംകളുടെയും മേൽ കരിവാരിത്തേക്കുവാൻ കരുതിക്കൂട്ടിചെയ്ത വേലകളാണെന്നും, ദേശവാസികളായ

മുസ്ലിംകൾ തന്നെ ഇവയെ മുളയിൽതന്നെ നുള്ളിയെന്നുമുള്ള സത്യം ഷൂറി അറിഞ്ഞില്ലെന്ന് കരുതുവാൻ നിവൃത്തിയില്ല.

തുടർന്ന് ഖുർആൻ, ഹദീസ്, ശരീഅത്ത് മുതലായ വിഷയങ്ങളെപററിയാണ് ഷൂറി പറയുന്നത്. അദ്ദേഹത്തിന്റെ സുദീർഘമായ വിവരണത്തിലെ ചില ''മുത്തുമണികൾ'' ശ്രദ്ധിക്കുക: ''മുസ്ലിം ശരീഅത്ത് നിയമങ്ങൾ നമ്മളെപ്പോലെയുള്ള സാധാരണക്കാർ കെട്ടിയുണ്ടാക്കിയതാണ്; ഖുർആനിൽ വളരെ കുറച്ച് കാര്യങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂ; ഖുർആനിലെ അല്ലാഹുവിന്റെ കല്പനകൾ ചിലത് പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല; നബി (സ)യുടെ ചര്യകളിൽ പലതും വിശ്വാസയോഗ്യമല്ല. എന്തു കൊണ്ടെന്നാൽ അവ ശേഖരിച്ചത് നൂററാണ്ടുകൾക്ക് ശേഷമായിരുന്നു. അവയിൽ പലതും പരസ്പര വിരുദ്ധവുമാണ്. ഗോൾഡ് സിഹർ മുതലായവരുടെ ആധികാരിക ഗ്രന്ഥങ്ങൾ പഠിക്കാതെ 'സഹീഹായ ഹദീസ്' വിശുദ്ധ ഖുർആനിനെ പോലെ തന്നെ ആധികാരിക സ്വഭാവമുള്ളവയാണെന്ന് മുസ്ലിംകൾ അറിവില്ലാതെ ഉരുവിട്ടുകൊണ്ടിരിക്കുകയാണ്. കാലമാണ് അന്തിമ വിശകലനത്തിൽ പരിഷ്ക്കർത്താവ്. അതിനെ അവഗണിക്കുക വയ്യ.'' ഇത്രയും പറഞ്ഞതിൽ നിന്ന് തന്നെ ഷൂറിയുടെ പോക്ക് എങ്ങോട്ടേക്കാണെന്ന് വ്യക്തമായല്ലോ.

അദ്ദേഹം ഇതെല്ലാം പഠിച്ചത് ഒറിയൻറലിസ്ററ് സാഹിത്യത്തിൽനിന്നാണെന്ന് അദ്ദേഹത്തിന്റെ തന്നെ പ്രസ്താവനയിൽനിന്ന് മനസ്സിലാകുന്നു. എന്താണ് ഓറിയൻറലിസ്ററ് സാഹിത്യം? കുരിശുയുദ്ധ കാലങ്ങളിലും അതിനെ തുടർന്നും എഴുതിയതാണ് ഈ സാഹിത്യത്തിലെ ആദ്യകാല കൃതികൾ. അവയെല്ലാം തന്നെ മുഹമ്മദ് നബി (സ)യെയും, ഇസ്ലാമിനെയും വളരെ വികലമായി ചിത്രീകരിക്കുന്നവയായിരുന്നു. മുസ്ലിംകളുടെ മേൽ കരിവാരിത്തേച്ച് ക്രിസ്ത്യാനികളെ അവരുടെ നേരെ ഇളക്കിവിടുകയായിരുന്നു ഉദ്ദേശ്യം. വിഷം വമിക്കുന്ന ഈ കൃതികൾ വസ്തുനിഷ്ഠമായ പഠനത്തിന് സഹായകമാവുന്നില്ല. ഇത്തരം എഴുത്തുകൾ വിലപ്പോവുകയില്ലെന്ന് കണ്ടപ്പോൾ അവർ ചുവട്മാററി. തങ്ങളുടെ മുൻഗാമികൾ തീവ്രവാദികളാണെന്നും പക്ഷപാതികളാണെന്നും മുദ്രകുത്തി അവരെ തള്ളിപ്പറയുകയും ഇസ്ലാമിന് നേരെയുള്ള ആക്രമണത്തിന് അയവ് വരുത്തുകയുംചെയ്തു. എന്നിരുന്നാലും അവരുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് യാതൊരു മാററവും ഉണ്ടായിരുന്നില്ല. കെട്ടുകഥകൾ വിശ്വസിക്കാതിരിക്കാൻ മാത്രം വായനക്കാർ ഉൽബുദ്ധരാണെന്ന് കണ്ടപ്പോൾ വീണ്ടും ചുവട് മാററി. ഒളിഞ്ഞുംതെളിഞ്ഞും ഇസ്ലാമിനെ താഴ്ത്തിക്കാട്ടുകയായിരുന്നു അപ്പോഴത്തെ ലക്ഷ്യം. കൊളോണിയൻ വാഴ്ചയുടെയും മിഷനറി പ്രവർത്തനങ്ങളുടെയും താല്പര്യമായിരുന്നു അത്. ഇസ്ലാമിനെ പററി സത്യസന്ധമായ ഗ്രന്ഥങ്ങൾ മുസ്ലിംകൾ തന്നെ ഇംഗ്ലീഷിലും മററും പുറത്തിറക്കിയപ്പോൾ ഓറിയൻറലിസ്ററുകാർ വീണ്ടും ചുവട് മാററി. മുഹമ്മദ്നബി (സ) അത്യുന്നതനായ ഒരു സമുദായ നേതാവായിരുന്നുവെന്നും വിശുദ്ധ ഖുർആൻ തിരുമേനിക്ക് പ്രചോദനം (**Inspiration**) ആയിട്ട് ലഭിച്ചതാണെന്നും അവർ എഴുതിത്തുടങ്ങി. മുസ്ലിംകൾ ഒരു സമുദായമായി കെട്ടുറപ്പോടെ നിലകൊള്ളുന്നത് ശരീഅത്ത് കാരണമാണെന്ന് മനസ്സിലാക്കിയ ഈ മുസ്ലിം വിരോധികൾ ശരീഅത്തിനെ തകർക്കുവാൻ വേണ്ടി കണ്ടുവെച്ച വേലയാണ് ഹദീസിനെ തള്ളിപ്പറയുക എന്നത്.

അറബിയിലും, ഹദീസ് സാഹിത്യത്തിലും അഗാധ പഠനം നേടി ലക്ഷക്കണക്കിനുള്ള കള്ള ഹദീസുകളുടെ ചളിക്കുണ്ടിൽ പരതി തനിക്ക് വേണ്ടുന്നവയെ തിരഞ്ഞെടുക്കാനും അവയെ ആധാരമാക്കി മററു ഹദീസുകൾ വിശ്വാസയോഗ്യമല്ല എന്ന് സ്ഥാപിക്കുവാനുമാണ് ഗോൾഡ് സിഹർ പണിപ്പെട്ടത്. അദ്ദേഹത്തിന്റെ പരാമർശങ്ങളെ അക്കമിട്ട് ഖണ്ഡിച്ചുകൊണ്ടും സഹീഹായ ഹദീസുകൾ ഏതാണ്ട് വിശുദ്ധ ഖുർആനെപ്പോലെ തന്നെ വിശ്വാസയോഗ്യമാണെന്ന് തെളിയിച്ചുകൊണ്ടും മുസ്ലിംകൾ ഇംഗ്ലീഷിൽ തന്നെ നല്ലനല്ല പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതെല്ലാം ഷൂറി അറിഞ്ഞില്ലെന്ന് കരുതുവാൻ പ്രയാസമുണ്ട്. അറിഞ്ഞിട്ടില്ലെങ്കിൽ അത് ഒരു വലിയ പോരായ്മ തന്നെയാണ്. അറിഞ്ഞിട്ടാണെങ്കിൽ 'എമർജൻസി ഹീറോ' 'ഗ്രെയിൻ ഇൻസ്പെക്ടറു'ടെ നിലവാരത്തിലേക്ക് താഴ്ന്നുപോയിരിക്കുന്നു.

എന്നാൽ മി: ഷൂറിയുടെ ക്രൂരവും വേദനാജനകവും വളരെ അപകടകരവുമായ വേട്ട ഇതാ: 'ശിശുക്കളെ സംബന്ധിച്ചിടത്തോളം മുസ്ലിംകളുടെ ശരീഅത്ത് നിയമങ്ങൾ പഠന

വിഷയമാക്കുന്നതും ചർച്ച ചെയ്യുന്നതുപോലും അവരോട് പ്ര ത്യേകം പക്ഷപാതം കാണിച്ചുകൊണ്ടാണ്. മുസ്‌ലിംകളുടെ കൂറ് പ്രഥമമായും അവരുടെ മതത്തോടാണ്; നാട്ടിനോടല്ല. ശരീഅത്ത് സംരക്ഷണത്തിന്റെ പേരിൽ അവക്ക് ബഹുഭാര്യ ത്വം നിലനിർത്തുകയും കൂടുതൽ കുട്ടികളെ ഉൽപാദിപ്പിക്കുകയും ചെയ്യണമെന്ന ഗൂഢാലോചനയാണുള്ളത്! ഈ പാത വിദ്വേഷ ത്തിലേക്കും പരസ്പര വൈരത്തിലേക്കും ലഹളകളിലേക്കും, കൊലപാതകങ്ങളിലേക്കും നയിക്കുന്നു.'

എത്രമാത്രം വിചിത്രവും അപകടം നിറഞ്ഞതുമായ ഒരു ചിന്തയാണിത്. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഇങ്ങ നെയൊരു ചിന്ത അവരുടെ സ്വപ്നത്തിൽ പോലും ഉണ്ടാവുക സാധ്യമല്ല. ബഹുഭാര്യത്വം വാസ്തവത്തിൽ മുസ്‌ലിംകളുടെ ഇടയിൽ ഉള്ളതിനേക്കാളധികം ഹിന്ദുക്കളുടെ ഇടയിലാണു ള്ളത്.

1981ലെ കണക്കനുസരിച്ച് മുസ്‌ലിംകളിൽ 4.1 ശ: മാ: പേർക്ക് ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നപ്പോൾ ഹിന്ദുക്ക ളുടെ ഇടയിൽ അത് 5.7 ശതമാനമായിരുന്നു. കൂടാതെ മുസ്‌ലിം കൾ രണ്ടാം ഭാര്യയായി സ്വീകരിക്കുന്നത് സാധാരണ പ്രായ മുള്ളവരെയും വിധവകളെയുമാണ്. എന്നാൽ ഹിന്ദുക്കൾ അവി വാഹിതരായ ചെറിയ പ്രായക്കാരെ വേൾക്കുന്നു.

അതിനു പുറമെ രണ്ടോ മൂന്നോ സ്ത്രീകളിൽ ഒരാൾക്ക് ജനിക്കുന്ന കുട്ടികളേക്കാൾ അധികമാണ് വേറെ വേറെ ഭർത്താ ക്കൻമാരുണ്ടായാൽ ജനിക്കുക. വാസ്തവത്തിൽ മുസ്‌ലിംകൾ പെററ് പെരുകുന്നതും എല്ലാ ജാതിക്കാരും പെററ് പെരുക ന്നത് പോലെതന്നെ.

ശരീഅത്ത് സംരക്ഷണം മുസ്‌ലിംകൾ ആവശ്യപ്പെടുന്ന ത് അവരുടെ മതത്തിന്റെ പേരിലാണ്. ഇത് മൗലികാവകാശ മായി നമ്മുടെ ഭരണഘടന അനുവദിച്ചിട്ടുള്ളതാണ്. അവരെ മാത്രം ബാധിക്കുന്ന ഈ ചില്ലറ കാര്യങ്ങളിൽ അവരുടെ ഒന്നട ങ്കമുള്ള വികാര-വിചാരങ്ങളെ മാനിക്കേണ്ടത് ഭൂരിപക്ഷത്തി ന്റെ കടമയാണ്, ധർമ്മമാണ്, ജനാധിപത്യ മര്യാദയാണ്. ഇതിൽ പക്ഷപാതമില്ല. ഭൂരിപക്ഷത്തിന് എന്ത് നിയമം വേ ണമെങ്കിലും പാസാക്കിയെടുക്കാവുന്നതാണ്. അതിന് ന്യൂന പക്ഷസമുദായം ഒരിക്കലും വിഘാതം സൃഷ്ടിക്കുകയില്ല.



മുഹമ്മദ്നബി (സ) നൂറ് ശതമാനവും ഒരു ചരിത്രപുരു ഷനാണ്. അദ്ദേഹത്തിന്റെ ജീവചരിത്രം-പ്രത്യേകിച്ച് മത പ്രബോധനം നടത്തിയ 23 കൊല്ലത്തെ ചരിത്രം- വളരെ വിശ ദമായും സത്യസന്ധമായും രേഖപ്പെട്ടു കിടക്കുന്നു. അവിടുത്തെ ചരിത്രത്തിന്റെ സത്യസന്ധമായ രേഖകൾക്ക് തുല്യമായ ഒരു ചരിത്രവും വേറെയില്ല. വിശുദ്ധ ഖുർആൻ തിരുമേനിക്ക് ദൈ വികവെളിപാടായി ലഭിച്ചതാണെന്ന് മുസ്‌ലിംകൾ കാര്യ കാരണസഹിതം ആത്മാർത്ഥമായി വിശ്വസിക്കുന്നു. അത് അപ്പപ്പോൾ തന്നെ എഴുതി സൂക്ഷിക്കുകയും ഉമർ (റ) പുസ്തക രൂപത്തിൽ പകർത്തുകയും ഉസ്മാൻ (റ) വിന്റെ കാലത്ത് അതി ന്റെ കോപ്പികൾ എടുത്തു സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങ ളിലേക്കയക്കുകയും ചെയ്തു. അതിൽനിന്ന് പകർത്തെടുത്തതാ ണ് കഴിഞ്ഞ 1400 വർഷങ്ങളായി ലോകമെങ്ങും പ്രചാരത്തി ലിരിക്കുന്ന മുസ്ഹഫ്. യാതൊരു മാററവും കൂടാതെ ഇങ്ങനെ സുരക്ഷിതമായിരിക്കുന്ന, ലോകാവസാനംവരെ സുരക്ഷിത മായി തന്നെയിരിക്കുമെന്ന് ഉറപ്പിച്ച് പറയാവുന്ന, ഒരു ഗ്രന്ഥം വേറെയില്ല.

നബിവചനങ്ങളും, നബിചര്യകളും കുറെയൊക്കെ അന്നുത ന്നെ എഴുതിവെച്ചിട്ടുണ്ടായിരുന്നു. എന്നാൽ മിക്കവാറും നല്ല ഓർമ്മശക്തിയുള്ള അറബികൾ തലമുറതലമുറയായി കൈ മാറി വന്നവയാണ്. ഹദീസ്ശേഖരണം നടന്നത് ഹിജ്റ രണ്ടും മൂന്നും നൂററാണ്ടുകളിലായിരുന്നു. അപ്പോഴത്തേക്ക് ലക്ഷ ക്കണക്കിന് 'ഹദീസുകൾ' പ്രചാരണത്തിലുണ്ടായിരുന്നു. ന ബി വചനങ്ങൾക്ക് മുസ്‌ലിംകൾ കൽപിച്ച വിലയും, അവ രുടെ ഇടയിൽ അതിനുണ്ടായിരുന്ന സ്വാധീനവും കാരണമായി ധാരാളം കള്ള ഹദീസുകളും പ്രചരിക്കപ്പെട്ടു. ജൂതൻമാരും മുസ് ലിംകളുടെ മററ് ശത്രുക്കളും പ്രചരിപ്പിച്ചവ, മുസ്‌ലിംകളുടെ ഇടയിലുള്ള രാഷ്ട്രീയ ചേരിതിരിവിൽ ഓരോ വിഭാഗവും തങ്ങൾക്കനുകൂലമായും എതിർപാർട്ടിക്ക് പ്രതികൂലമായും പട ച്ചുവിട്ടവ, നല്ല ഉദ്ദേശത്തോടെ ചില ശാന്തമനസ്ക്കൻമാർ പറഞ്ഞു വിട്ടവ-ഇങ്ങനെ ധാരാളം കള്ളഹദീസുകൾ. ഈ ഹദീ സുകളിൽനിന്ന് കല്ലും നെല്ലും തിരിച്ച് സത്യസന്ധമായ ഹദീ സുകൾ പെറുക്കിഎടുക്കുകയാണ് ഹദീസ് പണ്ഡിതൻമാർ ചെയ്തത്. അവർ ധാരാളം ഹദീസുകൾ സമ്പാദിക്കുകയും അ

നേകം പേരുമായി ബന്ധപ്പെടുകയും അവരിൽനിന്ന് ഹദീസുകൾ ശേഖരിക്കുകയും ചെയ്തു. ഓരോ ഹദീസിന്റെയും നിവേദകപരമ്പര മനസ്സിലാക്കി രേഖപ്പെടുത്തുകയും നിവേദകൻമാരുടെ ഭയഭക്തി, സത്യസന്ധത, ഓർമ്മശക്തി മുതലായവയെ പററി അന്വേഷിച്ച് അവരുടെ ചരിത്രം റിക്കാർഡാക്കുകയും ചെയ്തു. ഇങ്ങനെ ഉള്ളടക്കത്തിലും ഭാഷാശൈലിയിലും നിവേദകപരമ്പരയിലും കണിശമായ പരിശോധനനടത്തി സ്വീകരിച്ച ഹദീസുകളാണ് സഹീഹ്, ഹസൻ, മുതവാതിർ എന്നെല്ലാം അറിയപ്പെടുന്നത്. ഇത്തരം ഹദീസുകൾ ഏതാണ്ട് വിശുദ്ധ ഖുർആനെപ്പോലെതന്നെ വിശ്വാസയോഗ്യമാണ്. ഇതെല്ലാം ഇസ്‌ലാമിന്റെ ബാലപാഠങ്ങളാണ്.

വിശുദ്ധ ഖുർആനും, സഹീഹായ ഹദീസ്ശരീഫുമാണ് ശരീഅത്തിന്റെ അടിസ്ഥാനം. അവ തത്വങ്ങളെയാണ് പ്രധാനമായും കുറിക്കുന്നത്. അവക്ക് യാതൊരു മാററവും ഇല്ല. വിശദാംശങ്ങളിലും, ശാഖാപരമായ കാര്യങ്ങളിലും ഷൂറി പറഞ്ഞ ഇജ്മാഉം, ഖിയാസും, മദ്ഹബുകളും മററും വളർന്നുവന്നു. മാററങ്ങൾ കാലാകാലം വരുത്താം. പക്ഷെ അങ്ങനെ ചെയ്യുന്നതിനു 'ഇജ്തിഹാദ്' എന്നു പറയുന്നു. ഇജ്തിഹാദിനു വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. ഖുർആനിലും, സുന്നത്തിലുമുള്ള വ്യക്തമായ വിധിവിലക്കുകൾക്കും, അവയുടെ അന്തഃസത്തക്കും യോജിച്ച രൂപത്തിലായിരിക്കണം ഏതു തീരുമാനവും. ഇതു മുസ്‌ലിം പണ്ഡിതൻമാർ ചെയ്യേണ്ടതാണുതാനും.

ഏക ഭാര്യയാണ് ഒരു മുസൽമാനു അഭികാമ്യം. എന്നാൽ ഒന്നിലധികം ഭാര്യമാരെ എടുക്കേണ്ടുന്ന സാഹചര്യങ്ങൾ പലതും ഉണ്ടാകാം. അങ്ങനെ രണ്ടാം വിവാഹം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശരീഅത്തിൽ വിശദീകരിച്ചിരിക്കുന്നു. വിവാഹമോചനവും അങ്ങനെ തന്നെ. ഭാര്യാഭർത്താക്കൻമാർക്ക് അന്യോന്യം പൊരുത്തപ്പെട്ടുപോകുവാൻ സാദ്ധ്യമല്ലെങ്കിൽ, തമ്മിലുള്ള വിടവ് നികത്തുവാനുള്ള ശ്രമങ്ങൾ നിഷ്ഫലമാകുമ്പോൾ, വിവാഹമോചനമാണ് രണ്ട് പേർക്കും നല്ലത്. ഒരു സ്ത്രീയെ ഒരാൾ മൊഴിചൊല്ലി പറഞ്ഞയക്കുമ്പോൾ അവർക്ക് മനഃപ്രയാസം കുറക്കുവാൻ ഒരു നല്ല സമ്മാനം കൊടുക്കണമെന്നതു് ശറഇലെ കൽപനയാണ്. അത് വരന്റെ കഴിവ് അനുസരിച്ചായിരിക്കണം. മോചനത്തോടെ അന്യരായി തീരു



ന്ന ഇവർക്കിടയിൽ ആജീവനാന്തം ജീവനാംശം എന്ന ഒരു ഏർപ്പാട് പാടില്ല. അതു രണ്ടു പേർക്കും ഭൂഷണമല്ല. മേൽപറഞ്ഞ ബഹുഭാര്യത്വം, വിവാഹമോചനം, മോചനദ്രവ്യം എന്നിങ്ങനെ പല വിഷയങ്ങളിലും മദ്ധ്യസ്ഥൻമാരുടെ ആവശ്യമുണ്ട്. അത് ഗവൺമെൻറു ചെലവിൽ ഏർപ്പെടുത്തുകയാണ് പാകിസ്ഥാൻ ചെയ്തിട്ടുള്ളത്. സമുദായം ചെയ്യേണ്ടതുമതാണെന്നാണ് മുസ്‌ലിംപേഴ്സനൽ ലോ ബോർഡ് നിർദ്ദേശിക്കുന്നത്. അതിനെയാണ് ഷൂറി അപകടകരമായി ചിത്രീകരിച്ചിട്ടുള്ളത്. അനൗദ്യോഗികമായി ഇതു മുസ്‌ലിംകളുടെ ഇടയിൽ എക്കാലവും നടന്നുപോന്നിട്ടുണ്ട്. ഇന്നും നടന്നുപോരുന്നു.

ശാബാനു കേസാണ് മററെല്ലാവരെയും പോലെ ഷൂറിയും പൊക്കിക്കാട്ടുന്നത്. ആ സാധു സ്ത്രീക്ക് ധനികനായ ആദ്യ ഭർത്താവ് ഒരു ചെറിയ പെൻഷൻ നൽകണമെന്ന വിധിയെ എതിർക്കുന്നത് ക്രൂരമല്ലേയെന്നാണ് ചോദ്യം. ഹിന്ദുക്കൾ പുനർജൻമത്തിലും, നക്ഷത്രഫലങ്ങളിലും, ജ്യോൽസ്യത്തിലും വിശ്വസിക്കുന്നു. ജാതകം നോക്കി പൊരുത്തപ്പെട്ടതാണെന്ന് ബോദ്ധ്യമായാലാണ് വിവാഹം നിശ്ചയിക്കുക. ആജീവനാന്തം ഒരുമിച്ചു ജീവിച്ചു കൊള്ളാമെന്ന് അഗ്നിയെ സാക്ഷിയാക്കിയാണ് വിവാഹം നടക്കുന്നത്. ധർമ്മശാസ്ത്രപ്രകാരം വിവാഹമോചനമോ, വിധവാവിവാഹമോ അനുവദനീയമല്ല. ഇത് രണ്ടും അടുത്ത കാലത്ത് നിയമനിർമ്മാണം വഴി വന്നതാണ്.

ഇത്തരം കാരണങ്ങളാൽ ഒരു വിവാഹമോചിതക്ക് സമുദായത്തിൽ വളരെ പ്രയാസങ്ങളുണ്ട്. അവർക്ക് ജീവനാംശം വിധിക്കുന്നതിൽ തെററില്ല. മുസ്‌ലിംകൾ അങ്ങനെയല്ല. വിവാഹം ഒരു സാധാരണ കോൺട്രാക്റ്റാണ്. തക്കതായ കാരണങ്ങളുണ്ടാകുമ്പോൾ അത് മുറിഞ്ഞ് പോകുമെന്ന് രണ്ട് പേർക്കുമറിയാം. വിവാഹത്തിന് വെളിയിലുള്ള എല്ലാ സ്ത്രീ–പുരുഷ ലൈംഗിക ബന്ധവും നിഷിദ്ധവും കുററകരവും ശിക്ഷാർഹവുമാണ്. അങ്ങനെ മുറിയുമ്പോൾ വിവാഹമോചിതക്ക് അവളുടെ കുടുംബത്തിൽ മാന്യമായ സ്ഥാനമുണ്ട്. ശരീഅത്തനുസരിച്ച് രക്ഷാകർത്താക്കളുണ്ട്. സ്നേഹത്തിന്റെയും പരസ്പര സാഹയത്തിന്റെയും നീരുറവ വററിപ്പോകുന്നില്ല. വിവാഹമോചനത്തിലൂടെ അന്യരിൽ അന്യരാകുന്ന ഈ ഇണകൾക്ക് ജീവനാംശം നൽകുന്നതും വാങ്ങുന്നതും നാണക്കേടാണ്.

ഷൂറിയുടെ പദ്ധതി ഇതാണ്: മതത്തെയും ശരീഅത്തിനെയും മാററിവെച്ച് മതേതരാടിസ്ഥാനത്തിൽ ആധുനിക സാമൂഹ്യാവശ്യങ്ങാം കണക്കിലെടുത്ത് കുടുംബനിയമങ്ങാം രൂപീകരിക്കുക; അതെല്ലാവക്കും പ്രാവത്തികമാക്കുക. ഇത് മുസ്ലിംകാംക്ക് സ്വീകാര്യമല്ല തന്നെ. അവക്ക് ശരീഅത്ത് അവരുടെ മതത്തിൻെറ മൗലികാവകാശമാണ്. അതിൽ ശാഖാപരമായ വല്ല മാററങ്ങളും വേണമെങ്കിൽ അവരുടെ മതഗ്രന്ഥത്തിൻെറ മാനദണ്ഡംവെച്ച് തീരുമാനിക്കും. അവരുടെ കൂട്ടായ അഭിപ്രായത്തെ പററി സംശയമുണ്ടെങ്കിൽ ഹിതപരിശോധന നടത്തുക. ഒരു വലിയ ന്യൂനപക്ഷമെന്ന നിലയിൽ അവരുടെ വികാര- വിചാരങ്ങളെ മാനിക്കുവാൻ ഭൂരിപക്ഷം ബാധ്യസ്ഥരാണ്. ഇത്രയും ലളിതമായ ഒരാവശ്യം ഉന്നയിക്കുമ്പോാം അനാവശ്യമായ വാദമുഖങ്ങാം ഉന്നയിച്ചുകൊണ്ട് ആശയക്കുഴപ്പം സൃഷ്ടിക്കുന്നത് ശരിയല്ല. അവിശ്വാസത്തിൻെറയും അസഹിഷ്ണതയുടെയും ഭീഷണിയുടെയും മാർഗമല്ല, വിശ്വാസത്തിൻെറയും സഹിഷ്ണതയുടെയും സഹകരണത്തിൻെറയും മാർഗമാണ് ശരി. ഇതിനെ പ്രോൽസാഹിപ്പിക്കുകയാണ് പത്രങ്ങളും പത്രപ്രവത്തകരും ചെയ്യേണ്ടത്.

10

# മുസ്ലിം ഐക്യധാര

ശരീഅത്തിന്നനേരെയുള്ള വെല്ലുവിളിക്കെതിരായി ഹിജ്റ 1405 റമസാൻ ഒടുവിലത്തെ വെള്ളിയാഴ്ച, ഇന്ത്യയിലുടനീളം ലക്ഷത്തിലേറെ പള്ളികളിൽ പ്രതിഷേധം രേഖപ്പെടുത്തി പ്രധാനമന്ത്രിക്ക് കമ്പികാം അയക്കുകയുണ്ടായി.

നാട്ടിൽ ഉടനീളം പ്രതിഷേധപ്രകടനങ്ങാം നടന്നു. ബോമ്പെയിൽ നടന്ന പ്രകടനത്തിൽ 5 ലക്ഷം ആളുകാം പങ്കെടുത്തിരുന്നു. ഈ കാര്യത്തിൽ സമുദായം ഒററക്കെട്ടാണെന്ന് അങ്ങനെ തെളിയിച്ചുകഴിഞ്ഞതാണ്.

കേരളത്തിലും നാം ഇതാണല്ലോ കണ്ടതു്. പത്തു പതിനൊന്നു വർഷങ്ങളായി ഭിന്നിച്ചുനിന്ന രണ്ടു ലീഗുകാം അക്ഷരാർത്ഥത്തിൽതന്നെ എല്ലാം മറന്നും പൊറുത്തും ഒന്നായി. പരസ്പരം വാദപ്രതിവാദം നടത്തുവാനല്ലാതെ ഒരേ സ്റ്റേജിൽ ഒരിക്കലും ഒത്തുചേർന്നിട്ടില്ലാത്ത വിഭാഗക്കാർ ഒരേ സ്റ്റേജിൽ പ്രത്യക്ഷപ്പെടുകയും, ഒരേ സ്വരത്തിൽ സംസാരിക്കുകയും ചെയ്തു. വളരെ ചുരുക്കം ചില വ്യക്തികാം ഒഴിച്ചു സമുദായം മുഴവനും ആാം ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡിൻെറ പിന്നിൽ ഒന്നുചേന്നു ഉറച്ചു നിന്നു. ഈ ചലനത്തിനു് ആഹ്വാനം നൽകിയതും, നേതൃത്വം നൽകുന്നതും 'ആാം ഇന്ത്യാ മുസ്ലിം പേഴ്സണൽ ലോ ബോർഡ്'' ആണ്. അതിൻെറ അദ്ധ്യക്ഷൻ ആഗോള പ്രസിദ്ധനായ പണ്ഡിതാഗ്രേസരൻ സയ്യിദ്അബുൽ ഹസൻ അലി നദ്വിയാകുന്നു. സെക്രട്ടറി മൌ. മിന്നത്തുല്ലാ റഹ്മാനി മറെറാരു മതപണ്ഡിതശ്രേഷ്ഠനാണ്. ഇതിൽ രാഷ്ട്രീയമോ വിഭാഗീയമോ ആയ എന്തെങ്കിലും പരിഗണന ഇല്ല. ഈ ബോർഡിൻെറ നാലു വൈസ് പ്രസിഡൻറുമാർ മുഖല്ലിദ്, മുജാഹിദ്, ജമാഅത്തെ ഇസ്ലാമി, ശിയാ വിഭാഗങ്ങളുടെ തലവന്മാരാണ്.

ഭരണത്തോടുള്ള സന്ധിയില്ലാത്ത എതിർപ്പിന്മേൽ കോൺഗ്രസ്സോടു ചേരുകയും ഇന്നുവരെ കോൺഗ്രസ്സുമായി സഹകരിച്ചു പോരുകയും ചെയ്ത 'ജംഇയ്യത്തുൽ ഉലമായെ ഹിന്തി'ന്റെ പ്രസിഡന്റ് മൌ: അസ്അദ് മദനി, മുസ്ലിംലീഗ് പ്രസിഡന്റ് ഇബ്രാഹീംസുലൈമാൻസേട്ട്, മജ്ലിസ് പ്രസിഡന്റ് സുൽഫീഖറുല്ലാസാഹിബ്, ഇത്തിഹാദുൽ മുസ്ലിമീൻ പ്രസിഡന്റ് ഉവൈസി, തഅ്മീറെമില്ലത്ത് നേതാക്കന്മാർ, റേഡിയൻസ്, മുസ്ലിം ഇന്ത്യാ എന്നീ പത്രങ്ങളുടെ എഡിററർമാർ തുടങ്ങി മുസ്ലിംകളുടെ പ്രാതിനിധ്യ സ്വഭാവമുള്ള നാനൂറോളം അംഗങ്ങളാണ് ബോർഡിലുള്ളത്; അതിന്ന് നൂററിപ്പതിനഞ്ച് അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് കൗൺസിലും. മുസ്ലിംകളുടെ വന്ദ്യവയോധികനായ നേതാവ് അബുൽ ഹസൻ അലി നദ്വി പറയുന്നത്, അദ്ദേഹത്തിന്റെ ഓർമ്മയിൽ മുസ്ലിംകളുടെ എല്ലാ വിഭാഗങ്ങളും ഒന്നായിച്ചേർന്ന് ഒരു സംഘടനയോ പ്രസ്ഥാനമോ ഇതുപോലെ വേറെ ഉണ്ടായിട്ടില്ലെന്നാണ്. 1923 മുതൽ അറുപതിലേറെ വർഷങ്ങളായി ഇന്ത്യൻ മുസ്ലിംകളുടെ ഗതിവിഗതികൾ പത്രങ്ങളിലൂടെയും മററും വീക്ഷിക്കുവാൻ സാധിച്ചിട്ടുള്ള ഈ ലേഖകന്റെ അറിവും അനുഭവവും ഇതു തന്നെയാണ്. മുസ്ലിംകൾ അതിശക്തമായി സംഘടിച്ചിരുന്ന പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും എല്ലാ പാർട്ടികളും ഒന്നായിച്ചേർന്ന ഒരനുഭവം ഉണ്ടായിട്ടേയില്ല.

എന്നാൽ നമ്മുടെ ദേശീയ പത്രങ്ങൾ അംഗുലീപരിമിതരായ ശരീഅത്ത് വിമതർക്കാണ് അനർഹമായ പ്രചരണവും പ്രോത്സാഹനവും നൽകുന്നത്. തങ്ങൾക്കിഷ്ടമില്ലാത്ത വല്ലതും മുസ്ലിംകൾ ചെയ്യുമ്പോൾ അവരെ ഫണ്ടമെന്റലിസ്ററ് എന്നു പറഞ്ഞ് തള്ളിക്കളയുകയാണ്. ഈ ഫണ്ടമെന്റലിസ്ററു പ്രയോഗം അടുത്തകാലത്ത് പൊന്തിവന്ന ഒന്നാണ്. ശിയാ, വഹാബി, പഴഞ്ചൻ, യാഥാസ്ഥിതികർ എന്നൊക്കെ പറഞ്ഞ് മുസ്ലിംകളുടെ എല്ലാ സംരംഭങ്ങളെയും എതിക്കാറുള്ള ഇക്കൂട്ടർ ഇപ്പോൾ ആ എതിർപ്പിന്ന് ഉപയോഗിക്കുന്ന പദമാണ് 'ഫണ്ടമെന്റലിസ്ററ്'. ഈ പ്രയോഗം കേട്ട് മുസ്ലിംകൾ പേടിച്ചു പോകുമെന്നായിരിക്കാം അവരുടെ വ്യാ



മോഹം. ഫണ്ടമെന്റലിസ്ററ് എന്നു പറഞ്ഞാൽ മൗലികവാദിയെന്നാണ് അർത്ഥം. ഇസ്ലാമിൽ ഒരേയൊരു വാദം മാത്രമേയുള്ളു- ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള വാദം. അതിൽ മിതവാദമെന്നോ പുരോഗമനമെന്നോ പഴഞ്ചനെന്നോ യാതൊരു വകഭേദങ്ങളുമില്ല.

ഇസ്ലാം ലളിതമായ, ക്ലിപ്തമായ, മതമാണ്. അതിലെ വിശ്വാസങ്ങളും വിധിവിലക്കുകളും ബുദ്ധിക്കും യുക്തിക്കും സ്വീകാര്യമായവയത്രെ. അതിലെ സാമൂഹികനിയമങ്ങൾ, സാംസ്കാരികസവിശേഷതകൾ, സാമ്പത്തിക സംവിധാനം മുതലായവയെല്ലാം പരസ്പരം ബന്ധപ്പെട്ടവയും എത്രയും മെച്ചപ്പെട്ടവയുമത്രെ. ചൂഷണവിമുക്തമായ നിയമങ്ങളാണ് അവയെല്ലാം. സാധാരണ മുസൽമാനിൽ സഹോദരസ്നേഹം, ഭൂതദയ, പരസ്പരസഹായം, മനുഷ്യസ്നേഹം മുതലായവ തെളിഞ്ഞുകാണാം. അതു താനേ ഉണ്ടാകുന്നതല്ല. അവന്റെ വിശ്വാസത്തിന്റെയും ആചാരമര്യാദകളുടെയും ആകത്തുകയാണത്.

മൗലികവാദികളേയും മിതവാദികളേയും രണ്ടു വിഭാഗങ്ങളാക്കി 'ഇന്ത്യാ ടുഡെ' മാസികയിൽ ശേഖർഗുപ്ത, ഫർസന്ത് അഹമ്മദ്, ഇന്തർജിത്ത്ബധാർ എന്നിവർ ചേർന്നു നടത്തിയ ഒരു പഠനം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. സത്യസന്ധമായും നിഷ്പക്ഷമായും ചെയ്ത ഈ റിപ്പോർട്ടിൽ മിതവാദികൾ വളരെ കുറച്ചു പേർ മാത്രമെയുള്ളുവെന്ന് എഴുതിയിരിക്കുന്നു. ന്യൂയോർക്കിലെ 'ഇന്ത്യാ അബ്രോഡ്'' എന്ന മാസികയിൽ കുൽദീപ് നയ്യാർ മിതവാദികൾ മൌലികവാദത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും അതിന്റെ കാരണം മുസ്ലിംകളുടെ നേരെ ഭൂരിപക്ഷം കാണിക്കുന്ന വിവേചനനയങ്ങളാണെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു. മുസ്ലിംകൾതന്നെ ആവശ്യപ്പെട്ടാൽ മാത്രമെ അവരുടെ ശരീഅത്തുനിയമങ്ങളിൽ മാററംവരുത്തുകയുള്ളുവെന്ന സമീപനം ശരിയാണെന്നും അദ്ദേഹം എഴുതിയിരിക്കുന്നു. ശരീഅത്ത്കോടതികളെപ്പററി മുസ്ലിം പേഴ്സണൽ ലോ ബോർഡ് ഉന്നയിച്ച ആവശ്യത്തിൽ അദ്ദേഹം ആശ്ചര്യം കാണുന്നില്ല.

കേരളത്തിലും ഏതാനും മിതവാദികൾ ഉണ്ട്- സി. എൻ. അഹമ്മദ് മൗലവി, എൻ. പി. മുഹമ്മദ്, കോയട്ടി, ആര്യാ

ടൻ, പി. പി. ഉമ്മർ കോയ, പി. പി. ഹസൻകോയ, പി. വി. ശൗക്കത്തലി തുടങ്ങിയവർ. ഇവരിൽ ഒരാളെങ്കിലും ഏകീകൃത സിവിൽകോഡിനെപ്പററി ജ: ചന്ദ്രചൂഡ് നൽകിയ നിർദ്ദേശത്തെ എതിർത്തു സംസാരിച്ചിട്ടില്ല. ഇവർ എവിടെ എങ്ങിനെ നിൽക്കുന്നു എന്ന് പരിശോധിക്കേണ്ടതുതന്നെയാണ്.



# ഏററവും നല്ല പോംവഴി

ഇന്ത്യാവിഭജനത്തിനു മുമ്പ് പാക്കിസ്ഥാനുവേണ്ടി വാദിച്ച ജിന്ന പാക്കിസ്ഥാൻ സ്ഥാപിതമായശേഷം അവിടെ ജനാധിപത്യ ഭരണമാണുണ്ടാവുക എന്നു പറഞ്ഞതു് ഉദ്ധരിച്ചുകൊണ്ട് ഇന്ത്യയിലും അങ്ങിനെ ചെയ്യുവാൻ മുസ്‌ലിംകൾ തയ്യാറാവണമെന്നാണ് എൻ. പി. മുഹമ്മദ് നിർദ്ദേശിക്കുന്നത്. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ വിശ്വാസം, ജീവിതവീക്ഷണം, ആചാരമര്യാദകൾ എന്നിവയിൽ മൗലികമായ അന്തരം ഉണ്ടെന്നുള്ളത് ഒരു സത്യമാണ്. അതു അവരുടെ ജീവിതരീതിയെ വളരെയേറെ ബാധിക്കുന്നു. അതുകൊണ്ടു് മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ മുസ്‌ലിംകൾക്കും, മററു സ്ഥലങ്ങളിൽ ഹിന്ദുക്കൾക്കും അധികാരം വേണമെന്നു ജിന്ന വാദിച്ചു. പാക്കിസ്ഥാൻ ഉടലെടുത്തശേഷം രണ്ട് രാജ്യങ്ങളിലും ജനാധിപത്യം ഉണ്ടാകുന്നതു് സ്വാഭാവികംമാത്രമാണ്. പക്ഷെ മതന്യൂനപക്ഷങ്ങൾക്ക അവരെ മാത്രം ബാധിക്കുന്ന കാര്യങ്ങളിൽ അവരുടെ മൗലികാവകാശങ്ങൾക്ക സംരക്ഷണംവേണമെന്നു നിബന്ധനയുണ്ടു്.

ഇന്ത്യൻ മുസ്‌ലിംകൾ ഇവിടുത്തെ ഭരണഘടനയനുസരിച്ചുള്ള ജനാധിപത്യം നൂറു ശതമാനവും അംഗീകരിച്ചു സ്വീകരിക്കുന്നു. അതിൽ ശരിക്കും ഭാഗഭാക്കുകളായി പ്രവർത്തിക്കുന്ന അവക്കു വിശ്വാസം, കർമ്മാനുഷ്ഠാനങ്ങൾ, സ്വഭാവസംസ്ക്കരണം മുതലായവയിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അവർ അതിൽ നന്ദിയുള്ളവരാണ്; അഭിമാനം കൊള്ളുന്നവരാണ്. സ്വരാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമായികരുതി രാജ്യത്തോടു കൂറും, ഭരണാധിപന്മാരോടു അനുസരണവും ഉള്ളവരായി അവർ ജീവിക്കുന്നു. എല്ലാവരേയും പൊതുവായി ബാധിക്കുന്ന ക്രിമിനൽ നിയമങ്ങൾ, സാക്ഷിവിവരണനിയമങ്ങൾ, സാമ്പത്തിക സംവി

ധാനം, പണമിടപാടുകളെ സംബന്ധിച്ച നിയമങ്ങൾ, മദ്യപാനനിരോധനം, ചൂതുകളിനിരോധനം, വ്യഭിചാരനിരോധനം, പലിശനിരോധനം മുതലായ കാര്യങ്ങളിൽ ഭൂരിപക്ഷത്തിന്റെ ഇംഗിതമാണ് ഇവിടെ നടപ്പാവുക. അവയെക്കുറിച്ചു ഈ നിയമനിർമ്മാണങ്ങളിൽ ഇസ്‌ലാമിക സ്വാധീനം ചെലുത്തുവാൻ മാത്രമേ മുസ്‌ലിംകൾക്കു സാധിക്കുകയുള്ളു. അത്രമാത്രമേ അവക്കു മതപരമായ ചുമതലയുമുള്ളു.

എന്നാൽ മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന മതകൽപനകളിൽ– വിവാഹം, വിവാഹമോചനം, മോചനദ്രവ്യം, അനന്തരാവകാശം, ഔഖാഫ് എന്നീ കാര്യങ്ങളിൽ– അവരുടേതായ വ്യക്തിനിയമങ്ങൾ ശരീഅത്തനുസരിച്ച് നടക്കണമെന്ന് അവർ വാദിക്കുന്നു. ഇത് മൗലികാവകാശമായി അംഗീകരിക്കപ്പെട്ടിരിക്കയാൽ, ഏകീകൃത സിവിൽകോഡിന്റെ പേരിൽ ഇതിൽ കൈകടത്തുകയോ, മായം ചേർക്കുകയോ ചെയ്യാൻ പാടില്ല. ഇത്തരംകാര്യങ്ങളെ ബാധിക്കുന്ന നിയമങ്ങളിൽനിന്നു അവരെ ഒഴിച്ചുനിർത്തണം. മുസ്‌ലിംകൾ ഒരു വലിയ മതന്യൂനപക്ഷമാണ്. വ്യക്തിനിയമങ്ങൾ ശരീഅത്തനുസരിച്ചായിരിക്കേണമെന്നു അവർ– ബഹുഭൂരിപക്ഷം– ആഗ്രഹിക്കുന്നു. ഈ ആഗ്രഹം മാനിക്കേണ്ടത് ജനാധിപത്യ മര്യാദയും കൂടിയാണ്. ഇതു മാത്രമേ മുസ്‌ലിംകൾ ആവശ്യപ്പെടുന്നുള്ളു. ഇതു അനുവദിച്ചു കൊടുക്കുന്നതുകൊണ്ട് ഭൂരിപക്ഷസമുദായത്തിന്ന് എന്താണ് നഷ്ടം? അവർ അങ്ങിനെ ചെയ്താൽ ഇവിടെ ഉണ്ടാകുന്ന മതസൗഹാർദ്ദം എത്രമാത്രമായിരിക്കും? നമ്മുടെ നാട്ടിന്റെ ഗതി എത്ര സുന്ദരമായിരിക്കും. നേരേമറിച്ച് കേവല ഭൂരിപക്ഷത്തിന്റെ മാത്രം ഇംഗിതത്തിനൊത്തു തീരുമാനങ്ങളെടുക്കുകയെന്നതു് ന്യൂനപക്ഷവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം നീതിയുക്തമായിരിക്കില്ല.

ഉദാഹരണമായി ശാബാനു വിധി തന്നെയെടുക്കാം. മൊഴിചൊല്ലി ഒഴിവാക്കിയ ഒരു വിധവക്ക് മനഃപ്രയാസമില്ലാതിരിക്കാൻ ഒരു നല്ല സമ്മാനം നൽകണമെന്നു വിശുദ്ധഖുർആൻ അനുശാസിക്കുന്നു. ആ തുക കൊടുക്കുന്ന ആളുടെ കഴിവ്, വാങ്ങുന്ന ആളുടെ ആവശ്യം, വിവാഹമോചനത്തിനുണ്ടായ കാരണങ്ങൾ മുതലായവ കണക്കിലെടുത്തു് ഓരോ സന്ദർഭത്തിലും



തീരുമാനിക്കേണ്ടതാണ്. ഒരു നല്ല മനുഷ്യൻ ഉദാരമായ ഒരു സമ്മാനം നൽകുന്നു. മറ്റുള്ളവരെ നിർബന്ധിച്ചു ചെയ്യിക്കേണ്ടത് രണ്ടു പാർട്ടികളുടെയും ബന്ധുമിത്രാദികളും സമുദായപ്രവർത്തകന്മാരുമാണ്. വേണ്ടിവന്നാൽ ഒരു മദ്ധ്യസ്ഥനു വിടേണ്ട ഒരു കാര്യമാണിത്. അല്ലാതെ എല്ലാ വിധവകൾക്കും ആജീവനാന്തം ചെലവിനു നൽകേണ്ട ബാദ്ധ്യത മുൻ ഭർത്താക്കന്മാരുടെ മേൽ വെച്ചുകെട്ടുന്നതിന്ന് മതപരമായോ ബുദ്ധിപരമായോ യാതൊരു ന്യായീകരണവുമില്ല.

ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ വിവാഹകാര്യങ്ങളിൽ വളരെ വ്യത്യാസമുണ്ട്. ഹിന്ദുക്കൾ നക്ഷത്രഫലങ്ങളിലും, ജ്യോത്സ്യത്തിലും വിശ്വസിക്കുന്നു. ജാതകംനോക്കി പൊരുത്തപ്പെടുന്നതനുസരിച്ചു വിവാഹം കഴിക്കുന്നു. മുസ്‌ലിംകൾ ഇതെല്ലാം അന്ധവിശ്വാസമാണെന്നു കരുതുന്നു. ഹിന്ദുക്കൾക്കു് വിവാഹം മതപരമായ പുണ്യകർമ്മമാണ്. അഗ്നിയെ സാക്ഷിനിർത്തിക്കൊണ്ട് ആജീവനാന്തം ഒരുമിച്ചു ജീവിക്കുവാൻ ശപഥം ചെയ്തുകൊണ്ടാണ് വിവാഹം. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു കരാറു മാത്രമാണ്– വധുവിന്റെ രക്ഷിതാവ് വധുവിന്റെ സമ്മതത്തോടു കൂടി രണ്ടു സാക്ഷികളുടെ മുമ്പാകെ വരനുമായി ചെയ്യുന്ന കരാർ. വധുവിന്നാവശ്യമായ കാര്യങ്ങളെല്ലാം 'മഹർ' ആയി നിശ്ചയിക്കേണമെന്നാണ് വിധി. ഹിന്ദുക്കൾക്കു വിവാഹമോചനമോ പുനർവിവാഹമോ ഇല്ല. വിധവ ചിതയിൽ ചാടി മരിക്കുന്നതും, മൊട്ടയടിച്ചു ദുഃഖമനുഭവിക്കുന്നതും, നിന്ദിതയായി ഗണിക്കപ്പെടുന്നതും മറ്റും അടുത്ത കാലംവരെ നിലവിലുണ്ടായിരുന്നു. വിവാഹമോചനവും വിധവാവിവാഹവും അടുത്തകാലത്തു നിയമനിർമ്മാണം വഴി നിലവിൽ വന്നതാണ്. ഇസ്‌ലാമിൽ വിവാഹമോചനം വെറുക്കപ്പെടുന്നതാണെങ്കിലും പ്രയാസമില്ലാത്ത കാര്യമാണ്. വിധവാവിവാഹം സർവ്വസാധാരണമാണ്. ഹിന്ദുവനിത വിവാഹിതയാകുന്നതോടെ ഭർത്താവിന്റെ കുടുംബത്തിലെ ഒരംഗമായിത്തീരുന്നു. മുസ്‌ലിംസ്ത്രീയും അങ്ങിനെതന്നെയെങ്കിലും വിവാഹമോചിതയാകുമ്പോൾ പിതാവും സഹോദരനും മറ്റും രക്ഷകർത്താവായി മടങ്ങി വരുന്നു. ഹിന്ദുക്കൾക്ക് ധർമ്മശാസ്ത്രമനുസരിച്ചായാലും ഇൻഡ്യൻ ശിക്ഷാനിയമമനുസരിച്ചായാലും

അവിവാഹിതർ തമ്മിൽ ഉഭയ സമ്മതത്തോടെ ലിംഗബന്ധം നിഷിദ്ധമല്ല; കുററകരമല്ല. മുസ്ലിംകൾക്ക് വിവാഹബന്ധത്തിന്നു വെളിയിലുള്ള എല്ലാ ലിംഗബന്ധങ്ങളും നിഷിദ്ധവും പാപവും ശിക്ഷാർഹവുമാണ്. ഇതൊന്നും കണക്കിലെടുക്കാതെ യാതൊരു ന്യായീകരണവുമില്ലാത്ത ഒരു ബാദ്ധ്യത പുരുഷന്റെ മേൽ വെച്ചുകെട്ടുമ്പോൾ ഉണ്ടാകുന്ന ഭവിഷ്യത്ത് നാം ആലോചിക്കണം.

ഇത്രയും പറഞ്ഞതിൽനിന്ന് മോചനദ്രവ്യത്തിന്റെ കാര്യത്തിൽ ഹിന്ദുക്കൾക്കും മുസ്ലിംകൾക്കും ഒരേ അളവുകോൽ ഉപയോഗിക്കരുതെന്നു വ്യക്തം. ഇതുപോലെതന്നെയാണ് വ്യക്തിനിയമത്തിലെ മററു കാര്യങ്ങളും. മനുഷ്യ പ്രകൃതിക്കനുസരിച്ച നിയമങ്ങളാണവ. അവയുടെ പ്രയോഗത്തിൽ നാം വീഴ്ച വരുത്തുന്നുണ്ടെന്നുള്ളത് സത്യം. വിദ്യാഭ്യാസവും സാമ്പത്തിക ഭദ്രതയും കൈവരുന്നതോടൊപ്പം അതു കുറഞ്ഞുകുറഞ്ഞു വരുന്നുണ്ട്. ഇനിയും കുറയും. മാദ്ധ്യസ്ഥ സംവിധാനം ഏർപ്പെടുത്തുകയാണ് ഏററവും നല്ല പോംവഴി.



# വിവാഹമുക്തയുടെ സംരക്ഷണം

സി.എൻ. അഹമ്മദ് മൗലവിയുടെ ചില വാദമുഖങ്ങളെ ഇവിടെ വിമർശിക്കുന്നത് അദ്ദേഹത്തിന്റെ പ്രായവും മതവിഷയങ്ങളിലും അറബി സാഹിത്യത്തിലുമുള്ള അറിവും കണക്കിലെടുത്തുകൊണ്ടു തന്നെയാണ്.

വിശുദ്ധഖുർആൻ 2:241-ാംനമ്പർ ആയത്തിനു സി. എൻ. മൗലവി തന്റെ മലയാള പരിഭാഷയിലും വ്യാഖ്യാനത്തിലും വർഷങ്ങൾക്കു മുമ്പ് എഴുതിയത് ഇങ്ങിനെയാണ്: 'വിവാഹമോചനം നൽകപ്പെട്ട സ്ത്രീകൾക്ക് മര്യാദയനുസരിച്ച് ജീവിതവിഭവങ്ങൾ നൽകേണ്ടതാണ്. സൂക്ഷ്മതയുള്ളവരുടെ ബാദ്ധ്യതയാണത്.' ഏതു നിലക്കാകട്ടെ വിവാഹമോചനം നൽകപ്പെട്ട സ്ത്രീകൾക്ക് എന്തെങ്കിലും വിഭവങ്ങളോ ദ്രവ്യമോ നൽകി അവരുടെ മന:ക്ലേശം ലഘൂകരിക്കുകയും അവരെ ആദരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഇത് അവർക്ക് അവകാശപ്പെട്ടതാണ്. പുരുഷന്മാർ നൽകേണ്ടത് അവരവരുടെ ബാദ്ധ്യതയുമാണ്. പക്ഷെ നമ്മുടെ നാട്ടുകളിൽ ഇത് വിസ്മരിക്കപ്പെട്ട ഫലത്തിലാണുള്ളത്. വിശുദ്ധഖുർആൻ സൂക്തത്തിന്റെ നേരെ ചൊവ്വെയുള്ള പരിഭാഷയും വ്യാഖ്യാനവുമാണിത്. സ്ത്രീധനം എന്നത്പോലെ, വിധവകളോടുള്ള അവഗണനയും നമ്മുടെ സാമൂഹ്യജീർണ്ണതകളിൽ പെട്ടതാണ്. സമൂഹതലത്തിൽതന്നെ അത് ഒഴിവാക്കണം. അല്ലാതെ എല്ലാ വിധവകൾക്കും മുൻ ഭർത്താവ് ആജീവനാന്തം ജീവനാംശം നൽകണമെന്നു പറയുന്നത് ഖുർആനിക കല്പനയല്ല; സാമൂഹ്യമായി മുസ്ലിംകളെ സംബന്ധിച്ചിടത്തോളം നിർബ്ബന്ധിക്കുന്നതിനു ന്യായീകരണവുമില്ല. ഞാൻ നേരത്തെ ചൂണ്ടിക്കാട്ടിയതു പ്രകാരം പലതരം സാമൂഹ്യവിപത്തുകൾക്ക് അതു കാരണമായേക്കും. ദീർഘകാലം ജീവനാം

ശം നൽകുന്നതിനെ ന്യായീകരിക്കുവാൻ മൗലവിസാഹിബ് 10 ഉദ്ധരണികൾ ഉൾക്കൊള്ളുന്ന ഒരു ലഘുലേഖനം അടിച്ചിറക്കിയിട്ടുണ്ട്. ഇതിൽ ആദ്യത്തെ നാലെണ്ണം ജീവനാംശം നൽകുന്നതിൽ സമയപരിധി നിശ്ചയിച്ചിട്ടില്ലെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. ശാഹ്‌വലിയുള്ള (റ)യും ശൈഖ് മുസ്തഫസ്സുബാഇ(റ)യും മാത്രമാണ് ജീവനാംശം നൽകണമെന്നു ഖണ്ഡിതമായി പറഞ്ഞിട്ടുള്ളത്. മഹ്മൂദ്ഹസൻ ജീവനാംശം നൽകുനതു് വിധവയുടെ മനഃപ്രയാസം ലഘൂകരിക്കാനാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഒരു ആസ്ത്രിയൻമുസ്‌ലിമായ മുഹമ്മദ് അസദിൻെറ പരിഭാഷയുടെ ഒരു കഷ്ണം മാത്രമേ മൗലവിസാഹിബ് ഉദ്ധരിച്ചിട്ടുള്ളു. അതു മുഴുവനായി താഴെ കൊടുക്കാം. 'വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീക്ക് നല്ല നിലയിലുള്ള ജീവനാംശത്തിന് അവകാശമുണ്ട്. ദൈവഭയമുള്ളവർക്കെല്ലാം ഇത് ഒരു ബാധ്യതയാണ്. ഇതു സ്ത്രീയുടെ ഭാഗത്തുനിന്നു നിയമപരമായ യാതൊരു പിഴവുമില്ലാതെ വിവാഹമോചനം നടത്തിയതിനെ സംബന്ധിച്ചു മാത്രമാണ്. പുനർവിവാഹം കഴിയുന്നതുവരെ അവർക്കു കൊടുക്കേണ്ട ജീവനാംശം ക്ലിപ്തപ്പെടുത്താതെ വിട്ടിരിക്കുകയാണ്. ഭർത്താവിൻെറ സാമ്പത്തികാവസ്ഥയും സാമൂഹ്യാചാരവുമനുസരിച്ചായിരിക്കും ഇതു നിശ്ചയിക്കുക.' ഒരു വിധവക്ക് ആജീവനാന്തം ചെലവിന്നു കൊടുക്കണമെന്നു ഇവിടെ പറഞ്ഞിട്ടില്ല. ഖുർആൻ അവരുടെ മനഃപ്രയാസം തീർക്കുവാൻ വേണ്ടി മാത്രമാണ് 'മത്താഅ്' നിശ്ചയിച്ചിട്ടുള്ളത്.

ജീവിതത്തിൽ ഉപയോഗത്തിന്നു പററുന്ന ഏതു വസ്തുവിന്നും മത്താഅ് എന്നു പറയുന്നു. 'മത്താഅ്' കൊടുത്ത സംഭവങ്ങളിൽനിന്നു മനസ്സിലാകുന്നത് ചെലവ് കൊടുത്തു എന്നല്ല. അതിനു 'നഫ്ഖ്' എന്ന പദമാണുപയോഗിച്ചുകാണുന്നത്. വി. ഖു: 2: 241ാം വചനത്തെ വ്യാഖ്യാനിക്കുന്നേടത്തു സയ്യിദ് ഖുത്തുബ് പറയുന്നത് 'മത്താഅ്' എന്നത് 'നഫ്ഖ്' അല്ലായെന്നാണ്. വിവാഹമോചിതക്ക് നൽകപ്പെട്ട 'മത്താഅ്' ഉയർന്നത് ഒരു വേലക്കാരനും കുറഞ്ഞത് ഒരു വെള്ളിയും നന്നെ കുറഞ്ഞത് വസ്ത്രവുമാണെന്ന് ഇബ്നു അബ്ബാസ് പറഞ്ഞതായി തഫ്സീർ ഇബ്നുകസീറിൽ ഉദ്ധരിച്ചിട്ടുണ്ട്. സുഫ്‌യാനുസ്സൗരി പറയുന്നത് വിവാഹമോചിതക്ക് നൽകുന്ന മുത്അത്ത് ഏററവും വലുത് ഒരു വേലക്കാരനും ചെറുത് വെള്ളിയും അതിൽ ചെറുത് വസ്ത്രവുമാണെന്നാണ്. അയ്യൂബ്നുഅബീതൽഹ പറയുന്നത് ഭർത്താവ് ധനികനാണെങ്കിൽ ഒരു വേലക്കാരനും ദരിദ്രനാണെങ്കിൽ മൂന്നു വസ്ത്രങ്ങളുമെന്നത്രെ. ഇമാം ശഅ്ബി (റ) പറയുന്നത് ഒരു മദ്ധ്യനിലക്കുള്ള ഈ മത്താഅ് ഒരു കുപ്പായവും ഒരു മുഖമക്കനയും ഒരു പുതപ്പും ഒരു മൂടുവസ്ത്രവുമെന്നാണ്. ശുറൈഹ വിഭവമായി 500 നാണയം നൽകിയതായി ശഅ്ബി പറയുന്നു. അബ്ദുറസാഖ് പറയുന്നു: 'ഹസനുബ്നു അലിയ്യ് 10,000 നാണയങ്ങൾ വിഭവമായി നൽകിയിട്ടുണ്ട്.' ഇമാം അബൂഹനീഫയുടെ അഭിപ്രായം നോക്കുക. 'മത്താഇൻെറ കാര്യത്തിൽ ഭാര്യാഭർത്താക്കന്മാർ തക്കിക്കുന്ന പക്ഷം അവളെപ്പോലെയുള്ള സ്ത്രീകൾക്ക് ലഭിക്കാവുന്ന മഹ്റ് തുകയുടെ പകുതി കൊടുക്കേണ്ടത് നിർബ്ബന്ധമാണ്.' ഇമാം ശാഫിഈ(റ) പറയുന്നത് ജീവിതാവശ്യത്തിനു പററുന്നത് ഏററവും ചുരുങ്ങിയത് എന്തോ അതല്ലാതെ വല്ലതും കൊടുക്കാൻ വിവാഹമോചനം നൽകിയ ഭർത്താവിനെ നിർബ്ബന്ധിക്കുവാൻ പാടുള്ളതല്ല എന്നാണ്. വിവാഹമോചനം നൽകിയ ഒരു പുരുഷൻ മത്താഅ് നൽകുവാൻ തൻെറ അടുക്കൽ ഒന്നുമില്ലെന്നു നബിയോടു പറഞ്ഞപ്പോൾ അര സാഅ് കാരക്കയെങ്കിലും കൊടുക്കുക എന്നു അവിടുന്നു കൽപിക്കുകയുണ്ടായി.



പഴയ തഫ്സീറുകൾ മുഴുവനും ഇബ്നുകസീറിൻേറതു് പോലെ തന്നെയാണ് മത്താഇനെ വ്യാഖ്യാനിച്ചിട്ടുള്ളത്. തുടർന്നു വന്ന മുഖല്ലിദുകളും അങ്ങിനെ തന്നെ. അടുത്ത കാലത്തു പുറത്തുവന്ന തഫ്സീറുകളും പരിഭാഷകളും പരിശോധിക്കുക: 'മര്യാദപ്രകാരം വല്ലതും അനുഭവിക്കാൻ കൊടുക്കേണ്ടതാണ്.' (മൌദൂദി) 'മര്യാദയനുസരിച്ച് ജീവിതവിഭവങ്ങൾ വല്ലതും നൽകേണ്ടതാണ്.' (കുററനാട് കെ. വി. മുഹമ്മദ് മുസ്‌ല്യാർ) 'കഴിവനുസരിച്ച് അറിയപ്പെട്ട ജീവിതസൗകര്യം നൽകണം.' (മാട്ടൂൽ ടി. കെ. അബ്ദുല്ലമൗലവി) 'ന്യായമായ നിലയിൽ അനുഭവിക്കാൻ അവകാശമുണ്ട്' (കെ. ഉമർമൗലവി) 'ഒരു മാനമായ സമ്മാനം നൽകണം.' (അബ്ദുൽമജീദ് ദര്യാബാദി) 'ദയ നിറഞ്ഞ വിഭവങ്ങൾ നൽകേണ്ടതാണ്.' (മുഹമ്മദ് മാർമഡ്യൂക്ക് പിക്താൾ)

## സംസം ബുക്സിൻെറ മററു പ്രസിദ്ധീകരണങ്ങൾ

സഹാബികൾ

കെ. കെ. മുഹമ്മദ് മദനി
പേജ് 948 വില ക. 150

സഹാബിവനിതകൾ

കെ. കെ. മുഹമ്മദ് മദനി
പേജ് 248 വില ക. 25

വിശ്വാസസംഘട്ടനം

മുഹമ്മദ് ഖുത്തുബ്
വിവ: കെ. കെ. മുഹമ്മദ് മദനി
പേജ് 124 വില ക.15

ABDURAHIMAN MANGAD
KAKKOVE
VAZHAYOOR P.O. 673 633

# ആമുഖം

1985 (ഹിജറ 1405)ലെ റമസാൻ അവസാനത്തെ വെള്ളിയാഴ്ച ഇന്ത്യയിലെ എല്ലാ ജുമുആമസ്ജിദുകളിലും മുസ്ലിംകൾ യോഗം ചേരുകയും ഷാബാനുകേസ്സിൽ ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡ് പുറപ്പെടുവിച്ച വിധിയിൽ ശരീഅത്തിനെ പററി നടത്തിയ പരാമർശങ്ങളിൽ പ്രതിഷേധിക്കുകയും ശരീഅത്ത് സംരക്ഷണത്തിന് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. അടുത്തവർഷം റമസാനിൽ ഒരു വെള്ളിയാഴ്ച ജുമുഅത്ത് പള്ളികളിൽ മുസ്ലിംകൾ വീണ്ടും യോഗം ചേരുകയും ശരീഅത്ത് വിഷയത്തിൽ മുസ്ലിംകളുടെ ന്യായമായ അവകാശങ്ങളും വികാരങ്ങളും കണക്കിലെടുത്ത് രാജീവ്ഗാന്ധി മുസ്ലിം വിധവാസംരക്ഷണബില്ല് പാസ്സാക്കി എടുത്തതിന് അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ടു പ്രമേയം പാസ്സാക്കുകയും അല്ലാഹുവിന്നു നന്ദിരേഖപ്പെടുത്തിക്കൊണ്ട് പ്രാർത്ഥന നടത്തുകയും ഉണ്ടായി. ഈ രണ്ടു റമസാനുകൾക്കിടയിലുള്ള ഒരു വർഷം മുസ്ലിംകളുടെ വ്യക്തിത്വവും മാനവും സംരക്ഷിക്കുന്നതിന്നു വേണ്ടിയുള്ള നിയമവിധേയവും സമാധാനപരവും ആയ ജിഹാദിൻെറ ഒരു കാലഘട്ടമായിരുന്നു.

ഹൈന്ദവരാഷ്ട്രവാദികൾ, കമ്മ്യൂണിസ്റ്റുകാർ, മററു ഭൗതികവാദികൾ, ശരീഅത്ത് വിഷയത്തിൽ മുസ്ലിംകളുടെ നിലപാടു മനസ്സിലാക്കീട്ടില്ലാത്ത അമുസ്ലിംകൾ, മുസ്ലിംകളിൽ തന്നെ വളരെകുറഞ്ഞ ഒരു വിഭാഗമായ മോഡേണിസ്റ്റുകൾ ഇവരെല്ലാം ശരീഅത്ത് പരിഷ്ക്കാരത്തിന്നു വേണ്ടി വാദിച്ചു. പ്രസ്താവനകൾ, ലേഖനങ്ങൾ, പ്രഭാഷണങ്ങൾ, പ്രകടനങ്ങൾ മുതലായവ അന്തരീക്ഷത്തെ കലക്കിമറിച്ചു. മുസ്ലിംകൾ ഒററക്കെട്ടായി ഇടറാതെയും പതറാതെയും ഇതിനെയെല്ലാം ചെറുത്തുകൊണ്ടിരുന്നു. പ്രസ്താവനകളും പത്രലേഖനങ്ങളും പുസ്തകങ്ങൾതന്നെയും അവർ ഇറക്കുകയുണ്ടായി. ഇതിനെയെല്ലാം

അവസാനമായി ഒരു ഓറിയൻറലിസ്ററിൻെറ പരിഭാഷ ഉദ്ധരിക്കാം. "വിവാഹമോചിതയായ സ്ത്രീക്ക് ഒരു നല്ല വിഭവം നൽകട്ടെ. ഇതു ദൈവത്തെ ഭയപ്പെടുന്നവർക്കുള്ള കടമയാണ്"-(ജെ. എം. സോഡ്‌വെൽ)

മേൽ വിവരിച്ച വരികളിൽനിന്നു മനസ്സിലാകുന്നത് മത്താഇനെപ്പററിയുള്ള തീരുമാനത്തിലും വിവാഹമുക്തയായ ഭാര്യയുടെ 'ആവശ്യം' കണക്കിലെടുക്കുന്നില്ലയെന്നതാണ്-കൊടുക്കുന്ന ആളുടെ കഴിവും നാട്ടുസമ്പ്രദായവും മാത്രമാണ് ആലോചിക്കുന്നത്. വിധവയുടെ സംരക്ഷണം അവളുടെ പിതാവിനും മററും നീങ്ങുകയായി. അവരെ പോററി വളർത്തേണ്ടതു മുൻ ഭർത്താവിൻെറ കടമയല്ല. അയാാം അന്യനാണ്. അയാളിൽ നിന്നു ചുമതലയോടുകൂടിയല്ലാത്ത ഒരവകാശം ഒരു മുസ്‌ലിം സ്ത്രീ പ്രതീക്ഷിക്കുന്നില്ല. അവൾക്ക് അതു ഹറാമാണ്.

ഇക്കാര്യത്തിൽ ഏററവും ഉദാരമായ വ്യാഖ്യാനം ഈ ലേഖകൻ കണ്ടത് പണ്ഡിതനായ മുഹമ്മദ്അഹമദ് സ്വാലിഹിൻേറതാണ്:

ഏതു തരത്തിൽപ്പെട്ട വിവാഹമുക്തക്കും മത്താഅ് നൽകൽ നിർബന്ധവും അതു് പുരുഷൻെറ ബാദ്ധ്യതയുമാണ്. താൽക്കാലികമായി മനസ്സിന് ആശ്വാസം ലഭിക്കുവാനും പെട്ടെന്നുണ്ടായ അഭിമാനക്ഷതം ഒരളവോളം പരിഹരിക്കപ്പെടുവാനും വിവാഹമുക്തക്ക് അതു സഹായകമായിത്തീരും. ഖുർആനിൽ നിർദ്ദേശിക്കപ്പെട്ട 'നല്ല നിലയിലുള്ള പിരിച്ചുവിടലിൻെറ' ഒരു പ്രധാന ഘടകമത്രെ ഇതു്. അതേഅവസരം ആജീവനാന്തമോ, പുനർവിവാഹംവരെയോ ഉള്ള ജീവിതച്ചെലവ് എന്ന നിലക്ക് മത്താഅ് വ്യാഖ്യാനിക്കപ്പെടുന്നത്, ഖുർആനും നബിചര്യകൾക്കും നിരക്കാത്തതുമാണ്.

ഖുർആൻ ലളിതവും വ്യക്തവുമായ വിധിവിലക്കുകൾ നൽകുന്നു. വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അതു മാർഗ്ഗദർശനം നൽകുന്നു. അതിനെ മുമ്പിൽ വെച്ചു അതിൻെറ പ്രകാശത്തിൽ കാര്യങ്ങൾ കാണണം. അല്ലാതെ നമ്മുടെ മുൻവിധിയനുസരിച്ച് ഖുർആനികസൂക്തങ്ങളെ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഇരുട്ടിൽ നടന്നുപോകുന്ന ഒരാൾ വെളിച്ചം മുന്നിൽ കാട്ടിക്കൊണ്ടായിരിക്കണമല്ലോ നടക്കേണ്ടത്. മറിച്ച് വെളിച്ചം പിന്നിൽ പിടിക്കുന്ന പക്ഷം നമുക്ക് ലഭിക്കുന്നത് പ്രകാശമല്ല, നമ്മുടെ നിഴൽ മാത്രമാണ്. വി. ഖുർആൻ വ്യാഖ്യാനിക്കുന്നത് വി. ഖുർആൻെറ തന്നെ വെളിച്ചത്തിലായിരിക്കേണ്ടത് ആവശ്യമാണ്. ഖുർആൻ വ്യാഖ്യാനത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു കാര്യമാണിതു്.

13

# പഴയ വീഞ്ഞ്, പുതിയ കുപ്പി

പി. എൻ. എം. കോയട്ടി സാഹിബ് മാതൃഭൂമിയിൽ നാലു ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. വിഷയവുമായി ബന്ധമില്ലാത്ത പല കാര്യങ്ങളും ഉൾപ്പെടുത്തി സത്യവും അർദ്ധസത്യവും അസത്യവും കൂട്ടിക്കലർത്തി എഴുതപ്പെട്ടവയാണീ ലേഖനങ്ങൾ. ഇവക്ക് മറുപടി ആവശ്യമില്ലെങ്കിലും വായനക്കാർ തെററിദ്ധരിക്കാതിരിക്കാൻ വേണ്ടി വിഷയവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ മാത്രം ഇവിടെ പരാമർശിക്കാം.

ശരീഅത്തു സംരക്ഷണത്തിന്ന്, വേണ്ടിവന്നാൽ ഇരുന്നൂറു വർഷം യുദ്ധം ചെയ്യുമെന്ന് ഇബ്രാഹീം സുലൈമാൻ സേട്ടുസാഹിബ് ആവേശപൂർവ്വം പ്രസംഗിച്ചതു് കോയട്ടിസാഹിബിനെ വല്ലാതെ ചൊടിപ്പിച്ചിരിക്കുന്നു. സേട്ടുസാഹിബിനെയോ മുസ്‌ലിംലീഗിനെയോ അറിയുന്ന ആരും തന്നെ സേട്ടുസാഹിബിന്റെ പ്രഖ്യാപനത്തിൽ തെററിദ്ധരിക്കില്ല. ശരീഅത്തു് സംരക്ഷണത്തിനു വേണ്ടി ന്യായമായ മാർഗ്ഗങ്ങളിൽക്കൂടി നിയമവിധേയമായി സമരംനടത്തുമെന്നാണദ്ദേഹം പറഞ്ഞതു്. ഇതു് തികച്ചും സത്യവുമാണ്.

ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് ഒരിക്കലും നിയമലംഘനത്തിന് ഒരുങ്ങിയിട്ടില്ല. വിമോചനസമരകാലത്തും അതിന് ശേഷവും വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ സമാധാനപരമായ സമരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അതവരുടെ മൗലികാവകാശമാണ് താനും. സമാധാനത്തിന് വേണ്ടിയാണ് മുസ്‌ലിംലീഗ് എക്കാലവും നിലകൊണ്ടിട്ടുള്ളതു്. അതിവിടെയുള്ള എല്ലാ നല്ലയാളുകൾക്കും അറിയാം. കോയട്ടി സാഹിബ് ഉദ്ധരിച്ചിട്ടുള്ള "അല്ലാഹു കലാപത്തെ ഇഷ്ടപ്പെടുന്നില്ല" എന്നും, "കലാപം കൊലപാതകത്തെക്കാൾ കടുപ്പമുള്ളതാണ്" എന്നും



മററുമുള്ള ആയത്തുകൾ മർഹൂം സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖിതങ്ങൾ തന്റെ പ്രസംഗങ്ങളിലും സ്വകാര്യ സംഭാഷണങ്ങളിലും ആവർത്തിച്ചു പറയാറുള്ളതാണ്. ഒരിക്കൽ ജുമുഅക്ക് വേണ്ടി ഈ ലേഖകൻ തങ്ങളുടെ അടുത്തിരുന്നപ്പോൾ തങ്ങൾ ഓതിക്കൊണ്ടിരുന്ന മുസ്ഹഫിൽ ഈ ആയത്തുവന്നതു് പ്രത്യേകം കാണിച്ചു തന്നതു ഇന്നും ഓർത്തുപോവുകയാണ്. സമാധാനലംഘനം ഉണ്ടാകുമെന്നു തോന്നിയപ്പോഴെല്ലാം തങ്ങൾ അവിടെ പാഞ്ഞെത്തുകയും, കുററവാളികൾ മുസ്‌ലിംകളാണെങ്കിൽ അവരെ വിളിച്ചുവരുത്തി കുററം സമ്മതിച്ചു പോലീസിനു കീഴടങ്ങുവാൻ ഉപദേശിക്കുകയും നിർബ്ബന്ധിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഈ പാരമ്പര്യം മുസ്‌ലിംലീഗ് തുടർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടു് സമാധാനലംഘനമുണ്ടാകുന്ന ഒന്നുംതന്നെ മുസ്‌ലിംലീഗിന്റെ ഭാഗത്തുനിന്നുണ്ടാവുകയില്ലെന്ന് ധരിച്ച് സമാധാനിക്കാവുന്നതാണ്.

ദേശീയത്വം, ജനാധിപത്യം, മതേതരത്വം എന്നീ മൂല്യങ്ങളെപ്പററിയുള്ള കോയട്ടിസാഹിബിന്റെ വാദമുഖങ്ങൾ തികച്ചും ശരിയല്ല. ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം, ഭൂരിപക്ഷവോട്ടിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങളെല്ലാം എപ്പോഴും ശരിയായിക്കൊള്ളണമെന്നില്ല. അതിനു പരിധികളുണ്ട്. ന്യൂനപക്ഷങ്ങളുടെ ന്യായമായ അവകാശങ്ങൾ ഭൂരിപക്ഷവോട്ടുകൊണ്ട് നിരാകരിക്കുന്നതും ശരിയല്ല. ഭൂരിപക്ഷവോട്ടു കൊണ്ട് മദ്യപാനവും ചൂതുകളിയും നടപ്പാക്കിയാൽ, അവ തെററാണെന്നു വിശ്വസിക്കുന്ന മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം സ്വീകാര്യമാകുമോ? മതേതരത്വം മതനിഷേധമാവരുതു്. ഭൂരിപക്ഷ സംസ്ക്കാരം മററുള്ളവരുടെ മേൽ അടിച്ചേല്പിക്കുകയുമാകരുതു്. ഈ തീരുമാനങ്ങൾ സത്യമാകുന്നതു് അവ മൂല്യാധിഷ്ഠിതങ്ങളാകുമ്പോഴാണ്. ഭരണഘടനകളെ മൂല്യാധിഷ്ഠിതങ്ങളാക്കുവാനാണ് മൗലികാവകാശങ്ങളും നയനിർദ്ദേശക നിയമങ്ങളും അവയിൽ ഉൾപ്പെടുത്തുന്നതു്.

ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷത്തോട് ഇവിടത്തെ ഭൂരിപക്ഷം, ഇവിടെ, മനുസ്മൃതി ഭരണം ഏർപ്പെടുത്താതെയും മററും ഔദാര്യപൂർവ്വമാണ് പെരുമാറുന്നതു് എന്നു ലേഖകൻ പറയുന്നു. മുസ്‌ലിംകളോടു കാണിച്ചിട്ടുള്ള ഔദാര്യങ്ങളുടെ

ഒരു പട്ടികയും അദ്ദേഹം നിരത്തിവച്ചിട്ടുണ്ട്. എന്നാൽ ഇതെല്ലാം മുസ്‌ലിംകളുടെ അവകാശങ്ങളാണ്. ഇത്തരം അവകാശങ്ങളിൽ പലതും ക്രമേണ ഇവിടെ അനുവദിച്ചു കിട്ടുന്നു എന്നുള്ളത് വാസ്തവം. ഈ പട്ടികയിൽ അദ്ദേഹം എടുത്തുകാട്ടിയിട്ടില്ലാത്ത വേറെ പലതും കൂടിയുണ്ട്. അവയെ സംബന്ധിച്ചിടത്തോളം മുസ്‌ലിംകൾ കൃതജ്ഞതയുള്ളവരുമാണ്.

പക്ഷെ ഇവയോരോന്നും നേടിയെടുത്ത കഥ കോയട്ടി സാഹിബിന്നു് അറിയില്ലായിരിക്കാം. ഓരോ അവകാശവും സാധിച്ചെടുക്കുന്നതിന് നടത്തേണ്ടിവന്ന കഠിനാദ്ധ്വാനങ്ങളും ആസൂത്രിതമായ തന്ത്രപ്രയോഗവും ശക്തമായ രാഷ്ട്രീയ സമ്മർദ്ദവും എത്രമാത്രമായിരുന്നു! പന്ത്രണ്ടു വർഷം തിരുവനന്തപുരത്ത് ഭരണതലപ്പത്തും, മുസ്‌ലിം അസോസിയേഷൻ തലപ്പത്തും തുടർന്നു് നാലു വർഷം ചന്ദ്രികയുടെ തലപ്പത്തും ഇരുന്നു് പരിചയമുള്ള ഈ ലേഖകൻെറ അറിവും അനുഭവവും വെച്ചുകൊണ്ട് അതിനു് എത്ര ദൃഷ്ടാന്തങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാൻ സാധിക്കും. മുസ്‌ലിം ലീഗിനു് ഭരണത്തിൽ പങ്കാളിത്തമുള്ള കേരളത്തിലാണിതു്. മററു പ്രവിശ്യകളിലെ കഥ പറയാതിരിക്കലാണ് നല്ലത്.

ഇനിയും എത്രയെത്ര അവകാശങ്ങൾ നമുക്ക് നേടിയെടുക്കേണ്ടതുണ്ട്! സ്വാതന്ത്ര്യലബ്ധിക്കുശേഷം മുസ്‌ലിംകൾ തങ്ങളുടെ അവകാശസംരക്ഷണത്തിനു വേണ്ടി സഹിക്കേണ്ടിവന്ന വേദനകൾക്കും യാതനകൾക്കും കണക്കുണ്ടോ? അവരുടെ ജീവനും സ്വത്തിനും നേരെ ആസൂത്രിതമായ എത്രയെത്ര ആക്രമണങ്ങളാണ് ഇവിടെ നടന്നിട്ടുള്ളതു്? ഇന്നും അവ തുടർന്നുകൊണ്ടേയിരിക്കുകയല്ലേ? അവരുടെ സംസ്കാരത്തെ തളർത്തുവാൻ എന്തെല്ലാം ശ്രമങ്ങൾ നടക്കുന്നു. ഉസ്മാനിയാ യൂനിവേർസിററിയിൽ ഉർദുവിനുള്ള സ്ഥാനം അവസാനിപ്പിച്ചു. അലീഗർ സർവ്വകലാശാലയുടെ മുസ്‌ലിം സ്വഭാവം നിലനിർത്തിക്കിട്ടാൻ എത്ര പാടുപെടേണ്ടിവന്നു? ഉർദുവിൻെറ പ്രാധാന്യം കുറക്കുവാൻ എന്തെല്ലാം ശ്രമങ്ങൾ നടന്നു? ഉത്തർപ്രദേശിലും മററും പെട്ടെന്നു് ഉർദുപഠനം നിർത്തലാക്കിയപ്പോൾ "ദീനീതഅ്‌ലീമികൗൺസിൽ" സ്ഥാപിച്ചു് ഉർദുസ്കൂളുകൾ മുസ്‌ലിംകൾതന്നെ ആരംഭിച്ചുനടത്തിവന്നശേഷം അവയ്ക്കു് അംഗീകാരം ലഭിക്കുവാൻ എത്ര വർഷങ്ങൾ പടവെട്ടേണ്ടിവന്നു. ഇന്നും ചില സംസ്ഥാനങ്ങളിൽ



ഉർദു രണ്ടാംഭാഷയായി അംഗീകരിച്ചിട്ടില്ല. കോയട്ടി സാഹിബും സി. എൻ. അഹമദ് മൗലവിയും ലക്നോവിലെ അതിമനോഹരമായിരുന്ന ഉർദുസംസ്കാരം കാണാൻ ചെന്നപ്പോൾ ഒരു ചെറുപ്പക്കാരൻ ഹിന്ദിലിപിയിൽ എഴുതിയ ഉർദു വായിക്കുന്നതാണ് കണ്ടതെന്നു മൗലവി സാഹിബ് ഈ ലേഖകനോടു പറഞ്ഞിട്ടുണ്ട്. എന്നാൽ ഉർദുവിൻെറ ജന്മനാടായ ഇവിടെ ഉർദു വളരുകതന്നെ ചെയ്യും. പ്രകൃതിദത്തമായ അതിൻെറ ഒഴുക്കും മനോഹാരിതയും അതിനെ നിലനിർത്തും. ഉർദു അക്കാദമി സ്ഥാപിച്ചും മററും ഉർദുവിനെ പരിപോഷിപ്പിച്ചുവരുന്നു. ആകാശവാണിയിലും ദൂരദർശനിലും ഉർദുവിന് കൂടുതൽ കൂടുതൽ സമയം അനുവദിച്ചുവരുന്നു.

സംവരണ പ്രശ്നമാണ് മറെറാന്നു്. ഇതു മുസ്‌ലിംകളുടേതു് മാത്രമല്ല. ഇവിടത്തെ പിന്നോക്കവിഭാഗക്കാരായ ഭൂരിപക്ഷം ജനങ്ങളുടേതും ആണ്.

ഇക്കാര്യത്തിൽ വിവേചനം ഉണ്ടെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇവിടെ അധികാരത്തിൻെറ തലപ്പത്തുള്ളവർ ഭൂരിപക്ഷവും ഉന്നതജാതിക്കാരാണ്. ഒരു സ്ഥാപിതതാല്പര്യമെന്നോണം അതു് നിലനിർത്തുവാൻ അവർ ചതുരുപായങ്ങളും പ്രയോഗിക്കുന്നുണ്ട്. സംവരണത്തെ നിഷ്പ്രയോജനമാക്കുവാൻ എന്തെല്ലാമാണ് അവർ ചെയ്യുന്നതെന്നു് അവരുമായി അടുത്ത സമ്പർക്കം പുലർത്തിയ ഈ ലേഖകനറിയാം. ഗുജറാത്തിൽ അക്രമസമരം തന്നെ അതിനെതിരായി സംഘടിപ്പിച്ചില്ലേ! ഉദ്യോഗങ്ങളിലും മററും എല്ലാ ജാതിമതസ്ഥർക്കും നീതി ലഭിക്കേണ്ടതിനു് ഇനിയും എത്രയോ പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഒരഖിലേന്ത്യാപോളിസി വേണമെന്നു് പ്രധാനമന്ത്രി പറഞ്ഞിട്ടുള്ളതു് മാത്രമാണ് ഇത്തരുണത്തിൽ ആശ്വാസകരമായിട്ടുള്ളതു്. ഇതെല്ലാം അറിയുന്ന ആർക്കും മുസ്‌ലിംലീഗിനെപോലെയുള്ള രാഷ്ട്രീയസംഘടനകളുടെ ആവശ്യം വ്യക്തമാകുന്നതാണ്.

ശരീഅത്ത് നിയമങ്ങളുടെ സംരക്ഷണമാണ് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഒരു ജീവൽ പ്രശ്നം. ഭരണഘടനയിൽ വേണ്ടുന്ന സംരക്ഷണം വാഗ്ദാനം ചെയ്തിട്ടുണ്ട്. മതപ്രചരണം പ്രത്യേകം എടുത്തുപറഞ്ഞത് അക്കാര്യത്തിൽ ആർക്കും അർത്ഥശങ്കക്കിടനല്കരുതു് എന്നുവെച്ചാണെന്നു് കെ.എം. മുൻഷി

പറയുകയുണ്ടായി. ഏക സിവിൽകോഡ് ആരുടെയും മേൽ അടിച്ചേല്പിക്കുന്ന പ്രശ്നമേയില്ലെന്നു ഡോ: അംബേദ്കർ വ്യക്തമാക്കി. എന്നിട്ടും ശരീഅത്തിന്മേൽ കത്തിവെക്കുവാൻ ചിലർ ശ്രമിക്കുന്നതും കോയട്ടിസാഹിബിനെപോലെയുള്ള പ്രബുദ്ധരായ ചില മുസ്‌ലിംകൾ അവരോടു കൂട്ടുചേരുന്നതും കഷ്ടം തന്നെ.

ഗോവധം ചില സംസ്ഥാനങ്ങളിൽ നിരോധിച്ചരിനെ കോയട്ടിസാഹിബ് ന്യായീകരിക്കുന്നു. ഗോമാംസം ഭക്ഷിക്കുന്നതു് മുസ്‌ലിംകൾക്ക് നിർബന്ധമല്ലാത്തതുകൊണ്ട് ഹിന്ദുക്കളുടെ മതവികാരങ്ങളെ മാനിച്ച് അതിൽ നിന്നു ഒഴിഞ്ഞുനില്ക്കുന്നതല്ലേ നല്ലതു് എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം. ഗോവധനിരോധസംഘം മുമ്പ് തിരുവനന്തപുരത്ത് വന്നപ്പോൾ ഞങ്ങളിൽ ചിലർ ഇതു ഒരു മതവികാരത്തിന്റെ പ്രശ്നമാണോ എന്നു ഊന്നിയൂന്നി ചോദിച്ചു. അല്ലെന്നായിരുന്നു അവരുടെ മറുപടി.

മതവികാരത്തിന്റെ പ്രശ്നമാണെങ്കിൽ നമുക്ക് മനസ്സിലാക്കാം. സഹോദര സമുദായത്തിന്റെ വികാരങ്ങളെ മാനിക്കുന്നതിൽ കുറെയൊക്കെ ത്യാഗം സഹിക്കുന്നതിനു ആർക്കും വിരോധമുണ്ടാകയില്ല. പക്ഷെ അതവർ സമ്മതിക്കുന്നുണ്ടോ? സമ്മതിച്ചാൽ വേറെ പലതും മററു സമുദായങ്ങൾക്കുവേണ്ടി സമ്മതിക്കുവാൻ അവരും നിർബന്ധിതരായിത്തീരുമെന്നു അവർ ഭയപ്പെടുന്നു.

മുൻ ഭർത്താവിൽ നിന്നു് ജീവനാംശം ആവശ്യമില്ലെങ്കിൽ അതു മുസ്‌ലിംവിധവകൾ വാങ്ങാതിരുന്നാൽ പോരേയെന്ന് വളരെ ലാഘവബുദ്ധിയോടെ കോയട്ടിസാഹിബ് എഴുതുന്നു. വളരെ തമാശയാക്കിക്കൊണ്ടുതന്നെ. വിധവയെ സംബന്ധിച്ചിടത്തോളം അതു ശരിയാണെന്നു് സമ്മതിക്കാം. എന്നാൽ അന്യായമായ ഒരു കടമ മുൻ ഭർത്താവിന്റെ ചുമലിൽ കെട്ടിവെക്കാമോ? ആവശ്യപ്പെട്ടാൽ കൊടുക്കണം. എന്നാൽ കൊടുക്കാനില്ലാത്തപക്ഷം ഒരു നിയമം ലംഘിച്ചുവെന്ന മനസ്സാക്ഷിക്കുത്തിനിടവരില്ലേ? മത്താഅ് വിധവയുടെ മനസ്സമാധാനത്തിനു വേണ്ടിയുള്ള ഒരു സമ്മാനം മാത്രമാണെന്നു വി. ഖുർആൻ വ്യക്തമായി പറയുന്നു. ഹദീസ് ശരീഫ് അതിനെ ശരിക്കു വ്യാ-



ഖ്യാനിക്കുന്നു. അതു് ഒരു നഷ്ടപരിഹാരമോ ജീവനാംശമോ അല്ല. അതിന്റെ അളവ് നിശ്ചയിക്കുന്നതു് വിധവയുടെ ആവശ്യമോ ജീവിതച്ചെലവുകളോ കണക്കിലെടുത്തല്ല തന്നെ. അവരുടെ സംരക്ഷണത്തിനു് വളരെ നല്ല മാർഗ്ഗങ്ങൾ ശരീഅത്തു് നിശ്ചയിച്ചിട്ടുണ്ട്. ഇതിനെ എതിർക്കുന്നതു് ശരീഅത്തിനെ ഉടക്കുവാൻ മാത്രമാണ്. ഒരു ഖുർആൻപ്രേമി ഇതിനു് കൂട്ടുനില്ക്കുന്നതു് ശരിയല്ല. കോയട്ടിസാഹിബും ഹമീദ്സാഹിബും ഖുർആൻപ്രേമികളാണ്. ബ്രണ്ണൻ കോളേജിൽ വെച്ച് ''ഞാൻ ഏററവും അധികം സ്നേഹിക്കുന്ന പുസ്തകം'' എന്ന പേരിൽ നടന്ന പ്രബന്ധമത്സരത്തിൽ വിശുദ്ധഖുർആനെ പററി പ്രബന്ധമെഴുതി സമ്മാനം വാങ്ങിയ ആളാണ് ഹമീദ് സാഹിബ്. ഇവർ രണ്ടു പേരും മർഹൂം സി ഒ. ടി. കുഞ്ഞിപ്പക്കി സാഹിബ് അദ്ധ്യക്ഷനായുണ്ടായിരുന്ന ഖുർആൻ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ മാസന്തോറും ചർച്ചകൾ സംഘടിപ്പിച്ചിരുന്നു. ഖുർആനിലെ വ്യക്തമായ കല്പനകളെ മാനിക്കുവാൻ നമുക്ക് സാദ്ധ്യമല്ലെന്നോ? വിശുദ്ധ ഖുർആന്റെ ചൈതന്യം, ദൈവികപ്രകാശം, നമുക്ക് ലഭിക്കുന്നില്ലെന്നോ? അതിന്നുവേണ്ടി ഖുർആൻ തന്നെ നിർദ്ദേശിച്ചിട്ടുള്ള ഗുണങ്ങൾ നമ്മിൽ ഇല്ലെന്നോ? അല്ലാഹു നമുക്ക് ഹിദായത്തു് നല്കട്ടെ. ആമീൻ.

## 14

# ഭീരുക്കളുടെ രാജി

1985 ആഗസ്ററ് രണ്ടാം വാരത്തിൽ ചേർന്ന മുസ്ലിം സർവ്വീസ് സൊസൈററി (എം. എസ്. എസ്.)യുടെ ഒരു പ്രത്യേക യോഗത്തിൽ സുപ്രീംകോടതിയുടെ ശാബാനു കേസ്സ് വിധിയെ എതിർത്തും, ഭരണഘടന 44ാം വകുപ്പിൽ നിന്ന മുസ്ലിംകളെ ഒഴിവാക്കുവാൻ ആവശ്യപ്പെട്ടും ശരീഅത്തിന് നിരക്കാത്ത നിലയിൽ ഏകീകൃത സിവിൽ കോഡ് ഉണ്ടാക്കുന്നതിനെ എതിർത്തും ശരീഅത്ത് സംരക്ഷണത്തിനു ആരം ഇന്ത്യാ മുസ്ലിം പേഴ്സണൽ ലാ ബോർഡിനെ പിന്താങ്ങിയും പ്രമേയങ്ങൾ പാസ്സാക്കുകയുണ്ടായി. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് പി. പി. ഉമ്മർകോയ, പി. പി. ഹസ്സൻകോയ, പി. എൻ. എം. കോയട്ടി, കെ. ഹമീദ്, ഡോ: ടി. പി. മുഹമ്മദ് എന്നിവർ എം. എസ്. എസിൽ നിന്നു രാജിവെച്ചു. 'ഒരു സാധു വിധവക്ക് ധനികനായ മുൻ ഭർത്താവ് ചെലവിനു കൊടുക്കേണമെന്ന വിധിക്കുന്നതിൽ എന്താണ് തെററ്? ഇതിനെ എതിർത്താൽ ക്രൂരന്മാരായി ഗണിക്കപ്പെടുകയില്ലേ? ഇതിനെ പരസ്യമായി എതിക്ഷാത്തപക്ഷം നാം 'സാമുദായിക വാദികൾ' ആയി സീൽ കുത്തപ്പെടുകയില്ലെ? ഇതൊക്കെയാണ് ഇവരുടെ ഭയം. ഇത്ര നിസ്സാരമായി തള്ളിക്കളയാവുന്ന ഒരു കാര്യമല്ലെന്നും, ഇന്ത്യൻ മുസ്ലിംകളുടെ വ്യക്തിത്വത്തെ സംരക്ഷിക്കുകയെന്ന അതിപ്രധാനമായ കാര്യമാണെന്നും ഇന്ത്യൻ മുസ്ലിംകൾ ഒററക്കെട്ടായി നിൽക്കുന്ന ഈ സന്ദർഭത്തിൽ ഐക്യധാരയിൽ നിന്നു പുറത്തുപോകുന്നത് ശരിയല്ലെന്നും ഈ യോഗത്തിൽ തന്നെയും അതിനു മുമ്പും, പിമ്പും വിശദീകരിക്കപ്പെട്ടിരുന്നു.

എന്നിട്ടും ഇവർ രാജിയിൽ ഉറച്ചുനിന്നത് കഷ്ടമായിപ്പോയി. വർഷങ്ങൾക്ക് മുമ്പ് എം. ഇ. എസ്സിനെ അന്നു സ്ഥാപിച്ച ഇസ്ലാം ആൻറ് മോഡേൺ ഏജ് സൊസൈററി സ്വാധീനിച്ചതുപോലെ ഇവർ എം. എസ്. എസ്സിനെയും സ്വാധീനിക്കാമെന്നു കരുതിയിരിക്കണം. പക്ഷെ അതു നടന്നില്ല. 4500 അംഗങ്ങളുള്ള എം. എസ്. എസ്സിൽനിന്നു ആറു പേർ മാത്രമേ രാജിവെച്ചുപോയുള്ളു.

'മുസ്ലിം പേഴ്സണൽ ലാ ബോർഡിൻെറ ഒരു കീഴ്ഘടകമായി എം. എസ്. എസ്. തരം താഴ്ന്നുപോയെ'ന്നാണ് ഉമ്മർകോയ സാഹിബിൻെറ പരാതി. ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം മുസ്ലിം ഇന്ത്യയെ ശരിക്കും പ്രതിനിധീകരിക്കുന്ന ലാ ബോർഡിനെപററി ഉമ്മർകോയ സാഹിബിനുള്ള അവജ്ഞക്ക് വിട്ടുവീഴ്ചക്കാരം വിവാദപരമായ അഭിപ്രായങ്ങൾ എം. എസ്. എസ് കൈകാര്യം ചെയ്യുന്നതു ശരിയല്ലെന്നാണ് ഡോക്ടർ മുഹമ്മദ് പ്രസ്താവിച്ചതു്. മുസ്ലിംകൾ ചേരിതിരിഞ്ഞു പ്രവൃത്തിക്കുന്ന കക്ഷിരാഷ്ട്രീയം, മുജാഹിദ്-മുഖല്ലിദ് മുതലായ വിഭാഗീയത എന്നിവക്ക് അതീതമായി സാമൂഹ്യസേവനം ചെയ്യുന്ന ഒരു സംഘടനയാണ് എം. എസ്. എസ്. മുസ്ലിംകളെല്ലാം ഒററക്കെട്ടായി നിലകൊള്ളുന്ന ശരീഅത്ത് സംരക്ഷണത്തിൽനിന്നു ഒഴിഞ്ഞുനിൽക്കുവാൻ അവർക്കു പാടുണ്ടോ? പ്രമേയത്തിലെ ചില ഭാഗങ്ങളോട് എതിർപ്പുണ്ടെങ്കിൽ, ഭേദഗതികൾ സമർപ്പിച്ചും എതിർപ്പ് രേഖപ്പെടുത്തിയും ഇരുന്നാൽ പോരേ?

1937ലെ ശരീഅത്ത് നിയമം ശരീഅത്തിനെതിരാണെന്നു ഡോ: മുഹമ്മദ് പറഞ്ഞതായി മനോരമ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (14. 8. 85) അങ്ങിനെ അദ്ദേഹം പറഞ്ഞിരിക്കുമെന്നു തോന്നുന്നില്ല. ആ നിയമത്തിൽ ഒരു ഖണ്ഡിക മാത്രമേയുള്ളു. കക്ഷികൾ മുസ്ലിംകളാണെങ്കിൽ അവരുടെ വ്യക്തിനിയമങ്ങൾ ഇസ്ലാമിക ശരീഅത്ത് അനുസരിച്ചു വിധിക്കേണമെന്നാണതു്. ഇതെങ്ങിനെ ശരീഅത്തിനെതിരാകും?

രാജിവെച്ചവരെല്ലാം ശാബാനു വിധിയെ അനുകൂലിക്കുന്നു. വിധവക്ക് ആജീവനാന്തം ജീവനാംശം കൊടുക്കേണ്ടതാണെന്നതു് ശരിയാണെന്നാണ് അവരുടെ പക്ഷം. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം മതപരമായും സാമൂഹ്യമായും ഇതു ശരിയല്ലെന്നു് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ഗത്യന്തര

മില്ലാത്ത ഈ വിധവക്ക് ചെലവിനുകൊടുക്കാൻ വിധിക്കാനുള്ള അധികാരം സുപ്രീംകോടതിക്കില്ലെങ്കിൽ പിന്നെ ആർക്കാണെന്നു ഹസ്സൻകോയ ചോദിക്കുന്നു. ഇതത്ര ലാഘവമായി കാണേണ്ട കാര്യമല്ല. സുപ്രീംകോടതി വിശുദ്ധഖുർആൻ വാക്യങ്ങളെ തെററായി വ്യാഖ്യാനിച്ചതിലാണ് എതിർപ്പ്. ഒരു ക്രിമിനൽ നിയമം വ്യാഖ്യാനിക്കുവാൻ ഒരു ഇസ്ലാമിക പണ്ഡിതന്നു അവകാശമില്ലെന്നു പറയുന്നതുപോലെതന്നെയാണ്, സുപ്രീംകോടതിജഡ്ജിക്കു സ്വന്തമായി ഖുർആൻസൂക്തങ്ങൾ വ്യാഖ്യാനിക്കുവാൻ അധികാരമില്ലെന്നു പറയുന്നത്. വിശ്വസിക്കുകയും സൽകർമ്മം ചെയ്യുകയും ചെയ്യുന്ന, ഖുർആനിലും ഹദീസിലും അഗാധ പാണ്ഡിത്യമുള്ള, ശാസ്ത്രവും ചരിത്രവും അറിയുന്ന ഒരാൾക്കുമാത്രമെ ഖുർആൻ സ്വന്തമായി വ്യാഖ്യാനിക്കാനാവൂ. മററുള്ളവരെല്ലാം–അവർ എത്ര വലിയവരാകട്ടെ–അധികാരവ്യാഖ്യാനങ്ങളെ സ്വീകരിക്കുക മാത്രമേ പാടുള്ളു. ഖുർആൻ വ്യാഖ്യാനങ്ങൾ മുഴുവനും, മുസ്ലിംകളുടെ സാമൂഹ്യഘടനയും ഇദ്ദ കഴിഞ്ഞ ഒരു വിധവയെ മുൻ ഭർത്താവിനെ സംബന്ധിച്ചിടത്തോളം തികച്ചും അന്യയായി കരുതുന്നുവെന്നതാണ് സത്യം. അവർക്കു ഇസ്ലാം വേറെ രക്ഷകർത്താക്കൻമാരെ നിശ്ചയിച്ചിട്ടുണ്ട്.

പൊതു സിവിൽകോഡ് വരുന്നതുകൊണ്ട് വലിയ നേട്ടമുണ്ടാകുമെന്ന അഭിപ്രായം തനിക്കില്ലെന്ന് ഉമ്മർകോയ പറയുന്നു. 'പൊതു സിവിൽകോഡിനു ഞാൻ നൂറു ശതമാനം എതിരാണ്'' എന്നു ഹസ്സൻകോയയും പറയുന്നു. എന്നിരിക്കേ ഭരണഘടനയിലെ 44ാം വകുപ്പിലെ മാർഗ്ഗദർശനമനുസരിച്ചു ഏകീകൃതസിവിൽകോഡ് ഉടനെ നിയമിക്കണമെന്നും, അല്ലാത്ത പക്ഷം സമൂഹപരിഷ്ക്കരണം, കോടതികൾ നേരിട്ടു ഏറ്റെടുക്കേണ്ടിവരുമെന്നും ശാബാനു വിധിയിൽ പറഞ്ഞതിനെ എതിർക്കുന്നതിന് ഇവക്കെന്താണ് വൈമനസ്യം? ഏക സിവിൽകോഡിന് നൂറ് ശതമാനം എതിർപ്പുള്ള മി: ഹസ്സൻകോയ ശാബാനുവിധിയെ അംഗീകരിക്കുന്നതിലുള്ള വൈരുദ്ധ്യം മനസ്സിലാക്കാതെവരുമോ?

'ശരീഅത്ത് നിയമം–ഒരു കമ്മീഷൻ വേണം' എന്ന ശീർഷകത്തിൽ 1976 ജൂൺ 9–ാംനു– മി. ഹസ്സൻകോയ 'മാതൃഭൂമി'



യിൽ എഴുതിയ ഒരു ലേഖനം 1985 ഒക്ടോബർ 6–ാംനു– 'കേസരി' പുന:പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതിൽ പറഞ്ഞ കാര്യങ്ങൾ മി. ഹസൻകോയയുടെ സുചിന്തിതമായ അഭിപ്രായങ്ങളാണെന്ന് കരുതാവുന്നതാണ്. അദ്ദേഹത്തിൻെറ ലേഖനത്തിലെ പ്രസക്തഭാഗങ്ങളുടെ രത്നച്ചുരുക്കം ഇങ്ങിനെയാണ്: 'ഇപ്പോൾ നിലവിലുള്ള വ്യക്തിനിയമം ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിട്ടുള്ളതാണ്. മിക്കവാറും പ്രാദേശിക സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കിയാണ് അവ രൂപംകൊണ്ടിട്ടുള്ളത്. 1937ലെ ശരീഅത്ത് നിയമമനുസരിച്ചുള്ള വിശദമായ ഒരു കോഡ് ഉണ്ടായിട്ടില്ല. ഇതിനെപററിയെല്ലാം ശരിയായി അന്വേഷിച്ച് ഒരു ബൃഹത്തായ കോഡ് നിർദ്ദേശിക്കാൻ ഒരു കമ്മീഷനെ നിശ്ചയിക്കാൻ ഇന്ത്യാഗവർമെൻറിനോട് നാം അപേക്ഷിക്കണം. ആ കമ്മീഷൻ തെളിവെടുത്തു ഒരു കോഡുണ്ടാകട്ടെ. അങ്ങനെയുള്ള ഒരു കോഡ് വരുന്നതിന്നു ഹിന്ദുക്കളോ ഇന്ത്യാഗവർമെൻേറാ എതിരാകുമെന്ന് എനിക്കു തോന്നുന്നില്ല. ഹിന്ദുസമുദായത്തെയും ഇന്ത്യാഗവർമെൻറിനെയും സംബന്ധിച്ചേടത്തോളം ശരീഅത്ത് നിയമം മാററുന്നതിൽ അവർക്കു താൽപര്യമുണ്ടെന്നു എനിക്കു ഒട്ടും ആശങ്കയില്ല. കാരണം അവർക്കു അതുകൊണ്ട് ഒന്നുംതന്നെ നേടാനോ നഷ്ടപ്പെടാനോ ഇല്ലെന്നതുതന്നെ.'

ഇപ്പറഞ്ഞത് വളരെ വാസ്തവമാണ്. ഇവിടത്തെ ഭൂരിപക്ഷ സമുദായം മുസ്ലിംകളോടു നീതികാണിക്കുവാനും സഹവർത്തിത്വത്തിൽ ജീവിക്കുവാനും ഇഷ്ടപ്പെടുന്നു. എന്നാൽ അധികാരം കൈവശംവെച്ചിരിക്കുന്നവരും അഭിപ്രായം രൂപീകരിക്കുന്നവരും ദേശീയപത്രങ്ങളും അങ്ങിനെയാണോ? ആണെങ്കിൽ എത്ര നന്നായിരുന്നേനെ. മുസ്ലിംകളിൽനിന്ന് ബ്രിട്ടീഷുകാർ ഇവിടെ അധികാരം പിടിച്ചെടുത്തശേഷം മുസ്ലിംകൾ നിരാശരായി. ഇംഗ്ലീഷ് വിദ്യാഭ്യാസം പോലും അവർ വെറുത്തു. അവരുടെ പ്രാദേശിക സമ്പ്രദായങ്ങളനുസരിച്ചായിരുന്നു വ്യക്തിനിയമങ്ങൾ കൈകാര്യംചെയ്തിരുന്നത്. കച്ചിമേമൺ നിയമവും, മരുമക്കത്തായ നിയമവും മററും അങ്ങിനെ തുടർന്നുപോന്നതാണ്. പിന്നീട് മുസ്ലിംകളിൽ ഉൽബുദ്ധതയോടെ ഇസ്ലാമിക നിയമങ്ങൾ വേണമെന്ന ആവശ്യം ഉയർന്നുവന്നു. ഇന്ത്യൻ പാർലിമെൻറ് അതിനു അനുകൂലമായിരുന്നു.

അങ്ങിനെ കച്ചിമേമൺ നിയമവും, മരുമക്കത്തായവും അവസാനിച്ചു. 1937ൽ ശരീഅത്ത് നിയമം നിലവിൽ വന്നു. ഇനി നമുക്കാവശ്യം ഈ ശരീഅത്ത് നിയമം ശരിക്കും നടപ്പിൽ വരുത്തുവാനുള്ള ശരീഅത്ത് കോർട്ട്പോലെയുള്ള ചില ആവശ്യങ്ങൾ മാത്രമാണ്. ഇതിന് വിഘാതമായി നിൽക്കുന്നത് മുഖ്യമായും ഭരണഘടനയിലെ 44-ാം നമ്പർ നിർദ്ദേശകതത്വമാണ്. ഇതിൽനിന്ന് മുസ്ലിംകളെ ഒഴിവാക്കുവാൻ അവർ ആവശ്യപ്പെടുന്ന ഒരു ടെസ്റ്റ് കെയ്സ് എന്ന നിലയിലാണ് ശാബാനവിധിയിലെ 125ാം നമ്പർ ശിക്ഷാനിയമത്തിൽനിന്നെങ്കിലും അവരെ ഒഴിവാക്കേണമെന്ന ബനാത്ത് വാലയുടെ ബിൽ വഴി ആവശ്യപ്പെട്ടത്.

ശരീഅത്തു നിയമത്തെപ്പററി അന്വേഷിക്കുവാൻ ഒരു കമ്മീഷൻ വേണമെന്ന നിർദ്ദേശം മുസ്ലിംകൾക്ക് സ്വീകാര്യമായിരിക്കയില്ല. വളരെ ലളിതവും വ്യക്തവുമായ ഒരു കാര്യത്തെ സങ്കീർണ്ണമാക്കിത്തീർക്കുവാൻ മാത്രമേ അത്തരം ഒരു കമ്മീഷൻ പ്രയോജനപ്പെടുകയുള്ളു. പി. പി. ഹസൻകോയ എടുത്തുകാട്ടിയ ബഹുഭാര്യത്വം, വിവാഹമോചനം, അനന്തരാവകാശം, ഔഖാഫ്, മോചനദ്രവ്യം മുതലായ കാര്യങ്ങളിൽ സമുദായ മദ്ധ്യത്തിലുള്ള പോരായ്മകളും ജീർണ്ണതകളും അവസാനിപ്പിക്കാൻ ശരീഅത്ത് കോർട്ടുകൾ അനുവദിച്ചുകിട്ടിയാൽമതി. ശരീഅത്തു സംരക്ഷണത്തെ 'നൂറു ശതമാനം' പിന്താങ്ങുന്ന ഹസൻകോയ സാഹിബും മററും മുസ്ലിം ലോ ബോർഡുമായി സഹകരിച്ചു പരിഹാരം കാണാവുന്ന പ്രശ്നങ്ങൾ മാത്രമേ മുസ്ലിംകൾക്കുള്ളു. ക്രിമിനൽ നിയമം, തെളിവ് നിയമം, സാമ്പത്തിക സമാധാനം ഇത്യാദി കാര്യങ്ങളിൽ മുസ്ലിംകൾ ഇവിടത്തെ പൊതുനിയമങ്ങൾ അനുസരിക്കുകയാണ്; സർക്കാർലവലിൽ നടക്കുന്ന അത്തരം കാര്യങ്ങളിൽ അവർക്ക് അതുമാത്രമേ ചെയ്യാനാവൂ.

ഏക സിവിൽകോഡ് വാദത്തെക്കുറിച്ച് സി. എൻ. അഹമ്മദ് മൗലവി എഴുതിയ (മാതൃഭൂമി ആഴ്ചപ്പതിപ്പ്, ആഗസ്റ്റ് 4) കുറിപ്പ് ഇങ്ങനെ പോകുന്നു: ഏക സിവിൽകോഡിനെക്കുറിച്ച് പ്രതിപാദിക്കാൻ ഇവിടെ സൗകര്യമില്ല. ഒററവാക്ക്, ഒരുജാതി ഒരുമതം, ഒരു ദൈവം മനുഷ്യന് എന്ന ആഹ്വാനം... നടപ്പിൽവരുത്തുവാൻ ഇവിടെ ഒററക്കോ കൂട്ടായോ ആരെങ്കിലും



പരിശ്രമിച്ചുവോ! ഇല്ലെങ്കിൽ ഇവർ ഉന്നയിക്കുന്ന ഏക സിവിൽകോഡ് വാദത്തിന്റെ ആത്മാർത്ഥതയിലും അതു നല്ലതിനുവേണ്ടിയാണെന്നും എനിക്കു വിശ്വാസമില്ല. ഇവിടത്തെ ജനവിഭാഗങ്ങൾ മനുഷ്യനെ മനുഷ്യനായി അംഗീകരിക്കാനാദ്യം പഠിക്കട്ടെ. പിന്നീടാണല്ലോ ഏക സിവിൽകോഡ് വാദത്തിന് അവസരം വരുന്നത്. എം. എസ്. എസ്സിൽനിന്നു രാജിവെച്ച് പോയ ഓരോരുത്തരും വായിച്ചു ചിന്തിക്കുവാനുള്ള വരികളാണ് ഇത്.

15

# മദ്ധ്യസ്ഥസമിതികൾ

ശരീഅത്ത് എന്നു കേൾക്കുമ്പോൾ തന്നെ പരിഭ്രമം നടിക്കുന്നവർക്ക് ശരീഅത്ത് കോടതിയെന്നു കേൾക്കുമ്പോൾ വിറളിപിടിക്കാതിരിക്കില്ല. കഴിഞ്ഞ നവമ്പറിൽ കോഴിക്കോട്ടു നടന്ന ഒരു പൊതുയോഗത്തിൽ മുസ്ലിം പേർസണൽ ലാ ബോർഡ് നേതാക്കൻമാർ ശരീഅത്ത് കോടതികളെപററി പറഞ്ഞു. ഉത്തരേന്ത്യയിൽ ബീഹാർ, ഉത്തർപ്രദേശ്, ഒറീസ്സ, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിൽ ശരീഅത്ത് തർക്കങ്ങൾ മദ്ധ്യസ്ഥം പറഞ്ഞുതീർക്കുന്ന കോടതികൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ടെന്നും കേരളത്തിലും അത്തരം കോടതികൾ ഏർപ്പെടുത്തണമെന്നുമായിരുന്നു അവർ പറഞ്ഞത്. ഇത് പത്രങ്ങളിൽ വരേണ്ട താമസം, എൻ. പി. മുഹമ്മദ്, പി. പി. ഉമ്മർകോയ എന്നിവർ മാതൃഭൂമിയിലും അച്ചുതമേനോൻ കേരളകൗമുദിയിലും ഇതിനെ കഠിനമായി വിമർശിച്ചു. ഉമർകോയ ഇത് പ്രായോഗികമല്ലായെന്നു പറഞ്ഞു. മൂന്നു പേരും സമാന്തര കോടതികൾ നടത്തുവാനാണ് ആഹ്വാനം ചെയ്തിരിക്കുന്നതെന്നു ആക്ഷേപിച്ചു. ഇവർക്കൊക്കെ സമാധാനമുണ്ടാകട്ടെന്നു കൂടി കരുതിയാണ് മദ്ധ്യസ്ഥ സമിതിയെന്ന് ഇത്തരം കോടതികളെ വിശേഷിപ്പിച്ചത്. വാസ്തവത്തിൽ അവ അനുരഞ്ജന-മദ്ധ്യസ്ഥസമിതികൾ മാത്രമാണ്. മദ്ധ്യസ്ഥ തീരുമാനങ്ങൾക്ക് നിയമബലം വേണ്ടിവരുമ്പോൾ അവർ 1940ലെ മദ്ധ്യസ്ഥ നിയമം **(Arbitration Act)** അനുസരിച്ചു പ്രവർത്തിക്കുന്നു.

നാഗരികതയുടെ ആരംഭം മുതൽക്ക്തന്നെ ജനങ്ങളുടെ ഇടയിലുണ്ടാകുന്ന തർക്കങ്ങൾ അനുരഞ്ജനം വഴി തീർക്കുക പതിവായിരുന്നു. സർക്കാർകോടതികൾ നിലവിൽവന്നശേഷവും ഇന്നോളം അതു പല നിലവാരങ്ങളിലും തുടർന്നുപോകുന്നു. നിയമനടപടികൾക്ക് സമയനഷ്ടവും ധനനഷ്ടവും



ഉണ്ടാകുന്നതു ഒഴിവാക്കുവാൻ ഇതു സഹായകമാണ്. പുരാതന ഗ്രീസ്, റോമൻ ഭാരതം, അറബി, ചൈനീസ് നാടുകളിലെല്ലാം ഈ സമ്പ്രദായം നടന്നുവന്നതായി ചരിത്രം പഠിപ്പിക്കുന്നു. ഇന്ത്യയിൽ 'പഞ്ച്' എന്നാണ് ഈ സമ്പ്രദായത്തിനു പേർ ഉണ്ടായിരുന്നത്. അതാണ് 'പഞ്ചായത്ത്' എന്നു നാം പറയുന്നത്. അറബി നാടുകളിൽ 'തഹ്കീം' എന്നു പേർ പറഞ്ഞുവന്നിരുന്നു. 'ഹക്കീം' (വിധി കർത്താവ്) എന്ന പേർ അതിൽനിന്നു വന്നതാണ്. തർക്കമുള്ള ഏതാണ്ട് എല്ലാ കാര്യങ്ങളും പാർട്ടികളുടെ സമ്മതപ്രകാരം അനുരഞ്ജനവും മദ്ധ്യസ്ഥവുംവഴി തീർക്കാവുന്നതാണ്. ഇതിന് നിയമങ്ങൾ ആവശ്യമാകുമ്പോൾ ആർബിട്രേഷൻ ആക്ട് അനുസരിച്ച് കോടതിയിൽ നിന്നു ഡിക്രി വാങ്ങാവുന്നതും ആണ്. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഇത് നബി (സ)യുടെയും സഹാക്കളുടെയും മാതൃകയും, പുണ്യമേറിയ കർമ്മവുമാണ്.

വ്യക്തിനിയമങ്ങളിലെ വ്യാഖ്യാനങ്ങളിലേക്കും പ്രായോഗിക വശങ്ങളിലേക്കും കടക്കുമ്പോൾ പല തർക്കങ്ങളും അഭിപ്രായ വ്യത്യാസങ്ങളും താൽപര്യങ്ങളും ഉണ്ടാകാം. ഇതിനെല്ലാം കോടതിയെ സമീപിക്കുന്നതു ശരിയല്ല. തികച്ചും ഫലപ്രദവുമല്ല. ഉദാഹരണമായി സ്ത്രീധനം തന്നെയെടുക്കാം. അതിന്റെ പിരിവുകളായിട്ട് ആഭരണം, സ്വത്ത്, കിടപ്പുമുറി മുതലായ പലതും ഇന്നു നടപ്പിലുണ്ട്. ഇതെല്ലാം തന്നെ ശരീഅത്തിനു യോജിക്കാത്തതും അഴിമതിയും ഇന്ത്യൻ ശിക്ഷാനിയമപ്രകാരം കുററകരവുമാണ്. എന്നാലും ചരിത്രപരവും സാമ്പത്തികവും ആചാരപരവുമായ കാരണങ്ങളാൽ ഇത് ഏതെങ്കിലും രൂപത്തിൽ വിവാഹസമയത്ത് കടന്നുവരുന്നു. ഇതുകൊണ്ടുതന്നെയാണ്, ഈ ഹറാമിയത്തിന്റെ ശിക്ഷയെന്നോണം, നമുക്കു പലവിധ ദുരിതങ്ങളും അനുഭവിക്കേണ്ടിവരുന്നത്. സ്ത്രീധനം നിയമനിഷിദ്ധമായതോടെ അതു കരിഞ്ചന്തയിലേക്ക് കടക്കുകയും കൂടുതൽ സങ്കീർണ്ണമായിത്തീരുകയും ചെയ്തിരുന്നു. ഇതിന്നും ഇതുവരെയുള്ള മററനേകം കാര്യങ്ങൾക്കും ശരിയായ പ്രതിവിധി മാദ്ധ്യസ്ഥസമിതികൾ തന്നെയാണ്. അവ സമുദായതലത്തിൽ സംഘടിപ്പിക്കുമ്പോൾ സമുദായത്തിന്റെ മനഃസാക്ഷിയുടെ പിൻബലം കൂടി ഉണ്ടാകുന്നു. അവയെ ശരീഅത്ത്

കോടതിയെന്നു പറയുന്നതിൽ യാതൊരു അപാകതയുമില്ല. കോടതിയെന്നതു് ഗവർമെൻറ് കോടതികൾക്കു മാത്രമുള്ള പേരൊന്നുമല്ലല്ലോ.

നമ്മുടെ ഖാസിമാരുടെ കീഴിലോ വേറെ വല്ല നിലയിലോ ശരീഅത്ത് കോടതികൾ ഉണ്ടായാലും ഇല്ലെങ്കിലും നമ്മുടെ സാമൂഹ്യസംഘടനകൾക്ക് ഇക്കാര്യത്തിൽ ഫലപ്രദമായ സേവനങ്ങൾ അർപ്പിക്കുവാൻ കഴിയും. ഓരോ സംഘടനയുടെയും ആഭിമുഖ്യത്തിൽ ഒരു മാദ്ധ്യസ്ഥസമിതിയുണ്ടായിരിക്കണം– സംഘം പ്രവർത്തകൻമാരുടെയും അനുഭാവികളുടെയും ഇടയിൽ നിന്ന് തെരഞ്ഞെടുത്ത കഴിവും സേവനതല്പരതയുമുള്ള ഒരു ചെറിയ കമ്മിററി. ഈ കമ്മിററിക്ക് ആവശ്യമുള്ളപ്പോൾ മതപണ്ഡിതന്മാരുടെയും നിയമപണ്ഡിതൻമാരുടെയും നാട്ടുപ്രമാണിമാരുടെയും സഹായം ലഭ്യമാകുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം. ശരീഅത്തുകാര്യങ്ങളിൽ ചെയ്യാവുന്ന ചുരുക്കം ചില സംഗതികൾ ഇവിടെ കൊടുക്കാം:–

1. വിവാഹാലോചന നടക്കുമ്പോൾ രണ്ടു പാർട്ടികളുടെയും സമ്മതപ്രകാരം സ്ത്രീധനം മുതലായ ഇടപാടുകളെപ്പററി സംസാരിക്കുക, മതവിധികൾക്കും നാട്ടിലെ നിയമങ്ങൾക്കും നിരക്കാത്ത സമ്പ്രദായങ്ങൾ സമൂഹത്തിൽ വരുത്തിവെക്കുന്ന വിനകളെപ്പററി സംസാരിക്കുകയും വിവിധ ദീനീ വിധികളനുസരിച്ചായിരിക്കാൻ കക്ഷികളെ പ്രേരിപ്പിക്കുകയും ചെയ്യുക. ധർമ്മവിവാഹമാണെങ്കിൽ പെണ്ണിൻെറ ഭാഗത്ത് നിന്നു സ്ത്രീധനവും ആഭരണങ്ങളും മററും കണ്ടുപിടിക്കുന്നതിന് പകരം, വധൂവരന്മാർക്ക് വിവാഹസമയത്ത് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്ത് പാഴ്ചിലവ് ഒഴിവാക്കി കല്യാണംനടത്തുവാൻ സഹായിക്കുക.

2. വിവാഹത്തിനുശേഷം ഭാര്യാഭർത്താക്കന്മാർ രമ്യമായി കഴിഞ്ഞുകൂടാനും അവരുടെ ഇടയിൽ ഉണ്ടായേക്കാവുന്ന സ്വരച്ചേർച്ചയില്ലായ്മക്ക് അപ്പപ്പോൾ പരിഹാരം കാണുവാനും ഒരു ഉപദേശകനെ നിശ്ചയിച്ചു കൊടുക്കുക.

3. അന്യോന്യം യോജിച്ചു പോകാൻ തീരേ നിവൃത്തിയില്ലെന്നും വിവാഹമോചനമേ പോംവഴിയുള്ളുവെന്നും ഒരു കക്ഷി പറയുകയാണെങ്കിൽ ഉഭയകക്ഷികളുടെ സമ്മതപ്രകാരം



അനുരഞ്ജനത്തിനോ വേണ്ടിവന്നാൽ മദ്ധ്യസ്ഥം പറയുവാനോ ഒന്നോ അധികമോ ആളുകളെ ഏർപ്പെടുത്തുക. ഇവർ സംഗതികൾ ശരിക്കും അന്വേഷിച്ച്, കക്ഷികളെ ഉപദേശിച്ചു നല്ല തീരുമാനം എടുക്കുക. ഇക്കാര്യത്തിൽ വിശുദ്ധഖുർആൻ കൽപിക്കുന്ന നിർദ്ദേശങ്ങൾ പഠിക്കുവാൻ കക്ഷികളെ പ്രേരിപ്പിക്കുക.

4. ഇനി വിവാഹമോചനംതന്നെയാണ് തീരുമാനമെങ്കിൽ കക്ഷികൾ തമ്മിലുള്ള പണമിടപാടുകളെപ്പററി മദ്ധ്യസ്ഥംപറഞ്ഞു തീരുമാനമെടുക്കുക. ഈ തീരുമാനത്തിന് നിയമബലം വേണ്ടതുകൊണ്ട് 1940ലെ ആർബിട്രേഷൻ ആക്ടനുസരിച്ചുള്ള വ്യവസ്ഥകൾ ശരിക്കും പാലിക്കേണ്ടതാണ്. മുദ്രക്കടലാസിൽ ഒരു ഉടമ്പടിയെഴുതിവാങ്ങേണ്ടതും ഇരുകക്ഷികൾക്കും സ്വീകാര്യനായ ഒരാളോ, ഓരോ കക്ഷിയുടെയും ഓരോ നോമിനിയും അവർ രണ്ടു പേരുംകൂടി തെരഞ്ഞെടുക്കുന്ന മൂന്നാമതൊരാളും ചേർന്നോ ആയിരിക്കുന്നതുനന്നു. ഈ മദ്ധ്യസ്ഥന്മാർ രണ്ടു പാർട്ടികളുടെയും ന്യായവാദങ്ങൾ കേൾക്കുകയും വേണ്ടുന്ന അന്വേഷണങ്ങൾ നടത്തുകയും വേണം. മഹർ, വധുവിൻെറ സ്വർണ്ണാഭരണങ്ങളോ മറേറാ കടപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ, മത്താഅ് മുതലായ സംഗതികളെപ്പററി പഠിക്കുകയും ശരീഅത്തനുസരിച്ച തീരുമാനങ്ങൾ എടുക്കുകയും വേണം. ഒരു വിശ്വാസയോഗ്യനായ മതപണ്ഡിതൻെറയും, നിയമവിദഗ്ധൻെറയും സഹായം ഒഴിച്ചുകൂടാത്തതാണ്. മദ്ധ്യസ്ഥം നിയമവിധേയമാകുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

മദ്ധ്യസ്ഥ തീരുമാനം എഴുതി നിയമപ്രകാരം കോടതിയിൽ ഹാജരാക്കേണ്ടതും, ഒരു ഡിക്രി വാങ്ങിയിരിക്കേണ്ടതുമാണ്.

5. വിവാഹമോചിതയാകുന്ന സ്ത്രീയുടെ ഭാവിസംരക്ഷണത്തെപ്പററി സമിതി ശ്രദ്ധിക്കേണ്ടതാണ്–അവൾ സാധുവാണെങ്കിൽ ഇദ്ദ കഴിഞ്ഞ ഉടനെ അല്ലെങ്കിൽ പ്രസവവും പ്രസവാനന്തര ശുശ്രൂഷയും കഴിഞ്ഞ ഉടനെ പുനർവിവാഹത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അതു സാദ്ധ്യമല്ലെങ്കിൽ സംരക്ഷണത്തിനു ശറഅ് നിശ്ചയിച്ച മാർഗ്ഗങ്ങൾ ശരിപ്പെടുത്തികൊടുക്കണം.

6. രണ്ടാംവിവാഹത്തിന്നു ഒരുങ്ങുന്ന ആളെ കണ്ടു്, അതിനെ സംബന്ധിച്ച ഖുർആൻ നിബന്ധനകൾ അയാളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി, അവയനുസരിക്കുവാൻ നിർബന്ധിക്കേണ്ടതാണ്.

7. അനന്തരാവകാശ നിയമങ്ങൾ, വിധവകളുടെയും അനാഥകളുടെയും സംരക്ഷണം എന്നീ കാര്യങ്ങളിലും ബന്ധപ്പെട്ട കക്ഷികളുടെ ഇടയിൽ അനുരഞ്ജന സംഭാഷണം നടത്തുകയും വേണ്ടിവന്നാൽ മദ്ധ്യസ്ഥം പറയുകയും വേണം. മദ്ധ്യസ്ഥമാണെങ്കിൽ ആക്ടനുസരിച്ച നിബന്ധനകൾ പാലിക്കണം.

8. സമുദായമദ്ധ്യത്തിൽ വഖഫുകളുടെ ഭരണത്തെപ്പററിയും മററുമാണ് അനേകം കെയ്സുകൾ നടക്കുന്നത്. മിക്കവാറും വാശിയും വൈരവുംകൊണ്ടുണ്ടാകുന്ന കേസ്സുകളാണിവ. മദ്യസ്ഥസമിതികൾ ഇത്തരം കേസുകളിൽ ഇടപെട്ടുതീർപ്പുണ്ടാകുന്നതു വളരെ നല്ല സേവനമായിരിക്കും. പള്ളിത്തർക്കങ്ങളും മററും ഉണ്ടാകുമ്പോൾ ഉഭയകക്ഷികൾക്കും സ്വീകാര്യവും ബഹുമാനവുമുള്ള വ്യക്തികളെയായിരിക്കണം മദ്ധ്യസ്ഥത്തിനു വിടേണ്ടതു്. മുഖല്ലിദ്, മുജാഹിദ് തർക്കങ്ങൾ സമുദായശരീരത്തെ വളരെയധികം ക്ഷയിപ്പിക്കുന്നുണ്ടെന്നു് എല്ലാവരും ഓർക്കേണ്ടതാണ്. ശരീഅത്ത് സംരക്ഷണത്തിൽ സമുദായത്തിലെ എല്ലാ വിഭാഗങ്ങളും ഒന്നുചേർന്നിട്ടുണ്ടല്ലോ. ശരീഅത്ത് സംരക്ഷണത്തിന്റെ സിരാകേന്ദ്രങ്ങളാണ് നമ്മുടെ പള്ളികൾ. അവിടങ്ങളിലേക്കും ഈ യോജിപ്പിനെ നാം നീട്ടിക്കൊണ്ടുപോകേണ്ടതാണ്. അല്ലാത്തപക്ഷം നമ്മുടെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടും. നാം അല്ലാഹുവിന്റെ മുമ്പാകെ കുററക്കാരായിപോകും.

ഇത്തരം മദ്ധ്യസ്ഥസമിതികൾ ഏർപ്പെടുത്തി പരിശോധിക്കേണ്ട കാര്യം ഊന്നിപ്പറഞ്ഞുകൊണ്ട് പ്രൊ. വി. മുഹമ്മദ് ചന്ദ്രികയിൽ ഒരു ലേഖനം എഴുതിയിരുന്നു. അദ്ദേഹം എഴുതുന്നതു നോക്കുക: ‘‘ഫുഡിംഗിന്റെ രുചി അതു തിന്നുന്നതിലാണ് എന്നർത്ഥമുള്ള ഒരിംഗ്ലീഷ് പഴമൊഴിയുണ്ട്. ഇതു് ശരീഅത്ത് കോടതിക്കും ബാധകമാണ്. അതൊന്നു രുചിച്ചു നോക്കാം. മുസ്ലിംകൾക്കു് അതാവശ്യമാണ്. മനുഷ്യസമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി നിലകൊള്ളേണ്ട മുസ്ലിംകൾ അവരുടെ തന്നെ ഐക്യം പ്രകടമാക്കുന്നതും ആവശ്യമാണ്.’’



ഫാറൂഖ് കോളേജിലെ മുൻ പ്രിൻസിപ്പാളും, ശാസ്ത്രവിചാരം മാസികയുടെ ചീഫ് എഡിററും ആയ മുഹമ്മദ് സാഹിബ് പൊതുജനസമ്മതനും എം. എസ്. എസ്സിന്റെ പ്രസിഡന്റും ആണ്. എം. എസ്. എസ്സും അതുപോലുള്ള സംഘടനകളും കേരളത്തിലുണ്ടല്ലോ. അവയെല്ലാം ഈ ഫുഡിംഗ് വിളമ്പട്ടെ. വളരെ നല്ല രുചിയുണ്ടാകുമെന്നതിൽ സംശയമില്ല.

തരംതിരിച്ച് അപഗ്രഥിച്ച്, കല്ലും നെല്ലും വേർതിരിച്ചുകാട്ടുന്ന കുറെ ലേഖനങ്ങൾ ചന്ദ്രിക ദിനപത്രത്തിലും വാരികയിലും ഈ ലേഖകൻ എഴുതുകയുണ്ടായി. അവയുടെ സമാഹാരമാണ് ഈ ചെറുഗ്രന്ഥം. ചില ലേഖനങ്ങളിൽ ചില വാക്യങ്ങളും ഖണ്ഡികകളും കൂട്ടിച്ചേർത്തിട്ടുണ്ട്. രണ്ടു ലേഖനങ്ങൾ പുതുതായും എഴുതിച്ചേർത്തിരിക്കുന്നു. ഈ പുസ്തകത്തിന്റെ ആദ്യഭാഗങ്ങളിൽ ശരീഅത്തിനെ പററിയുള്ള ഖുർആനികകല്പനകൾ വിശദീകരിച്ചതുകാണാം. ശരീഅത്ത് സംരക്ഷണത്തെപററി സാധാരണക്കാരായ മുസ്ലിംകളും അമുസ്ലിംകളും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെല്ലാം ഈ പുസ്തകത്തിൽ ഒരിടത്തല്ലെങ്കിൽ മറെറാരിടത്ത് വായിക്കാവുന്നതാണ്. ഈ ലേഖനം തയ്യാറാക്കിയതു്, എന്റെ വലത്തെ കണ്ണ് ഓപ്പറേററ് ചെയ്തു വിശ്രമിച്ചു കൊണ്ടിരുന്ന അവസരത്തിലാണ്. ഇടത്തെകണ്ണിനു തിമിരം വർദ്ധിച്ചും കഴിഞ്ഞിരുന്നു. എഴുതുവാനും വായിക്കുവാനും വളരെ പ്രയാസമുണ്ടായിരുന്നിട്ടും ഞാൻ ഈ ജോലി ചെയ്തത് സമുദായത്തോടുള്ള ഒരു ബാദ്ധ്യത എന്ന നിലയിൽ മാത്രമാണ്.

പത്രലേഖനങ്ങളും പുസ്തകങ്ങളും കയ്യെഴുത്തുകുറിപ്പുകളും വായിച്ചുതന്നതും ഞാൻ പറഞ്ഞു കൊടുത്തതുകേട്ട് എഴുതിയതും അവ പകർത്തിത്തന്നതും എന്റെ ഭാര്യയും അളിയനും മക്കളും മക്കളുടെ മക്കളും ശാസ്ത്രവിചാരം ഓഫീസിലെ രണ്ടു സുഹൃത്തുക്കളും ആണ്. ഇത്രയേറെ പരസഹായം വേണ്ടിവന്ന ഒരു ലേഖനസംരംഭം എന്നെസംബന്ധിച്ചിടത്തോളം ഇതിന്നുമുമ്പു ഉണ്ടായിട്ടില്ല. ചന്ദ്രിക എഡിററർ സി. കുഞ്ഞൂട്ടിസാഹിബ് ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും കെ. പി. കുഞ്ഞിമൂസ സാഹിബ് ഭംഗിയായി എഡിററ് ചെയ്യുകയും പ്രൊഫസ്സർ വി. മുഹമ്മദ് സാഹിബ് പ്രഗൽഭമായ ഒരവതാരിക എഴുതിത്തരികയും ചെയ്തവരാണ്. ഈ ലേഖനങ്ങൾ ചന്ദ്രികയിൽ വന്നു തുടങ്ങിയപ്പോൾ തന്നെ ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാമെന്നു ഏൽക്കുകയും ഇതിന്റെ പ്രസാധനം ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തത് സംസം ബുക്സ് (തിരുവനന്തപുരം) ആകുന്നു. സ്നേഹപൂർവ്വം ചെയ്തുതന്ന ഈ സഹായസഹകരണങ്ങൾക്ക് ഞാൻ ഇവരോടെല്ലാം വളരെയേറെ കട



പ്പെട്ടിരിക്കുന്നു. അവരോട് എനിക്കുള്ള അകൈതവമായ നന്ദി ഇവിടെരേഖപ്പെടുത്തട്ടെ.

ശരീഅത്തിനോടുള്ള എതിർപ്പ് ശക്തിയായിതന്നെ തുടന്നുപോകയാണ്. അതിന്നെതിരായുള്ള നമ്മുടെ പരിശ്രമങ്ങൾ സത്യസന്ധമായും ശക്തിയായും നമുക്കും തുടന്നുപോകേണ്ടതുണ്ട്. അല്ലാഹു നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ—ആമീൻ.

ടി. പി. കുട്ടിയമ്മു, **B. E, F. I. E**

16

# വികലവീക്ഷണം

ശരീഅത്ത് വാദം മുസ്ലിംലീഗിൻെറയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും രാഷ്ട്രീയകളിയാണെന്ന ഡോ: ടി.പി. മുഹമ്മദ് പറയുമ്പോൾ പി. വി. ശൗക്കത്തലിക്ക ഇത് മുസ്ലിംലീഗിൻെറ സൃഷ്ടിയാണെന്നതിൽ സംശയമില്ല. സി. എൻ. അഹമ്മദ് മൗലവിയാകട്ടെ ശരീഅത്തും രാഷ്ട്രീയക്കാരുടെ പന്താട്ടവും എന്ന ഒരു ലേഖനം തന്നെ മാതൃഭൂമി വാരികയിൽ പ്രസിദ്ധീകരിച്ചുകളഞ്ഞു. മുസ്ലിം വിധവക്ക ജീവനാംശം നൽകുന്നത് ശരിയാണെന്ന പറഞ്ഞതൊഴിച്ചാൽ മൗലവിസാഹിബിൻെറ ലേഖനത്തിലെ വാദമുഖങ്ങൾ വ്യക്തമല്ല. ഇരുതല വാരം പോലെ എല്ലാ രാഷ്ട്രീയക്കാരെയും ആഞ്ഞുവെട്ടുകയാണ് അദ്ദേഹം. രാഷ്ട്രീയക്കാരുടെ തട്ടിപ്പും വെട്ടിപ്പും ഇന്ന് എല്ലാവർക്കും അറിയുന്നതാണ്. അതിലെ കുത്തക ഒരു സ്ഥാപിതതാൽപര്യമായി വളർന്നുകൊണ്ടിരിക്കുകയുമാണ്. എന്നാൽ രാഷ്ട്രീയക്കാർ പൗരന്മാരിൽ പെട്ട ഒരു വിഭാഗമാണെന്നും, ഇന്ത്യൻജനതയെ പൊതുവായി ബാധിച്ചിട്ടുള്ള ജീർണ്ണത അവരിലും കാണുന്നുവെന്നും, ഒരു ജനതയ്ക്കു അവരർഹിക്കുന്ന ഭരണകർത്താക്കളെയാണ് കിട്ടുകയെന്നും നാം ഓർക്കണം. സാധാരണ പൗരന്മാരിലെന്ന പോലെ രാഷ്ട്രീയക്കാരിലും ഒരു നല്ല ഭാഗം വളരെ നല്ലവരുണ്ട്. സ്വന്തം താൽപര്യങ്ങളെ മാററിനിർത്തിയാൽ പൊതുവെ ന്യായമായും നീതിയോടെയും തന്നെയാണ് ഇവിടെ കാര്യങ്ങൾ നീങ്ങുന്നത്.

ശരീഅത്ത് വിഷയത്തിൽ ഇന്ത്യൻ മുസ്ലിംകൾക്ക് രാഷ്ട്രീയ പരിഗണനയില്ലേയില്ലെന്ന പച്ചപ്പരമാർത്ഥം ഏവക്കും അറിയാവുന്നതാണ്. മജ്ലിസെ മുശാവറ, മുസ്ലിംലീഗ്, മജ്ലിസ്, ഇത്തിഹാദുൽ മുസ്ലിമീൻ, തഅ്മീറെമില്ലത്ത് മുതലായ മുസ്ലിം പാർട്ടികൾ എല്ലാം മുസ്ലിം ലോ ബോർ



ഡിലെ അംഗങ്ങളാണ്. അവർ ശരീഅത്ത് വിഷയത്തിൽ ഒററക്കെട്ടായി നിൽക്കുന്നു. കോൺഗ്രസ്സ് സെക്രട്ടറി നജ്മഹിഫ്തുല്ല, കേന്ദ്രമന്ത്രി സിയാവുർറഹ്മാൻ അൻസാരി എന്നിവരുടെ നേതൃത്വത്തിൽ മുസ്ലിം എം. പി. മാർ ശരീഅത്ത് സംരക്ഷണത്തിനെ പിന്താങ്ങിക്കൊണ്ട് പ്രധാനമന്ത്രിക്ക് നിവേദനം നൽകി. ആർ. എസ്.എസ്. ചായ്വുള്ള ബി. ജെ. പി. കേന്ദ്രക്കമ്മിററിയിലെ രണ്ടു മുസ്ലിം മെമ്പർമാർ ശരീഅത്ത് അനുകൂലമായ നിലപാട് സ്വീകരിച്ചു. ജനതാപാർട്ടി സെക്രട്ടറി ശിഹാബുദ്ദീൻ കറകളഞ്ഞ ശരീഅത്ത് വാദിയായി. ബി. ജെ. പി. യും കമ്മ്യൂണിസ്റ്റ്പാർട്ടികളുമൊഴിച്ചു മററെല്ലാ ദേശീയ പാർട്ടികളുടെയും സമീപനം മുസ്ലിംകൾ തന്നെ ആവശ്യപ്പെടാതെ അവരുടെ ശരീഅത്തുനിയമം മാററാൻപാടില്ല എന്നതാണ്". അമുസ്ലിംകൾക്ക മനസ്സിലാകാത്തതു് മതം ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതു് എന്തിനാണെന്നാണ്. എന്നാലും മുസ്ലിംകളുടെ കൂട്ടായ വോട്ടിന് അവർക്ക കണ്ണുണ്ട്. അതുകൊണ്ട് മുസ്ലിംവികാരങ്ങളെ മാനിക്കുവാൻ അവർ നിർബന്ധിതരായിത്തീരുന്നു. അവരുടെ അഭിപ്രായത്തോടു യോജിപ്പ് പ്രകടിപ്പിച്ചാൽ അവരുടെ കയ്യടിവാങ്ങാമെന്നതാണ് മുസ്ലിം മിതവാദികളുടെ ഉള്ളിലിരുപ്പ്. ശരീഅത്ത് ബോർഡിനു് അതു കിട്ടിക്കഴിഞ്ഞു. ദേശീയ പത്രങ്ങളും കമ്മ്യൂണിസ്റ്റ് പത്രങ്ങളും അവർക്ക വെണ്ടക്ക നിരത്തി. പതിനൊന്നരകോടി ജനസംഖ്യവരുന്ന ഇന്ത്യൻമുസ്ലിംകളിൽ ഇക്കൂട്ടർ പതിനായിരത്തിലൊന്നുപോലുമില്ലെന്നതു് 'ജനാധിപത്യവിശ്വാസി'കളായ ഇവർ ഗണിക്കുന്നില്ല.

അഖിലേന്ത്യാ മുസ്ലിം പേർസണൽ ലോബോർഡിൻെറ യോഗ്യതയും പ്രാതിനിധ്യസ്വഭാവവും നേരത്തെ വിശദീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ഈ ആൾ ഇന്ത്യാ ശരീഅത്തു ബോർഡിൽ ഒരൊററ മുസ്ലിം പണ്ഡിതനുമില്ലെന്നും സമുദായത്തിൻെറ പ്രാതിനിധ്യം തീരെയില്ലെന്നും ആർക്കാണ് അറിഞ്ഞുകൂടാത്തതു്? എന്നിട്ടും മി: ഉമ്മർകോയ പറയുന്നു, 'എം. എസ്. എസ്. മുസ്ലിം പേർസണൽ ലോബോർഡിൻെറ ഒരു കീഴ്ഘടകമായി തരം താഴ്ന്നുപോയെന്നു്. സയ്യിദ് അബുൽ ഹസൻഅലി നദ്വിയും മൌ: അബുല്ലൈസ് ഇസ്ലാ

ഹിയും ഇബ്രാഹീം സുലൈമാൻ സേട്ടുവും എവിടെ? ശൌക്കത്തലിയും ആര്യാടനും എവിടെ?

ഖുർആനും സുന്നത്തും അനുസരിച്ച് ശരീഅത്തുനിയമങ്ങൾ ക്രോഡീകരിക്കുകയാണ് ഇവരുടെ ഉദ്ദേശമെന്നു 'ശരീഅത്ത് ബോർഡ്'' പ്രസിഡണ്ട് ഒന്നിലധികം തവണ പ്രഖ്യാപിക്കുകയുണ്ടായി. സുന്നത്തും എന്നു ചേർത്ത് ഓക്കാപ്പുറം പറഞ്ഞതാണോ എന്തോ! ഇവരുടെ മുൻഗാമികളായിരുന്ന മോഡേൺ ഏജ് സൊസൈററിക്കാർ 'സുന്നത്തി'നെപ്പററി പറയാൻ ധൈര്യപ്പെട്ടിരുന്നില്ല. സുന്നത്തിനെയും ഫിഖ്ഹിനെയും അവരുടെ ഉപദേശകൻമാരായ ഓറിയൻറലിസ്റ്റുകൾ നേരത്തെ വധിച്ചു കഴിഞ്ഞതായിരുന്നുവല്ലോ. മുസ്‌ലിം വിധവക്ക് ജീവനാംശം നൽകൽ ആവശ്യമാണെന്നും ബോർഡ് അഭിപ്രായം രേഖപ്പെടുത്തി. വിവാഹമോചനത്തെത്തുടർന്ന്, വിധവയുടെ മനഃപ്രയാസം നീക്കുവാൻ ഒരു നല്ല സമ്മാനം നൽകേണമെന്നാണ് വിശുദ്ധഖുർആൻ കൽപിക്കുന്നത്. ഈ സമ്മാനം മുൻ ഭർത്താവിൻെറ സാമ്പത്തിക സാമൂഹ്യനിലയെ അനുസരിച്ചായിരിക്കുമെന്നും വിധവയുടെ ആവശ്യം കണക്കിലെടുക്കേണ്ടതില്ലെന്നുമാണ് ഹദീസ് ശരീഫ് പഠിപ്പിക്കുന്നത്. ഹിന്ദുക്കൾക്ക് ഇത്തരം ജീവനാംശം ന്യായീകരിക്കപ്പെടാമെങ്കിലും മുസ്‌ലിംകൾക്ക് അതു പാടില്ല. വിധവ മുൻഭർത്താവിനു അന്യയാണ്. ഒരു ബാദ്ധ്യതയും അന്യോന്യം പാടില്ല. വിധവയെ സംരക്ഷിക്കാൻ ബന്ധുക്കളും സമുദായവും ബാദ്ധ്യസ്ഥരാണ്. ഇത്രയും വ്യക്തമായ ഒരു നിയമത്തെ മാററിമറിക്കുന്നതിലെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ഇതിൻെറ പിന്നാലെ മുസ്‌ലിം മിതവാദികൾ കേറിചെല്ലുന്നത് ഒരു തരം അധഃസ്ഥിതി മനഃസ്ഥിതിയും ഭീരുത്വവുമാണ്. ഭീരുക്കൾക്കു സമുദായത്തിലോ, സമൂഹത്തിൽ തന്നെയോ സ്ഥാനമില്ല. ഇക്കൂട്ടർക്ക് ഈ വിഷയത്തിൽ കാര്യമായി വല്ലതും സംഭാവനചെയ്യുവാനുണ്ടെങ്കിൽ അവർ അതു പേർസണൽ ബോർഡ് ഭാരവാഹികളെ അറിയിക്കുകയാണ് വേണ്ടത്. ഇക്കാര്യം ഈ ലേഖകൻ അഹമദ് മൗലവി സാഹിബിനോട് പറഞ്ഞപ്പോൾ അദ്ദേഹം അലി ഹസൻനദ്‌വിക്ക് എഴുതാമെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്.

ചുരുക്കത്തിൽ ഈ ശരീഅത്ത് ബോർഡിന് ശരിയായ ഒരു ലക്ഷ്യമോ പരിപാടിയോ ഉള്ളതായി മനസ്സിലാകുന്നില്ല.



പ്രഖ്യാപിച്ച ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുവാൻ ത്രാണിയുള്ള ഒരൊററ അംഗവും ബോർഡിൽ ഇല്ല. ഇക്കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതിനെയെല്ലാം ദൂരീകരിക്കുന്ന ഒന്നായിരുന്നു ശൗക്കത്തലിയും ഉമ്മർകോയയും മററും ചേർന്നു ഫെബ്രുവരി 11ാംനു- കോഴിക്കോട്ടു സംഘടിപ്പിച്ച പത്രസമ്മേളനം. 'ഖുർആനും സുന്നത്തുമനുസരിച്ച് ശരീഅത്ത് നിയമങ്ങൾ ക്രോഡീകരിക്കുക'യാണ് തങ്ങളുടെ ഉദ്ദേശമെന്നു അവർ പ്രസ്താവിച്ചു. തങ്ങളുടെകൂടെ മുസ്‌ലിംസംഘടനകളോ പണ്ഡിതന്മാരോ ഇല്ലെന്നു അവർ സമ്മതിച്ചു. ശാബാനുവിനു ജീവനാംശം നൽകുവാനുള്ള വിധി ശരിയാണെന്നു അവർ വിശ്വസിക്കുന്നു. അതിനെപ്പററി പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. ശരീഅത്ത് നിയമം ക്രോഡീകരിക്കുന്നതിനു ഒരു കമ്മീഷൻ വേണം. എല്ലാ വിഭാഗങ്ങളിൽ നിന്നും തെളിവ് ശേഖരിച്ച് ജനാധിപത്യ മര്യാദയനുസരിച്ച് കോഡ് രൂപീകരിക്കണം. അതിനു പണ്ഡിതന്മാരെ മാത്രം ആശ്രയിച്ചുകൂടാ. കോഡ് രൂപംകൊണ്ടുകഴിഞ്ഞാൽ അതിൻെറ വ്യാഖ്യാനം കോടതികൾക്ക് വിടണം. ഒരു ഏകീകൃതകോഡ് വേണമെന്നു നിർബന്ധമില്ല. പക്ഷെ കമ്മിഷൻ നിർദ്ദേശമനുസരിച്ചുണ്ടാകുന്ന കോഡും, ഭരണഘടന 125-ാംനിയമം നൽകുന്ന മൗലികാവകാശവും തമ്മിൽ ഏററുമുട്ടുന്ന പ്രശ്നമുണ്ടാവുകയില്ല. ശാബാനു വിധിയെ എതിർക്കുന്നതു സർക്കാറിനെ എതിർക്കുകയാണ്- ഇതൊക്കെയായിരുന്നു പത്രസമ്മേളനത്തിൽ ഉമർകോയ നൽകിയ അറിവ്. എവിടത്തേക്കാണ് ഈ പോക്ക് എന്നു മനസ്സിലാകുന്നില്ല. അബ്ദുൽകരീം ചഗ്ലയുടെയും സത്യശോധക് ഹമീദ് ദൽവായിയുടെയും നിലവാരത്തിലേക്കല്ലേ?

ഇന്ത്യൻ മുസ്‌ലിംകൾ ശരീഅത്ത് സംരക്ഷണത്തിന് വേണ്ടി നിലകൊള്ളുന്നു. അതിന് വേണ്ടി എന്തു ത്യാഗം സഹിക്കുവാനും അവർ പ്രതിജ്ഞാബദ്ധരാണ്. അതു വിശുദ്ധഖുർആനിലും ഹദീസ് ശരീഫിലും നിക്ഷിപ്തമാണ്. അതിൽ മാററമില്ല. വ്യാഖ്യാനങ്ങളും, പുതുതായുണ്ടാകുന്ന പ്രശ്നങ്ങൾക്കുള്ള ശാഖാപരമായ നിയമങ്ങളെപ്പററിയുള്ള ഇജ്തിഹാദും വിശ്വാസികളായ പണ്ഡിതന്മാർ ചെയ്തുതരും. ഇന്ത്യയിലെ ഉന്നതപണ്ഡിതൻമാരുടെയും മുസ്‌ലിം സംഘടനകളുടെയും നൂറുശതമാ

നം പ്രാതിനിദ്ധ്യമുള്ള ഒരു സംഘടനയാണ് മുസ്ലിം പേർസണൽ ലോബോർഡ്. അതിനെ മറികടന്നുകൊണ്ടുള്ള ഈ ചെറിയ ശരീഅത്ത്ബോഡ് തീകൊണ്ടുകളിക്കുകയാണ്. ശരീഅത്ത്നിയമങ്ങൾ നിശ്ചയിക്കുന്നതു കമ്മീഷൻ അന്വേഷണം നടത്തിയിട്ടില്ല. കമ്മീഷൻ നിർദ്ദേശം തന്നെ വെക്കുന്നത് ഇവർക്കു മറ്റൊന്നും ചെയ്യാൻ കഴിയാത്തതുകൊണ്ടാണ്. വിധവകൾക്ക് ജീവനാംശം നൽകുന്നതു ശരീഅത്ത് വിധിയാണെന്നു ഇവർ പറഞ്ഞുകഴിഞ്ഞു. ഇനിയൊരു നിയമം ഇവർക്കറിയണമെങ്കിൽ മറ്റൊരു കോടതിവിധി വരണം. സർക്കാർ ഡിപ്പാർട്ട്മെൻറുകളാണ് ഇവരുടെ ശരീഅത്ത് ഗുരുനാഥന്മാർ. ഇങ്ങിനെ ഓരോ നിയമവും വരുമ്പോൾ ഏകീകൃത സിവിൽകോഡിന് താമസം നേരിടുമെന്ന ഭയന്നായിരിക്കണം കമ്മീഷൻ നിർദ്ദേശങ്ങൾ ഉന്നയിക്കുന്നത്. ഇല്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിക്കുവാനും അവയെ സങ്കീർണ്ണമാക്കുവാനും മാത്രമേ കമ്മീഷൻ ഉപകരിക്കുകയുള്ളൂ. അത്തരം ഒരു നിർദ്ദേശം മുസ്ലിംകൾ ഒരിക്കലും സമ്മതിക്കുകയില്ല.

ഉമ്മർകോയസാഹിബും കൂട്ടകാരും തങ്ങളുടെ ഇസ്ലാമിക് ശരീഅത്തു ബോർഡിനെ പഴയ ഇസ്ലാം ആൻറ് മോഡേൺ ഏജ് സൊസൈറ്റിയുടെ ആകാശമേഘങ്ങളിലേക്കു ഉയർത്തിക്കൊണ്ടുപോവുകയാണ്. യാതൊരു അടിത്തറയുമില്ലാത്ത ഈ ആകാശക്കോട്ടകളിൽനിന്നു ഉരുണ്ടുകെട്ടി താഴെവീണു നാമാവശേഷമാകുന്ന കാലം അതിവിദൂരമല്ല. ആരെയെല്ലാം പേടിച്ചിട്ടാണെങ്കിലും, ആരുടെയെല്ലാം പ്രീതിക്കുവേണ്ടിയാണെങ്കിലും സമുദായത്തിൻെറ ഐക്യധാരയിൽനിന്നു വേറിട്ടുപോകുന്നത് ഭൂഷണമല്ല. അതു സമുദായത്തിനു നല്ലതല്ല. സമുദായത്തിൻെറ ഉത്തമതാല്പര്യങ്ങൾക്കു വളരെ ഹാനികരമാണ്.

17

# ഒരു രജതരേഖ

സുപ്രീംകോടതി ചീഫ്ജസ്റ്റിസ് ചന്ദ്രചൂഡ് തുടങ്ങി മുസ്ലിംലീഗിൽ റിപ്പറെ കണ്ട കെ. ജി. മാരാർ വരെയുള്ളവരുടെ അഭിപ്രായങ്ങളെ തള്ളിക്കളഞ്ഞു കൊണ്ടും മുഹമ്മദ് ആരിഫ്ഖാൻ മുതൽ ആര്യാടൻ മുഹമ്മദ് വരെയുള്ളവരുടെ അഭിപ്രായങ്ങളെ നിരാകരിച്ചുകൊണ്ടും മുസ്ലിംകളുടെ യഥാർത്ഥ വിചാരവികാരങ്ങളെ മാനിച്ച് ശരീഅത്ത് വിധികളെ ക്രോഡീകരിക്കുന്നതിൻെറ ആദ്യപടിയായി മുസ്ലിംവനിതാ സംരക്ഷണബിൽ, പാർലിമെൻറിൽ അവതരിപ്പിക്കപ്പെടുകയും പാസാവുകയും ചെയ്തു. ശരീഅത്തു സംരക്ഷണ വിഷയത്തിൽ 1947നു ശേഷം പ്രത്യക്ഷപ്പെട്ട ഒരു രജതരേഖയാണിത്. ഇതിനു നേതൃത്വം നൽകിയ പ്രധാനമന്ത്രി രാജീവ് ഗാന്ധിയോടും, അദ്ദേഹത്തിൻെറ പാർട്ടിയോടും മുസ്ലിം സമുദായം കടപ്പെട്ടിരിക്കുന്നു. എന്നും അവർ ഇക്കാര്യം നന്ദിപൂർവ്വം സ്മരിക്കുക തന്നെചെയ്യും. കോൺഗ്രസ്സ് (ഐ)യോടൊപ്പം ബില്ലിനെ അനുകൂലിച്ച പാർട്ടികളോടും വ്യക്തികളോടും നാം കൃതാർത്ഥതയുള്ളവരാണ്. ഈ ബിൽ പാസ്സായ വിവരം അറിഞ്ഞപ്പോൾ 72 വയസ്സുള്ള ഒരു മുസ്ലിം വിധവ അല്ലാഹുവിനു ശുക്റ് ചെയ്തു രണ്ട് റക്അത്ത് സുന്നത്ത് നമസ്ക്കരിച്ച കഥ 'റേഡിയൻസ്' റിപ്പോർട്ട് ചെയ്തു. മുസ്ലിം സമുദായത്തിൻെറ വികാരവിചാരങ്ങളെ ശരിക്കും എടുത്തുകാട്ടുന്ന ഒരു സംഭവമാണിത്.

1947നു ശേഷം ഇവിടത്തെ രാഷ്ട്രീയപാർട്ടികൾ മുസ്ലിംകളുടെനേരെ കാണിച്ചുപോന്ന അവഗണനാ നയത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിട്ടാണ് രാജീവ് ഇക്കാര്യത്തിൽ പെരുമാറിയത്. മുറാദാബാദിലെ കൂട്ടക്കൊലയെത്തുടർന്ന് അതിൽ പ്രതിഷേധിച്ചുകൊണ്ട് മുസ്ലിം എം. പി. മാർ ഒരു

നിവേദനം പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്ക് സമർപ്പിക്കുകയുണ്ടായി. അതിലെ ഉള്ളടക്കത്തെപ്പററി ഒന്നുംതന്നെ അന്വേഷിക്കാതെ മുസ്ലിം എം. പി. മാർ മാത്രമായി എങ്ങിനെ ഒരു നിവേദനം നൽകി എന്നതായി പ്രശ്നം. റഫീഖ് സക്കരിയ്യാ ഉടനെ നിവേദന സംഘത്തിൽനിന്നു പിൻമാറുകയുണ്ടായി. ഇതായിരുന്നു സ്വാതന്ത്ര്യത്തിനുശേഷമുണ്ടായ സമീപനരീതി. മുസ്ലിംകളുടെ കാര്യങ്ങൾ പറയുവാൻ മുസ്ലിം എം. പി. മാർക്ക് മാത്രമായി സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അങ്ങനെ ചെയ്യുന്നത് 'വർഗ്ഗീയത'യായിരിക്കും. വർഗ്ഗീയത മഹാപാപമാണ്. ഇതിൻെറ ഫലമായി മുസ്ലിംകളുടെ അഭിപ്രായങ്ങളറിയുന്നതിനു അബ്ദുൽകരീം ചഗ്ല, ജ. ഹിദായത്തുല്ല മുതലായ 'വർഗ്ഗീയത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത' ആധുനികത്വവാദികൾ അവരോധിക്കപ്പെട്ടു. മുസ്ലിംകളുടെ കാര്യങ്ങളിൽ താല്പര്യം കാണിച്ചു സംസാരിച്ചുപോയാൽ അവർ നോട്ടപ്പുള്ളികളായി. അപകടമായ ഈ പോക്കിനു ഒരു മാററം വന്നിരിക്കുന്നു. ന്യൂനപക്ഷങ്ങളുടെ കാര്യങ്ങൾ പറയുവാൻ അവരുടെ യാഥാർത്ഥ പ്രതിനിധിക്ക് അവസരം ലഭിച്ചിരിക്കുന്നു. മതേതരജനാധിപത്യത്തിൻെറ ഈ നേരെചൊവ്വെയുള്ള പോക്കിൻെറ ശിൽപി രാജീവ് തന്നെയാണ്. ഇതു ഇന്ത്യാ രാജ്യത്തിൻെറ ശരിയായ പുരോഗമനത്തിന് വഴിതെളിയിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

നിയമമന്ത്രി എ. കെ. സെൻ നിർത്തേണ്ടിടത്ത് നിർത്തിയിരിക്കുന്നു. ഒരേകീകൃത സിവിൽകോഡിന് വേണ്ടി ശ്രമിക്കും. പക്ഷെ അതു ഒരു സമുദായത്തിൻെറ മേൽ അടിച്ചേൽപിക്കുകയില്ല. ഓരോ സമുദായത്തിൻെറ വ്യക്തി നിയമങ്ങളെ അവരുടെതന്നെ അഭിപ്രായവും ആഗ്രഹവുമനുസരിച്ചേ മാററുകയുള്ളു ഭരണഘടന നിർമ്മാണസമയത്തു ഡോ: അംബേദ്കർ നൽകിയ ഈ ഉറപ്പിനെ ഇന്ത്യാഗവർമ്മെണ്ട് പാലിക്കുമെന്നു ഇപ്പോൾ ഉറപ്പായി. ഇക്കാര്യത്തിൽ ഇനി മുസ്ലിംകൾക്ക് പരാതിയില്ല. ഇന്ത്യക്ക് ഒരേകീകൃത സിവിൽകോഡിനു ശാസ്ത്രീയമായി രൂപംനൽകുമ്പോൾ അതു മുസ്ലിം വ്യക്തിനിയമങ്ങളോട് വളരെ അടുത്തുവരുമെന്നതു തീർച്ചയാണ്. ശരീഅത്തുമായി യോജിക്കാത്ത ഇനങ്ങളിൽ മുസ്ലിംകളെ ഒഴിവാക്കിയാൽ



യാൽ മതിയാകും. ഇതുപോലെ ബഹുവിധ സംസ്ക്കാരങ്ങൾ കലർന്നുള്ള ജീവിതവ്യവസ്ഥയിൽ എല്ലാം ഒരേനിലയിൽ ആയിരിക്കണമെന്നു ശഠിക്കുന്നത് ഭോഷത്വമാണ്. വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞതുപോലെ, 'ഏകീകൃത സിവിൽകോഡ് ഏകീകൃത ക്രിമിനൽകോഡ്', ഏകീകൃത ഭക്ഷണം, ഏകീകൃത വസ്ത്രം, ഏകീകൃത ഭാഷ, ഏകീകൃത കഷണ്ടി എന്ന നില വരുത്താനൊക്കുമോ? ഇതിനുവേണ്ടി മുറവിളികൂട്ടുന്ന ഹൈന്ദവരാഷ്ട്രവാദികളും കമ്മ്യൂണിസ്ററുകാരും മററു ഭൗതികവാദികളും ഇസ്ലാമിനെ ഉടക്കുവാൻവേണ്ടി മാത്രമാണ് ഇതു ചെയ്യുന്നത്.

രാജീവ്ഗാന്ധിക്ക് സുപ്രീംകോടതി വിധിയെ സ്വീകരിക്കാമായിരുന്നു. കോൺഗ്രസ് പാർട്ടിയിലെ മുസ്ലിംകളുടെ വായടക്കാമായിരുന്നു. ബനാത്തുവാലയുടെ ബില്ലിനെ എതിർക്കാമായിരുന്നു. അല്ലെങ്കിൽ മനസ്സാക്ഷിപ്രകാരംവോട്ടു ചെയ്യുവാൻ അനുവദിക്കാമായിരുന്നു. ഇതിൻെറയെല്ലാം ഫലം മുസ്ലിംകൾക്ക് സ്വീകാര്യമായ രീതിയിലായിരിക്കുകയില്ലായിരുന്നു എന്ന് തീർച്ച. അത്രയും ശക്തിയേറിയതാണ് സ്ഥാപിത താൽപര്യക്കാരുടെയും പത്രമാദ്ധ്യമങ്ങളുടെയും പ്രചരണം. പക്ഷേ രാജീവ് കുലുങ്ങിയില്ല. ഒരു യഥാർത്ഥ മതേതര ജനാധിപത്യവാദിയുടെ സമീപനം അദ്ദേഹം സ്വീകരിച്ചു. എല്ലാവർക്കും അഭിപ്രായസ്വാതന്ത്ര്യം നൽകി. കണ്ണും ചെവിയും തുറന്നുവെച്ചു കാര്യങ്ങൾ നേരെ ചൊവ്വെ ഗ്രഹിച്ചു. മുസ്ലിം പ്രതിനിധികളുമായി ഉള്ളുതുറന്നു സംസാരിച്ചു. തൻെറ പഠനത്തിനായി ഒരു നോട്ട് കൊടുക്കുവാൻ ആവശ്യപ്പെട്ടു. അവർ കൊടുത്ത നോട്ട് ശ്രദ്ധാപൂർവ്വം വായിച്ചു. പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇറാൻ, മററു മുസ്ലിം രാജ്യങ്ങൾ— ഇവിടങ്ങളിലെ സമ്പ്രദായങ്ങളെപ്പററി വസ്തുനിഷ്ഠമായി അന്വേഷണങ്ങൾ നടത്തിയ ബനാത്തുവാലയുടെ ബിൽ ശരീഅത്തിനെ സംരക്ഷിക്കുന്നുവെങ്കിലും വിധവകൾക്കുള്ള സംരക്ഷണത്തിൻെറ കാര്യത്തിൽ വേണ്ടത്ര മുന്നോട്ട് പോകുന്നില്ലെന്നു അദ്ദേഹത്തിനു തോന്നി. വിധവകളുടെ സംരക്ഷണം രക്തബന്ധങ്ങളിൻമേൽ ചാർത്തുന്ന ഇസ്ലാമികനിയമം അദ്ദേഹത്തിനു ബോദ്ധ്യമായി. പക്ഷേ ബന്ധുക്കൾക്ക് കഴിവില്ലാത്ത അവസ്ഥയിൽ സമുദായം എന്നതു് വ്യക്തമല്ലെന്നും സമുദായത്തെ പ്രതിനിധീക

രിക്കുവാൻ ഒരു സ്ഥാപനം ആവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അവിടെയാണ് വഖഫ്ബോർഡ്‌വന്നത്. അതു ഗവർമെണ്ടിൻെറ നിയന്ത്രണത്തിൽ മുസ്‌ലിംകളുടെ സാമൂഹ്യകാര്യങ്ങൾ ശ്രദ്ധിക്കുന്ന ഒരു സ്ഥാപനമാണല്ലോ. ഇതോടെ ബില്ലിന് ശരിയായ രൂപം ഉണ്ടായി.

ഈ ബില്ലിനു കഠിനമായ എതിർപ്പുണ്ടായിരുന്നു. പക്ഷെ എതിർപ്പുകളൊന്നും ശരിയായ ന്യായവാദത്തിലൊതുങ്ങിയില്ല. ചുരുക്കം ചില സ്ഥാപിത താൽപര്യക്കാരുടെ തൂലികയുടെയും നാവിൻെറയും ശക്തി മാത്രമായിരുന്നു അത്. കോൺഗ്രസ് കമ്മിററികളിൽ ചർച്ച ചെയ്തു തീരുമാനിച്ചതിൻെറ വെളിച്ചത്തിൽ വിപ്പ് നൽകുകയും, മററു ചില പാർട്ടികളും അനുകൂലിക്കുകയും ചില പാർട്ടികൾ മനസ്സാക്ഷി വോട്ടിനു് അനുവാദം നൽകുകയും ചെയ്തതോടെ ബിൽ പാസാകുമെന്നുറപ്പായി നല്ല ഭൂരിപക്ഷത്തോടെ പാസാവുകയുംചെയ്തു.

ഇതു മുസ്‌ലിംകളിൽ കൂടുതൽ വിശ്വസ്ഥത ജനിപ്പിച്ചിരിക്കുന്നു. ശരീഅത്ത് വ്യവസ്ഥകളുടെ ക്രോഡീകരണം അവരുടെ ചിരകാലാഭിലാഷമാണ്. പക്ഷേ അതിനു പാർലിമെൻറിനെ സമീപിക്കുന്നതിനു അവർക്കു മടിയായിരുന്നു, ഭയമായിരുന്നു. പാർലിമെൻറു തീരുമാനം അവർക്കെതിരായാലോ എന്നു ഭയാശങ്ക അവർക്കുണ്ടായിരുന്നു. ഇപ്പോഴത്തെ ബിൽ ക്രോഡീകരണത്തിൻെറ തുടക്കമാണെന്നു രാജീവ് തന്നെ പറയുകയുണ്ടായി. ഇനി നമ്മുടെ 'മുസ്‌ലിം വ്യക്തിനിയമബോർഡാ'ണ് ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതു്. ശരീഅത്ത് മദ്ധ്യസ്ഥസമിതികളെപ്പററി ഒരു നിയമത്തിന് രൂപംനൽകി ബഹുജനപിന്തുണ നേടി അതു ഗവർമെണ്ടിനു സമർപ്പിക്കണം. തുടർന്നു മററു ചില വിഷയങ്ങളിലും ക്രോഡീകരണം. നേടിയെടുക്കും. ഇൻശാഅല്ലാഹ്.

ഈ നല്ല തുടക്കം കുറിക്കുവാൻ മുഖ്യകാരണം മുസ്‌ലിംകളുടെ അപ്രതിരോധ്യമായ ഐക്യത്തിൻെറ പ്രകടനമായിരുന്നു. അഖിലേന്ത്യാ മുസ്‌ലിം പേർസണൽ ലോബോർഡ് മുസ്‌ലിംകളുടെ ഐക്യത്തിൻെറ സാക്ഷാൽ പ്രതീകമാണ്. കഴിഞ്ഞ റംസാൻ മാസത്തിൽ അവർ ചെയ്ത ആഹ്വാനമനുസരിച്ച് ഇന്ത്യയിലെ എല്ലാ ജുമാമസ്ജിദുകളിലും നടന്ന പ്രതിഷേധയോഗങ്ങളും തുടർന്നുണ്ടായ പ്രകടനങ്ങളും അത്ഥശങ്കക്കിടനൽകിയില്ല. മുസ്‌ലിം എം. പി. മാർ, ദേവ്ബന്തിലെ പണ്ഡിതൻമാർ, അലീഗർയൂനിവേർസിററിയിലെ പ്രൊഫസർമാർ, നാട്ടിലുടനീളമുള്ള മുസ്‌ലിം സ്ഥാപനങ്ങൾ, മറുനാടൻ മുസ്‌ലിംകൾ ഇവരെല്ലാം തങ്ങളുടെ പ്രതികരണം പ്രധാനമന്ത്രിയെ അറിയിച്ചു. രഹസ്യാന്വേഷണ റിപ്പോർട്ടുകളും പോയിക്കാണാം. നജ്മഹിഫ്ത്തുല്ലയുടെ നേതൃത്വത്തിൽ കോൺഗ്രസ് മുസ്‌ലിം എം. പി. മാർ നിവേദനം നടത്തി. സിയാവുർറഹ്മാൻ അൻസാരി കാര്യമാത്രപ്രസക്തമായ പ്രസംഗംകൊണ്ടു പാർലിമെൻറ് അംഗങ്ങളെ ബോധവാന്മാരാക്കി. ആബിദാഅഹമദിൻെറ നേതൃത്വത്തിൽ മുസ്‌ലിം വനിതകൾ അവരുടെ വികാരം സംശയരഹിതമായി പ്രകടിപ്പിച്ചു. മൊഴിചൊല്ലി വിട്ടുപോയ പുരുഷൻെറ സംരക്ഷണങ്ങളെ "ഹറാം" എന്നു അവർ വിളിച്ചു. സത്യാന്വേഷികളായവർക്ക് സംശയത്തിനു വഴിയില്ലായിരുന്നു. മി. രാജീവ്ഗാന്ധി പിന്നെ ഒട്ടും സംശയിച്ചുനിന്നില്ല.

ഈ രജതരേഖ ഒരു നേർരേഖയായി തുടരണം. മുസ്‌ലിംകളുടെയും മററു ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങൾക്ക് നേരെ നല്ല സമീപനം ഉണ്ടാകട്ടെ. ഇന്ത്യയിലെ വിവിധ സമുദായങ്ങൾ ഒത്തൊരുമിച്ച് പരസ്പര വിശ്വാസത്തോടെ മുന്നേറുകയും ചെയ്യട്ടെ.

ഇത്രയും ഭംഗിയായി ഒരു മഹാ വിപത്തിൽനിന്നു് സമുദായത്തെ രക്ഷിച്ചതു് അവരുടെ യഥാത്ഥ മതനേതാക്കളാണ്. അവരോട് നമ്മളെല്ലാം കടപ്പെട്ടിരിക്കുന്നു. സയ്യിദ് അബുൽഹസ്സൻ അലിനദ്‌വി, മിന്നത്തുല്ലാറഹ്മാനി, അബുല്ലൈസ് ഇസ്‌ലാഹി, സിയാഉൽറഹ്മാൻഅൻസാരി, നജ്മഹിഫ്തുല്ല എന്നിങ്ങനെ എത്രയോ പേർക്കു് ഇതിൽ പങ്കുണ്ട്. സമാധാനപരമായ പ്രകടനങ്ങൾക്കും, നിയമസഭയിലെ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയതു മഹ്ബൂബെമില്ലത്ത് ഇബ്രാഹീം സുലൈമാൻസേട്ടുവും ഗുലാം മുഹമ്മദ്ബനാത്ത് വാലയും തന്നെ.

വഖഫ്ബോർഡിനു് ഈ ഭാരിച്ച ചുമതല എങ്ങിനെ വഹിക്കുവാൻ കഴിയുമെന്ന ന്യായമായ സംശയം പലർക്കുമുണ്ട്. ബില്ലിനെ എതിർക്കുന്നവർ വഖഫ് ബോർഡിൻെറ കർത്തവ്യങ്ങളിൽപെട്ട ഒരു കാര്യമല്ല ഇതെന്നും വഖഫ് സ്വത്തുക്കൾ ഈ

ആവശ്യത്തിനു ഉപയോഗിക്കുന്നതു തെററാണെന്നും അവർ ഗവർമെൻറിനെ സഹായത്തിനുവേണ്ടി സമീപിച്ചേക്കുമെന്നും 55 കോടി ഉറുപ്പികയുടെ സഹായധനത്തിനു് ആവശ്യപ്പെട്ടു കഴിഞ്ഞുവെന്നും മററുമുള്ള പ്രചരണങ്ങളും തുടങ്ങിക്കഴിഞ്ഞു. ശരീഅത്ത് സംരക്ഷണത്തിനു് വേണ്ടി വാദിക്കുന്നവർ ശരീഅത്തിനെതിരായി വഖഫ്ഫണ്ട് ദുരുപയോഗപ്പെടുത്തുമെന്ന് വിചാരിക്കുന്നതു് തന്നെ തെററ്. വഖഫ് ബോർഡിൻെറ കാര്യമായ വരുമാനം വഖഫ് വരുമാനങ്ങളുടെ 6ശ. മാ. വഖഫ് ബോർഡിനു നൽകുന്നതാണ്. ഇതുതന്നെ ഒരു നല്ല തുകയാണ്. ഇതിൽ നിന്നു സ്കോളർഷിപ്പു നൽകുവാനും മററു സാമൂഹ്യ സേവനങ്ങൾ നടത്തുവാനും ഉപയോഗിക്കുന്നു. സാമൂഹ്യ സേവനത്തിനുവേണ്ടി ദേവസ്വംബോർഡിനെന്നപോലെ വഖഫ് ബോർഡിനു ഗവർമെൻറ് ഗ്രാൻറ് നൽകുന്നുണ്ട്. ഈ പണമെല്ലാം ഭാഗികമായി ഈ ആവശ്യത്തിനു ഉപകരിക്കാം. വേണ്ടി വന്നാൽ വഖഫ്ബോർഡിൻെറ വിഹിതം 6ൽ നിന്നു 7ശ. മാ. മോ മറേറാ ആക്കി ഉയർത്താം. വിധവാപെൻഷൻ എന്ന ഇനത്തിൽ ഗവർമെൻറുതന്നെ ഇപ്പോൾ പലർക്കും സഹായം നൽകുന്നുണ്ട്. ഇതെല്ലാം കഴിച്ച് ഇനിയും പണം ആവശ്യമാകുന്ന പക്ഷം വഖഫ് ബോർഡ് മുസ്ലിംപൊതുജനങ്ങളെ സമീപിക്കുന്നപക്ഷം നിർല്ലോഭം സംഭാവനകൾ നൽകുന്നതുമാണ്. ഗവർമെൻറ് സഹായം കൂടാതെ തന്നെ മുസ്ലിംകൾ അനേക ധർമ്മസ്ഥാപനങ്ങൾ നടത്തുന്നുണ്ടല്ലോ. വഖഫ് ബോർഡിന് കീഴിലുള്ള വലിയ വലിയ ധർമ്മസ്ഥാപനങ്ങൾക്കു അവരുടെ ധർമ്മപദ്ധതികളിൽ വിധവകൾക്കും ഒരു പങ്ക് നീക്കിവെക്കാവുന്നതാണ്.

ഇപ്പോൾ നാട്ടിലുടനീളം അനാഥശാലകൾ നടന്നുവരുന്നതുകൊണ്ട് അനാഥകൾ ഒരു പ്രശ്നമല്ലാതായിരിക്കുന്നു. അതുപോലെ സ്റേറയിററുകൾ തോറും അബലാകേന്ദ്രങ്ങൾ സ്ഥാപിച്ചു നടത്തിവരേണ്ടതാണ്. നിരാശ്രയരായ വിധവകളെ അവിടങ്ങളിൽ പാർപ്പിക്കാവുന്നതുമാണ്. വിധവകളുടെ പുനർവിവാഹത്തിനു സഹായിക്കുവാൻ വിവാഹബ്യൂറോകളും ഉണ്ടാകുന്നത് നല്ലതാണ്. അങ്ങിനെ കാലക്രമേണ വിധവകളുടെ സംരക്ഷണവും ഒരു പ്രശ്നമല്ലാതാവും. ഇൻശാഅല്ലാഹ്.



# ഉറക്കം നടിക്കുന്നവർ

പരമദരിദ്രയായ അബല, അവരെ മൊഴിചൊല്ലിയ ധനികനും ക്രൂരനുമായ ഭർത്താവ്. ഈ പഴയ ഭർത്താവിൽ നിന്നു ജീവനാംശം നേടുന്നതിനെ ശരീഅത്തിൻെറ പേരിൽ എതിർക്കുന്നു! ഇതായിരുന്നു ശരീഅത്ത് വിരുദ്ധരുടെ ആക്ഷേപം. ഈ പഴയ ഭർത്താവിൽനിന്നു അയാൾ കഴിവുള്ള കാലത്തോളം, അല്ലെങ്കിൽ അയാളുടെ മരണംവരെ മാത്രം കിട്ടുന്ന തുച്ഛമായ ജീവനാംശമാണ് വിവാദവിഷയം. മൊഴിചൊല്ലുക വഴി അന്യനായിത്തീർന്ന ഒരു പുരുഷനിൽ നിന്നു വിവാഹകോൺട്രാക്ട് അവസാനിച്ചുകഴിഞ്ഞ സ്ഥിതിക്കു് അയാളോട് യാതൊരു ചുമതലയുമില്ലാത്ത സ്ത്രീക്കു് ചിലവിനു വാങ്ങുന്നത് അന്തസ്സിനു ചേരാത്തതും പാപവുമാണെന്നു മുസ്ലിംകൾ വിശ്വസിക്കുന്നു. ആ സ്ത്രീക്കു സംരക്ഷണം നല്കേണ്ടതു് അവരുടെ രക്തബന്ധുക്കളും, അവർക്ക് സാധിക്കാതെ വരുമ്പോൾ സമുദായവുമാണെന്നു ശരീഅത്ത് നിഷ്ക്കർഷിക്കുന്നു. സമുദായത്തിൻെറ ഈ കടമ നിർവഹിക്കുവാൻ ഗവർമെൻറ് നിയന്ത്രണത്തിൽ മുസ്ലിംകളുടെ മതസാംസ്ക്കാരിക കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്ന വഖഫ് ബോർഡിനെ അധികാരപ്പെടുത്തിക്കൊണ്ടാണ് വിധവാസംരക്ഷണ ബിൽ പാസാക്കിയിട്ടുള്ളതു്. ഈ സംരക്ഷണമാകട്ടെ ആ സ്ത്രീക്ക് പുനർവിവാഹംവരെയോ മരണംവരെയോ ലഭിക്കുകയും ചെയ്യും.

ഈ ബിൽ വന്നതോടെ അബലയുടെ പേരിലുള്ള എതിർപ്പ് അവസാനിക്കുകയും പലർക്കും സംതൃപ്തി ഉണ്ടാവുകയും ചെയ്തു. എന്നാൽ ശരീഅത്തിനെ എക്കാലവും എതിർത്ത്പോന്നിട്ടുള്ളവർ അടവുമാററി പുതിയ പുതിയ വാദമുഖങ്ങൾ ഉന്നയിച്ച് ശരീഅത്തിനെയും, വിധവാസംരക്ഷണ ബില്ലിനെതന്നെയും

എതിർത്തുകൊണ്ടേയിരുന്നു. ''ക്ഷീരമുള്ളോ ഒരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം!''

ഈ വാദങ്ങൾ ഒന്നൊന്നായി നമുക്ക് ചർച്ച ചെയ്യാം.

1. മുസ്‌ലിംകളെ പ്രീതിപ്പെടുത്തുവാനും അവരുടെ വോട്ട് നേടുവാനും വേണ്ടിയാണ് ഈ ബിൽ രാജീവ് കൊണ്ടുവന്നത്. അരായത് മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷവും ഈ ബില്ലിന്റെ പിന്നിലാണെന്നർത്ഥം. ഈ ഒരൊററ സംഗതിതന്നെ മതേതര ജനാധിപത്യത്തിൽ ഇതിനുള്ള ന്യായീകരണമാണ്. മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന ശരീഅത്ത് വിഷയങ്ങളെ സംരക്ഷിക്കുമെന്നതു ഭരണഘടന അനുവദിച്ച മൗലികാവകാശമാണ്. അവരുടെ ബഹുഭൂരിപക്ഷവും ആവശ്യപ്പെടുന്നതും. (വാദത്തിനുവേണ്ടി അത് ശരിയായാലും അല്ലെങ്കിലും അനുവദിച്ചു കൊടുക്കേണ്ടത് ജനാധിപത്യ മര്യാദയാണ്.)

2. ഇത് പഴഞ്ചന്മാർക്കുള്ള കീഴടങ്ങലാണ്. സത്യത്തിൽ വിവാഹത്തെ സംബന്ധിച്ച കാര്യങ്ങളിൽ ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ പല വിഷയങ്ങളിലും ഗണ്യമായവ്യത്യാസമുണ്ട്. ഹിന്ദുക്കളുടെ വിവാഹം ഒരാജീവനാന്ത ഏർപ്പാടും മുസ്‌ലിംകളുടേതു ഒരു കോൺട്രാക്ടും ആണ്. വിധവകൾ ഇരു സമുദായങ്ങളിലുമുള്ള സ്ഥാനത്തിന്നു വലിയ വ്യത്യാസമുണ്ട്. മുസ്‌ലിംവിധവകൾക്ക എളുപ്പം പുനർവിവാഹം നടത്താം. അതുവരെ സംരക്ഷണത്തിനു വ്യക്തമായ ഏർപ്പാടുകൾ ഉണ്ട്. അതാണ ബില്ലിൽ ക്രോഡീകരിച്ചിട്ടുള്ളത്. ഇതു പിന്നോക്കം പോകലല്ല. വ്യക്തമായ പുരോഗമനപരമായ ഒരേർപ്പാടാണ്.

3. ഇത് മാർഗ്ഗനിർദ്ദേശകതത്വങ്ങളിലെ 44-ാം വകുപ്പിന്റെ നിരാകരണമാണ്. മാർഗ്ഗനിർദ്ദേശകതത്വം മൗലികാവകാശത്തെ കവച്ചുവെക്കുന്നില്ല. ഒന്നാമത്തേത് ഒരവകാശമാണ്. മറേറത് ചില ഉദ്ദേശങ്ങൾ വെച്ചുകൊണ്ട് ക്രമേണ എത്തിച്ചേരേണ്ടുന്ന ഒരു ലക്ഷ്യവും. ഭരണഘടനാ നിർമ്മാണസമയത്തുതന്നെ ഡോക്ടർ അംബേദ്കർ ഇതു വ്യക്തമാക്കിയിരുന്നു. ഒരേകീകൃത സിവിൽകോഡ് നേടിയെടുക്കണമെന്നും എന്നാൽ അതിലെ വ്യവസ്ഥകൾ ഏതെങ്കിലും സമുദായത്തിന്റെ മേൽ അവരുടെ സമ്മതമില്ലാതെ അടിച്ചേൽപിക്കുന്ന പ്രശ്നമേയില്ലെന്നും അദ്ദേഹം ഉറപ്പുനൽകി. ഈ ഉറപ്പിനെ അവഗണിച്ചുകൊണ്ടുള്ള ഒരു നിലപാടാണ് ഇന്ത്യയിലെ പല രാഷ്ട്രീയകക്ഷികളും ഇതേവരെ അനുവർത്തിച്ചുകൊണ്ടിരുന്നത്. മുസ്‌ലിംസമുദായത്തിന്റെ അഭിപ്രായമായി അവരിലെ ചുരുക്കം ചില വിമതന്മാരെ അവർ അവരോധിക്കുകയും ചെയ്തു. ഇതാണ് മുസ്‌ലിംകളിൽ ഭീതിയും അസംതൃപ്തിയും വളർത്തിയത്. ഇതിന്റെ മകുടോദാഹരണമായിരുന്നു ജ. ചന്ദ്രചൂഡിന്റെ വിധി. ഇത് മുസ്‌ലിം ഇന്ത്യയെ ഒട്ടാകെ ഞെട്ടിച്ചു. 1856ൽ പന്നിക്കൊഴുപ്പിട്ട കാർട്രിഡ്ജ് ഉപയോഗിക്കുവാൻ നിർബ്ബന്ധിച്ചപ്പോൾ ഉയർന്ന പ്രതീതിയാണ് ഇവിടെ പെട്ടെന്നുണ്ടായത്. തുടർന്നുണ്ടായ ബഹുജനപ്രകടനങ്ങളും മുസ്‌ലിംകൾ ഒററക്കെട്ടായി നടത്തിയ നിവേദനങ്ങളും രാജീവ്ഗാന്ധിയുടെ കണ്ണുതുറപ്പിച്ചു. ഇപ്പോൾ പാർലിമെൻറിൽ മുസ്‌ലിംകൾ ആവശ്യപ്പെട്ട ഉറപ്പുകൾ അസന്ദിഗ്ദ്ധമായി നൽകപ്പെട്ടിരിക്കുന്നു. മുസ്‌ലിംകൾ സംതൃപ്തരാണ്. ഇന്ത്യ മതേതരജനാധിപത്യ മാർഗ്ഗങ്ങൾ പാലിക്കുമെന്നുറപ്പായി. ഇപ്പോൾ ഇതിനെ എതിർത്തുകൊണ്ടിരിക്കുന്നവർ ഈ മതേതരജനാധിപത്യ മര്യാദ സ്വീകരിക്കുവാൻ ഒരുങ്ങുമെങ്കിൽ അതു നമ്മുടെ നാട്ടിന്റെ പുരോഗതിക്കു വളരെ സഹായകമായിരിക്കും. കക്ഷിരാഷ്ട്രീയത്തിന്ന് അതീതമാക്കേണ്ട ഒരു കാര്യമാണിത്.

4. ഇരുപത്തൊന്നാം നൂററാണ്ടിലേക്കുള്ള പ്രയാണത്തെ 7-ാം നൂററാണ്ടിലേക്ക് വലിച്ചിഴക്കുന്ന ഏർപ്പാടാണ് ശരീഅത്തുസംരക്ഷണം കൊണ്ടുണ്ടാകുന്നത്. മുസ്‌ലിംകളെ പററിയും ഇസ്‌ലാമിനെപ്പററിയുമുള്ള വസ്തുനിഷ്ഠമായ അറിവില്ലായ്മയും ഭീമമായ തെററിദ്ധാരണകളുമാണ് ഈ ആരോപണത്തിന്റെ പിന്നിലുള്ളത്. ഈ കുപ്രചരണം കുരിശുയുദ്ധകാലം തുടങ്ങി അനുസ്യൂതം തുടർന്നുപോന്നിട്ടുണ്ട്. ഓറിയൻറലിസ്റ്റ് സാഹിത്യമാണ് ഇതിനു തുടക്കം കുറിച്ചത്. 1920കളിൽ ആരംഭിച്ച ഹൈന്ദവ വർഗ്ഗീയവാദികളുടെ പ്രചരണങ്ങളും അതിന്റെ പിന്നിലുണ്ട്. ഇത്രയധികം തെററിദ്ധരിക്കപ്പെട്ട ഒരു മതമോ സമുദായമോ വേറെയില്ല. എന്നാൽ ഇസ്‌ലാമിനെപോലെ ഇത്ര നല്ലവണ്ണം തുറന്ന ഒരു പുസ്തകമോ വ്യക്തമായ ചരിത്രമോ മറെറാരു മതസമുദായത്തിന്നും ഇല്ലതാനും. ഈ ചരിത്രം സന്മനസ്സോടെ പഠിക്കുന്ന ഒരാൾക്ക് ഇസ്‌ലാം ദൈവിക മത

മാണെന്ന് വ്യക്തമാകും. അതിന്റെ ആവിർഭാവഘട്ടത്തിൽ അറേബ്യയിലെന്തായിരുന്ന സ്ഥിതി: ലോകത്തെമ്പാടും എന്തായിരുന്ന സ്ഥിതി. ഇരുപത്തിമൂന്ന വർഷങ്ങൾ കൊണ്ട് അവിടെ എന്തെല്ലാം പരിവർത്തനം ഉണ്ടായി. 1400 വർഷങ്ങൾക്കുമുമ്പ് അവിടെ നടപ്പിലായ പരിഷ്ക്കാരങ്ങൾ മനുഷ്യനിർമ്മിതമായിരുന്നില്ല.

ശരീഅത്ത് നിയമങ്ങൾ നിത്യനൂതനങ്ങളാണ്. പഴഞ്ചൻ, പഴഞ്ചൻ എന്ന വിളിച്ചുകൂവിയതുകൊണ്ടുമാത്രം അവ പഴഞ്ചനാകുന്നില്ല.

ഇനി ആധുനികജീവിതരീതിയുമായി പൊരുത്തപ്പെടുന്നതിനു വ്യക്തിനിയമങ്ങളിൽ വല്ല പരിഷ്ക്കാരവും ആവശ്യമുണ്ടെങ്കിൽ അത് എങ്ങിനെ ചെയ്യേണമെന്നതിനെ സംബന്ധിച്ച ശരീഅത്തിൽ തന്നെ നിർദ്ദേശങ്ങൾ ഉണ്ട്. അവയെപററി മുസ്ലിം പണ്ഡിതൻമാർ ബോധവാൻമാരാണ്, അവ കണ്ടുപിടിച്ച് നിർദ്ദേശിക്കുവാൻ അവർ കഴിവുള്ളവരുമാണ്. മുസ്ലിംകൾ പിന്നോക്കം പോകേണമെന്ന് ആഗ്രഹിക്കുന്നുവെന്ന് തെററിദ്ധരിക്കേണ്ടതില്ല.

ഇപ്പോഴത്തെ വിധവാസംരക്ഷണ നിയമം ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വ്യവസ്ഥകളെക്കാൾ മെച്ചപ്പെട്ടവയാണെന്ന നിസ്സംശയം പറയാം. സ്ത്രീപുരുഷ സമത്വത്തിനും സമസ്ഥിവാദത്തിനും വേണ്ടി നിലകൊള്ളുന്നവർ ഇത് മനസ്സിലാക്കാത്തത് അത്ഭുതം തന്നെ.

5. ഈ നിയമം ഭരണഘടനാ വിരുദ്ധമാണ്. സ്ത്രീകൾക്ക് തുല്യാവകാശം ഇതു നിഷേധിക്കുന്നു. ഇത് ചോദ്യം ചോദിച്ചു വാങ്ങലാണ്. വ്യക്തിനിയമങ്ങൾ മൗലികാവകാശമാകുമ്പോൾ, അതിലടങ്ങിയിരിക്കുന്ന വ്യത്യസ്തവ്യവസ്ഥകൾ മൗലികാവകാശമാകുമ്പോൾ, അവയിൽ വ്യത്യാസം പാടില്ലെന്ന പറയുന്നതിന്നർത്ഥമുണ്ടോ? ഭരണഘടന നൽകുന്ന അവകാശം ഓരോ മതസമൂഹത്തിന്നും അവരുടെ നിയമമനുസരിച്ചു ജീവിക്കുവാൻ അനുവദിക്കുകയെന്നുള്ളതാണ്. അതെല്ലാം തച്ചുടച്ച ഒരേകീകൃത നിയമം അടിച്ചേൽപിക്കുന്നതിലല്ല. മുസ്ലിം സ്ത്രീക്ക് മുൻ ഭർത്താവിൽനിന്ന ലഭ്യമാകുന്ന സംരക്ഷണം നിഷേധിക്കപ്പെടുന്നുവെന്ന ഇവർ പറയുന്നു. ഈ 'ഹറാമാ'യ സംരക്ഷണ



ത്തിന്ന പകരം സമുദായത്തിന്റെ സംരക്ഷണം ലഭിക്കുന്നത് സമഷ്ടിവാദത്തിനു യോജിച്ച ഒരേർപ്പാടാണ്. വാസ്തവത്തിൽ ഇതിൽ വിവേചനമുണ്ടെങ്കിൽ അതു അമുസ്ലിം സ്ത്രീകൾക്കെതിരായിട്ടാണ്. മുൻ ഭർത്താവ് നിർദ്ധനനാണെങ്കിൽ, അവർ മരിച്ചുപോവുകയാണെങ്കിൽ, അവർക്കെന്തു സംരക്ഷണമാണ് ലഭിക്കുന്നത്? അൽപം സ്ത്രീകൾക്ക് ദേവസ്വംബോർഡുകളിൽ കൂടിയോ മററോ സഹായം നൽകുവാൻ ഏർപ്പാടു ചെയ്യുന്നത് നന്നായിരിക്കും.

6. മുസ്ലിം രാജ്യങ്ങളിൽ ശരീഅത്തു പരിഷ്ക്കരണം നടന്നിട്ടുണ്ട്. ഇവിടെ മാത്രം അതു പാടില്ലെന്നുണ്ടോ? ആവർത്തിച്ചാവർത്തിച്ച പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പച്ചക്കള്ളമാണിത്. ഇസ്ലാമിക രാഷ്ട്രങ്ങൾ വ്യക്തിനിയമങ്ങൾ ഭേദഗതി ചെയ്തതു മുഴുവനും ശരീഅത്തിന്ന അനുസരണമായ രീതിയിലാണ്. ശരീഅത്തുനിയമങ്ങൾ ക്രോഡീകരിക്കുകയാണ് അവർ ചെയ്തുകൊണ്ടിരുന്നത്. അങ്ങനെ നമുക്കു ചെയ്യാവുന്ന സാഹചര്യം ഇവിടത്തെ കോൺഗ്രസ് ഗവർമെണ്ട് ഇപ്പോൾ (ഇപ്പോൾമാത്രം) തുറന്ന കാട്ടിയിട്ടുണ്ട്. ഇനി ഭരണത്തിൽ വരുന്ന പാർലിമെൻറിൽ ഭൂരിപക്ഷം നേടുന്ന, മററു പാർട്ടികളും ഈ ശരിയായ നയം തുടർന്നുപോകുമോ? അങ്ങനെയെങ്കിൽ ശരീഅത്ത് ക്രോഡീകരണവുമായി മുമ്പോട്ടു പോകുവാൻ നമുക്കു ശ്രമിക്കാം. ആൾ ഇന്ത്യാ മുസ്ലിം പേർസനൽ ലോബോർഡ് ഇക്കാര്യം ശ്രദ്ധിക്കുമെന്ന തീർച്ച. ശരീഅത്തുമായി യോജിക്കാത്ത ഒരേ ഒരു നിയമനിർമ്മാണം ഈജിപ്തിൽ പ്രസിഡണ്ട് നാസർ നടപ്പാക്കിയിരുന്നു. തികച്ചും ഭർത്താവിന്റെ മാത്രം തെററു കാരണമായി വിമോചിതയാക്കപ്പെട്ട ഒരു സ്ത്രീക്ക് ആ ഭർത്താവ് 2 വർഷം ജീവനാംശം നൽകേണമെന്നായിരുന്നു അത്. പക്ഷെ ആ നിയമം പോലും ശരീഅത്തിന്ന യോജിക്കാത്തതായി സുപ്രീംകോടതി തള്ളിക്കളയുകയാണുണ്ടായത്.

7. ഈ നിയമം വിവാഹമോചനത്തെ പ്രോൽസാഹിപ്പിക്കുമെന്നാണ് മറെറാരാരോപണം. വിവാഹമോചനം ഒരു കുട്ടിക്കളിയാണെന്നും അതു ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും ഒരു തുച്ഛമായ ജീവനാംശത്തെ ആശ്രയിച്ചായിരിക്കുമെന്നും ക

രുതുന്നതുതന്നെ അബദ്ധം. വിവാഹമോചനത്തിന്റെ പിന്നിൽ പ്രധാനമായും പ്രവർത്തിക്കുന്നതു മാനസികമായ പൊരുത്തക്കേടാണ്. അതു കോടതികളിൽ തെളിയിക്കാൻ സാധിക്കുന്ന കാര്യമല്ല. യോജിച്ചുപോകുവാൻ കഴിയാത്ത ദമ്പതിമാർക്കു ഭൂഷണം വേറിട്ടു പിരിയുന്നതുതന്നെയാണ്. അങ്ങനെ വിധവയാകുന്നവർക്കു രക്തബന്ധുക്കളും വഖഫ്ബോർഡും സംരക്ഷണം നൽകുന്നതു വളരെ നല്ലതാണ്. ഈ രണ്ടു ഏജൻസികളും അവളുടെ പുനർവിവാഹത്തിൽ താൽപര്യം കാണിക്കുമെന്നു തീർച്ച.

മേൽപറഞ്ഞ വാദമുഖങ്ങൾ ഉന്നയിച്ചവരിൽ പ്രമുഖൻ വി. ആർ. കൃഷ്ണയ്യരാണ്. ഒരു മിഷ്യനറിയുടെ ആവേശത്തോടെയും, എന്നാൽ ഒരു വക്കീലിന്റെ സാമർത്ഥ്യത്തോടെയുമാണ് അദ്ദേഹം ഇതെല്ലാം പറഞ്ഞുകൊണ്ടു ഇന്ത്യയിൽ ഉടനീളം ചുററിനടന്നതും. മറിച്ചാണ് പറയേണ്ടിവന്നതെങ്കിൽ ഇതിനേക്കാൾ ഭംഗിയായി സംസാരിക്കാൻ അദ്ദേഹത്തിന്നു കഴിയും. ഇസ്ലാമിക നിയമങ്ങളുടെ മഹത്വത്തെപ്പററി അദ്ദേഹം പലപ്പോഴും പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ കഴിവുകളെപ്പററി ബഹുമാനമുള്ളവനാണ് ഈ ലേഖകൻ. ഇസ്ലാം പഴഞ്ചനാണെന്നും, കുഷ്ഠരോഗിയോട് ചോദിച്ചിട്ടാണോ അവർക്കു ചികിൽസ നിശ്ചയിക്കേണ്ടതെന്നും മററും അദ്ദേഹം പറഞ്ഞതു സത്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടവയാണെങ്കിൽ വളരെ കടന്ന കയ്യായിപ്പോയി. അഹന്തയുടെയും അഹങ്കാരത്തിന്റെയും പ്രകടനം മാത്രമാണ് അതു്.



# വിരോധാഭാസം

മാത്യു അർണോൾഡിന്റെ ഒരു കഥാപാത്രമുണ്ട്–ഒരു പാവം ഗ്രാമീണാദ്ധ്യാപകൻ. അയാൾ വാദപ്രതിവാദങ്ങളിൽ തോററുപാളീസായാലും തന്റെ വാദം തുടർന്നുകൊണ്ടേയിരിക്കും. ഇതാണ് നമ്മുടെ അഖിലേന്ത്യാ ഇസ്ലാമിക് ശരീഅത്ത് ബോർഡിന്റെ വക്താക്കളും ചെയ്യുന്നത്. വിശുദ്ധഖുർആനും ഹദീസ് ശരീഫും അനുസരിച്ചുള്ള മുസ്ലിം വ്യക്തിനിയമങ്ങളുടെ ക്രമീകരണം എന്നതാണ് അവരുടെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ആ ലക്ഷ്യം പ്രഖ്യാപിച്ചതോടൊപ്പം തന്നെ മൊഴിചൊല്ലിപ്പിരിഞ്ഞ വിധവക്ക് മുൻ ഭർത്താവ് ജീവനാംശം നൽകേണമെന്നും അവർ തറപ്പിച്ചു പറഞ്ഞുകഴിഞ്ഞു. അതു ഖുർആനിന്നും ഹദീസിന്നും കടകവിരുദ്ധമാണെന്നു ലോകം മുഴുവനുമുള്ള മുസ്ലിം പണ്ഡിതൻമാരും സാധാരണക്കാരും പറയുന്നത് ഇവക്ക് ബാധകമല്ല. ഖുർആൻ വ്യാഖ്യാനത്തിനു പണ്ഡിതന്മാരെ മാത്രം ആശ്രയിക്കേണ്ടതില്ല എന്ന് പി. പി. ഉമ്മർകോയ പറയുന്നു. രാജീവ്ഗാന്ധിയുടെ മുസ്ലിംവനിതാ സംരക്ഷണബിൽ ശരീഅത്ത് വ്യവസ്ഥകളുടെ ക്രോഡീകരണത്തിന്റെ ആദ്യപടിയാണെന്നു് രാജീവ് തന്നെ പ്രസ്താവിച്ചതും ഈ ബോർഡിന് ബാധകമല്ല.

വേറെ എന്തൊക്കെയാണ് ക്രോഡീകരിക്കേണ്ടതു് എന്നു ഇതുവരെ അവർ വ്യക്തമാക്കിയിട്ടില്ല. ഒരു കോൺഫ്രൻസും ഒരു സെമിനാറും സംഘടിപ്പിച്ചെങ്കിലും അതിലൊന്നും ഇതിന്റെ ഒരു സൂചനപോലും കാണുന്നില്ല.

അവരുടെ വൈദികോപദേഷ്ടാവ് സി. എൻ. അഹമദ് മൗലവി പ്രധാനമന്ത്രിക്ക് എഴുതിയ തുറന്ന കത്തിൽ ചില സൂചനകൾ ഉണ്ട്.

1. വിവാഹവും വിവാഹമോചനവും റജിസ്റ്റർ ചെയ്യണം. ഇതിന്നാർക്കും വിരോധമില്ല. ഇപ്പോൾതന്നെ അനൗദ്യോഗികമായി ഖാസിമാർ ഇക്കാര്യം ചെയ്യുന്നുണ്ട്.

2. വിവാഹമോചനത്തിനും പുനർവിവാഹത്തിനും കോടതിയുടെ അനുവാദം വേണം. ഇതിനു ഉപോൽബലകമായെന്നോണം ഖുർആൻ സൂക്തങ്ങളെ ചൂണ്ടിക്കാട്ടുന്നു. ഈ സൂക്തങ്ങളാകട്ടെ ഭാര്യാഭർത്താക്കൻമാരുടെ കുടുംബങ്ങളെ പ്രതിനിധീകരിക്കുന്നവരടങ്ങിയ മദ്ധ്യസ്ഥസമിതിയെക്കുറിച്ചുള്ളതാണുതാനും.

3. മദ്ധ്യസ്ഥസമിതികൾ ചില മുസ്ലിം രാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ അവ നടപ്പിലുണ്ടെന്നും, മററു സംസ്ഥാനങ്ങളിലും അവ സ്ഥാപിക്കേണമെന്നും, അവക്കു നിയമപ്രാബല്യം ലഭിക്കേണമെന്നും 'അഖിലേന്ത്യാ മുസ്ലിം വ്യക്തിനിയമബോർഡ്'' ആവശ്യപ്പെട്ടപ്പോൾ മൗലവിയും ഉമ്മർകോയയും കൂട്ടുകാരും അതിൽ പച്ച കാണുകയും, ഇതു വളരെ അപകടകരമാണെന്നും, സമാന്തരകോടതികളാണിവയെന്നും വിളിച്ചുപറഞ്ഞ് എതിർക്കുകയുമാണ് ചെയ്തതു്.

4. വിധവകളുടെ സംരക്ഷണത്തിന് ഏററവും നല്ല മാർഗ്ഗം ഇസ്ലാമിലെ സക്കാത്ത് പദ്ധതി നടപ്പിലാക്കുകയാണെന്നും സി. എൻ. പറയുന്നു. ഇതിനെ ഒരു നികുതിയായിട്ടാണ് അദ്ദേഹം പ്രധാനമന്ത്രിക്ക് അവതരിപ്പിക്കുന്നത്. സക്കാത്ത് മതവിധികളനുസരിച്ച് ശേഖരിച്ചു വിതരണം ചെയ്യുവാനാണോ? അത് മതേതര ഗവൺമെൻറ് സമ്മതിക്കുമോ? പുതുവിശ്വാസികൾക്കും അല്ലാഹുവിൻെറ മാർഗ്ഗത്തിലുമുള്ള വിഹിതങ്ങൾ എന്തു ചെയ്യും?

5. ഇനി സാധാരണഗതിയിലുള്ള നികുതികളിൽകൂടിയുള്ള വരുമാനം വർദ്ധിപ്പിച്ച് ദാനധർമ്മങ്ങൾ സംഘടിപ്പിക്കുകയാണെങ്കിൽ അതു ഇപ്പോൾതന്നെ പല സംസ്ഥാനങ്ങളിലും നടന്നുവരുന്നുണ്ട്. നമ്മുടെ സ്റ്റേററിൽതന്നെ വിധവകൾക്ക് പെൻഷൻ നൽകുന്നു. ഇതൊന്നും പോരാതെവരുന്ന സന്ദർഭങ്ങളിൽ മാത്രമാണ് വഖഫ്ബോർഡ് ജീവനാംശം നൽകണമെന്ന് നിയമം കൊണ്ടുവന്നിട്ടുള്ളതു്. ഇതിനെ എതിർക്കുന്നതിൽ എന്തെങ്കിലും ന്യായമുണ്ടോ?



മൗലവിസാഹിബ് ആശയക്കുഴപ്പങ്ങളുടെ കൂമ്പാരമായ ഒരു മനസ്സിൻെറ ഉടമയാണെന്ന് വ്യക്തം. ആദർശ ശിഖരങ്ങളിലേക്ക് കയറിചെല്ലുന്ന തൻെറ എഴുത്തുകളിൽ ചിലതു്. പ്രായോഗികതലത്തേക്ക് ഇറങ്ങിവരുമ്പോൾ ഖുർആനും ആദർശവും എല്ലാം വളരെ ലാഘവബുദ്ധിയോടെ തള്ളിപ്പറയുന്നു. ഏകീകൃതസിവിൽകോർഡിനെപ്പററി ചർച്ച ചെയതപ്പോൾ മഹാനായ ഒരു സമുദായനേതാവ് 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്'' എന്ന് ഉപദേശിച്ച കഥ പറയുകയും അതു് പ്രായോഗികമാക്കുവാൻ അദ്ദേഹത്തിൻെറ അനുയായികൾതന്നെ പരിശ്രമിച്ചിട്ടുണ്ടോയെന്ന് ചോദിക്കുകയും ചെയ്യുന്നു. മൗലവിയുടെ ലക്ഷ്യം എല്ലാം അമുസ്ലിംകളാകണമെന്നോ എല്ലാവരും ഒരു അവിയൽ മതം സ്വീകരിക്കണമെന്നോ, ഇതു് രണ്ടും സാദ്ധ്യമല്ലാത്തതുകൊണ്ട് ഏകീകൃതസിവിൽകോഡ് പ്രായോഗികമല്ലെന്നോ എന്താണെന്ന് മനസ്സിലാകുന്നില്ല. ഏതായാലും ഖുർആനും ഹദീസും അനുസരിച്ച് വ്യക്തിനിയമങ്ങൾ ക്രോഡീകരിക്കുകയെന്ന ഉന്നതാദർശം പ്രഖ്യാപിക്കുകയും ഖുർആനെതിരായും ഹദീസിനെ പുറംതള്ളിയും പ്രചരണങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിരോധാഭാസത്തിലാണ് മൗലവിയും ഉമർകോയയും കൂട്ടുകാരും ഏർപ്പെട്ടിരിക്കുന്നതു്. ഇസ്ലാമിനെതിരായുള്ള ഒരു നീക്കംതന്നെ അല്ലേ ഇതു്. ആണെന്നുവേണം സംശയിക്കാൻ. കഴിഞ്ഞ മേയ് 3ാംനുരാവിലെ പത്തരമണിക്കു കോഴിക്കോട്ടു മൊയ്തീൻ പള്ളി റോഡിൽ സൈക്കിളിൻമേൽ ഒരു മെഗാഫോൺ ഘടിപ്പിച്ചു ഒരാൾ ഇങ്ങനെ വിളിച്ചുപറയുകയായിരുന്നു. 'മതമൗലികതക്കെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ച ആരിഫ്മുഹമ്മദ് ഖാൻ ഇന്ന് വൈകുന്നേരം മുതലക്കുളം മൈതാനിയിൽ പ്രസംഗിക്കുന്നു.' ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം മതമൗലികതയെന്നതു ഖുർആനും സുന്നത്തും തന്നെ. മുസ്ലിം കോൺഫറൻസ് ഉൽഘാടകൻെറ ലക്ഷ്യം ഇതാണെന്നല്ലെ സംഘാടകരുടെ പ്രഖ്യാപനം തെളിയിക്കുന്നതു്. ആരിഫ്ഖാൻ കുരിശുയുദ്ധത്തിൽ സിയാവുർറഹ്മാൻ അൻസാരിയുമായി ഏററുമുട്ടി തോററു തറപററിയതാണ്. എന്നിട്ടും അരിശംതീരാതെ പറഞ്ഞതുതന്നെ ആവർത്തിച്ചുകൊണ്ട് കാററാടിയന്ത്രത്തോട്

# അവതാരിക

ശരീഅത്ത് എന്ന അറബിപദത്തിന്ന് നിയമം, മാർഗ്ഗരേഖ എന്നൊക്കെ അർത്ഥമുണ്ട്. മുസ്‌ലിംകൾ അതുപയോഗിച്ചുവരുന്നത് തങ്ങളുടെ ജീവിതം ക്രമപ്പെടുത്താനുള്ള ദൈവിക നിയമത്തെ സൂചിപ്പിക്കാനാണ്. അതനുസരിച്ചു കൊണ്ടു ജീവിക്കുന്നത് മതാനുഷ്ഠാനമായിട്ടാണവർ കാണുന്നത്. അതിൽ നിന്നു വ്യതിചലിക്കുന്നത് വലിയ തെററാണെന്ന് അവർ വിശ്വസിക്കുകയും ചെയ്യുന്നു. മുഹമ്മദ് നബി(സ)യോട് അല്ലാഹു ഖുർആനിലൂടെ ഇങ്ങനെ പറഞ്ഞു. “പിന്നീട് നിന്നെ നാം (മത)കാര്യത്തെ സംബന്ധിച്ച ഒരു ‘ശരീഅത്തിൽ’ (തെളിഞ്ഞമാർഗ്ഗത്തിൽ) ആക്കിയിരിക്കുന്നു. ആകയാൽ അതിനെ പിൻപററിക്കൊള്ളുക. അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ നീ പിൻപററിപ്പോകരുത്.” (45:18) “നിനക്കും സത്യസന്ധതയോടെ നാം ഗ്രന്ഥം ഇറക്കിത്തന്നിട്ടുണ്ട്. അതിന്റെ മുമ്പിലുള്ളതിനെ ശരിവെച്ചും അതിനെ കാത്തുസംരക്ഷിച്ചും കൊണ്ടുള്ള നിലയിലാണ് (അത്). അതുകൊണ്ട് അല്ലാഹു ഇറക്കിയതനുസരിച്ച് അവർക്കിടയിൽ വിധികൽപിക്കുക. നിനക്ക് വന്നു കിട്ടിയ സത്യത്തെവിട്ട് അവരുടെ തന്നിഷ്ടങ്ങളെ പിൻപററാതിരിക്കുകയും ചെയ്യുക. നിങ്ങളിൽ ഓരോരുത്തർക്കും ഒരു ‘ശിർഅത്തും’ (നിയമസംഹിതയും) ‘മിൻഹാജും’ (നടപടി മാർഗ്ഗവും) നാം നിശ്ചയിച്ചുതന്നിട്ടുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം നിങ്ങളെ ഒരേ സമുദായമാക്കിത്തന്നെ നിർത്തിപ്പോരുമായിരുന്നു. പക്ഷെ, നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുന്നതിന്നുവേണ്ടി (ഇങ്ങനെ) ആക്കിയിരിക്കയാണ്... അതുകൊണ്ട് നന്മകളിലേക്ക് മററുള്ളവരെ കവച്ചുവെച്ചുമുന്നേറുവിൻ...... അല്ലാഹു ഇറക്കിയതു് അനുസരിച്ചു അവർക്കിടയിൽ വിധികൽപിക്കുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിൻപററാതിരിക്കുകയും ചെയ്യുക. അല്ലാഹു നിനക്കി



റക്കിത്തന്നിട്ടുള്ള ചില കൽപനകളിൽ നിന്ന് അവർ നിന്നെ തെററിച്ചുകളയുന്നത് സൂക്ഷിക്കുകയും ചെയ്യുക...... ജാഹിലിയ്യാ (അജ്ഞാന) കാലത്തെ വിധിയെയാണോ അവർ ആവശ്യപ്പെടുന്നത്? ഉറച്ചുവിശ്വാസമുള്ള ജനങ്ങൾക്ക് അല്ലാഹുവിനേക്കാൾ നന്നായി വിധിക്കുന്നതായി ആരുമില്ല.”

(5:48,49,50)

ശരീഅത്തിൽ നിന്ന് വ്യതിചലിക്കാൻ മുസ്‌ലിമിന്ന് പാടില്ല. ശരീഅത്തിൽ നിർണ്ണയിക്കപ്പെട്ട അവകാശികൾ അല്ലാതെ മററുള്ളവർ മരണപ്പെട്ട ആളുടെ സ്വത്തു ഭാഗിച്ചെടുക്കൽ, ഒരു സ്ത്രീയെ ഒന്നിലധികം പേർ ഭാര്യയാക്കിവെക്കൽ, പുരുഷനും സ്ത്രീയും മാത്രം അറിയുന്നവിധത്തിൽ അവർ വിവാഹിതരാകൽ, സ്വന്തം സഹോദരിയെയോ സഹോദരീപുത്രിയെയോ വിവാഹം ചെയ്യൽ, രണ്ടു സഹോദരിമാരെ ഒരേസമയം ഭാര്യമാരായി സ്വീകരിക്കൽ ഇതെല്ലാം ശരീഅത്തിന്നു വിരുദ്ധമായ ‘ഹറാം’ (നിഷിദ്ധനടപടികൾ) ആണ്. സ്വന്തം സഹോദരീപുത്രിയെ നിയമാനുസൃതമായി വിവാഹം ചെയ്തു കുട്ടികളുമായി ജീവിച്ചു വരുന്ന ഹിന്ദു ദമ്പതികൾ ഇസ്‌ലാം മതം ആശ്ലേഷിക്കാനുദ്ദേശിച്ചപ്പോൾ തങ്ങളുടെ വിവാഹം ഇസ്‌ലാംമതനിയമത്തി(ശരീഅത്ത്)ന്നു് അനുസൃതമല്ല എന്നു് മനസ്സിലാക്കി, തങ്ങളെന്തു ചെയ്യണമെന്ന് ഉപദേശിക്കാൻ ആദിൽസലാഹി എന്ന പണ്ഡിതനോട് ഒരു സ്നേഹിതനിലൂടെ ഉപദേശം തേടിയതും അദ്ദേഹത്തിന്റെ ഉപദേശവും അടുത്തദിവസം ‘അറബ് ന്യൂസ്’ എന്ന ഇംഗ്ലീഷ് പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. തങ്ങൾക്ക് വിട്ടുപിരിയാൻ തീരെ ഇഷ്ടമില്ലെന്നും എന്നാൽ മുസ്‌ലിംകളായി ജീവിക്കണമെന്ന് തങ്ങൾ ആഗ്രഹിക്കുന്നുവെന്നും അറിയിച്ച അവർക്ക് നൽകപ്പെട്ട ഉപദേശം അവരുടെ വൈവാഹികജീവിതം തുടരാൻ പാടില്ലെന്നും എന്നാൽ അമ്മാവനും മരുമകളും എന്ന ബന്ധത്തിൽ മാത്രം ആ നിലയിലുള്ള സ്നേഹം നിലനിർത്തിക്കൊണ്ട് ഒരേ വീട്ടിൽ താമസം തുടരുന്നത് അനുവദനീയമാണെന്നുമാണ്. ശരീഅത്തിന്റെ സ്വഭാവം മനസ്സിലാക്കാനാണിത്രയും പറഞ്ഞത്.

ഇന്ത്യയിൽ ശരീഅത്ത് നിയമത്തിന്റെ പേരിലുള്ള ഒരു വ്യക്തി നിയമം (മുഹമ്മദൻലോ) നിലവിലുണ്ട്. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഈ നിയമം പല പോരായ്മകളും ഉള്ള

മല്ലിടുന്ന ഡോൺക്വിക്സോട്ടായി മണ്ടി നടക്കുന്നു. ഒരേവാദം വീണ്ടും ആവർത്തിച്ചു പറഞ്ഞുകൊണ്ട് പാർലിമെണ്ടിൽ തന്റെ മനസ്സാക്ഷിക്കെതിരായി വോട്ടു ചെയ്യുന്ന ഈ 'ആദർശധീരൻ' എന്തുകൊണ്ട് മെമ്പർഷിപ്പ് രാജിവെച്ച് ജനസമ്മതി തേടിയില്ല? ഫലം എന്തായിരിക്കുമെന്നതു് പകൽപോലെ വ്യക്തമാണ്.

ആരിഫ്ഖാന്റെയും മററും പ്രസംഗങ്ങൾ കാര്യമാത്രപ്രസക്തമായിരുന്നില്ല. സിംഹഭാഗവും മുസ്ലിംലീഗിന്റെ 'വർഗീയത'യെ എതിർക്കുവാനാണ് വിനിയോഗിച്ചതു്. ഈ 'വർഗീയവാദം' എന്ന പ്രയോഗം വളരെ പഴഞ്ചനായിപ്പോയി. 1920കളിൽ തുടങ്ങി മുസ്ലിംകൾക്കെതിരെ ഇതു് നിരന്തരം പ്രയോഗിച്ചുവന്നിട്ടുണ്ട്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി ന്യായമായ മാർഗത്തിലൂടെ വാദിക്കുന്നതു് വർഗീയമല്ല-അതു് മററുള്ളവരുടെ അവകാശങ്ങളെ അന്യായമായി ബാധിക്കാത്ത കാലത്തോളം. ഈ അർത്ഥത്തിൽ മുസ്ലിംലീഗ് ഒരിക്കലും വർഗീയ സംഘടനയാവുന്നില്ല. മുസ്ലിംകളുടെയും മററു ന്യൂനപക്ഷങ്ങളുടെയും അവകാശസംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്ന ദേശീയ സംഘടനയാണതു്. ഇവിടത്തെ വർഗീയവാദികൾ ഭരണത്തിന്റെ തലപ്പത്തിരിക്കുന്ന സ്ഥാപിതതാല്പര്യക്കാരായ ഒരു കൂട്ടം ആളുകളും അവരുടെ സ്വാധീനത്തിലുള്ള വാർത്താമാദ്ധ്യമങ്ങളുമാണ്. ആടിനെ പട്ടിയാക്കുന്ന ജോലിയിൽ അവർ വ്യാപൃതരായിരിക്കുന്നു. അവരുടെ ഗീബൽസിയൻ നുണകൾ ഏററുപാടുന്ന ഒരു കൂട്ടം മുസൽമാൻമാരുമുണ്ട് ഇവിടെ. അവരുടെ ഉള്ളിലെ ആഗ്രഹം മുസ്ലിംലീഗ് ഇവിടെ നിലനിൽക്കണമെന്നും അവരുടെ അവകാശവാദങ്ങൾ മുറക്കു നടക്കണമെന്നുമാണ്. മുസ്ലിംലീഗിന്റെയും മററും പരിശ്രമഫലമായി മുസ്ലിംകൾക്കു വല്ല നക്കാപ്പിച്ചയും വീണുകിട്ടുമ്പോൾ അതു് ഈ വിമതരുടെ ചട്ടിയിലേക്കു വീഴുക എന്നതായിരുന്നു നാളിതുവരെയുള്ള അനുഭവം. മുസ്ലിംലീഗുമായൊത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചാൽ മുസ്ലിം മന്ത്രിയാകുന്നതും, മുസ്ലിം പ്രാതിനിധ്യത്തിന്റെ പേരിൽ സർവീസ് കമ്മീഷൻ ചെയർമാനാകുന്നതും മററും ഇക്കൂട്ടരായിരുന്നു. എ-



ന്നാൽ അങ്ങനെ ആയിക്കഴിഞ്ഞാൽ മുസ്ലിംകൾക്ക് ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ പോലും അനുവദിച്ചു കൊടുക്കേണ്ടിവരുമ്പോൾ ഇവർക്ക് കാൽമുട്ടു വിറക്കുകയും ചെയ്യുന്നു. ചാഗ്ലയും ഹിദായത്തുല്ലയും ഉമ്മർകോയയുമെല്ലാം ഇങ്ങിനെ മുസ്ലിം പ്രതിനിധികളായി തെളിഞ്ഞവരാണ്. ഈ പോക്കിന് ഒരു മാററം വന്നിരിക്കുന്നു. ഇപ്പോൾ മുസ്ലിം പ്രതിനിധികളായി അംഗീകരിക്കപ്പെടുന്നതു സിയാവുദ്ദീൻ അൻസാരിയും നജ്മഹിഫ്ത്തുല്ലയും ജി. എം. ബനാത്ത് വാലയും മെഹ്ബൂബെമില്ലത്ത് ഇബ്രാഹീം സുലൈമാൻസേട്ടുവുമാണു്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പിൻഗാമി ഉമ്മർകോയയല്ല, സിയാവുർറഹ്മാനാണ്. മൗ: ആസാദിന്റെ പിൻഗാമി സി. എൻ. അഹമദ്മൗലവിയല്ല, പൗത്രി നജ്മഹിഫ്ത്തുല്ലയാണു്. ഈ മോഹഭംഗം സഹിക്കാനൊക്കുമോ?

ഇസ്ലാമിക് ശരീഅത്ത്ബോർഡിന്റെ പ്രവർത്തനങ്ങളിലും പ്രഖ്യാപനങ്ങളിലും ഇസ്ലാമിനെ കാണുവാൻ ശ്രമിക്കുന്നതു ഇരുട്ടറയിൽ ഇല്ലാത്ത കരിംപൂച്ചയെ തേടുന്ന കുരുടന്റെ വൃഥാശ്രമമായിരിക്കും. എല്ലാവരും എല്ലായ്പ്പോഴും ശരീഅത്ത് അനുസരിക്കാറുണ്ടോ എന്നു ഉമർകോയ ചോദിക്കുന്നു. വിധവകൾ മുൻ ഭർത്താവിൽ നിന്നും ജീവനാംശം വാങ്ങാതിരുന്നാൽ പോരെയെന്ന് കോയട്ടി ഉപദേശിക്കുന്നു. മാതാപിതാക്കളെ കോടതി കയററാനാണോ പറയുന്നത് എന്നു ജലീൽ സംശയിക്കുന്നു. ഇത്തരം ബാലിശങ്ങളായ വാദങ്ങളാണ് ഇസ്ലാമിക ശരീഅത്ത് ബോർഡ് വക്താക്കൾ ഉന്നയിക്കുന്നത്. എന്തൊരു കഷ്ടം! ചിലർ നിയമം ലംഘിക്കുന്നതുകൊണ്ടു തെററായ നിയമങ്ങൾ കൊണ്ടുവരേണമെന്നും വേണ്ടാത്തവർ ലംഘിച്ചു കൊള്ളട്ടെയെന്നുമാണോ വാദം? ഉറങ്ങുന്നവരെ ഉണർത്താം. ഉറക്കം നടിക്കുന്നവരെ ഉണർത്താനൊക്കുമോ?

# 20

# തീവ്രവാദികളുടെ പോക്ക്

ശരീഅത്ത് വിമർശകരായ വിമതരിൽ ഒരു ചെറിയ വിഭാഗം മോഡേണിസ്ററുകളോ, അവരുടെ രണ്ടാം നിരയിൽ കഴിയുന്നവരോ ആണ്. മോഡേണിസ്റ്റുകളിലെ തീവ്രവാദികളുടെ പോക്ക് എവിടേക്കാണെന്ന് മനസ്സിലാക്കുവാൻ അവരുടെ സാഹിത്യങ്ങൾ വായിച്ചാൽ മതി. ഈ സാഹിത്യങ്ങൾ ഇസ്‌ലാമിൻെറ പരിശുദ്ധിയെ നശിപ്പിക്കുകയും ഇസ്‌ലാമിൻെറ മുന്നേറാത്തെ പററി ഭയപ്പെടുന്ന ശക്തികളെ പ്രീണിപ്പിക്കുകയും ചെയ്യേണ്ടതിനാണ്.

ഒരു ഹൈദ്രാബാദ്കാരൻ ഇംഗ്ലീഷിൽ വിശുദ്ധഖുർആനിൻെറ പരിഭാഷയും വ്യാഖ്യാനവും തയ്യാറാക്കിയിട്ടുണ്ട്. ഖുർആൻ സൂക്തങ്ങളും മററും ഭംഗിയായി അറബി കൈയെഴുത്ത് കലയുടെ മാതൃകകൾ ഉപയോഗിച്ച് കലാപരമായി തന്നെ അച്ചടിച്ചിരിക്കുന്നു. വിശുദ്ധഖുർആനിലെ സൂറകളിലും ആയത്തുകളിലും കാണുന്ന ചമൽക്കാരത്തെ പററിയും ശബ്ദമാധുര്യത്തെ പററിയും ഇതിൽ വാനോളം പുകഴ്ത്തുന്നു. എന്നാൽ ഖുർആൻെറ ഉള്ളടക്കത്തെ അതിരൂക്ഷമായി വളച്ചൊടിച്ച് കാണിക്കുകയാണ് ചെയ്യുന്നത്. സ്ററുഡൻസ് ഖുർആൻ എന്ന പേരിൽ വേറൊരു ചെറിയ പുസ്തകവും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ പഠിച്ച് കറിപ്പതയ്യാറാക്കാൻ പാകത്തിൽ ഇടക്കിടക്ക് വെള്ളക്കടലാസ് ഇട്ടിട്ടാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

മറെറാരു കൈകടത്തൽ ഖുർആൻ വ്യാഖ്യാനത്തിലാണ്. സമയാനുഗതമായും വിഷയാനുഗതമായും ഖുർആൻ സൂക്തങ്ങളെ ക്രമപ്പെടുത്തിക്കൊണ്ട് പത്ത് വാള്യങ്ങളിൽ വിശുദ്ധ ഖുർആൻ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാനായിരുന്നു പരിപാടി. സ്ത്രീകളെ പററി ഖുർആനിൽ വന്ന ആയത്തുകൾ ശേഖ



രിച്ച് 'സ്ത്രീ' എന്ന പേരിൽ മലയാളത്തിലും ഇസ്‌ലാമിനെ പററി ഖുർആനിൽ വന്ന ചില ആയത്തുകൾ ശേഖരിച്ച് ഇസ്‌ലാം എന്ന പേരിൽ ഇംഗ്ലീഷിലും രണ്ട് ചെറുപുസ്തകങ്ങൾ പുറത്തുവന്നു. പ്രോൽസാഹനം ലഭിക്കാതെ ആ പദ്ധതി പൊളിഞ്ഞു. വി: ഖുർആൻ അവതീർണ്ണമായ ക്രമത്തിൽ ക്രോഡീകരിക്കുക എന്നത് ഈ ഭൗതികവാദികളുടെ ഒരു തന്ത്രമാണ്. വി. ഖുർആൻ മുഹമ്മദ് നബിയുടെ കൃതിയാണെന്നും അതിലെ വിധിവിലക്കുകൾക്ക് താല്ക്കാലികമായ പ്രസക്തി മാത്രമേയുള്ളവെന്നും വരുത്തിത്തീർക്കുവാനാണ് അവർ ഈ തന്ത്രം ഉപയോഗിക്കുന്നത്. വിശുദ്ധ ഖുർആൻ മുഴുവനും നബി (സ.അ) തിരുമേനി തന്നെ അല്ലാഹുവിൻെറ ഇംഗിതമനുസരിച്ച് ക്രോഡീകരിച്ചിട്ടുള്ളതാണ്. ആയത്തുകൾക്കും, സൂറത്തുകൾക്കും ഉദ്ദേശലക്ഷ്യങ്ങളോടെ അവിടുന്ന് ക്രമീകരണം നൽകുകയുണ്ടായി. നേരത്തെ ഇറങ്ങിയതും മൗലികസത്യങ്ങളെ പ്രതിപാദിക്കുന്നതുമായ ചെറിയ ചെറിയ മക്കി സൂറത്തുകൾ അവസാനത്തിലും വിധിവിലക്കുകളും, സാമൂഹ്യനിയമങ്ങളും ഉൾക്കൊള്ളുന്ന വലിയ മദനീ സൂറത്തുകൾ ആദ്യത്തിലും വെച്ചത് യുക്തിപൂർവ്വകമാണ്. അവസാനത്തെ സൂറത്തുകൾ അടിസ്ഥാന കാര്യങ്ങളാണ്; ഖുർആൻെറ അടിത്തറയാണ്; ആദ്യത്തെ സൂറത്തുകൾ കെട്ടിടവും. പണിതീർന്ന കെട്ടിടം പരിശോധിക്കുന്നത് അതിലെ മുറികളും മററും നോക്കിയാണല്ലോ. ഉറപ്പിന്നാവശ്യമായ കുഴിയാട്ടയെ പററി പിന്നീടാണ് ചിന്തിക്കുക. വി: ഖുർആൻെറ പഠനത്തിൻെറ ഉദ്ദേശ്യം ചഞ്ചലമായ മനുഷ്യമനസ്സിനെ വിശ്വാസത്തിലുറപ്പിച്ച് നിർത്തുകയാണ്. അതിനു് തികച്ചും ഫലപ്രദമായ രീതിയിലാണ് ഖുർആൻ സൂക്തങ്ങളും സൂറകളും ഘടിപ്പിച്ചിട്ടുള്ളത്. ഇതിനെയെല്ലാം തകിടം മറിച്ചു കൊണ്ട് അവയുടെ ക്രമീകരണത്തെ താറുമാറാക്കുന്നത് ശരിയല്ല. വിഷയാനുഗതമായി ഖുർആൻ ക്രമപ്പെടുത്തുവാൻ ശ്രമിച്ചു നോക്കുന്നത് തികച്ചും വിഫലമായ ഒരു കാര്യമാണ്. പ്രകൃതിയിലുള്ള സകല വസ്തുക്കളെയും മനുഷ്യമനസ്സിനെയും അവൻെറ വിചാരവികാരങ്ങളെയും പ്രകൃതിക്കതീതമായ അനേകം സംഗതികളെയും പരാമർശിക്കുന്ന അനേകം ഖുർആൻ സൂക്തങ്ങളെ ആയിരമോ നൂറോ വിഷയങ്ങളിൽ ഒതുക്കുവാൻ സാധിക്കുകയില്ല. ഒരു സൂക്തം തന്നെ പല സംഗതികളെയും പ്രതിപാദി

ച്ചേക്കാം. ഒരേ വിഷയത്തെ പററി പല സൂക്തങ്ങളും ഉണ്ടാവുകയും ചെയ്യുന്നു.

ഈ പുസ്തകത്തിന്റെ അവതാരികയിൽ ഗ്രന്ഥകർത്താവ് എഴുതുന്നത് നോക്കുക. "മുഹമ്മദ്നബിയുടെ 23 കൊല്ലത്തെ ദൗത്യകാലത്ത് കുറേശ്ശയായി മക്കത്തും മദീനത്തും വെച്ച് വെളിപ്പെട്ട സൂക്തങ്ങൾ ഒന്നിച്ച് ചേർന്നതാണല്ലോ ഇന്ന് നാം കാണുന്ന ഖുർആൻ ഗ്രന്ഥം. വിഷയാനുഗതമായിട്ടല്ല സൂക്തങ്ങൾ ലഭിച്ചത്. ഒരു വിഷയം തന്നെ പല വശങ്ങളും പലപ്പോഴായിട്ടാണ് വെളിവായത്. സംഗതി കൂടുതൽ വെളിവാകുമാറ് പലപ്പോഴായി വന്ന സൂക്തങ്ങൾ അവ വന്ന ക്രമത്തിലല്ല ചേർത്തിരിക്കുന്നത്. ഗ്രന്ഥരൂപീകരണത്തിന് നിയുക്തമായ യസീദ് കമ്മിററിക്കാർക്ക് ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിഞ്ഞിട്ടില്ലെന്ന് തോന്നുന്നു...... പല സ്ഥലത്തായി എഴുതിവെച്ചിരുന്നതും, നബിയുടെ അനുചരന്മാർ ഹൃദിസ്ഥമാക്കിയിരുന്നതുമായ സൂക്തങ്ങൾ ധൃതിയിൽ കിട്ടിയത് കിട്ടിയത് ഒന്നിച്ച് ചേർത്തത് കൊണ്ടായിരിക്കണം. മദീനത്ത് വെച്ച് വെളിപ്പെട്ട ചില സൂക്തങ്ങൾ മക്കത്തു വെളിപ്പെട്ടതിന്റെ കൂട്ടത്തിൽ പെട്ടുപോകാൻ ഇടയായത്. അതു് പോലെ മറിച്ചും; മാത്രമല്ല വലിയ അദ്ധ്യായങ്ങൾ അവ മദീനത്ത് വെച്ച് വെളിപ്പെട്ടതാണെങ്കിലും ആദ്യം ചേർക്കുകയും മക്കത്ത് വെച്ച് വെളിവായ ചെറിയ അദ്ധ്യായങ്ങൾ അവസാനമാക്കുകയും ചെയ്തു. അങ്ങനെ സന്ദർഭത്തിനും സൗകര്യത്തിനും വലിയ പരിഗണന നൽകാതെയാണ് ഖുർആനിനെ ഒരു ഗ്രന്ഥമാക്കി വെച്ചത്. എന്നിരുന്നാലും യാതൊരു കലർപ്പും മാററവും കൂടാതെയുള്ള ഇന്ന് നാം കാണുന്ന ഖുർആൻ ഗ്രന്ഥം നമുക്ക് ലഭിച്ചത് ഒരു മഹാഭാഗ്യമായി കണക്കാക്കണം. അതിന് യസീദ് (?) കമ്മിററിക്കാരോടും ഉസ്മാൻ ഖലീഫയോടും നാം കടപ്പെട്ടവരാണെന്ന് സമ്മതിച്ചേതീരൂ."

കാര്യങ്ങൾ നേരെചൊവ്വെ മനസ്സിലാക്കാതെ അല്ലെങ്കിൽ മനസ്സിലായിട്ടും അതിനെ പാടെ അവഗണിച്ചു കൊണ്ട് അനാവശ്യമായി അതിൽ കൈകടത്തി തകിടം മറിക്കാനാണ് ഗ്രന്ഥകർത്താവ് ശ്രമിക്കുന്നത്. ഖുർആൻ എഴുതുന്നതിൽ



ഒരു യസീദ് കമ്മിററിയുണ്ടായിരുന്നില്ല. ഖുർആൻ നബിയിൽ നിന്ന് കേട്ട് എഴുതിയവരിൽ പ്രമുഖനേയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ പേർ സൈദ്ബ്നു സാബിത് എന്നാണ്. വിശുദ്ധഖുർആൻ നബി(സ) പഠിപ്പിച്ച അതേ രൂപത്തിൽ ഇന്നും നമ്മുടെ പക്കലുണ്ടെന്ന് ഗ്രന്ഥകർത്താവ് സമ്മതിക്കേണ്ടിവന്നിരിക്കുന്നു. ഇങ്ങനെയൊരു സംരക്ഷണം അവകാശപ്പെടാൻ വേറെ ഒരു പുസ്തകത്തിനും സാധ്യമല്ല. അത് വി:ഖുർആന്റെ അമാനുഷികതക്കുള്ള അനേകം തെളിവുകളിൽ ഒന്നാണ്.

"നബിക്ക് ലഭിച്ച തിട്ടൂരം" എന്ന പേരിൽ സൂറത്തുൽ അലഖിന്റെ ആദ്യത്തെ അഞ്ചു് സൂക്തങ്ങളുടെ അർത്ഥം കൊടുത്ത ശേഷം 'ബാക്കിയുള്ള 14 സൂക്തങ്ങൾക്ക് ആദ്യത്തെ അഞ്ചിനോട് യാതൊരു ബന്ധവും കാണുന്നില്ല' എന്നു് പറഞ്ഞ് അവയെ ഒഴിവാക്കിയിരിക്കുന്നു. "അൻ റആഹുസ്തഅ്നാ' എന്ന പേരിൽ ഒരു ഓറിയൻറലിസ്ററ് ഒരു പുസ്തകംതന്നെ എഴുതിയത് ഗ്രന്ഥകർത്താവ് കണ്ടിട്ടില്ലായിരിക്കാം. അതിൽ സൂറത്തുൽ അലഖിലെ ആദ്യത്തെയും അവസാനത്തെയും ഭാഗങ്ങളുടെ അഭേദ്യമായ ബന്ധം എടുത്ത് കാട്ടിയിട്ടുണ്ട്. ഈ ബന്ധം മനസ്സിലാക്കാൻ പോലും സാധിക്കാത്തവർ ഖുർആൻ വ്യാഖ്യാനത്തിനൊരുങ്ങുന്നത് ആശ്ചര്യം തന്നെ.

സൂറത്തുൽ ഫാത്തിഹയെ എത്ര ലാഘവത്തോടെയാണ് വ്യാഖ്യാനിക്കുന്നതെന്ന് നോക്കുക. ആദ്യത്തെ 3 ആയത്തുകളുടെ അർത്ഥം കൊടുത്തത് ഇപ്രകാരമാണ്: "കല്പന അല്ലാഹുവിന്റേത് മാത്രമാണ്. എല്ലാ സമുദായങ്ങളെയും പോററി വളർത്തുന്നവൻ. ചിലർ അവനെ റഹ്മാൻ എന്നു് വിളിക്കുന്നു. മററു ചിലർ റഹീമെന്നും. എല്ലാ കണക്കുകൂട്ടലുകളുടെയും അന്ത്യവിധികർത്താവ്." എന്തൊരു ധാർഷ്ട്യം! ഇത് അജ്ഞതയല്ല, അഹങ്കാരമാണ്. മൗലാനാ അബുൽ കലാം ആസാദിന്റെ തർജ്ജുമാനുൽ ഖുർആൻ ഈ ഗ്രന്ഥകർത്താവിന്റെ റഫറൻസുകളിൽ കാണുന്നു. ആ പുസ്തകം കണ്ണോടിച്ച് നോക്കിയാൽ മതി ഫാത്തിഹാ സൂറയുടെ കൽപനകളുടെ അർത്ഥപുഷ്ടിയും ഗാംഭീര്യവും അറിയാൻ. "എല്ലാ സമുദായങ്ങളെയും പോററി

വളർത്തുന്നവൻ. ചിലർ അവനെ റഹ്മാനെന്നും മററു ചിലർ റഹീമെന്നും വിളിക്കുന്നു!'' ഗ്രന്ഥകർത്താവിന്റെ സർവ്വമത സത്യവാദത്തിനു വേണ്ടി അർപ്പിക്കുന്ന വിലകുറഞ്ഞ നൈവേദ്യം മാത്രമാണിത്.

ഇതുകൊണ്ടും ഗ്രന്ഥകർത്താവ് സംതൃപ്തനല്ല. ഹദീസ് ശരീഫിനെ പാടെ തള്ളിപ്പറഞ്ഞു കൊണ്ട് ശരീഅത്തിനെ താറുമാറാക്കുകയും ഇസ്ലാമിക സൗധത്തെ വെട്ടിമുറിച്ച് തുണ്ടം തുണ്ടമാക്കുകയുമാണിദ്ദേഹത്തിന്റെ ലക്ഷ്യം. ചുരുക്കം ചില സാമ്പിളുകൾ മാത്രം. ''ഇസ്ലാം ലളിതവും പ്രായോഗികവുമായ മതമാണ്. ഒരു മുസൽമാനായി ജീവിക്കുന്നത് ലോകത്ത് ഏററവും എളുപ്പമുള്ള കാര്യമാണ്.'' ''ഇന്ന് സമുദായത്തിൽ നടപ്പുള്ള വിധത്തിലുള്ള നമസ്കാരം ഖുർആനിൽ കാണുന്നില്ല. അഞ്ച് നേരം നമസ്കരിക്കണമെന്ന് ഖുർആനിൽ നിബന്ധനയില്ല. വാസ്തവത്തിൽ ഇന്ന് കാണുന്ന നമസ്ക്കാരം ജീവനില്ലാത്ത ഒരു ചടങ്ങ് മാത്രമാണ്.'' ''നമസ്ക്കാരത്തിന് മുമ്പ് ദേഹശുദ്ധീകരണം നിർബ്ബന്ധമാണ്. ഈ കല്പന ശുചിത്വത്തിന്റെ പ്രാധാന്യം കാണിക്കുന്നു. ഒരു മുസൽമാൻ ദിനേന അഞ്ച് പ്രാവശ്യം അംഗശുദ്ധിവരുത്തേണ്ടിയിരിക്കുന്നു.'' (അപ്പോഴം അഞ്ച് നേരം നമസ്ക്കരിക്കണമെന്ന് ഖുർആനിൽ നിബന്ധനയില്ലെന്ന് നേരത്തെ പറഞ്ഞത് മറന്നുപോയോ– ലേഖകൻ) ''എത്ര ദിവസം നോമ്പെടുക്കണമെന്ന് ഖുർആൻ പറയുന്നില്ല. ചില സന്ദർഭങ്ങളിൽ നോമ്പെടുക്കാനേ കൽപ്പിക്കുന്നുള്ളു.'' ''ഓരോ വ്യക്തിയും അയാളുടെ കഴിവും, സൗകര്യവുമനുസരിച്ച് നോമ്പെടുത്താൽ മതി. 30 ദിവസം കണിശമായി നോമ്പെടുത്താൽ ശരീരത്തിലെ ജലാംശം കുറഞ്ഞ് ആരോഗ്യം അപകടത്തിലായേക്കും.'' ''ഹജ്ജ് സമയത്ത് ചെയ്യുന്ന അനുഷ്ഠാന മുറകളിൽ പത്ത് ശതമാനം പോലും ഖുർആനിലില്ല. ലളിതമായ, പ്രയാസരഹിതമായ ഖുർആനിക കല്പനകളിന്മേൽ 'ശരീഅത്ത് നിർമ്മാതാക്കൾ' ഭീമമായ കെട്ടിടങ്ങൾ പടുത്തുയർത്തുകയാണ്.'' ''പർദ്ദ ഖുർആൻ കൽപ്പിക്കുന്നില്ല. മാനമായ അടക്കവും ഒതുക്കവും മാത്രമാണ് അത് കല്പിക്കുന്നത്.'' ''അമിതമായ കൂട്ടപലിശമാത്രമാണ് ഖുർആനിൽ നിരോധിക്കുന്നത്. ആധുനിക ബാങ്കുകൾ ഈടാക്കുന്ന പലിശ നിഷിദ്ധമല്ല.''



അസത്യവാദങ്ങളാണിവയെല്ലാം. ജീവനില്ലാത്ത കുറെ തത്വങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ഒരുവിയൽ മാത്രമാണ് ഇസ്ലാമെന്നും, എല്ലാ മതവും സത്യമാണെന്നും, മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്നും, നല്ലതും അല്ലാത്തതും മനുഷ്യൻ തന്നെ തീരുമാനിച്ചാൽ മതിയെന്നുമാണ് ഈ ഖുർആൻ വ്യാഖ്യാതാക്കൾ ജല്പിക്കുന്നത്. ഇവർ വിശുദ്ധഖുർആനിൽ നിന്ന് എത്രമാത്രം അകന്നു പോയിരിക്കുന്നു!

അറേബ്യൻ പ്രവാചകന്റെ യഥാർത്ഥ കഥയെന്ന പേരിൽ മുഹമ്മദ് നബി(സ) യുടെ ഒരു ചരിത്രം ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിനെയെല്ലാം കടത്തിവെട്ടുന്ന രീതിയിലാണത്. ഈ പുസ്തകത്തിൽ സത്യവും, അർദ്ധസത്യവും, അസത്യവും കൂട്ടിക്കലർത്തി നബിചരിത്രത്തെ അലങ്കോലപ്പെടുത്തുകയും ഇസ്ലാമിനെ അപകീർത്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. തൗഹീദ്, രിസാലത്ത്, മആദ്, ഏകദൈവവിശ്വാസം, പ്രവാചകത്വം, മരണാനന്തര ജീവിതം എന്നിങ്ങനെയുള്ള മുഖ്യകാര്യങ്ങളിൽ സംശയം പ്രകടിപ്പിച്ചു കൊണ്ടും ഹദീസ് ശരീഫിനെ പാടേ നിഷേധിച്ചു കൊണ്ടും എഴുതിയിട്ടുള്ളതാണ് ഈ പുസ്തകം. അല്ലാഹു നമുക്കെല്ലാം ഹിദായത്ത് നൽകട്ടെ. ആമീൻ.

മുഹമ്മദ് നബിയെ പററി ഗ്രന്ഥകർത്താവ് പറയുന്നത് അവിടുന്ന് ഒരു മഹാനായ സാമൂഹ്യ പരിഷ്ക്കർത്താവായിരുന്നു എന്നാണ്. അവിടുന്ന് നിരക്ഷരകുക്ഷി (ഉമ്മിയ്യ്) ആയിരുന്നില്ല; അവിടുന്ന് ഒരു സഖാവിന്ന് സ്വന്തം കൈപ്പടയിൽ ഒരു കത്തെഴുതിയിരുന്നു; അവിടുന്ന് ചെറുപ്പത്തിൽ ആടുകളെ മേച്ചിരുന്നില്ല; മുൻ പ്രവാചകന്മാർ ഇടയൻമാരായിരുന്നത് കൊണ്ട് മുഹമ്മദ് നബി(സ) അങ്ങനെ ചെയ്തിരുന്നു എന്ന് വെറുതെ പറയുന്നതാണ്; പിതാമഹന്റെ മരണത്തിന് ശേഷം മുഹമ്മദിനെ(സ) സംരക്ഷിച്ചു പോന്നത് അബൂത്വാലിബായിരുന്നില്ല; സുബൈർ ആയിരുന്നു; ഖദീജാ ബീവിയുടെ വിവാഹസമയത്ത് അവർക്ക് 40 വയസ്സല്ല, 27 വയസ്സായിരിക്കാനാണ് സാധ്യത; ആയിശാ ബീവിയുടെ വിവാഹം നടന്നത് പ്രായപൂർത്തിവരുന്നതിന് മുമ്പല്ല; പതിനേഴാം വയസ്സിലാ

യിരുന്നു; നബി(സ)ക്ക് വഹ്യ് ലഭിച്ചിരുന്നില്ല; വെറും പ്രചോദനം മാത്രമായിരുന്നു; കഅബാ ശരീഫ് നിർമ്മിച്ചത് ഇബ്രാഹീം നബിയായിരുന്നില്ല; മക്കാ വിജയത്തിന് ശേഷം ശത്രുക്കൾക്ക് പൊതുമാപ്പ് കൊടുത്തപ്പോൾ പല വിട്ടുവീഴ്ചകളും ചെയ്തു കൊടുത്തു; അവിടത്തെ പ്രവാചകത്വത്തിൻെറ അംഗീകാരം പോലും ആവശ്യമില്ലെന്നു പറഞ്ഞു. ഇങ്ങനെ പോകുന്നു ഗ്രന്ഥകർത്താവിൻെറ പ്രതിപാദനരീതി. ഇതിൽ മിക്ക കാര്യങ്ങളും അസത്യമാണ്. അതിനൊന്നും സ്വീകാര്യമായ തെളിവുകൾ ഗ്രന്ഥകർത്താവിനു കിട്ടിയിട്ടില്ല. മറിച്ച് വിശ്വാസയോഗ്യമായ രേഖകൾ ചരിത്രത്തിലുണ്ട്താനും. ചരിത്രം പുസ്തകങ്ങളിൽ കാര്യകാരണസഹിതം തള്ളിക്കളഞ്ഞ ചില കെട്ടുകഥകളാണ് ഗ്രന്ഥകർത്താവ് സ്വീകരിച്ചിട്ടുള്ളത്. ഇതിൻെറ ഉദ്ദേശം വ്യക്തമാണ്. നബി(സ)യുടെ ജീവചരിത്രം, പ്രത്യേകിച്ച് നുബുവ്വത്തിന് ശേഷമുള്ള 23 കൊല്ലത്തെ ചരിത്രം, നൂറ് ശതമാനം വിശ്വസിക്കാവുന്ന രീതിയിൽ സഹീഹായ ഹദീസുകളിൽ രേഖപ്പെട്ട് കിടക്കുന്നു. അവയെ അപ്പടി തള്ളിപ്പറയുന്നതുകൊണ്ടാണ് ഗ്രന്ഥകർത്താവിന് ഈ അബദ്ധങ്ങളെല്ലാം പറയുന്നത്.

മുഹമ്മദ് നബിയുടെ നുബുവ്വത്തിനെ പററി ഗ്രന്ഥകർത്താവ് എന്താണ് പറയുന്നതെന്ന് നോക്കാം: പ്രചോദനം (ഇൽഹാം– Inspiration), ദൈവികവെളിപാട് (വഹ്യ്–Revelation) എന്നിവ തമ്മിലുള്ള വ്യത്യാസത്തെ പററി ഇമാംഗസ്സാലി എഴുതിയത് അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. പക്ഷെ വെളിപാടിലെ ദൈവിക അംശം അദ്ദേഹം സ്വീകരിക്കുന്നില്ല. മുഹമ്മദ് നബി(സ)ക്കും മുൻ പ്രവാചകന്മാർക്കും ലഭിച്ചത് അതിശക്തമായ പ്രചോദനം തന്നെയായിരുന്നുവെന്ന് അദ്ദേഹം വാദിക്കുന്നു. ഇവരെല്ലാവരും മഹാന്മാരായ സാമൂഹ്യപരിഷ്ക്കർത്താക്കളായിരുന്നു എന്നാണ് അദ്ദേഹത്തിൻെറ വാദം. മുഹമ്മദ് നബി(സ) അറബികളുടെ ജീർണ്ണത കണ്ട് മനംനൊന്ത് അവക്കുള്ള പരിഹാരമാർഗ്ഗങ്ങളെ പററി ഗാഢമായി ചിന്തിക്കുകയും ചില പരിഹാരമാർഗ്ഗങ്ങൾ അദ്ദേഹത്തിൻെറ മനസ്സിൽ രൂപം കൊള്ളുകയും ചെയ്തു. അത്തരം പരിഹാരമാർഗ്ഗങ്ങളുടെ ബഹിർ സ്ഫുരണമാണ് അവിടുത്തേക്ക് ലഭിച്ച പ്രചോദനം.



പ്രചോദനവും ദൈവികവെളിപാടും തമ്മിൽ വലിയ അന്തരമുണ്ട്. ആദ്യത്തേത് ശരിയാകാം.; തെററാകാം. എന്ത് തന്നെയായാലും അത് താല്ക്കാലികമാണ്. വെളിപാട് അങ്ങനെയല്ല. ദൈവികമായതുകൊണ്ട് അതിന് തെററ് പററുകയില്ല. അത് വളരെ വ്യക്തവും സുസ്ഥിരവുമാണ്. നബി(സ)ക്ക് 23 വർഷം തുടർച്ചയായി ലഭിച്ചുകൊണ്ടിരുന്ന ദൈവികവെളിപാടിനെ ദാർശനികന്മാർക്കും കവികൾക്കും മററും ലഭിക്കുന്ന പ്രചോദനത്തോട് ഉപമിക്കുവാൻ പാടില്ല. തിരുമേനിക്ക് ലഭിച്ച വഹ്യാണല്ലോ വിശുദ്ധഖുർആൻ. അത് ലഭിച്ചു കൊണ്ടിരുന്നപ്പോൾ തിരുമേനിയുടെ മുഖത്തുണ്ടായിരുന്ന ഭാവവ്യത്യാസങ്ങൾ അനുചരന്മാർക്കനുഭവമാണ്. അതിലെ ഭാഷ തിരുമേനിയുടെ ഹദീസ് ശരീഫിൽ കാണുന്ന ഭാഷയുമായി വളരെ വ്യത്യാസമുണ്ട്. അതിൻെറ പുഷ്ടിയും, ശൈലിമാഹാത്മ്യവും അർത്ഥസൗന്ദര്യവും എല്ലാം തന്നെ നിരുപമമാണ്. അത് നൽകുന്ന സന്ദേശങ്ങളുടെ വിജയം ലോകം കണ്ടതാണ്. അവയെല്ലാം നിത്യനൂതനമായി ഇന്നും നിലനിൽക്കുന്നു. വിശുദ്ധ ഖുർആൻ യാതൊരു മാററവും കൂടാതെ നമുക്ക് ലഭിച്ചിരിക്കുന്നു. ഇങ്ങനെ അവകാശപ്പെടുവാൻ ലോകത്ത് മറെറാരു ഗ്രന്ഥത്തിന്നും സാധ്യമല്ല. ഇതെല്ലാം തിരുമേനിക്ക് ലഭിച്ച വഹ്യിൻെറ അമാനുഷികതക്കുള്ള ചില തെളിവുകളാണ്.

മുഹമ്മദ് നബി(സ) ഒരു മതം പ്രബോധനം ചെയ്തു കൊണ്ട് തന്നെ മനുഷ്യരെ സംസ്ക്കരിക്കുവാൻ നിശ്ചയിച്ചു. ആ മതവിശ്വാസത്തിനു കേന്ദ്രബിന്ദു ആവശ്യമാണല്ലോ. മക്കനിവാസികൾ അനേകം വിഗ്രഹങ്ങളെ പൂജിച്ചിരുന്നുവെങ്കിലും അവക്കെല്ലാം മുകളിലായി അല്ലാഹു എന്ന ഒരു ദൈവത്തെ സ്വീകരിച്ചിരുന്നു. മുഹമ്മദ് നബി(സ) ആ ദൈവത്തെ തന്നെ മതത്തിൻെറ കേന്ദ്രബിന്ദുവായി സ്വീകരിക്കുകയും ക്രൈസ്തവ–ജൂത സമുദായങ്ങളെയും കൂടി തൻെറ മതത്തിലേക്ക് ആകർഷിക്കേണ്ടതിന് അവരുടെയിടയിൽ പ്രചാരമുണ്ടായിരുന്ന റഹ്മാൻ, റഹീം എന്നീ പേരുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു– ഇതാണ് ഈ എഴുത്തുകാരൻെറ നിഗമനം. നല്ലവർക്ക് പ്രോത്സാഹനവും പാപികൾക്ക് ഭയവും നൽകേണ്ടതിന്, അറബികൾ വിശ്വസിച്ചുപോന്ന സ്വർഗ്ഗനരകങ്ങളെ മുഹമ്മദ് സ്വീകരിച്ചു. അവ

ക്ലിഷ്ടമുള്ള മണിമാളികകളും, സ്വാദുള്ള ഭക്ഷണ പാനീയങ്ങളും, ഭംഗിയായ വസ്ത്രങ്ങളും മററും സ്വർഗ്ഗത്തിലും അവർ ഭയപ്പെടുന്ന അഗ്നി, പാമ്പ്, തേൾ മുതലായവ നരകത്തിലും പ്രതിഷ്ഠിച്ചു. ഇങ്ങനെ നബി(സ) വമ്പിച്ച ഒരു കളവ് പ്രചരിപ്പിച്ചുകൊണ്ടാണ് മതപ്രബോധനം നടത്തിയതെന്ന് ഈ എഴുത്തുകാരൻ സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. സത്യസന്ധനാണെന്നും, ഒരിക്കലും കളവു പറയാറില്ലെന്നും വിശ്വസ്തൻ എന്ന പേർ (അൽ അമീൻ) പൊതുജനങ്ങളിൽ നിന്ന് ലഭിച്ചുവെന്നുമുള്ള കാര്യങ്ങളൊന്നും ഇദ്ദേഹത്തിൻെറ ചരിത്രത്തിൽ ഇല്ല. നബിയുടെ ആദ്യകാല ചരിത്രം എഴുതിയവരെല്ലാം വളരെ പ്രാധാന്യം നൽകിക്കൊണ്ട് എഴുതിയ ഈ വസ്തുത വിട്ടുകളഞ്ഞത് മനഃപൂർവ്വമാണെന്ന് വേണം കരുതാൻ: നബിയുടെ കഠിനശത്രുക്കൾ പോലും നബി മതപ്രബോധനം നടത്തിക്കൊണ്ടിരുന്നപ്പോൾ എന്തിനാണ് ഞങ്ങളുടെ പഴയ സമ്പ്രദായങ്ങളെ എതിർക്കുന്നത്, എന്തിനാണ് ഞങ്ങളുടെ ഇടയിൽ ച്ഛിദ്രമുണ്ടാക്കുന്നതു്, നിനക്കു് ഭ്രാന്താണ് എന്നെല്ലാം പറഞ്ഞതല്ലാതെ ഒരൊററ ആൾ പോലും 'നീ കള്ളം പറയുന്നു'വെന്നു ആക്ഷേപിച്ചിരുന്നില്ല.

ദൈവത്തെപ്പററി ഗ്രന്ഥകർത്താവ് ധാരാളം എഴുതിയിട്ടുണ്ട്. യുക്തിവാദികൾ സാധാരണ ഉന്നയിക്കാറുള്ള എല്ലാ വാദമുഖങ്ങളും അദ്ദേഹം യഥേഷ്ടം ഉദ്ധരിക്കുന്നുണ്ട്. ദൈവമുണ്ടെന്നോ ഇല്ലെന്നോ തെളിയിക്കാൻ സാധ്യമല്ലെന്ന് പറഞ്ഞുകൊണ്ട് ഇല്ലെന്നു കാണിക്കുന്ന തെളിവുകൾ മാത്രമാണ് അദ്ദേഹം എഴുതിയിട്ടുള്ളതു്. ദൈവത്തെപ്പററി മനുഷ്യമനസ്സിൽ നൈസർഗ്ഗികമായി നിലകൊള്ളുന്ന ഒരു സത്യമുണ്ട്. നാം കാണുന്ന പ്രകൃതിക്കു് ഒരു സ്രഷ്ടാവുണ്ട് എന്ന് സന്മനസ്സുള്ള എല്ലാവരും വിശ്വസിക്കുന്നു. പിന്നീട് അവരുടെ അറിവ് വർദ്ധിക്കുന്തോറും ഈ വിശ്വാസത്തിന് മാററ് കൂടുന്നു. എന്നാൽ അഹങ്കാരികളും അക്രമികളും ഇതിനെ ചോദ്യം ചെയ്യുന്നു. ദൈവത്തെ പററിയുള്ള ശരിയായ നിർവചനം ആരും നല്കിയിട്ടില്ലെന്നതാണ് ഗ്രന്ഥകർത്താവിൻെറ പരാതി. വിശുദ്ധ ഖുർആനെ സംബന്ധിച്ചിടത്തോളം ഇത് ഒട്ടും ശരിയല്ല. അല്ലാഹുവിൻെറ വിശേഷഗുണങ്ങൾ എടുത്ത് കാട്ടു



ന്ന നൂറോളം പേരുകൾ (അസ്മാഉൽ ഹുസ്നാ) ഖുർആനിലുണ്ട്. ആ ഗുണങ്ങൾ പരിപൂർണ്ണമായി നിലകൊള്ളുന്ന "ഒന്നാണ്" അല്ലാഹു. 'അവനെപ്പോലെ ഒന്നും തന്നെ ഇല്ല' (വിശുദ്ധ ഖുർആൻ:112:4)

ഇസ്ലാമിക തത്വശാസ്ത്രത്തിൽ സൃഷ്ടിപ്പിലും സൃഷ്ടികളുടെ പ്രവർത്തനങ്ങളിലുമുള്ള ഐക്യവും സൗന്ദര്യവും "വഹ്ദത്തു് ശുഹൂദ്" എന്ന സംജ്ഞയിൽ അറിയപ്പെടുന്നു. തൗഹീദ് ഇത് കൊണ്ട് പൂർത്തിയാവുന്നില്ല. സ്രഷ്ടാവും രക്ഷിതാവും അന്ത്യനാളിൻെറ ഉടമയുമായ ഏക ഇലാഹിൽ വിശ്വസിക്കുകയും, അവന് മാത്രം വഴങ്ങുകയും, അവനോട് മാത്രം സഹായത്തിനഭ്യർത്ഥിക്കുകയും, അങ്ങനെ അഭ്യർത്ഥിക്കുമ്പോൾ ഒരു മധ്യവർത്തിയെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതാണ് തൗഹീദ്. അല്ലാഹുവിന് പകരം വേറെ ശക്തികളെ പൂജിക്കുന്നവർക്ക് അമളി പററാറുണ്ട്.

വി: ഖുർആൻ സൂക്തങ്ങൾ അല്ലാഹുവിങ്കൽ നിന്നുള്ളതല്ലെന്നും മുഹമ്മദ് നബി(സ)യുടെതാണെന്നും തെളിയിക്കുവാൻ അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം ഖുർആൻ സൂറകളുടെ തലപ്പത്ത് "ബിസ്മില്ലാഹി റഹ്മാനിറഹീം." (പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ) എന്ന സൂക്തം കാണുന്നു എന്നുള്ളതാണ്. സൂറായുടെ ഉള്ളടക്കം അല്ലാഹുവിൻെറ വചനമാണെങ്കിൽ അല്ലാഹു എന്തിനാണ് ബിസ്മി........... എന്ന് പറയുന്നത് എന്നാണ് അദ്ദേഹം ചോദിക്കുന്നത്. ഈ സൂക്തം വി: ഖുർആനിലെ സൂറത്തുന്നംലിൽ 30ാമത്തെ ആയത്തിൽ (വി: ഖു: 27:30) ഉള്ളതാണ്. സുലൈമാൻ നബി ഒരു കത്തെഴുതുമ്പോൾ ഈ വാക്യം കൊണ്ട് ആരംഭിച്ചു എന്നാണ് അതിൽ പറയുന്നത്. അപ്പോൾ 'ബിസ്മില്ലാഹി...... റഹീം' എന്നത് വിശുദ്ധ ഖുർആൻെറ ഒരു ഭാഗമാണ്. വല്ല ജോലിയും ചെയ്യുമ്പോൾ ബിസ്മി കൊണ്ടാരംഭിക്കുന്നത് പുണ്യമുള്ള കാര്യമാണ്. അതുകൊണ്ട് സൂറകളുടെ തലപ്പത്ത് ബിസ്മി വെക്കുകയാണ്. ബിസ്മി സൂറയുടെ ഭാഗമല്ല. അതു കൊണ്ടാണ് നമസ്ക്കാരത്തിൽ ബിസ്മി പതുക്കെ ഓതണമെന്ന് ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഏതായാലും ഖുർആൻ വചനങ്ങൾ നബിയു

ടെതല്ലെന്നും അമാനുഷികമാണെന്നും ഉള്ളതിന് സംശയരഹിതമായ ധാരാളം തെളിവുകൾ ഉള്ളപ്പോൾ ഈ ബിസ്മിയുടെ വാദമുന്നയിച്ചത് വളരെ ബാലിശമായിപ്പോയി,

ഇസ്ലാം വളരെ എളുപ്പമുള്ള മതമാണെന്നും, നമസ്ക്കാരം, നോമ്പ്, സകാത്ത് മുതലായ ആരാധനകൾ വ്യക്തികളുടെ സൗകര്യംപോലെ ചെയ്താൽ മതിയെന്നും ബാങ്ക് പലിശ നിഷിദ്ധമല്ലെന്നും മററും പറയുന്നതിനെ ന്യായീകരിക്കുവാൻ അല്ലാമാ ഇഖ്ബാലിനെയാണ് ഗ്രന്ഥകർത്താവ് കൂട്ടുപിടിച്ചിട്ടുള്ളത്. ഇസ്ലാമിക നിയമങ്ങളെയും മററും പുനരാവിഷ്ക്കരിക്കുവാൻ വ്യക്തികൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതായി ചൂണ്ടിക്കാട്ടുന്നു. അല്ലാമാ ഇഖ്ബാലിൻെറ മദിരാശി പ്രസംഗങ്ങളിലാണ് ഇജ്തിഹാദിനെ (ഗവേഷണം) പററി അദ്ദേഹം സൂചിപ്പിച്ചത്. ആ പ്രസംഗങ്ങൾ അല്ലാഹുവിൻെറ മഹത്വത്തെ പററിയും നബികരീം (സ)യുടെ ഔന്നിത്യത്തെ പററിയും ഇസ്ലാമിൻെറ അനശ്വരതയെപററിയുമുള്ള ശക്തിയേറിയ പരാമർശങ്ങൾ ഉൾപ്പെട്ടതായിരുന്നു. ഇജ്തിഹാദിനെ പററി പറഞ്ഞിടത്ത് അതിൻെറ അടിസ്ഥാനം അചഞ്ചലമായ വിശുദ്ധ ഖുർആനും, ഹദീസ് ശരീഫും ആയിരിക്കണമെന്നും ശാഖോപശാഖകൾ കണ്ടുപിടിക്കുന്നതിന്ന് ഇവയോടൊപ്പം ശാസ്ത്രവും ചരിത്രവും ഉപയോഗിക്കാമെന്നുമാണ് അദ്ദേഹം വ്യക്തമാക്കിയത്. ഇതൊന്നും അറിയാത്ത ആളുകൾക്ക് ഇജ്തിഹാദിന് അവകാശമില്ല. ആ പ്രസംഗങ്ങളിൽ തന്നെ ഈ ഗ്രന്ഥകർത്താവ് കണ്ടിരിക്കാനിടയുള്ളതും, വേണ്ടത്ര ശ്രദ്ധിച്ച് കാണാത്തതുമായ ഒരു വാക്യം ഇവിടെ ഉദ്ധരിക്കാം. "ഇസ്ലാമിൻെറ മേൽ ഒരു വിധി വന്നു വീഴുക സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ഇസ്ലാം തന്നെയാണ് മാർഗ്ഗവും ലക്ഷ്യവും പരമലക്ഷ്യവും."

ഈ ഗ്രന്ഥകാരനെഴുതിയ ചരിത്രം മുഹമ്മദ് നബി(സ)യുടേതല്ല; അദ്ദേഹം വരഞ്ഞ് കാട്ടിയ ചിത്രം ഇസ്ലാമിൻേറതുമല്ല. മാംസമോ, മജ്ജയോ, രക്തമോ, ജീവനോ ഇല്ലാത്ത തുരുമ്പിപ്പഴകിയ ഒരസ്ഥികൂടം മാത്രമാണത്". അത് മണ്ണിൽ കുഴിച്ച് മൂടപ്പെടേണ്ടതും താനെ ദ്രവിച്ച് നശിച്ച് പോകുന്നതുമാണ്. സാമാന്യ മര്യാദപോലും ദീക്ഷിക്കാതെയാണ് ഈ



എഴുത്തുകാരൻ പല പ്രയോഗങ്ങളും തൻെറ പുസ്തകത്തിൽ കടത്തിയിട്ടുള്ളത്. ലോകോത്തമന്മാരായ അബൂബക്കർ(റ), ഉമ്മർ (റ), മുആദ്ബിൻ ജബൽ(റ) എന്നിവരെ നബി(സ)യുടെ കിങ്കരന്മാർ എന്ന് എഴുതുന്നു; സത്യവിശ്വാസികൾ തങ്ങളുടെ മാതാക്കളായി ആദരിച്ച് പോരുന്ന നബി തിരുമേനിയുടെ വിധവകളായ ഭാര്യമാരെ ഉപയോഗിച്ച് പഴകിയ സെക്കൻറ് ഹാൻറ് വിധവകളെന്ന് വിളിക്കുന്നു. നബി(സ)യുടെ വചനങ്ങൾ അല്ലാഹുവിൻേറതാണെന്ന് അരുളിയത് "ഹിസ് മാസ്റേറസ് വോയ്സി"ന്ന് തുല്യമാണെന്നും എഴുതുന്നു. **HMV** യിലെ സൂചന വ്യക്തമാണല്ലോ. മുസ്ലിംകളുടെ വികാരങ്ങളെ ഇത്രയേറെ വ്രണപ്പെടുത്തുന്ന ഒരു പുസ്തകം എഴുതിയത് ഇതിന് മുമ്പ് കണ്ടിട്ടില്ല. ഐ. പി. സി. സെക്ഷൻ 295എ പ്രകാരം ഈ പുസ്തകം കണ്ട് കെട്ടുകയും ഗ്രന്ഥകർത്താവിനെ പ്രോസിക്യൂട്ട് ചെയ്യുകയും വേണമെന്ന് റേഡിയൻസ് എഴുതിയിരിക്കുന്നു. ഇത് കണ്ടുകെട്ടിയാലും ഇല്ലെങ്കിലും ഇത്തരം പുസ്തകങ്ങൾ ഇനിയും പുറത്ത് വന്നു കൊണ്ടിരിക്കും. എന്തുകൊണ്ടെന്നാൽ ഇതിൻെറ പിന്നിൽ ഗൂഢസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അവ ഇക്കാര്യത്തിൽ ധാരാളം പണം ഇറക്കുന്നുമുണ്ട്. ഇതിനെ ശരിയായി പ്രതിരോധിക്കുന്നതിന് മുസ്ലിം ബുദ്ധിജീവികൾ ഇസ്ലാമിനെ പററി ശാസ്ത്രീയമായി പഠിച്ചറിയുകയാണ് ഏററവും നല്ല മാർഗ്ഗം. അഭ്യസ്തവിദ്യനായ ഓരോ മുസ്ലിമും ഇസ്ലാമിനെ സംരക്ഷിക്കുന്ന ഓരോ ഉരുക്കുകോട്ടയായിരിക്കണം.

21

# നാം മുന്നോട്ട്

ഈ ലേഖന പരമ്പര സമാപിക്കുകയാണ്. നമ്മെയെല്ലാം ഞെട്ടിക്കുകയും നിരാശരാക്കുകയും ചെയ്‌ത ഒരു സംഭവത്തിന്റെ ചർച്ച സുപ്രതീക്ഷ നൽകുന്ന നിലയിൽ എത്തിയതിൽ അല്ലാഹുവിനു സ്തുതി. ഇക്കഴിഞ്ഞ റംസാനിലെ രണ്ടാമത്തെ വെള്ളിയാഴ്ച, മഹല്ലുകൾതോറും പള്ളികളിലും മററും അല്ലാഹുവിനെ സ്തുതിച്ചും നാട്ടിലുടനീളം പ്രധാനമന്ത്രി രാജീവ് ഗാന്ധിയെയും ഇന്ത്യാഗവർമ്മെണ്ടിനേയും അഭിനന്ദിച്ചും പ്രമേയങ്ങൾ പാസാക്കുകയുണ്ടായി. എന്നാലും നാം ജാഗ്രൂകരായിരിക്കണം. ശരീഅത്തിനുനേരെയുള്ള ആക്രമണം തുടർന്നുകൊണ്ടേയിരിക്കും. മുസ്‌ലിം വിധവകൾക്ക് വേണ്ടിയുള്ള മുതലക്കണ്ണീരും മുസ്‌ലിംകളോടു കാണിക്കുന്ന സഹതാപവുമെല്ലാം വെറും പുറംപൂച്ചാണെന്നു പകൽപോലെ വ്യക്‌തമായിട്ടുണ്ടല്ലൊ. സംസ്‌ക്കാരങ്ങൾ തമ്മിലുള്ള സംഘട്ടനമാണിത്. ഇന്ത്യയിൽ ഒരേകസംസ്‌ക്കാരം വേണമോ, വിവിധ സംസ്‌ക്കാരങ്ങളുടെ സഹവർത്തിത്വം വേണമോ എന്നതാണ് ചോദ്യം. മുസ്‌ലിംങ്ങളെ സംബന്ധിച്ചിടത്തോളം ഇതിന് ഒരേഒരുത്തരം മാത്രമേയുള്ളു. നമുക്ക് നമ്മുടെ സംസ്‌ക്കാരം സംരക്ഷിക്കുകയും വളർത്തുകയും വേണമെന്നതിനു ഭരണഘടന സ്വാതന്ത്ര്യവും ഉറപ്പും നൽകുന്നുണ്ട്. ഇപ്പോൾ ഇന്ത്യൻ പാർലിമെന്റിൽ ഈ ഉറപ്പ് ആവർത്തിച്ചു പ്രഖ്യാപിച്ചുകഴിഞ്ഞു. ഇസ്‌ലാമിക സംസ്‌ക്കാരത്തിന്റെ ഒരവിഭാജ്യഘടകമാണ് സ്വരാജ്യസ്നേഹം. നല്ല മുസ്‌ലിം ആയി ജീവിക്കുന്നത് നമ്മുടെ നാട്ടിനും വളരെ നല്ലതാണ്.

നമുക്ക് ഇവിടെ വിശ്വാസ സ്വാതന്ത്ര്യമുണ്ട്. എന്നാൽ അനേകം വിശ്വാസങ്ങളുടെ വിളനിലമാണ് ഇന്ത്യ. കറകളഞ്ഞ



ഏകദൈവ വിശ്വാസം, അനേക ദൈവങ്ങളിലും ദൈവ നിഷേധത്തിലുമുള്ള വിശ്വാസം, ജനനത്തെയും മരണത്തെയും, മരണാനന്തര ജീവിതത്തെയും പററിയുള്ള വിവിധ ദർശനങ്ങൾ തുടങ്ങിയവ ഇവിടെ പ്രചാരത്തിലുണ്ട്. ഇസ്‌ലാം ഇതിനെപ്പററിയെല്ലാം വ്യക്‌തമായ വിധികൾ കല്പിക്കുന്നു. പ്രകൃതിക്കനുസൃതവും ബുദ്ധിക്കും യുക്‌തിക്കും യോജിച്ചതും മനുഷ്യനന്മക്ക് നിദാനമായതുമാണ് ഈ വിശ്വാസങ്ങൾ. ഇവയെപ്പററി പഠിച്ചും, പഠിപ്പിച്ചും അവ ശരിക്കും ഉൾക്കൊള്ളേണ്ടതും എല്ലാവിധ അന്ധവിശ്വാസങ്ങളെയും പാടെ ഒഴിവാക്കേണ്ടതുമാണ്. അദൃശ്യമായ കാര്യങ്ങളിൽ നാം അറിയേണ്ടതു മുഴുവനും ഖുർആനിൽ ഉണ്ടെന്നും ഇല്ലാത്തതെല്ലാം കൈവിടണമെന്നും നിർബന്ധമുണ്ടായിരിക്കണം.

രണ്ടാമത്തു അനുഷ്ഠാനങ്ങളാണ്, ശരീഅത്തിൽ ഇവ വിശദമായിതന്നെ പഠിപ്പിക്കുന്നു. ഇതെല്ലാം നമ്മുടെ വ്യക്‌തിപരമായ ഇഹപരവിജയത്തിന്നാവശ്യവും, സമുദായനന്മക്കുള്ളതുമാണ്. അവ അനുസരിച്ചു ജീവിക്കുവാൻ ഇവിടെ സ്വാതന്ത്ര്യമുണ്ട്. അതു നാം കണിശമായിതന്നെ പ്രാവർത്തികമാക്കണം.

മൂന്നാമത്തു് സ്വഭാവസംസ്‌ക്കരണമാകുന്നു. ഇസ്‌ലാമിൽ ഇതു സർവ്വ പ്രധാനമാണ്. വിശുദ്ധ ഖുർആനിലും ഹദീസ് ശരീഫിലും ഇതു വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും കുടുംബജീവിതവും, സാമ്പത്തിക സംവിധാനവുമെല്ലാം ഇതിന് ഊന്നൽ നൽകുന്നുണ്ട്. ഒരു നല്ല മുസ്‌ലിം ഒരു വളരെ നല്ല മനുഷ്യനായിരിക്കും. അവൻ നാട്ടിനു ഒരു മുതൽക്കൂട്ടായിരിക്കും. അതുകൊണ്ടാണ് ശരീഅത്തു സംരക്ഷണം വളരെ ആവശ്യമാണെന്നു പറയുന്നതു്. അതിന്നു തകരാറു വന്നാൽ ഇസ്‌ലാമാകുന്ന കെട്ടിടം ഭദ്രതയില്ലാതാവും. അതു നാട്ടിനു ദോഷകരമായിരിക്കുകയും ചെയ്യും. സ്വഭാവമൂല്യങ്ങളുടെ നിരാകരണമാണ് ഇന്നു നമ്മുടെ നാട്ടിലെ ഏററവും പ്രാധാന്യമേറിയ പ്രശ്‌നം. സ്വഭാവമൂല്യങ്ങളുടെ ഉറവിടം മതവിശ്വാസവും മതആചാരങ്ങളുമാണ്. അതിനെപ്പററി വ്യക്‌തമായ രേഖകൾ (ശരീഅത്തു) ഉള്ള മുസ്‌ലിംകളെ അതനുസരിച്ച് ജീവിക്കുവാൻ തന്നെ വിടണം. ഇസ്‌ലാം ഒരിക്കലും പിന്നോക്കമല്ല. ആണെന്നുപറയുന്നതു പച്ചക്കള്ളമാണ്: ഒരുദ്ദേ

ശപരമാണ്. ഇസ്‌ലാം നിശ്ചലവുമല്ല. പുരോഗമനത്തിനുള്ള മാർഗ്ഗങ്ങൾ ഇസ്‌ലാം തന്നെ നിർദ്ദേശിക്കുന്നുമുണ്ട്.

നാലാമത്ത് വ്യക്തിനിയമങ്ങൾ: വിവാഹം, വിവാഹമോചനം മോചനദ്രവ്യം, വസ്വിയ്യത്ത്, അനന്തിരാവകാശം, ഔഖാഫ് മുതലായ സമുദായാംഗങ്ങളെ മാത്രം ബാധിക്കുന്ന കാര്യങ്ങളിൽ ശരീഅത്തു വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. മുസ്‌ലിം വ്യക്തിത്വത്തെ ബാധിക്കുന്ന ഇക്കാര്യത്തിലാണ് ഇതര സമുദായങ്ങളിൽ നിന്ന് എതിർപ്പുണ്ടാകുന്നത്. എതിർപ്പ് പ്രകടിപ്പിക്കുമ്പോൾ പലതരം ന്യായവാദങ്ങളുന്നയിക്കുമെങ്കിലും ഉള്ളിലിരിപ്പ് ശരീഅത്ത് വിരോധം മാത്രമാണ്. ശരീഅത്ത് നിയമങ്ങളുടെ പോരായ്മകളല്ല, ശരീഅത്തിൽ വിള്ളലുണ്ടാകുവാനാണ് അവർ ആഗ്രഹിക്കുന്നത്. മുസ്‌ലിം വിധവാ സംരക്ഷണനിയമം ഇന്ത്യൻ ശിക്ഷാനിയമങ്ങളെക്കാൾ എന്തുകൊണ്ടും മെച്ചപ്പെട്ടതാണെന്നറിഞ്ഞിട്ടും കൂടി അതിനെ എതിർക്കുന്നതു് ഈ സത്യത്തെയാണ് വ്യക്തമാക്കുന്നതു്. ശരീഅത്ത് സംരക്ഷണത്തെ എതിർക്കുന്നവർ താഴെപറയുന്ന വിഭാഗങ്ങളത്രെ.

1. ഹൈന്ദവ രാഷ്ട്രവാദികൾ- ഇവർ ഹൈന്ദവ സംസ്ക്കാരത്തിൽ ഇസ്‌ലാമിനെയും ലയിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഇസ്‌ലാം ഇന്ത്യയിൽ കാൽകുത്തിയ അന്നു് മുതൽ നടന്നുപോന്നിട്ടുള്ള ഈ ശ്രമം ഇതുവരെ വിജയിച്ചിട്ടില്ല. ഇനി വിജയിക്കുവാൻ പോകുന്നുമില്ല. അത്രയും വ്യത്യസ്തമാണ് ഈ രണ്ടു സംസ്ക്കാരങ്ങളും.

2. കമ്മ്യൂണിസ്റ്റുകാരും മററു കേവല ഭൗതികവാദികളും അവരുടെ ഒരേ ഒരു ഉദ്ദേശം ഇസ്‌ലാമിനെ നശിപ്പിക്കുകയാണ്. അവർ എല്ലാ മതവിശ്വാസങ്ങളെയും എതിർക്കുന്നു. ഇസ്‌ലാം ശാസ്ത്രീയമായിതന്നെ അവരെ എതിർക്കുന്നതുകൊണ്ട് ഇസ്‌ലാമിനോട് അവർക്ക് കഠിനമായ വിരോധം ഉണ്ട്. അതുകൊണ്ട് ഇസ്‌ലാമിൽ മായം ചേർത്തുവാനും ഇസ്‌ലാമിനെ ക്ഷീണിപ്പിക്കുവാനും അവർ പതിനെട്ടടവും പയററും.

3. അമുസ്‌ലിം മതവിശ്വാസികൾ- ഇവരുടെ ഉദ്ദേശം നല്ലതുതന്നെ. ഇവർ ഇന്ത്യ മുഴവൻ ഒരേകീകൃത സിവിൽകോഡ് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. പക്ഷെ, ഇവർക്ക് മനസ്സിലാകാത്തത് മതം എന്തിനാണ് കടുംബകാര്യങ്ങളിലും മററും



കൈകടത്തുന്നത് എന്നാണ്. മതത്തെ മനുഷ്യനും ദൈവവും തമ്മിലുള്ള ഒരു ബന്ധമായി അവർ കാണുന്നു. വിശ്വാസ കാര്യങ്ങളിലും അനുഷ്ഠാന മുറകളിലും പൂർണ്ണ സ്വാതന്ത്ര്യം നൽകികഴിഞ്ഞാൽ മറെറല്ലാ കാര്യങ്ങളിലും ജനാധിപത്യ മര്യാദയനുസരിച്ച കാര്യങ്ങൾ തീരുമാനിക്കേണമെന്നാണ് ഇവരുടെ പക്ഷം. ഇസ്‌ലാം ഒരു സമ്പൂർണ്ണ ജീവിത വ്യവസ്ഥയാണെന്നും, മററുള്ളവരെ ബാധിക്കാത്ത കാര്യങ്ങളിൽ മതകൽപനകൾ അനുസരിച്ച ജീവിക്കുവാൻ മുസ്‌ലിംകൾക്കവകാശമുണ്ടെന്നും ഇവരെ മനസ്സിലാക്കിക്കൊടുക്കേണ്ട ചുമതല നമുക്കുണ്ട്.

4. മേൽപറഞ്ഞ വിഭാഗങ്ങളോടു ചേർന്നു വാദിക്കുന്ന വളരെ ചെറിയ മുസ്‌ലിംനാമധാരികൾ- മുസ്‌ലിംകളാണെന്നു പറയുകയും ഖുർആനും സുന്നത്തും അനുസരിച്ചാണ് വാദിക്കുന്നതു് എന്ന് അവകാശപ്പെടുകയും ചെയ്യുന്ന ഇവർ, ഇസ്‌ലാമിന് കടകവിരുദ്ധമായ കാര്യങ്ങളാണ് പറയുന്നതും ചെയ്യുന്നതും.

5. റഷ്യൻ, അമേരിക്കൻ ചാരസംഘങ്ങൾ. 'ഇവർക്കു് ഇസ്‌ലാമിനോട് കടുത്ത എതിർപ്പുണ്ട്. കമ്മ്യൂണിസത്തെയും കാപ്പിററലിസത്തെയും എല്ലാതരം കൊളോണിയലിസത്തെയും ചൂഷണങ്ങളേയും നഖശിഖാന്തം എതിർക്കുന്ന ഇസ്‌ലാം വളർന്നു വരുന്നതു് അവക്കു സഹിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇസ്‌ലാമിനെ പുറത്തുനിന്നും അകത്തുനിന്നും നശിപ്പിക്കുവാൻ അവർ അടവുകൾ പയററുന്നു. അതിന്ന് ധാരാളം പണം ചിലവഴിക്കുകയും ചെയ്യുന്നു. ഇവരുടെ രഹസ്യഹസ്തങ്ങൾ ശരീഅത്തുവിരുദ്ധരെ സഹായിക്കുന്നു. നമ്മുടെ ശരീഅത്ത് വിരുദ്ധരിൽ ചിലർക്കെങ്കിലും ഈ രഹസ്യ സംഘടനകളിൽ നിന്ന് ആനുകൂല്യങ്ങൾ കിട്ടുന്നുണ്ടെന്നുള്ളതു തീർച്ച.

6. മതേതര ജനാധിപത്യവാദികളായ നല്ലവരായ ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങൾ. ഇവർ മുസ്‌ലിംകളുടെ പ്രകടമായ വികാരങ്ങളെ മാനിച്ചു. അവരുടെ വ്യക്തിനിയമങ്ങൾ അവരുടെ മതവിധിക്കു് അനുസരിച്ച് പരിഷ്ക്കരിക്കുവാൻ തയ്യാറായി നിൽക്കുന്നു. രാജീവ്ഗാന്ധിയുടെ നേതൃത്വത്തിൽ അതാണ്, വിധവാസംരക്ഷണ നിയമത്തിന്റെ കാര്യത്തിൽ നാം കണ്ടത്. ഇവരുടെ കരങ്ങൾക്കു ശക്തികൂട്ടുകയാണ് നാം ചെയ്തത്.

ഇനി ഇന്ത്യൻ ജനാധിപത്യത്തിനുവേണ്ടി മുസ്‌ലിംകൾ നൽകേണ്ടിവരുന്ന ചില ത്യാഗങ്ങളുമുണ്ട്. അത് ഇവിടത്തെ ക്രിമിനൽ നിയമങ്ങൾ, സാമ്പത്തിക സംവിധാനം, തെളിവെടുപ്പ്‌രീതി മുതലായവയിൽ ഭൂരിപക്ഷത്തോടൊപ്പം നിൽക്കുകയെന്നതാണ്. കൊലപാതകം, കളവ്, മദ്യപാനം, വ്യഭിചാരം, ചൂതുകളി, പലിശ എന്നിവ എല്ലാ പൗരന്മാരെയും ബാധിക്കുന്ന കാര്യങ്ങളാണ്. ഭൂരിപക്ഷത്തിന്റെ ഹിതം നടപ്പിലാക്കുന്നു. ഭൂരിപക്ഷ തീരുമാനങ്ങളെ സ്വാധീനിക്കുവാൻ മാത്രമേ നമുക്കു സാധിക്കുകയുള്ളു. നിയമം നടപ്പിലാക്കുന്നത് ഗവർമെണ്ടായതുകൊണ്ടും അതു ഇസ്‌ലാമിക ഗവർമെണ്ടല്ലാത്തതുകൊണ്ടും അതിൽ നമുക്ക് പ്രത്യേക ഉത്തരവാദിത്തമില്ല.

അവസാനം പറഞ്ഞ ഈ ഒരു ചെറിയ വൃത്തത്തിലൊഴിച്ചു മറ്റെല്ലാ രംഗങ്ങളിലും ഇസ്‌ലാമിക ജീവിതം നയിക്കുവാൻ നമുക്കു സാധിക്കുന്നു. ഇതിൽ നാം അഭിമാനം കൊള്ളുന്നു.

1921ലാണ് കേരള മുസ്‌ലിംകളായ നാം നമ്മുടെ അധഃപതനത്തിന്റെ നെല്ലിപ്പടി കണ്ടത്. 1923 ഓടെ നമ്മുടെ സംഘടിതമായ പുനരുത്ഥാനം ആരംഭിച്ചു. അന്ന് ഈ ലേഖകന് 12 വയസ്സായിരുന്നു. ഞാൻ എട്ട് വർഷം ഒരു നല്ല ഉസ്താദിന്റെ കീഴിൽ കിതാബോതുകയും സ്കൂളിൽ രണ്ടാം ഭാഷയായി ഉർദു എടുത്തു പഠിക്കുകയും 1925 മുതൽ തന്നെ സഭയും ലൈബ്രറിയും കൈയെഴുത്ത് മാസികയും സ്പോർട്സ് ക്ലബ്ബും സ്ഥാപിക്കുകയും ചെയ്തു. സാമൂഹ്യ സാംസ്ക്കാരിക പ്രവത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. അന്നുമുതൽ തുടങ്ങി ഇടമുറിയാതെ പത്രങ്ങളും ഗ്രന്ഥങ്ങളും വായിച്ചുപോന്നു. അറബി മലയാളം, മലയാളം, ഇംഗ്ലീഷ്, ഉർദു ഗ്രന്ഥങ്ങളിൽ കൂടിയും പത്രമാസികകളിൽ കൂടിയും സമുദായത്തിന്റെ പുരോഗതി വീക്ഷിച്ചുകൊണ്ടിരിക്കുവാനും അതിൽ എളിയ കഴിവനുസരിച്ച് ഭാഗഭാക്കാകുവാനും എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ സമുദായം മുന്നേറുകയായിരുന്നു. ആ മുന്നേററം തികച്ചും തൃപ്തികരമല്ലെങ്കിലും ക്രമപ്രവൃദ്ധവും പുരോഗമനപരവും തന്നെയായിരുന്നു.

അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽ നിന്നും ബഹുദൂരം നാം മുന്നോട്ടു സഞ്ചരിച്ചു. വിദ്യാഭ്യാസത്തിലും സാമ്പത്തിക ഭദ്രതയിലും മുന്നേറിവരുന്നു. ഇസ്‌ലാമിലേക്ക്



തന്നെയാണ് നമ്മുടെ ഗതി. ഇസ്‌ലാമിക സാഹിത്യത്തിന്റെ ഒരു കോളിളക്കം തന്നെ അടുത്ത കാലത്തു ഉണ്ടായിരിക്കുന്നു. ഇസ്‌ലാം എന്നതു ചില വിശ്വാസങ്ങളിലും ധനമുറകളിലും ഒതുങ്ങിനിൽക്കുന്നില്ലെന്ന ധാരണ പരക്കെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞു.

ഇതിന്റെയെല്ലാം ഒരു ബലമായ പ്രകടനമാണ് ഇന്നു ശരീഅത്തു സംരക്ഷണരംഗത്തു നാം കാണിച്ചത്.

ഇന്ത്യൻ മുസ്‌ലിംകൾ ഒററക്കെട്ടായി സമാധാനപരമായി നമ്മുടെ വികാരം മററുള്ളവരെ മനസ്സിലാക്കുവാൻ ശ്രമിച്ചു. അതിൽ വിജയം കൈവരിച്ചു ആൾ ഇന്ത്യാ മുസ്‌ലിം പേർസണൽ ലാബോർഡിന്റെ പ്രസിഡണ്ട് നദ്‌വി സാഹിബാണ്. നാല് വൈസ് പ്രസിഡണ്ടുമാർ മുഖല്ലിദ്, മുജാഹിദ്, ജമാഅത്ത്, ശിയാ എന്നീ വിഭാഗങ്ങളുടെ തലവന്മാരാണ്. മുസ്‌ലിം സമുദായത്തിലെ എല്ലാ വിഭാഗങ്ങളും ഒത്തു ചേർന്ന ഒരു സംരംഭമായിരുന്നു ഇത്. മതരംഗത്തു കേരളത്തിലും ഇന്നു മുഖല്ലിദ്, മുജാഹിദ്, ജമാഅത്ത് എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഓരോരുത്തരും അവരവരുടെ ഓരോ വിഭാഗവും തങ്ങളുടെ പ്രത്യേകതയെ പൊക്കിക്കാട്ടുകയെന്നത് സ്വാഭാവികമാണ്. എന്നാൽ ശരീഅത്തു സംരക്ഷണത്തിൽ അവരെല്ലാം യോജിക്കുകയും ഒരേ പ്ലാററ് ഫോറത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്. അവർ എല്ലാം സുന്നത്തുജമാഅത്തിൽപെട്ടവരാണ്. തമ്മിലുള്ള വ്യത്യാസങ്ങൾ ഉന്നതനിലവാരത്തിൽ പറഞ്ഞുതീർക്കുകയോ, വ്യത്യാസങ്ങളായിനിർത്താൻ വിടുകയോ ചെയ്യണം. മററു കാര്യങ്ങളിൽ യോജിച്ച് പ്രവർത്തിക്കണം. യോജിപ്പിന്റെ മേഖലകളെ ഇങ്ങിനെ വികസിപ്പിച്ചുകൊണ്ടേയിരിക്കണം. ശരീഅത്ത് നമ്മെ സംരക്ഷിക്കുന്നു; അതിനെ നാം സംരക്ഷിക്കണം. ഈ യോജിപ്പിനുള്ള ഒരേ ഒരു മാർഗ്ഗം വിശുദ്ധഖുർആനും തിരുസുന്നത്തും മുറുകെ പിടിക്കുകയെന്നതാണ്. "മതത്തിൽ (ബലാൽകാരേണയുള്ള) നിർബന്ധമില്ല. നേർവഴി തെററിൽനിന്നു വ്യക്തമായി കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു ആർ പിശാചിനെ നിഷേധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ, അപ്പോൾ തീർച്ചയായും അവൻ ഏററവും ബലമുള്ള ഒരു പിടി കയറിൽ പിടിച്ചുകഴിഞ്ഞു. അതിനു പൊട്ടിത്തകർച്ചയേയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ." (വി.ഖു:2:256)

താണെന്നതിൽ സംശയമില്ല. (ആ പോരായ്മകൾ നീക്കി ഈ നിയമങ്ങളെ ശരീഅത്തുമായി യോജിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്.) പക്ഷേ മുസ്‌ലിംകളുടെ വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ കാര്യങ്ങളിൽ ഈ നിയമമാണ് കോടതിയിൽ പരിഗണിച്ചു വരുന്നത്.

ഷാബാനുകേസ്സിൽ സുപ്രീംകോടതി നൽകിയ വിധി വലിയ പ്രതിഷേധം ഇളക്കിവിട്ടു. വിവാഹമോചിതക്ക് ജീവനാംശം വിധിക്കാനായി ഖുർആൻ വിധിയെ ദുർവ്യാഖ്യാനം ചെയ്തു, മുസ്‌ലിംസമുദായത്തെ അവഹേളിച്ചു, ശരീഅത്തും വ്യക്തിനിയമങ്ങളും ഒഴിവാക്കി പകരം ഒരു ഏകീകൃതസിവിൽ കോഡ് നടപ്പിലാക്കണമെന്നു നിർദ്ദേശിച്ചു, ഇക്കാര്യത്തിൽ കോടതി മുൻകയ്യെടുക്കേണ്ടിവരുമെന്നു സൂചിപ്പിച്ചു എന്നതെല്ലാമാണ് പ്രതിഷേധത്തിന്റെ പശ്ചാത്തലം. വിവാഹമോചനത്തിന് ശരീഅത്ത് നിശ്ചയിച്ചിട്ടുള്ള കർശനമായ നിബന്ധനകൾ പാലിക്കുന്നുണ്ടെന്നുറപ്പുവരുത്തുകയും വിവാഹമോചനം നിയന്ത്രിക്കുകയും ചെയ്യുന്നതിനുപകരം, വസ്തുതകൾക്ക് വിരുദ്ധമായി മുസ്‌ലിംകളെ ഇഷ്ടംപോലെ കെട്ടുകയും കെട്ടഴിച്ചുവിടുകയും ചെയ്യുന്ന സംസ്കാരശൂന്യരും അവിവേകികളുമായി ചിത്രീകരിക്കാനുള്ള ശ്രമമാണ് നടന്നത്. വിവാഹമോചനസമയത്ത് ഭർത്താവ് ഭാര്യക്ക് നൽകേണ്ട പാരിതോഷികത്തെപ്പററി ഖുർആനിലുള്ള പ്രസ്താവന ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും അത് മരണം വരെയോ പുനർവിവാഹംവരെയോ നൽകപ്പെട്ടു വരേണ്ട ജീവനാംശമാണെന്നു പറയുകയും ചെയ്തു. മുസ്‌ലിംകളുടെ വികാരം വ്രണപ്പെടുത്താൻ ഇതെല്ലാം കാരണമായി.

മുസ്‌ലിംകൾ പ്രതിഷേധിച്ചു. അതിന്നെതിരിൽ ചില കക്ഷികളും വ്യക്തികളും പത്രങ്ങളുമെല്ലാം രംഗത്തിറങ്ങി. മുസ്‌ലിംകൾ ശരീഅത്തനുസരിച്ചു ജീവിക്കുന്നതുകൊണ്ടോ അങ്ങനെ ജീവിക്കാനനുവദിക്കണമെന്ന് പറയുന്നതുകൊണ്ടോ അവർക്കും രാഷ്ട്രത്തിന്നും ഒരു കോട്ടവും സംഭവിക്കാനില്ല എന്നത് വ്യക്തമാണ്. എന്നിട്ടും ശരീഅത്തനുസരിച്ചു മുസ്‌ലിംകൾ ജീവിച്ചു പോയാൽ ഇന്ത്യ പാകിസ്ഥാനായി മാറുമെന്നോ, ദേശീയോദ്ഗ്രഥനം അവതാളത്തിലാകുമെന്നോ ഒക്കെ ധ്വനിപ്പിച്ചുകൊണ്ടായിരുന്നു എതിർ പ്രചരണങ്ങളും പ്രകടനങ്ങ



ളുമെല്ലാം. മുസ്‌ലിം മനസ്സുകളിൽ കത്തിക്കൊണ്ടിരുന്ന തീയിൽ എണ്ണ ഒഴിച്ചു കൊടുക്കുകയാണിവർ ചെയ്തത്. സുപ്രീംകോടതിയുടെ വിധിയനുസരിച്ചുള്ള ജീവനാംശം വിവാഹമുക്തകൾക്ക് കിട്ടിയില്ലെങ്കിൽ ഇന്ത്യയിലെ മുസ്‌ലിംസ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന യാതനയെച്ചൊല്ലി ഇവർ കണ്ണിൽ നിന്ന് കണ്ണുനീർ കത്തിയൊലിപ്പിച്ചു. എന്നാൽ നമ്മുടെ രാജ്യത്ത് നടക്കുന്ന ലഹളകളിൽ നിരപരാധികളും നിഷ്കളങ്കരുമായ എത്രയോ സ്ത്രീകൾ വിധവകളും കുട്ടികൾ അനാഥരും നിരാലംബരുമായിത്തീരുന്നതോ, ദിനംപ്രതി എത്രയോ യുവതികൾ വിവാഹമോചനം നൽകപ്പെടാതെ ദാരുണമായ വിധത്തിൽ കൊല്ലപ്പെടുന്നതോ ഒന്നും തന്നെ അവർ അറിയാറില്ലെന്നു തോന്നും. ഡൽഹി നഗരത്തിൽ മാത്രം ദിനംപ്ര.തി ഒരു വധുവെങ്കിലും ജീവനോടെ കത്തിയെരിക്കപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്യുന്നുണ്ടെന്ന് പത്രറിപ്പോർട്ടുകളിൽ കാണുന്നു. ഇതിന്നൊന്നും തന്നെ ഇവരാരുടെയും കണ്ണു നനഞ്ഞിട്ടുപോലുമില്ലെന്നു വരുമ്പോൾ, മുസ്‌ലിം വിവാഹമുക്തകളുടെ യാതനയെച്ചൊല്ലി ഇവരൊഴുക്കുന്ന കണ്ണുനീരിന്റെ പ്രചോദനമെന്താണെന്ന് സാമാന്യബുദ്ധിക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. ശരീഅത്തനുസരിച്ചുതന്നെ ജീവിക്കണമെന്ന് പറയുന്നവരെ പഴഞ്ചന്മാരും പിന്തിരിപ്പന്മാരും മതമൗലികതാവാദികളും ആയിട്ടും, സുപ്രീംകോടതി വിധിയെ അനുകൂലിക്കുകയും മുസ്‌ലിംകളുടെ പ്രതിഷേധത്തിന്നെതിരിൽ നിലകൊള്ളുകയും ചെയ്യുന്നവരെ പുരോഗമനവാദികളായിട്ടും ചിത്രീകരിക്കൽ ഈ സംരംഭത്തിലെ ഒരായുധമാക്കി ഉപയോഗിച്ചുവന്നു. ഷാബാനു കേസ്സിലെ വിധിയെ അനുകൂലിച്ചു സംസാരിച്ചതുകൊണ്ടുമാത്രം ഒരാളെ 'പുരോഗമനവാദി' എന്ന് വിശേഷിപ്പിച്ചു പൊക്കിക്കാട്ടാൻ മാത്രം സങ്കോചമില്ലായ്മ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങൾ പോലുംകാണിച്ചു. മതമൗലികത എന്നതിന്റെ അർത്ഥം മതത്തിന്റെ മൂലപ്രമാണങ്ങളിൽ ഉറച്ചു നിൽക്കലും വിശ്വാസമനുസരിച്ചു ജീവിക്കലും ആണെങ്കിൽ ഭക്തരായ ആളുകൾക്കത് ഒഴിച്ചുകൂടാത്തതാണ്. ഏതു ദൈവികമതവും അതിന്റെ മൂലപ്രമാണങ്ങളിൽ നിന്നകററപ്പെടുമ്പോഴാണ് വികലമാവുന്നത്. മതസ്ഥർ മതത്തിന്റെ മൗലിക പ്രമാണങ്ങളിൽ നിന്നകലുമ്പോഴാണ് മതഭ്രാന്തന്മാരും വർഗ്ഗീയ വിദ്വേഷം വമിക്കുന്നവരുമായിത്തീരുന്നത്. മനുഷ്യനെ മനുഷ്യസ്നേഹി

# ശരീഅത്ത് സംരക്ഷണം

ടി. പി. കുട്ടിയമ്മു

ഈ പുസ്തകത്തിൽ ശരീഅത്തിനെയും സുപ്രീം കോടതിവിധിയെയും അതിനെതിരിൽ ഉയർന്ന പ്രതിഷേധത്തെയും ആ പ്രതിഷേധത്തിനെതിരിലുണ്ടായ കോലാഹലങ്ങളെയും ഏക സിവിൽ കോഡ് വാദത്തെയും ലളിതമായ ശൈലിയിൽ അപഗ്രഥിക്കുന്നു. ശരീഅത്ത്സംരക്ഷണത്തെപ്പററി സാധാരണക്കാരായ മുസ്‌ലിംകളും അമുസ്‌ലിംകളും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെല്ലാം ഇതിൽ ചർച്ചചെയ്തിട്ടുണ്ട്. കേരളത്തിനകത്തും പുറത്തും ഉന്നതനിലവാരങ്ങളിൽ പ്രവർത്തിച്ച് കേരളാ ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്ത ജ: ടി. പി. കുട്ടിയമ്മു സാഹിബാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്. പ്രൊഫ: വി. മുഹമ്മദിന്റെ (റിട്ട. പ്രിൻസിപ്പാൾ, ഫാറൂഖ് കോളേജ്) പ്രൗഢവും പഠനാർഹവുമായ അവതാരിക. പേജ്:135

വില ക. 15. 00

സംസം ബുക്സ് തിരുവനന്തപുരം—695001

യും മററുള്ളവരോട് സാഹോദര്യവും സ്നേഹവും പുലർത്തുന്നവനും മററുള്ളവരുടെ സന്തോഷത്തിനു തൻെറ സന്തോഷത്തേക്കാൾ മുൻഗണന നൽകുന്നവനും ആകുന്നതു് മതത്തിൻെറ മൗലികാധ്യാപനങ്ങളിൽ ഉറച്ചു നിന്നുകൊണ്ടുള്ള ജീവിതം-അഥവാ, മതമൗലികത-ആണ്. ഇതിനെ കുഷ്ഠം, കാൻസർ, എയിഡ്സ് എന്നിങ്ങനെ ഭയാനകമായ ഒന്നാക്കി ചിത്രീകരിച്ചുകൊണ്ട് മതഭക്തരെ മതത്തിൻെറ മൂലപ്രമാണങ്ങളിലേക്ക് മടങ്ങാതിരിക്കാൻ പ്രേരിപ്പിക്കുന്നത് ഏററവും മിതമായ ഭാഷയിൽ പറഞ്ഞാൽ മനുഷ്യദ്രോഹമാണ്. മതമെന്താണ് എന്ന് മനസ്സിലാക്കിയ മുസ്‌ലിംകൾക്ക് ഈ പദം ഭയങ്കരമല്ല, പ്രിയംകരമാണ്.

വാസ്തവത്തിനും വസ്തുതകൾക്കും നിരക്കാത്ത വാദഗതികളുമായി മുസ്‌ലിംകളുടെ പ്രതിഷേധത്തിനും ശരീഅത്തിന്നനുസൃതമായി പാർലിമെൻറ് ബഹുഭൂരിപക്ഷത്തോടെ പാസ്സാക്കിയ മുസ്‌ലിംവനിതാസംരക്ഷണബില്ലിനും എതിരായി നിന്നവരിൽ മുസ്‌ലിംകളല്ലാത്ത എല്ലാവരുമില്ല. പ്രധാനമന്ത്രി രാജീവ്ഗാന്ധി ഉൾപ്പെടെ അമുസ്‌ലിംകളിൽ വലിയൊരു വിഭാഗം ശരീഅത്തിൻെറ ആവശ്യകതയും അതിൻെറ മെച്ചവും മനസ്സിലാക്കുകയും മുസ്‌ലിംകളുടെ ആവശ്യത്തിൻെറ ന്യായം ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. അതിനനുസരിച്ച് വേണ്ടതു ചെയ്യുകയും ചെയ്തിട്ടുണ്ട്. അവരുടെ ശബ്ദം പാർലിമെൻറിന്നു പുറത്തു സംഘടിതമായി കേൾക്കാത്തതുകൊണ്ട് അവരുടെ ശക്തി മനസ്സിലാക്കാൻ പൊതുജനങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്നുമാത്രം. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഈ നാട്ടിലെ എല്ലാ വിഭാഗങ്ങളും തങ്ങളുടെ മതവും സംസ്കാരവും നിലനിർത്തിക്കൊണ്ട് സൗഹാർദ്ദത്തോടെ സഹവർത്തിക്കലാണ് അഭികാമ്യമെന്നും, എല്ലാ മതങ്ങളും വ്യക്തിനിയമങ്ങളും ഉടച്ചു പുതിയൊരു നിയമസംഹിതയിൽ എല്ലാവരെയും ഒതുക്കിനിർത്തുന്നതു് അസംതൃപ്തി വ്യാപകമാക്കി ഉദ്ഗ്രഥനത്തെ പ്രതികൂലമായി ബാധിക്കുമെന്നും മനസ്സിലാക്കിയിട്ടുള്ളവരാണ് അവർ. ഈ സത്യത്തെ ശബ്ദം കൊണ്ട് മറച്ചുവെക്കാനുള്ള ശ്രമമാണ് നടത്തപ്പെട്ടത്.

ഈ പശ്ചാത്തലത്തിലാണ് ജ: ടി. പി. കുട്ടിയമ്മു സാഹിബ് ചന്ദ്രിക ആഴ്ചപ്പതിപ്പിലും വാരാന്തപ്പതിപ്പിലും



കുറെ ലേഖനങ്ങൾ എഴുതിയതു്. ആ ലേഖനങ്ങളുടെ സമാഹാരമാണീ ഗ്രന്ഥം. രണ്ട് ലേഖനങ്ങൾ വേറെയും എഴുതി ചേർത്തിട്ടുണ്ട്. ലേഖകനെ ആർക്കും പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. കേരളത്തിന്നകത്തും പുറത്തും ഉന്നതനിലവാരങ്ങളിൽ പ്രവർത്തിച്ച് കേരള ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്ത അദ്ദേഹം ഒരപൂർവ്വവ്യക്തിത്വത്തിൻെറ ഉടമയാണ്. ചെറുപ്പംമുതൽക്കേ മതപഠനത്തിലും മതാനുഷ്ഠാനത്തിലും ശ്രദ്ധകാണിച്ചുപോന്ന അദ്ദേഹം എല്ലാ രംഗങ്ങളിലും ശോഭിച്ച ഒരു നിസ്വാർത്ഥനും ജനസേവകനും പൊതുകാര്യപ്രസക്തനുമാണ്. ആരോഗ്യപരമായ പല പ്രതിബന്ധങ്ങളുണ്ടായിട്ടും, പഠിക്കുക, ചിന്തിക്കുക, ജനനന്മക്കു വേണ്ടി പ്രവർത്തിക്കുക എന്ന അദ്ദേഹത്തിൻെറ ജീവിതരീതി തളരാതെ തുടരുകയാണ്. അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കാം. ഈ ലേഖനങ്ങളിൽ അദ്ദേഹം ശരീഅത്തിനെയും സുപ്രീംകോടതി വിധിയെയും, അതിന്നെതിരിൽ ഉയർന്ന പ്രതിഷേധത്തെയും ആ പ്രതിഷേധത്തിന്നെതിരിലുണ്ടായ കോലാഹലങ്ങളെയും ഏകസിവിൽകോഡ് വാദത്തെയും തൻെറ ലളിതമായ ശൈലിയിൽ അപഗ്രഥിച്ചിട്ടുണ്ട്. അരുൺ ഷൂറിയുടെയും, കോലാഹലങ്ങൾക്ക് പ്രത്യക്ഷമോ പരോക്ഷമോ ആയ പിന്തുണ നൽകാനിടവന്ന ചില മുസ്‌ലിംകളുടെയും നിലപാടും വാദമുഖങ്ങളും ചർച്ചചെയ്തിട്ടുണ്ട്. എല്ലാവർക്കും നന്മയുണ്ടാവണമെന്ന സദ് വിചാരമുള്ളവർ തുറന്ന മനസ്സോടെ കാര്യങ്ങൾ നോക്കിക്കാണുകയും നല്ലതിനെ നല്ലതായും ചീത്തയെ ചീത്തയായും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്. ഈ ലേഖനങ്ങൾ ആ വിധത്തിൽ എഴുതിയിട്ടുള്ളവയാണെന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

സത്യം സ്വീകരിക്കാനും സമാധാനപൂർണ്ണമായ ജീവിതം നയിക്കാനും സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം ചിന്താശീലരായ സഹോദരീസഹോദരന്മാർക്ക് അവതരിപ്പിക്കട്ടെ.

വി. മുഹമ്മദ്
റിട്ടയേർഡ് പ്രിൻസിപ്പാൾ, ഫാറൂഖ് കോളേജ്

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ശരീഅത്തിൻെറ ഉറവിടം | 1 |
| 2. | വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും | 5 |
| 3. | സ്വഭാവ സംസ്കരണം | 10 |
| 4. | ഹിന്ദു-മുസ്ലിം വ്യക്തിനിയമങ്ങൾ | 14 |
| 5. | ഭേദഗതിവാദക്കാർ അന്നും ഇന്നും | 20 |
| 6. | സുപ്രീം കോടതി മുതൽ പാർലമെൻറുവരെ | 26 |
| 7. | അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ | 34 |
| 8. | ധർമ്മം മറന്ന പത്രങ്ങൾ | 40 |
| 9. | അരുൺ ഷൂറി ശരീഅത്തിനെതിരെ | 43 |
| 10. | മുസ്ലിം ഐക്യധാര | 51 |
| 11. | ഏററവും നല്ല പോംവഴി | 55 |
| 12. | വിവാഹ മുക്തയുടെ സംരക്ഷണം | 59 |
| 13. | പഴയവീഞ്ഞ്, പുതിയകുപ്പി | 64 |
| 14. | ഭീരുക്കളുടെ രാജി | 70 |
| 15. | മദ്ധ്യസ്ഥ സമിതികൾ | 76 |
| 16. | വികല വീക്ഷണം | 82 |
| 17. | ഒരു രജതരേഖ | 87 |
| 18. | ഉറക്കം നടിക്കുന്നവർ | 93 |
| 19. | വിരോധാഭാസം | 99 |
| 20. | തീവ്രവാദികളുടെ പോക്ക് | 104 |
| 21. | നാം മുന്നോട്ട് | 116 |


1

# ശരീഅത്തിൻെറ ഉറവിടം

ഇടക്കിടെ ഉണ്ടായിക്കൊണ്ടിരുന്ന ശരീഅത്ത് ഭേദഗതിവാദം ഈ അടുത്ത് അതിശക്തമായ നിലയിൽ ആഞ്ഞടിച്ചു. മുൻ സുപ്രീം കോർട്ട് ജഡ്ജിമാരായ ജ: വൈ. വി. ചന്ദ്രചൂഡും ജ: വി. ആർ. കൃഷ്ണയ്യരും നിയമനിർമ്മാണം വഴി ഏക സിവിൽകോഡ് നിലവിൽ വരുത്തുന്നില്ലെങ്കിൽ സിവിൽകോഡിന് ആവശ്യമായ പരിഷ്ക്കാരങ്ങൾ ജുഡീഷ്യറി നിർവ്വഹിക്കേണ്ടിവരുമെന്ന് പ്രഖ്യാപിച്ചു. ഇ. എം. എസ്. നമ്പൂതിരിപ്പാട് തനിക്ക് ശരീഅത്തിനെ പററി ഒന്നും അറിയില്ലെങ്കിലും, ഇഷ്ടംപോലെ പെണ്ണുകെട്ടുവാനും, മൊഴി ചൊല്ലാനും, ചിലവിന് കൊടുക്കാതെയിരിക്കുവാനും അനുവദിക്കുകയില്ലെന്ന് ആക്രോശിച്ചു. ഹൈന്ദവരാഷ്ട്ര വാദികൾക്കും കമ്മ്യൂണിസ്റ്റുകാർക്കും ഏക സിവിൽ കോഡ് ഉണ്ടായേതീരൂ... മററു മിക്ക അമുസ്ലിംകളും ഏക സിവിൽ കോഡ് വരണമെന്നാഗ്രഹിക്കുന്നവരും. മതേതര ഇന്ത്യയിലെ ജനജീവിതം ഏകീകരിക്കുന്നതിനു അത്യാവശ്യമാണെന്നവർ കരുതുന്ന ഇത്തരം ലൗകിക കാര്യങ്ങളിൽ മതത്തെ എന്തിന്ന് കൂട്ടിക്കുഴക്കുന്നുവെന്നാണ് അവർക്ക് മനസ്സിലാവാത്തത്. ഇത്തരം സംവാദങ്ങളിൽ സർക്കസിലെ കോമാളികളെപ്പോലെ കുറച്ച് നാമമാത്ര മുസ്ലിംകളും കമ്മ്യൂണിസ്റ്റുകളും അവരുടെതായ സംഭാവനകൾ അർപ്പിക്കുന്നു.

മുസ്ലിംകൾക്കാണെങ്കിൽ ഇതൊരു ജീവൽപ്രശ്നമാണ്. ശരീഅത്തിൽ മാററം വരുത്തുന്നത് അവർ സമ്മതിക്കുകയില്ല. അവരുടെ മതത്തിൻെറ ഒരു ഭാഗമാണത്. മതത്തിൽ വിശ്വസിക്കുവാനും അതനുസരിച്ച് ജീവിക്കുവാനും, അതിനെ സ്വാ